
Date of publication : 1 മെയ് 2022
വോള്യം 18/ലക്കം 24
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## യാത്രകൾ



# സംഘടിത

മെയ് 2022/ വോള്യം 18/ലക്കം 24






**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
നിധി കുര്യൻ
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി** :
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ** :
സുവിജ കെ.
**വെബ്സൈറ്റ്** :
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



യാത്ര വളർത്തിയ പെൺകുട്ടി
**കെ.എ. ബീന** 6

ഉഡുപ്പി മുതൽ മുരുടേശ്വരം വരെ
**ജ്യോതിർമയി ശങ്കരൻ** 12

കാടിതു കണ്ടായോ....
**നന്ദിനി മേനോൻ** 24

ഹേമാ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തിനീ ഒളിച്ചുകളി?
**പെൺപക്ഷം/അജിത കെ.** 31

യുദ്ധങ്ങളുടെയും രാജാക്കന്മാരുടെയും നാടായ ജയ്പൂരിലേക്ക്
**രമ്യ എസ്. ആനന്ദ്** 32

നെല്ലിയാമ്പതിയിലെ വേഴാമ്പൽവസന്തം തേടി
**ദീപ ഗംഗേഷ്** 41

ഔദാര്യമല്ല,അവകാശമാണ്
**വാസ്തവം /ഡോ. ജാൻസി ജോസ്** 46

ഏറ്റവും ഉയരമുള്ള കൊടുമുടിയിലേക്ക് ഒരു സാഹസികയാത്ര
**കവിത സലേഷ്** 47

കച്ചിലെ ഗ്രാമക്കാഴ്ചകൾ
**ഡോ. മിത്ര** 52

അസ്തിത്വം ബാക്കിവെച്ച ചീന്തലാറിലെ ബംഗ്ലാവ്
**സന്ധ്യ ആർ.** 57

മാസ്മരിക ഈജിപ്ത്
**ഡോ. ദിവ്യ** 63

കുടജാദ്രിയിൽ കുടികൊള്ളാൻ
**ചിത്തിര കുസുമൻ** 75

കൊൽക്കത്തയിലെ ദുർഗാപൂജാ ദിനങ്ങൾ
**ശിവാനി** 81

യാത്രയെ ജാതിവത്കരിക്കുമ്പോൾ
**സംഗീത ദാമോദരൻ** 86

ആഗ്നസ് വർദയുടെ ഊരു ചുറ്റുന്ന നായിക
**വഴിത്താരകൾ/ജാനകി** 90

മക്ലോഡ് ഗഞ്ച് 95
**യാസ്മിൻ എൻ.കെ.**

നദി ബാക്കിയാക്കിയ ഭൂമിക്കടിയിലെ അത്ഭുതം
**ഗീതു മോഹൻദാസ്** 99

ആകാശത്തിന്റെ അനന്തതയിലും ആഴക്കടലിന്റെ അഗാധതയിലും വെന്നിക്കൊടി പാറിച്ച വനിത
**ശാസ്ത്രം/സീമ ശ്രീലയം** 104

# മുഖവുര



**ഷീബ കെ.എം.**

ഇസ്ലാം വിരുദ്ധതയ്ക്ക് ലോകത്താകമാനം ഒരു മാതൃകയുണ്ട്. വിശ്വാസികൾക്ക് നേരെ, പ്രത്യേകിച്ച് പുണ്യമാസത്തിൽ, കൂട്ടായ അക്രമം അഴിച്ചുവിടുക എന്നത്. പലസ്തീനിലും ഇറാഖിലുമൊക്കെ നാം ഇത് കണ്ടതാണ്. ഇതിപ്പോൾ ദേശീയ മാതൃക കൂടിയായിരിക്കുന്ന മനുഷ്യത്വവിരുദ്ധ സന്ദർഭങ്ങളിലൂടെയാണ് രാജ്യം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ദില്ലിയിലെ ജഹാംഗീർപുരിയിൽ ഏപ്രിൽ 16 ന് ഹനുമാൻ ജയന്തിയോടനുബന്ധിച്ച് അധികൃതരുടെ അനുവാദമില്ലാതെ നടന്ന ശോഭായാത്രയിൽ പ്രകോപനപരമായ രീതിയിൽ സംഗീത പ്രയോഗമുണ്ടായി. പ്രകടനത്തിൽ പങ്കെടുത്തവരും പള്ളിയിൽ പ്രാർത്ഥിച്ചവരും തമ്മിൽ അക്രമങ്ങളും കലഹങ്ങളുമുണ്ടായെങ്കിലും അനന്തരഫലങ്ങൾ തീവ്രമായി അനുഭവിക്കേണ്ടി വന്നത് ജഹാംഗീർപുരി നിവാസികൾക്കാണ്. വീടുകളും കടകളും മറ്റും അധികൃതരുടെ മുൻകൈയിൽ തന്നെ തകർക്കപ്പെട്ട് കിടപ്പാടവും ജീവനോപാധിയും നഷ്ടപെട്ടവരായി ത്തീർന്നിരിക്കുന്നു അവർ. ഏകപക്ഷീയമായ നരവേട്ടയുടെ ബീഭത്സ പ്രകടനങ്ങളാണ് അവിടെ അരങ്ങേറിയത്. മതങ്ങൾ സംഹാര താണ്ഡവത്തിനുള്ള ഹേതുവാകുന്നത് തടയുന്നതിലെ പരാജയം ഏത് സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവങ്ങളെയും നിരർത്ഥകവും നിശ്ശൂന്യവുമാക്കാൻ പോന്നതാണ്. കഠിനമായി അപലപിക്കുന്നു.

നടി ആക്രമിക്കപ്പെട്ട കേസ്സ് അന്വേഷിക്കുന്ന ക്രൈംബ്രാഞ്ച് മേധാവി എഡിജിപി എസ് . ശ്രീജിത്തിനെ മാറ്റിയത് ഏറെ ആശങ്ക ഉണ്ടാക്കുന്നുണ്ട്. തുടരന്വേഷണം നല്ല രീതിയിൽ പോകുന്നതിനിടെ പൊടുന്നനെയാണ് അന്വേഷണത്തിന് ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥനെ മാറ്റിയത്. സർക്കാറിന്റെ ഭാഗത്ത് നിന്നുള്ള ഈ നടപടി ഏറെ ചോദ്യങ്ങളുയർത്തുന്നുണ്ട്. നീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പക്ഷം സർക്കാർ ഇത്തരം നടപടികളിൽ നിന്നും പിൻമാറേണ്ടതാണ്. സിനിമ മേഖലയിൽ നിന്ന് വീണ്ടും പീഡന പരാതികൾ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജാഗ്രത കൂടുകയാണ് വേണ്ടതെന്ന് തിരിച്ചറിയണം.


വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പൊതുവേ സ്ത്രീകൾ മുന്നേറുമ്പോഴും തൊഴിൽ മേഖലയിൽ നിന്ന് അവർ പതുക്കെ പുറത്തായിക്കൊണ്ടിരിക്കുന്നു എന്ന വിഷമിപ്പിക്കുന്ന സത്യമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകൾക്ക് ലഭിക്കുന്ന നിയമനം മാത്രം പരിഗണിച്ചാൽ കാര്യങ്ങൾ ശുഭകരമായി തോന്നുമെങ്കിലും കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണെന്നാണ് സൂചന. കൊറോണ കാലം ഇത് തീവ്രമാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളെ തൊഴിലിടങ്ങളിൽ നിലനിർത്താൻ വ്യവസ്ഥയ്ക്ക് കഴിയാതെ പോകുന്നു എന്നത് തിരിച്ചറിയപ്പെടണം. ശമ്പളം വെട്ടിക്കുറയ്ക്കൽ, സമയക്രമ നിഷ്ക്കർഷകൾ, സ്ഥാനക്കയറ്റം തടയൽ തുടങ്ങിയ കാര്യങ്ങൾ നിലനിൽക്കുന്ന സ്ത്രീവിരുദ്ധ തൊഴിൽ പരിസരങ്ങളിൽ നിന്നും പത്തിൽ ഏഴോളം സ്ത്രീകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ് എന്ന ആശങ്കാജനകമായ അവസ്ഥയിന്മേൽ നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

പാസ്പ്പോർട്ട് ലഭിക്കുന്നതിനായി ട്രാൻസ്ജെണ്ടർ വ്യക്തികൾ പുരുഷനോ സ്ത്രീയോ ആണെന്നുള്ള ലിംഗ പദവി നിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന 1980 ലെ പാസ്പ്പോർട്ട് നിയമം ദില്ലി ഹൈക്കോടതി ചോദ്യം ചെയ്തിരിക്കുകയാണ്. ഭരണഘടനയുടെ 21 പരിച്ഛേദം വാഗ്ദാനം ചെയ്യുന്ന മൗലികസ്വാതന്ത്ര്യത്തിന് വിരുദ്ധമാണിത് എന്നായിരുന്നു വാദം. ഏറെ സ്വാഗതാർഹമാണീ നീക്കം. എന്നാൽ ഉത്തർപ്രദേശിൽ രണ്ടു സ്വവർഗ്ഗ പ്രണയിനികൾ തമ്മിലുള്ള വിവാഹത്തിനുള്ള അഭ്യർത്ഥന ഭാരതീയ പാരമ്പര്യത്തിന് വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി അലഹബാദ് ഹൈക്കോടതി തള്ളിക്കളഞ്ഞിരിക്കുന്നു. പല ലിംഗലൈംഗിക സ്വത്വങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ ഇനിയും എത്രയോ പോരാട്ടങ്ങൾ വേണ്ടി വരും എന്ന് വ്യക്തം.

അംഗണവാടി ജീവനക്കാരും സഹായികളും ഗ്രാറ്റ്വിറ്റിക്ക് അർഹരാണെന്ന് സുപ്രീം കോടതി വിധിച്ചിരിക്കുന്നു. അടിസ്ഥാന മേഖലയിൽ വളരെ അത്യാവശ്യമായ തൊഴിലിൽ ഏർപ്പെടുന്നുവെങ്കിലും തുച്ഛമായ പ്രതിഫലം മാത്രമാണ് ഇവർക്ക് ലഭിക്കുന്നത് എന്ന് കോടതി നിരീക്ഷിച്ചു. ഈ മേഖലയിൽ തൊഴിലെടുക്കുന്ന അനേകം സ്ത്രീകൾക്ക് ഇത് ഏറെ ഗുണകരമാവും.

അകം /പുറം ലോകങ്ങളായി വേർതിരിച്ച് ക്രമീകരിക്കപ്പെട്ട സ്ത്രീ പുരുഷ ജീവിതങ്ങളുടെ പെൺ അതിർലംഘന സാധ്യതകളാണ് യാത്രകൾ. കൂട്ടായും ഒറ്റയ്ക്കും സ്ത്രീകൾ നടത്തുന്ന സഞ്ചാരങ്ങൾ നമ്മുടെ കാലത്ത് വർദ്ധിച്ചുവരുന്നുണ്ട് എന്നത് ആഹ്ളാദകരമാണ്. 'ആൺ തുണ' ഇല്ലാതെയും കുടുംബത്തിന്റെ പിൻവിളികളില്ലാതെയും സ്ത്രീകൾ സ്വച്ഛന്ദം സഞ്ചരിക്കുന്ന അനുഭവങ്ങൾ കുറിക്കുകയാണ് നിധി കുര്യൻ അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത. ആനന്ദ പ്രചോദനവായനയ്ക്കായി സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



**നിധി കുര്യൻ**
സോളോ ട്രാവലർ


യാത്ര ചെയ്യുന്ന സ്ത്രീകൾ എന്നും എനിക്കൊരു പ്രചോദനം തന്നെയായിരുന്നു. ഒറ്റയ്ക്ക് പുറത്തു പോകുക എന്നത് പോലും പേടിച്ചിരുന്നു കാലത്തു നിന്നും ഒറ്റയ്ക്ക് ലോകം ചുറ്റുന്ന കാലത്തേക്ക് നമ്മൾ മാറി. യാത്രകൾ നമ്മളെ പരുവപ്പെടുത്തി. ലോകം വിശാലമാക്കി. അടുക്കളയിൽ നിന്നും അരങ്ങത്തേക്കും. അരങ്ങത്തു നിന്നും അകലങ്ങളിലേക്കും അവളുടെ സഞ്ചാര സ്വാതന്ത്ര്യം നീണ്ടു. എങ്ങനെ ആയിത്തീരണം യാത്രകൾ എന്ന് പലപ്പോഴും ആളുകൾ ചോദിക്കുമ്പോൾ ഞാൻ ഉത്തരം കൊടുക്കാറുണ്ട്. കാറ്റ് പോലെയാവണമെന്നു. എന്ത് കൊണ്ടെന്നല്ലേ.? കാറ്റ് എങ്ങും തങ്ങി നിൽക്കുന്നില്ല.. അതിങ്ങനെ ഒഴുകിക്കൊണ്ടേ ഇരിക്കുന്നു. പറന്നു പറന്നു ശുദ്ധമായിക്കൊണ്ടേ ഇരിക്കുന്നു. കെട്ടിക്കിടക്കുന്നതിലെ മാലിന്യങ്ങൾ നിറയുന്നുള്ളു. ഒഴുകുന്നതൊക്കെയും ശുദ്ധമായിക്കൊണ്ടേയിരിക്കുന്നു . നമ്മളും കാറ്റ് പോലെയാവണം. സ്വയം ശുദ്ധീകരിച്ചു മുന്നോട്ടു പോകാൻ യാത്രകൾ നമ്മളെ സഹായിക്കും.

ഈ ലക്കം സംഘടിത യാത്രകൾ പുറപ്പെട്ടു പോകുന്ന സ്ത്രീകളെ കുറിച്ചാണ്. വ്യത്യസ്തമായ യാത്രാ അനുഭവങ്ങളാണ് ഓരോ താളുകൾ മറിക്കുമ്പോളും കാണാൻ ആകുക . കാടുകയറിയും കിളിമഞ്ചാരോ മല കീഴടക്കിയും കടല് കടന്നും ആദിവാസി ഗോത്രങ്ങളിലേക്കു കടന്നു ചെന്നും യാത്രകളിൽ അവർ സ്വയം അടയാളപ്പെടുന്നു. പണ്ടൊക്കെ സാഹസീക യാത്രകൾ പുരുഷന്മാരിൽ ഒതുങ്ങി നിന്നിരുന്നു. ഇന്നിപ്പോൾ ഏറ്റവും കൂടുതൽ സാഹസികയാത്രകൾ നടത്തുന്നത് സ്ത്രീകളാണെന്ന് അഭിമാന പുരസ്ക്കരം പറയാം. രണ്ടായിരത്തിയൊന്നു ഫെബ്രുവരി മാസത്തിൽ കൊച്ചിയിൽ നിന്നും എന്റെ ചെറിയ കാറിൽ ഒറ്റയ്ക്ക് ഇന്ത്യയുടെ ആത്മാവിനെ തേടിയൊരു യാത്ര പുറപ്പെട്ടു പോയിരുന്നു. ഏകദേശം നൂറു ദിവസങ്ങൾ. വ്യത്യസ്തമായ രുചികൾ നിറങ്ങൾ മണങ്ങൾ മനുഷ്യർ. ഹാ മനുഷ്യൻ എന്നത് എത്ര മഹത്തായ പദമാണെന്ന് തിരിച്ചറിഞ്ഞ ദിനങ്ങൾ ആയിരുന്നു. ആ തിരിച്ചറിവ് ലഭിക്കണമെങ്കിൽ യാത്രകൾ പുറപ്പെട്ടു പോവുക തന്നെ വേണം.

ഓരോ ഇടങ്ങളെയും ചേർത്ത് വയ്ക്കുക. നമ്മുടെ ലോകം വിശാലമാകട്ടെ. ഹൃദ്യമായി ജിവിച്ചവരെ ഒക്കെയും സസൂക്ഷ്മം ശ്രദ്ധിക്കുക. അവരൊക്കെയും യാത്രകൾ ചെയ്തവരായിരുന്നു. ലോകമറിഞ്ഞവരായിരുന്നു. ഈ ലക്കം യാത്രാ അനുഭവങ്ങൾ വായിക്കുന്ന നിങ്ങൾ ഓരോരുത്തരും യാത്രകളുടെ ലോകത്തു പുതിയ ചുവടു വയ്പ്പുകളുമായി സന്തോഷങ്ങൾ തേടി ഇറങ്ങുന്നവരാകട്ടെ. ആശംസകൾ!



# യാത്ര വളർത്തിയ പെൺകുട്ടി



**ചർച്ചാവിഷയം**



**കെ.എ.ബീന**
എഴുത്തുകാരി,
പത്രപ്രവർത്തക

**നാ**ലു ദശകങ്ങൾക്ക് മുമ്പ് 1977ലെ ജൂലൈ മാസത്തിലാണ് മോസ്കോയിലെ ഷെറി മത്യാ വോ വിമാനത്താവളത്തിൽ ചെന്ന് ഇറങ്ങുന്നത്. നേരം പുലരുന്നതേ ഉണ്ടായിരുന്നുള്ളൂ.. 13 വയസ്സാണ് അന്ന് പ്രായം. ഒമ്പതാംക്ലാസ് വിദ്യാർഥിനി. ഇന്ത്യയുടെ നാനാ കോണുകളിൽ നിന്നുള്ള 15 കുട്ടികൾ ഒപ്പമുണ്ടായിരുന്നു. മോസ്കോ എന്ന അത്ഭുത ലോകത്ത് കണ്ട കാഴ്ചകൾ.. ലെനിന്റെ ഭൗതികശരീരം.



വൃത്തിയുള്ള റോഡുകൾ, വലിയ വലിയ കെട്ടിടങ്ങൾ, പാർക്കുകൾ ,കോട്ടും സൂട്ടും ഇട്ട് റോഡുകൾ വൃത്തിയാക്കുന്ന ആളുകൾ കാഴ്ചകൾ കെങ്കേമം. മോസ്കോയിൽ നിന്ന് ശബ്ദമില്ലാത്ത അത്യാധുനിക സജ്ജീകരണങ്ങളുള്ള തീവണ്ടിയിൽ കയറി ഉക്രൈനിലേക്ക്. ഉക്രൈനിലെ ക്രിമിയയിൽ കീവിൽ മലനിരകളുടെ താഴ്വാരത്ത്, കരടി പർവ്വതത്തിന് ഓരത്ത് കരിങ്കടൽ തീരത്ത് ഒന്നര മാസം താമസം.

കൂട്ടിന് 150 ഓളം രാജ്യങ്ങളിൽ നിന്നുള്ള കുട്ടികളും ഉണ്ടായിരുന്നു. സ്വർണ്ണത്തലമുടിക്കാർ, ചുരുണ്ട് കറുത്ത കുറ്റി മുടിയുള്ളവർ,  നീണ്ട കറുത്ത മുടിയുള്ളവർ, കുറുകിയകണ്ണുകളുള്ളവർ. തൊലിയുടെ നിറങ്ങൾ പറയണ്ട.  ഞാൻ ജനിച്ചുവളർന്ന തിരുവനന്തപുരം എന്ന ഇടം മാത്രമല്ല ലോകം എന്ന പാഠവും ജന്മാന്തര സൗഹൃദങ്ങൾക്കൊപ്പം ആർത്തേക്ക് ഇൻറർനാഷണൽ പയനിയർ ക്യാമ്പ് എനിക്ക് സമ്മാനിച്ചു. ആഫ്രിക്കക്കാർക്ക്, അമേരിക്കക്കാർക്ക്, മംഗോളിയക്കാർക്ക് എന്നുവേണ്ട ലോകത്തിലെ എല്ലാ കോണുകളിലും ഉള്ളവർക്കും പൊതുവായത് സ്നേഹിക്കാനും കൂട്ടുകൂടാനും ഉള്ള കഴിവാണ് എന്ന അറിവാണ് ആ ചെറി



പ്രായത്തിൽ എനിക്ക് കിട്ടിയത് .അവിടെ അനുഭവിച്ച അത്ഭുതങ്ങളും അമ്പരപ്പുകളും ആണ് 'പ്രകാശ രേഖ'യായി ആദ്യം മാതൃഭൂമി വാരികയിലും പിന്നീട് 'ബീന കണ്ട റഷ്യ' എന്ന പേരിൽ പുസ്തകമായി ഡി. സി ബുക്സിൽ നിന്നും പുറത്തുവന്നത് .

പുസ്തകം പുറത്തു വരുമ്പോൾ എനിക്ക് പതിനഞ്ച് വയസ്സാണ് പ്രായം. കൊച്ചുകുട്ടിയുടെ യാത്രയേയും പുസ്തകത്തേയും ഒരുപാട് പേർ നെഞ്ചേറ്റി. അന്നും ഇന്നും. നാൽപ്പതു വർഷങ്ങൾക്ക് ഇപ്പുറവും 'ബീന കണ്ട റഷ്യ' ഇപ്പോഴും പ്രസിദ്ധീകരിക്കപ്പെടുന്നു. വായിക്കപ്പെടുന്നു. യാത്ര എന്നിലേക്കും എനിക്ക് ചുറ്റുമുള്ളവരിലേക്കും ഒരു ആവേശമായി പടരുന്നത് പലപ്പോഴും 'ബീന കണ്ട റഷ്യ'യിലൂടെ ഞാനനുഭവിച്ചു, യാത്രകൾ ലോകത്തെവിടേക്കുമുള്ള യാത്രപോകലുകൾ. അതിലേക്ക് ആണ് ഞാൻ പിറന്നുവീണത്. മർച്ചന്റ് നേവി ഉദ്യോഗസ്ഥനായിരുന്ന അച്ഛന് യാത്രകൾ ആയിരുന്നു ജീവിതം. ലോകം മുഴുവൻ യാത്ര ചെയ്യുന്ന അച്ഛൻ നീണ്ട കത്തുകളിലൂടെ ഓരോ ഇടത്തും കണ്ട കാര്യങ്ങൾ പങ്കു വെച്ചു കൊണ്ടിരുന്നു .യാത്രയും യാത്ര എഴുത്തും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയത് ഈ കുട്ടിക്കാലമായിരുന്നു. വളർന്നപ്പോൾ ഏതുനേരത്തും ബാഗും തൂക്കി എവിടേക്കും പോകാൻ ഉള്ള ശീലം ജീവിതത്തിന്റെ ആനന്ദം ആയപ്പോൾ നന്ദി പറഞ്ഞതും കുട്ടിക്കാലത്തെ ഈ അനുഭവങ്ങൾക്കാണ്.

ചലിക്കുന്ന ചക്രങ്ങൾ എന്നെ ഉന്മാദിയാക്കുന്നു. അത് ബസ്സോ തീവണ്ടിയോ വിമാനമോ എന്തുമാകാം. പുതിയ നാടുകൾ എനിക്ക് സ്വന്തം നാടുകൾ തന്നെയാകുന്നു.അവിടുത്തെ പുഴയും മലയും മണ്ണും കാറ്റും എന്റേത് തന്നെയാണ്. ഓരോ മടക്കയാത്രയും തിരിച്ചുവരുമെന്ന ഉറപ്പിൻമേലാണ്.

മുപ്പത് വർഷങ്ങൾക്ക് അപ്പുറത്താണ് കേരളത്തിലെ ഗ്രാമങ്ങളിലേക്കുള്ള യാത്രകളുടെ തുടക്കം.

കേന്ദ്ര സർക്കാർ ഉദ്യോഗം ആയ ഇന്ത്യ ഇൻഫർമേഷൻ സർവീസിൽ ചേർന്നപ്പോൾ മുതൽ കേരളത്തിൽ അലഞ്ഞുതിരിയാൻ ഉള്ള അവസരങ്ങൾ കൂടെ വരുകയായിരുന്നു മുപ്പതു വർഷം മുമ്പ് കണ്ട കേരളമല്ല ഇന്നത്തെ കേരളം. പ്രകൃതിയും പരിസരവും മാറിപ്പോയിരിക്കുന്നു. മനുഷ്യനും മാറി. ഒറ്റക്ക് യാത്ര ചെയ്യുന്ന സ്ത്രീ എന്നത് അന്ന് അപൂർവ്വ കാഴ്ചയായിരുന്നു. ഹോട്ടലുകൾ ഒറ്റക്ക്താമസിക്കുവാൻ എത്തുന്ന സ്ത്രീയെ പകപ്പോടെ നോക്കി .ഹോസ്റ്റലുകൾ അസമയത്ത് എത്തുന്ന സ്ത്രീക്കു നേരെ വാതിലുകൾ അടച്ചു. സുഹൃദ്, ബന്ധുവീടുകൾ ആയിരുന്നു അന്ന് താമസിക്കാൻ ആശ്രയം .പലപ്പോഴും ജോലിചെയ്യുന്ന ഇടത്തുനിന്ന് താമസസ്ഥലത്തേക്ക് മണിക്കൂറുകൾ യാത്ര ചെയ്യേണ്ടിവന്നു .ആർത്തവ ദിവസങ്ങളിൽ ഇത്തരം യാത്രകൾ തളർത്തി. മൂത്രമൊഴിക്കാൻ സ്ഥലം തേടി അലഞ്ഞു സഹികെട്ട് ആശുപത്രിയിൽ കയറി ഒപി ടിക്കറ്റ് എടുത്ത് കാര്യം സാധിച്ചിട്ടുണ്ട് .

ഓഫീസിലെ ആണുങ്ങൾ ഫീൽഡിൽ ഒരു പെണ്ണിനോട് ഒപ്പം പണിയെടുക്കാൻ ഇഷ്ടപ്പെട്ടിരുന്നി

ല്ല. ഒരു ഓഫീസർ പലവട്ടം പറഞ്ഞു 'ഗ്രാമങ്ങളിലേക്ക് പോയി നിങ്ങളോടൊപ്പം താമസിക്കുമ്പോൾ പേരുദോഷം ഉണ്ടാവും. ഞങ്ങൾക്കും നിങ്ങൾക്കും അപകടമാണ്. സ്ഥലം മാറ്റം വാങ്ങി സുരക്ഷിതമായ ഏതെങ്കിലും ഓഫീസിലേക്ക് പോകൂ' ഞാൻ എങ്ങും പോയില്ല. ജോലിക്കൊപ്പം നാട് കാണാം എന്ന ഇരട്ട ലോട്ടറി എന്റെ കോശങ്ങളിൽ എത്ര മാത്രം ഊർജ്ജ സ്രോതസ്സുകളുടെ ഉറവകൾ ഉണർത്തിക്കൊണ്ടിരുന്നു എനിക്കല്ലേ അറിയൂ.

ഒറ്റക്ക് യാത്ര ചെയ്യുമ്പോൾ എല്ലാം സുന്ദരം എന്നൊന്നും പറയാൻ പറ്റില്ല. ഞരമ്പുരോഗികൾ ടിക്കറ്റെടുത്ത് പിന്നാലെ വന്നിട്ടുണ്ട് .തോണ്ടലും തൊടലും ഒക്കെ ഉണ്ടായിട്ടുണ്ട് .ബസ് ബ്രേക്ക് ഡൗണായിട്ടുണ്ട്. തീവണ്ടി വൈകിയിട്ടുണ്ട്.

ഇതിനെയൊക്കെ പേടിച്ചു വീട്ടിലിരുന്നാൽ യാത്ര എന്ന അനുഭവം സ്ത്രീക്ക് ഒരിക്കലും സ്വന്തമാവില്ല എന്ന് ഉറപ്പായതിനാൽ ഞാൻ യാത്ര ചെയ്ത് കൊണ്ടേയിരുന്നു. അത് മറ്റൊരു കാലമായിരുന്നു. മൊബൈലും ഇന്റർനെറ്റും സ്ത്രീ യാത്രകൾക്ക് തുണയാകാത്ത കാലം.

ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖലകളിലെ യാത്രകൾ രണ്ടു വർഷക്കാലം നീണ്ടു നിന്നു. ഗുവാഹത്തിയിൽ താമസം. ചുറ്റുമുള്ള സംസ്ഥാനങ്ങളിലേക്ക് യാത്രകൾ.'ബ്രഹ്മപുത്രയിലെ വീട്' ആ യാത്രകളുടെ, ജീവിതത്തിന്റെ ഓർമ്മകളാണ്.

ഏറ്റവും രസകരമായ മറ്റൊരു യാത്ര ഇന്ത്യൻ റെയിൽവേയുടെ വില്ലേജ് ഓൺ വീൽസ് യാത്ര ആണ് കുടുംബമില്ലാതെ ഒറ്റക്ക് യാത്ര ചെയ്യാനെത്തുന്ന സ്ത്രീ അക്കാലത്ത് അത്ഭുതമായിരുന്നു. കുടിക്കുന്ന വെള്ളത്തിൽ മയക്കുമരുന്ന് കലർന്നതും ഒരുമിച്ച് മുറിയെടുത്ത് ജോളിയായി കൂടാം എന്ന് സഹയാത്രികൻ ഓഫർ ചെയ്തതും ഒക്കെ ഇന്ന് ഓർക്കുമ്പോൾ തമാശ പോലെ. അന്ന് സ്ത്രീ യാത്രകൾ, അതും ഒറ്റക്കുള്ള യാത്രകൾ ഉൾക്കൊള്ളുവാൻ കഴിയുന്നവർ ചുരുക്കമായിരുന്നു.

വില്ലേജ് ഓൺ വീൽസ് തീവണ്ടിയിൽ തന്നെ ദിവസങ്ങളോളം താമസിച്ചു സ്ഥലങ്ങൾ കണ്ടു മ



ടങ്ങിയെത്തുന്ന യാത്രാപരിപാടിയായിരുന്നു. സ്ഥലങ്ങൾ കാണുന്നതിന് ഒപ്പം ഒട്ടേറെ മനുഷ്യരെ അടുത്തറിയാനും കൂട്ടുകൂടാനും ഉള്ള അനുഭവം കൂടി പകർന്നുതരുന്ന യാത്രയായിരുന്നു അത്. യാത്ര പകർന്നു തരുന്ന സഹജാവബോധവും ഉൾക്കരുത്തും അറിയാനായി എന്നതായിരുന്നു ഈ യാത്രയുടെ സമ്പാദ്യം .



റെയിൽവേ സ്റ്റേഷനുകളിൽ പത്രം വിരിച്ചു ഉറങ്ങാനും സ്റ്റേഷനുകളിലെ കുളിമുറികളിൽ ബക്കറ്റും സോപ്പുമായി ഓടിപ്പോയി കുളിച്ചു തീവണ്ടി പുറപ്പെടുന്നതിന് മുമ്പ് മടങ്ങിയെത്താനും സ്ത്രീകൾക്കും സാധ്യമാണ് എന്ന് തീരുമാനമാക്കിത്തന്നതും ഈ വിനോദയാത്ര തീവണ്ടിയാണ്. ഈ യാത്രയുടെ അനുഭവങ്ങൾ 'ചുവടുകൾ' എന്ന പേരിൽ മാതൃഭൂമി ഓൺലൈനിൽ എഴു

തിയത് വായിച്ച് നിരവധി സ്ത്രീകൾ ഐ.ആർ. സി. ടി.സി.യുടെ യാത്ര പരിപാടിയിൽ പോയതായി പറഞ്ഞിട്ടുണ്ട് . ഒരു സ്ത്രീയുടെ യാത്ര മറ്റു



സ്ത്രീകൾക്ക് യാത്ര ചെയ്യാൻ പ്രചോദനം നൽകും എന്ന് പലവട്ടം എനിക്ക് ഉറപ്പായിട്ടുണ്ട്..

'നിങ്ങളുടെ യാത്രകൾ ഞങ്ങളെ സഞ്ചാരികളാക്കി'എന്ന് പറഞ്ഞിട്ടുള്ളത് ഒന്നോ രണ്ടോ പേരല്ല. അതിജീവനമാണ് സ്വീകരിക്കേണ്ട തന്ത്രമെന്ന് പഠിച്ചു കഴിയുമ്പോൾ യാത്ര സ്ത്രീയുടേയും കൂടിയാവുന്നു .

ഒറ്റക്കും കൂട്ടുകാർക്കൊപ്പവും കുടുംബത്തോടൊപ്പവും ഒരുപാട് യാത്രകൾ നടത്തി. പ്രസിദ്ധമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആയിരുന്നു ആദ്യകാല യാത്രകൾ. ചാർമിനാറും ചിറാപുഞ്ചിയും ഹരിദ്വാറും ഋഷികേശും ബനാറസും മധുരയും വിശാഖപട്ടണവും ഒക്കെ കണ്ടു നിറഞ്ഞപ്പോൾ മനസ്സ് പദ്ധതിയിട്ടു. "ഇന്ത്യയുടെ ഗ്രാമങ്ങളിലേക്ക് പോവുക, ആ തുടിപ്പുകൾ അറിയുക." അതിന് ഒരു വിഷയവും സ്വയം കണ്ടെത്തി. ഇന്ത്യയിലെ പഞ്ചായത്തുകളിലെ ദലിത് സ്ത്രീ സംവരണം ഇന്ത്യൻ ഗ്രാമങ്ങളിൽ എന്തുമാറ്റമാണ് ഉണ്ടാക്കിയതെന്ന് നേരിട്ട് കണ്ടറിയുക.

സ്ഥലക്കാഴ്ചകൾ മാത്രമല്ല, മനുഷ്യനെ തേടിയുള്ള കാഴ്ചയും കൂടിയായിരുന്നു അത്. ഗുജറാത്ത്, രാജസ്ഥാൻ, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ മണിപ്പൂർ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിലേക്ക് ആയിരുന്നു ആ യാത്രകൾ.

ഗ്രാമങ്ങൾ നമ്മെ സ്വീകരിക്കുന്നത് അവിടുത്തെ രുചിയും മണവും നിറവും ശബ്ദങ്ങളും ഒക്കെ കൊണ്ടാണ്. എവിടെപ്പോയാലും അവിടുത്തെ പ്രത്യേകതയായ ഭക്ഷണം കഴിക്കാൻ, അവിടുത്തെ ചന്തകളിൽ അലഞ്ഞുതിരിയാൻ അവിടുത്തെ പാരമ്പര്യ വേഷങ്ങൾ കെട്ടി ഒരുങ്ങാൻ ഒന്നും ഞാൻ മറക്കാറില്ല .ഏത് സ്ഥലത്ത് യാത്ര ചെയ്യുമ്പോഴും ആ സമയം മുഴുവൻ അവിടെ ജീവിക്കുകയാണ്.

യാത്രയുടെ മഹാമന്ത്രം കഴിയുന്നതും വീട്ടിലേക്കുള്ള ഫോൺവിളികൾ കുറക്കുക എന്നതാണ്. അമ്മയുടെ ശബ്ദത്തിലെ നൊമ്പരം ,ഭർത്താവിന്റെ സ്വരത്തിലെ ആകാംക്ഷ, മകന്റെ ഒച്ചയിടറൽ ഒക്കെ മനസ്സിൽ തീ കോരിയിടും. കാതങ്ങൾക്കകലെ ഇരുന്നു ഇതിനൊന്നും പരിഹാരം കാണാൻ



പറ്റില്ലെന്നതിനാൽ ചിന്തിച്ചു വഷളാകാം എന്നത് അല്ലാതെ മറ്റു പ്രയോജനമൊന്നുമില്ല .

യാത്ര പുറപ്പെടുമ്പോൾ രണ്ടു മൊബൈലുകൾ ചാർജ് ചെയ്തു വെക്കും. രണ്ടിനും വേറെ കമ്പനികളുടെ സിംകാർഡ് മറക്കാറില്ല. അതു പോലെ മൊബൈൽ പവർ ബാങ്ക് മറക്കാറില്ല.



മുൻ കൂട്ടി പ്ലാൻ ചെയ്ത് യാത്ര ടിക്കറ്റും ഹോട്ടൽ മുറിയും ഒക്കെ ബുക്ക് ചെയ്തു പോകുന്നതാണ് സ്ത്രീകൾക്ക് നല്ലതെന്ന് അറിയാമെങ്കിലും വളരെ കുറച്ച് യാത്രകളെ അങ്ങനെയൊക്കെ നടക്കാറുള്ളു.ബസ്റ്റാൻഡിൽ ചെന്ന് കിട്ടുന്ന ബസ്സിൽ കയറി യാത്രകൾ നടത്തുന്നത് തരുന്ന ത്രിൽ അത് അനുഭവിച്ചുതന്നെ അറിയേണ്ടതാണ് .

യാത്രകൾ വിശാലമാക്കുന്നത് അറിവിന്റെ ചക്രവാളങ്ങൾ മാത്രമല്ല മനസ്സിന്റെ ആകാശങ്ങളെ കൂടിയാണ്. എത്രയേറെ പേരുണ്ട് ഈ ലോകത്തിന്റെ വിവിധ കോണുകളിൽ പ്രിയങ്കരമായ സ്നേഹത്തോടെ കാത്തിരിക്കുന്നത്.

ഒരു വിനോദസഞ്ചാരി സ്ഥലങ്ങൾ കാണുന്നതുപോലെയല്ല യാത്രിക/യാത്രികൻ നാട് കാണുന്നത്. ജീവിതത്തുടുപ്പുകളിലേക്കാണ് അവളുടെ / അവന്റെ ഓരോ കാലടിയും എത്തിച്ചേരുന്നത് .

സ്ത്രീയാത്രകളുടെ പരിമിതികളെ അതിജീവിക്കേണ്ടത് സ്വന്തം മനസ്സുകൊണ്ട് തന്നെയാണ്. സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ച് ഓരോ മിനിട്ടിലും ബോധവതി ആകേണ്ടതും മറ്റാരുമല്ല.

എവിടെ പോകുന്നു എന്നതിനേക്കാളേറെ എങ്ങനെ അവിടം കാണുന്നു ,എത്രക്ക് ആസ്വദിക്കുന്നു അനുഭവിക്കുന്നു എന്നതൊക്കെയാണ് പ്രധാനം. മറ്റൊരിടത്ത് കാണുന്ന കാഴ്ചകൾ, മനുഷ്യർ, അവരുടെ ജീവിതം ഒക്കെ സ്വന്തം ഉള്ളിലേക്ക് ആവാഹിക്കാൻ കഴിയുമ്പോഴാണ് യാത്ര സഫലമാകുന്നത്.




യാത്ര പോകുന്ന ആളല്ല മടങ്ങി വരുന്നത്. ഓരോ യാത്രയും നമ്മെ സ്ഫുടം ചെയ്തെടുക്കുകയാണ്..

ഈ ഭൂമി, ഈ രാജ്യം അതിമനോഹരം ആണെന്നും ഇവിടെ ജീവിക്കാൻ കൊള്ളാവുന്നത് ആണെന്നുള്ള ബോധം ആണ് ഇത്രയുംനാളുള്ള യാത്രകൾ എനിക്ക് സമ്മാനിച്ചത് ..

വഴികൾ നീണ്ട് തന്നെ കിടക്കുകയാണ്.. മുന്നോട്ടേക്ക് ..

ചർച്ചാവിഷയം

# ഉഡുപ്പി മുതൽ മുരുടേശ്വരം വരെ



**ജ്യോതിർമയി ശങ്കരൻ**
മലയാളം ബ്ളോഗ്ഗോസ്ഫിയറിലെ
എഴുത്തുകാരി

**മാംഗളൂരിലേക്ക്**

ചില യാത്രകൾ നമ്മളറിയാതെ നമ്മളെ ക്ഷണിക്കാനായെത്തും, മനസ്സിൽ ഒട്ടധികം സന്തോഷത്തിന്റെ താളമുതിർത്തുകൊണ്ട്. മുൻ യാത്രകളിൽ കൂടെയുണ്ടായിരുന്ന ചില സുഹൃത്തുക്കൾക്കൊപ്പം കഴിഞ്ഞ ഏപ്രിലിൽ വിവേകാനന്ദ ട്രാവൽസ് വഴി  ഒരു മൂകാംബിക യാത്ര നടത്തിയിരുന്നു. അന്നു പോകാൻ കഴിയാത്ത ഇടങ്ങളായ ഗോകർണ്ണവും മുരുടേശ്വറും പിന്നീടെന്നെങ്കിലും കാണണമെന്നുദ്ദേശിച്ചിരുന്നുവെങ്കിലും അപ്രതീക്ഷിതമായി അതേ സുഹൃത്തുക്കൾക്കൊപ്പം പോകാൻ കഴിഞ്ഞ




തിൽ പ്രത്യേകം സന്തോഷം തോന്നി.എവിടെനിന്നോ അരിച്ചെത്തിയ ഊർജ്ജം യാത്രക്കു തിടുക്കം കൂട്ടിയപ്പോൾ ഹാൻസ് ക്രിസ്റ്റ്യൻസ് ആൻഡേർസന്റെ വാക്കുകളാണോർത്തത് . “യാത്രചെയ്യൽ ജീവിക്കൽ തന്നെയാണ്'' ("To Travel is to Live" - Hans Christian Andersen).

അതെ, ഇനിയുള്ള മൂന്നു നാലുദിവസങ്ങളിൽ യാത്ര ജീവിതമായി മാറുകയാണ്. പതിവുപോലെ, ടിക്കറ്റ് ബുക്കു ചെയ്തശേഷമുള്ള ദിവസങ്ങൾക്ക് ദൈർഘ്യം കൂടുന്നുവോ എന്ന ചിന്ത മനസ്സിലുണർന്നു. വെറും നാലു ദിവസങ്ങൾ മാത്രമാണെങ്കിലും ആവർത്തനവിരസതയുളവാക്കുന്ന പതിവു ദിനങ്ങളിൽ നിന്നും വേറിട്ടൊരു കാഴ്ച്ചയൊരുക്കുന്ന ദിനങ്ങളാകുമല്ലോ അവ. പറയത്തക്ക പ്രത്യേകതകളൊന്നും അവകാശപ്പെടാനിടയില്ലാത്ത ഈ യാത്ര പുണ്യക്ഷേത്രങ്ങളിലേക്കു തന്നെയെന്നത് ഒരുപക്ഷേ ഞങ്ങൾക്കും കൂടെയുള്ള ദമ്പതികളായ രണ്ടു സുഹൃത്തുക്കൾക്കും സന്തോഷം നൽകുന്ന ഒന്നായിരുന്നു. 12.55നു തൃശ്ശൂർ നിന്നും പുറപ്പെടുന്ന പരശുറാം എക്സ്പ്രസ്സിലെ ഏ.സി ചെയർകാറിൽ കയറി മംഗലാപുരത്തെത്തുമ്പോൾ സമയം രാത്രി 8.30. മംഗളാദേവിയുടെ നാടാണ് മംഗലാപുരം. സ്ഥാപകനോ അദ്വൈത തത്വശാസ്ത്രവിശാരദനായ മാധവാചാര്യയും. അറബിക്കടലിനെ ഉമ്മവെച്ച് പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിൽക്കഴിയുന്ന ഭൂപ്രദേശമാണിത്. ഇവിടെ സന്ദർശകർക്ക് കാണാനായി പല അമ്പലങ്ങളും പള്ളികളും ബീച്ചുകളും പാർക്കുകളുമെല്ലാമുണ്ടെങ്കിലും ഈ യാത്രയിൽ മംഗലാപുരം സ്റ്റേഷൻ പരിസരം മാത്രമാണ് കാണാൻ സാധിക്കുകയെന്നറിഞ്ഞിരുന്നു.സ്റ്റേഷനിൽ നിന്നും വെറും മൂന്നു കിലോമീറ്റർ മാത്രമേയുള്ളൂ മംഗളാദേവി ക്ഷേത്രത്തിലേക്ക്. പക്ഷേ രാത്രി സമയം വൈകിക്കഴിഞ്ഞിരുന്നല്ലോ?പനമ്പൂർ ബീച്ച്, ശശിഹിത്‌ലു ബീച്ച്, തണ്ണീർഭവി ബീച്ച് എന്നിവയും മംഗളാദേവി ക്ഷേത്രവും കുദ്രോലി ഗോകർണ്ണനാഥ ക്ഷേത്രവും, കടീൽ ദുർഗ്ഗാ പരമേശ്വരി ക്ഷേത്രവും, കദ്രി മഞ്ജുനാഥ് ക്ഷേത്രവും കൂടാതെ ഒട്ടനവധി പള്ളികളും പാർക്കുകളുമെല്ലാമുള്ള സ്ഥലമാണിതെന്നു മനസ്സിലാക്കാനായി.




പയ്യനായ ഗൈഡ് ശ്യാം ലാൽ ചിരിച്ചു കൊണ്ടെത്തി സ്വയം പരിചയപ്പെടുത്തി. വണ്ടി പറയത്തക്കവിധം വൈകിയിട്ടില്ല. രാത്രി തങ്ങുന്ന ഹോട്ടലാണെങ്കിലോ, തൊട്ടടുത്തു തന്നെയാണ്.പല കമ്പാർട്ടുമെന്റുകളിൽ നിന്നുമായി ഇറങ്ങിയവരെല്ലാം കൂടി ഇരുപത്തിമൂന്നു പേർ. സ്റ്റേഷനു പുറത്തായി വന്നു നിന്ന ബസ്സിൽക്കയറി അടുത്തു തന്നെയുള്ള ഹോട്ടലിലെത്തി. ഫ്രെഷ് ആയ ശേഷം തൊട്ട് മുന്നിൽക്കണ്ട കോളേജ് മെസ്സിൽ നിന്നും ഭക്ഷണം കഴിച്ച് റൂമിൽ തിരിച്ചെത്തി. അൽപ്പനേരത്തെ സൗഹൃദ സംഭാഷണത്തിനു ശേഷം റൂമിലെത്തുമ്പോൾ സമയം 10.30. ഉറക്കം കൺപോളകളെ ഉമ്മവെച്ചുകൊണ്ടേയിരുന്നു. അലാറാം സെറ്റു ചെയ്യുമ്പോൾ മനസ്സിലോർത്തു. നാളെ രാവിലത്തെ ദർശനം ഉഡുപ്പിക്കണ്ണനെത്തന്നെയാകുമല്ലോ. കയ്യിൽ തൈർ കലക്കുന്ന കടകോലുമേന്തി വിടർന്ന ചിരിയോടെ, മിഴിച്ച കണ്ണുകളോടെ, നിൽക്കുന്ന ഉണ്ണിക്കണ്ണൻ!

സത്യം പറഞ്ഞാൽ ആ ദർശനത്തിനു വേണ്ടി മാത്രം എന്നെയിവിടെ എത്തിച്ചതാണോ എന്നും ഉള്ളിലൊരു സന്ദേഹമുണർന്നു. കാരണമുണ്ട്, അ



തൊരു മോഹസാഫല്യത്തിന്റെ കഥ മാത്രമാണെന്ന് പറയാമെങ്കിലും. കഴിഞ്ഞ ഏപ്രിലിൽ വിവേകാനന്ദ ഗ്രൂപ്പിന്റെ  കൂടെ തന്നെ ഉഡുപ്പിയിൽ വന്നിരുന്നു. ശ്രീകൃഷ്ണൻ, അനന്തേശ്വരൻ, ചന്ദ്രമൗലീശ്വരൻ എന്നിവരെയെല്ലാം വിശദമായി ദർശിക്കാനായി. ക്യൂവിൽ നിന്ന് കുളത്തിനെ പകുതി പ്രദക്ഷിണം വെച്ച് കർശനമായ നിയന്ത്രണത്തിൽ മാത്രം ഉള്ളിൽക്കടന്നതായിരുന്നു. ചാരുത നിറഞ്ഞ കൊത്തുപണികളോടുകൂടിയ ക്ഷേത്രവും, തേരും, വാദ്യഘോഷങ്ങളും ദർശനസൗഖ്യം കൂട്ടി. പക്ഷേ ഉഡുപ്പിക്കണ്ണനെക്കണ്ടു കൊതിതീർന്നില്ല എന്നൊരു തോന്നൽ മനസ്സിൽ ബാക്കി. ഇടുങ്ങിയ നിരയിൽ നിന്നു ജനലിന്റെ കൊച്ചു ദ്വാരത്തിലൂടെ വിഗ്രഹം കണ്ടു തൊഴുതെങ്കിലും വീണ്ടും ഒന്നു തൊഴണമെന്ന മോഹം മനസ്സിലുദിച്ചിരുന്നു. എത്ര ശ്രമിച്ചിട്ടും അത് തരമായില്ല താനും.ഈ ട്രിപ്പ് അപ്രതീക്ഷിതമായെത്തിയതും ആദ്യം തന്നെ ഉഡുപ്പിയിലേക്കാണ് പോകുന്നതെന്നു മറിഞ്ഞപ്പോൾ ആദ്യം ഓർമ്മ വന്നത് അന്നത്തെ അപൂർണ്ണമായ മോഹം സഫലീകരിക്കാമല്ലോ എന്നതാണ്. വളരെ സന്തോഷം തോന്നി. എന്റെ ആഗ്രഹമറിഞ്ഞ് ഭഗവാൻ എന്നെ വിളിച്ചപോലെ. കഴിഞ്ഞ യാത്രയുടെ ഓർമ്മയിൽ തപ്പിയപ്പോൾ മനസ്സിന്നുള്ളിൽ നിന്നും കിട്ടിയ ചിത്രങ്ങൾ ഒട്ടേറേ വ്യക്തതയുള്ളവ തന്നെയെന്നും മനസ്സിലാക്കാനായി. വീണ്ടുമിതാ ഉഡുപ്പിക്കണ്ണൻ ചിരിച്ചു മുന്നിൽ നിൽക്കുന്നുവോ? സന്തോഷം  കാരണം ഉറക്കം ഇത്തിരി പിണങ്ങി നിന്നപോലെ. മനസ്സാണെങ്കിലോ വ്യാസരായരുടെ പ്രശസ്തമായ കൃതിയായ 'കൃഷ്ണാ! നീ ബേഗനെ ബാരോ!' പാടാൻ തുടങ്ങിയിരിക്കുകയാണല്ലോ!

**ആനഗുഡ്ഡെ വിനായക ക്ഷേത്രം**

"നാം മറ്റെന്തൊക്കെയോ പ്ലാൻ ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് നമുക്കു സംഭവിക്കുന്നതെന്താണോ അതാണു ജീവിതം" ജോൺ ലെന്നൺ പറഞ്ഞതാണ്.

യാത്രചെയ്യൽ ജീവിക്കലാണെങ്കിൽ ഇന്നത്തെ ജീവിതം പ്ളാനനുസരിച്ച് മംഗലാപുരത്തു നിന്നും ആദ്യം ഉഡുപ്പിയിലേക്കാണ്. പക്ഷേ സംഭവിച്ചത് മറ്റൊന്നാണ്. അഞ്ചു മണിക്കുണർന്ന് കുളിച്ചൊരുങ്ങി ലഗ്ഗേജുമായി ഗൈഡ് പറഞ്ഞതു പോലെ ലോബിയിലെത്തി. സഹയാത്രികരെല്ലാം ഒന്നൊന്നായി എത്തി. ചെക് ഔട്ട് ചെയ്ത് ആറുമണിയോടെ തയ്യാറായി നിന്ന ബസ്സിൽക്കയറി. നേരെ ഉഡുപ്പിയിലേക്കാണിന്നത്തെ യാത്രയെന്നും അതിനുശേഷം ഉച്ചയോടെ മൂകാംബികയിൽ എത്തിച്ചേരുമെന്നും കുടജാദ്രിയിൽ പോകാൻ മോഹമുള്ളവർക്ക് അതിനുള്ള സൗകര്യം കിട്ടുമെന്നും ഗൈഡ് അറിയിച്ചു. ഇന്നു രാത്രി മൂകാംബികാക്ഷേത്രദർശനത്തിനു ശേഷം അവിടെ തങ്ങി നാളെ വെളുപ്പിനു ഗോകർണ്ണത്തേക്ക് തിരിക്കുവാനാണുദ്ദേശം. നാം നിനക്കുന്നതെല്ലാം നടക്കണമെന്നില്ലല്ലോ. രാവിലെ ബെഡ് കോഫി പോലും കുടിച്ചിരുന്നില്ല. അതിനാൽ വഴിയിലെവിടെയെങ്കിലും നിർത്തി ബ്രേക് ഫാസ്റ്റ് ചെയ്യേണ്ടി വരും എന്നറിയാമായിരുന്നു.. പക്ഷെ പതിനഞ്ചുമിനിറ്റു ദൂരം പോകുന്നതിനു മുൻപായി ബസ്സ് ബ്രേക് ഡൗൺ ആയി. സൈഡിൽ ഒതുക്കിയിട്ട് റിപ്പയർ ചെയ്യാൻ എടുത്ത സമയത്തിന്നിടയിൽ തൊട്ടടുത്തു കണ്ട കൊച്ചു കോഫി ഷോപ്പിൽ നി



ന്നും തരക്കേടില്ലാത്ത ചുടുചായ കിട്ടിയത് ആശ്വാസമായി. പഴവും ബിസ്ക്കറ്റും വിശപ്പിനെ താൽക്കാലികമായെങ്കിലും തടഞ്ഞു നിർത്തി. വിലപിടിച്ച രണ്ടു മണിക്കൂർ സമയം പാഴായെങ്കിലും ബസ്സ് സ്റ്റാർട്ടായി . അൽപ്പം മുന്നോട്ടു പോകവേ വീണ്ടും പ്രശ്നം. ഇത്തവണ ബസ്സിനല്ല, റോഡ് ഡൈവേർഷൻ. പ്രസിഡണ്ട് ഉഡുപ്പിയിൽ വരുന്ന ദിവസമാണത്രേ! ആരെയും കടത്തി വിടില്ല. വൈകീട്ട് മൂന്നു മണിക്കേ പൊതുജനത്തിനു ദർശനം കിട്ടൂ. ഇതെന്തൊരു വിഘ്നങ്ങളുടെ ദിവസമാണിന്ന്! ആകപ്പാടെ മൂഡ് ഓഫ് ആയ നേരത്ത്  ഗൈഡ് ശ്യാം ലാലിന്റെ വാക്കുകൾ കേട്ടു. എന്നാലിനി നമുക്ക് ഉഡുപ്പി തിരിച്ചുള്ള വരവിലാകാം . തൽക്കാലം നമുക്ക് ലിസ്റ്റിൽ ഇല്ലാത്ത ഒരു ഗണപതിക്ഷേത്രം കാണാൻ പോകാം. അവിടെ നിന്നും നേരിട്ട് മൂകാംബികയ്ക്കും. നേരത്തെ നിശ്ചയിച്ച മറ്റു പ്രോഗ്രാമിനെയൊന്നും ബാധിയ്ക്കുകയുമില്ല.

ആഹാ! നന്നായി. ശരിയ്ക്കും വിഘ്നങ്ങൾ തീർക്കാൻ വിഘ്നേശ്വരനെത്തന്നെ തൊഴാനൊരവസരം. സന്തോഷം തോന്നി,

“വിഘ്നരാജാ നമസ്തേ...നമോസ്തുതേ...വിഘ്നരാജാ നമസ്തേ!

വിഘ്നമശേഷമകറ്റി വിരവിൽ നീ വിഘ്നേശ പാഹിമതേ”

എന്ന കൈകൊട്ടിക്കളിയിലെ വിനായകസ്തുതി ഓർക്കാതിരിയ്ക്കാനായില്ല. ഈ അമ്പലത്തെപ്പറ്റി അധികമൊന്നും അറിയില്ലായിരുന്നെങ്കിലും ഗൈഡിന്റെ വാക്കുകളിൽ നിന്നും ഒട്ടുവളരെ അറിയാൻ കഴിഞ്ഞു. അത്ഭുതത്തിന്റെ വാതിലുകൾ തുറക്കാൻ അധികം താമസമുണ്ടായിരുന്നില്ല. കുംഭാസി എന്ന സ്ഥലത്തെ ആനഗുഡ്ഡെ വിനായക് ക്ഷേത്രം കണ്ണും കരളും കവരാനും.

ആനെഗുഡ്ഡേ  ചെറിയൊരു ഗ്രാമമാണ്. NH-17 ൽ മാംഗളൂരിൽ നിന്നും 96 കിലോമീറ്ററും ഉഡുപ്പിയിൽ നിന്നും 30 കിലോമീറ്ററും ദൂരെയായാണിതിന്റെ സ്ഥാനം. ഉഡുപ്പി ജില്ലയിലെ കുന്ദാപുരം താലൂക്കിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം തീരദേശത്തെ പരശുരാമക്ഷേത്രമെന്നറിയപ്പെടുന്ന  പരിപാവനമായ ഏഴു മുക്തിസ്ഥലങ്ങളിൽ ഒന്നാണ്. ആനെഗുഡ്ഡേ എന്നാൽ ആനയുള്ള മേട് എന്നാണർത്ഥം. അതായത് ആനയുടെ രൂപമുള്ള ഗണപതി ഭഗവാൻ വാഴുന്ന മേട്. കുംഭാസിയെന്നും ഈ സ്ഥലത്തിനു പേരുണ്ട് കുംഭാസിയെന്ന പേർ വരാൻ കാരണം അസി അല്ലെങ്കിൽ വാൾ കൊണ്ട് കുംഭാസുരനെ കൊന്ന സ്ഥലം ആയതിനാലാണ്.വരൾച്ചയുടെ സമയത്ത് മഴ പെയ്യിയ്ക്കുന്നതിനായി



ആനഗുഡ്ഡെ വിനായക ക്ഷേത്രം

കുംഭാസിയിൽ ഗൗതമമഹർഷിയുടെ ആശ്രമത്തിൽ യഗ്നം നടത്തിക്കൊണ്ടിരുന്ന അഗസ്ത്യ മഹർഷിയേയും മറ്റു മുനികളേയും തടസ്സപ്പെടുത്തിയ കുംഭാസുരനെ കൊല്ലുവാൻ വനവാസക്കാലത്ത് അതുവഴി പോയ പാണ്ഡവരോട് ഗൌതമ മഹർഷി അഭ്യർത്ഥിയ്ക്കുകയും കൂട്ടത്തിൽ ശക്തിമാനായ ഭീമനെ യുധിഷ്ടിരൻ ആ ചുമതല ഏൽപ്പിയ്ക്കുകയും ചെയ്യുന്നു. ഗണപതിയുടെ സഹായത്താൽ മാത്രമേ കുംഭാസുരനെ വധിയ്ക്കാനാ

ഒരു ചെറിയ പ്രതിഷ്ഠയും ആണു ആദ്യമായി കണ്ടത്. ആൽത്തറയ്ക്കു പിന്നിലായി നീണ്ടു നിവർന്നു കിടക്കുന്ന അലങ്കാരപ്പണികളും തൂണുകളും നിറഞ്ഞ അമ്പലം ഏറെ ആകർഷകമായിത്തോന്നി. ക്ഷേത്രത്തിനു മുൻഭാഗത്തായി കണ്ട മസ്തകമുയർത്തിപ്പിടിച്ച ആനകളുടെ തലകൾ പ്രത്യേകം ശ്രദ്ധയാകർഷിച്ചു. ആനഗുഡ്ഡെ ശ്രീ വിനായക ടെമ്പിൾ എന്നു ഇംഗ്ലീഷിൽ എഴുതിവച്ചിട്ടുണ്ട്. ഗജഗിരി എന്നും ഈ സ്ഥലത്തിനു പേരുണ്ട്. നാ



കുകയുള്ളൂ എന്നറിഞ്ഞ ഭീമൻ ഗണപതിയോട് പ്രാർത്ഥിയ്ക്കുകയും ഗണപതിഭഗവാനാൽ കരഗതമായ വാളിനാൽ അഥവാ അസിയാൽ കുംഭാസുരനെ കൊല്ലുകയും ചെയ്തെന്നാണു കഥ. . അഭീഷ്ടവരദനായ സിദ്ധി വിനായകദർശനത്തിന്നായി ദൂരെ നിന്നുപോലും പതിവായി ഭക്തർ വന്നു കൊണ്ടിരിയ്ക്കുന്ന ഇടമാണിവിടം. വിചാരിച്ചിരിയ്ക്കാതെ ദർശനത്തിന്നായിവിടെയെത്തിയപ്പോൾ അതുകൊണ്ടു തന്നെ കൂടുതൽ സന്തോഷം തോന്നി.

ഉയരത്തിലുള്ള കമാനത്തിന്നടിയിലൂടെ ഉള്ളിൽ ക്കടന്നപ്പോൾ ആദ്യം തന്നെ ശ്രദ്ധയിൽപ്പെട്ടത് വിശാലമായ ക്ഷേത്രാങ്കണമായിരുന്നു. ഉയരത്തിൽ കെട്ടിയ തറയോടുകൂടിയ ആലും ആൽച്ചുവട്ടിലെ

ഗാചലം എന്നായിരുന്നു പുരാതനമായ നാമം,! ഒരു കുന്നിന്റെ മുകളിലായാണീ അമ്പലം സ്ഥിതി ചെയ്യുന്നത്. ഈ കുന്നിന്റെ താഴെയായി മഹാലിംഗേശ്വരപ്രതിഷ്ഠയും ഉണ്ട്.. നിറയെ അലങ്കാരപ്പണികൾ ചെയ്ത് അതിമനോഹരമാക്കിയിരിയ്ക്കുന്ന ഗോപുരത്തിന്റെ മുഖമണ്ഡപത്തിലെ കവാടത്തിലൂടെ ഞങ്ങൾ ക്ഷേത്രത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. വളരെ വിശാലമായ ഈ കവാടം പൂക്കളാൽ അലങ്കരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. നേരെ നോക്കിയാൽ മഹാഗണപതിയെ ദർശിയ്ക്കാനാവും വിധമാണ് പ്രതിഷ്ഠ. വീടിനു തൊട്ടടുത്തുള്ള അമ്പലത്തിൽ പതിവായി വിഘ്നേശ്വരനെ സ്തുതിയ്ക്കാറുള്ള “ഏകദന്തം മഹാകായം തപ്തകാഞ്ചന

സന്നിഭം ലംബോദരം വിശാലാക്ഷം വന്ദേഹം ഗണനായകം" എന്ന സ്തുതി തന്നെയാണാദ്യം ചുണ്ടുകൾ ഉതിർത്തതെങ്കിലും മനസ്സ് ഒരു നിമിഷം മുംബൈയിലെ സിദ്ധിവിനായക സന്നിധിയിലേയ്ക്ക് എന്നെ കൊണ്ടുപോയോ? അഭീഷ്ടവരദനായ പ്രിയപ്പെട്ട ഭഗവാനെ വരദമുദ്രയോടെ മനസ്സുകുളിർക്കെ കണ്ടപ്പോൾ അവാച്യമായൊരാനന്ദം തോന്നി. കാണിയ്ക്കയിട്ടു, തൊഴുതു, തീർത്ഥവും പ്രസാദവും സ്വീകരിച്ചു. ഭഗവാന്റെ മുഖ്യമായ അലങ്കാരം കമുകിൻ പൂക്കളാണെന്നു മനസ്സിലാക്കാനായി. ഇതുകൂടാതെ കമുകിന്റെ ഇലകലെ അതിമനോഹരമായി കൊരുത്തിണക്കി തുളസിമാലപോലെ തയ്യാറാക്കിയ മാലകളും ധാരാളമായി ഇവിടെ കാണാനിടയായി.

ഗണപതി ഭഗവാൻ തന്നെ ഉണ്ണിയുടെ വേഷത്തിൽ വന്ന് കാട്ടിക്കൊടുത്തതെന്നു പറയപ്പെടുന്ന ഇവിടുത്തെ സ്വയംഭൂ വിഗ്രഹത്തിന് സത്യത്തിൽ നിരാകാരമാണെങ്കിലും അഭിഷേകാനന്തരം പൂക്കൾ കൊണ്ട് അലംകൃതമാകുമ്പോൾ ഓംകാരരൂപം കൈക്കൊള്ളുമെന്നും അതിനാൽ ഭഗവാനെ ഓംകാരമൂർത്തിയായും ഭജിയ്ക്കുമെന്നും പറയപ്പെടുന്നു. മൂലവിഗ്രഹത്തിൽ കലശാഭിഷേകങ്ങൾക്കപ്പുറം വെള്ളികൊണ്ടുണ്ടാക്കിയിട്ടുള്ള ശരീരഭാഗവും സ്വർണ്ണം കൊണ്ടുണ്ടാക്കിയിട്ടുള്ള മുഖഭാഗവും ഉള്ള ഗോളക കൊണ്ട് അലംകരിയ്ക്കുന്നു. മറ്റൊരു പ്രത്യേകത എന്തെന്നാൽ പുലർകാലത്തെ അഭിഷേകാനന്തരം ഭഗവാനെ നിൽക്കുന്നരൂപത്തിലും ഉച്ചയാകുമ്പോൾ പ്രധാനപൂജയ്ക്കുശേഷം ഇരിയ്ക്കുന്ന രൂപത്തിലും ദർശിയ്ക്കാനാകുന്നു എന്നതാണ്. പിന്നീട് നേരം പുലരുന്നതുവരെയും ഇരിയ്ക്കുന്നരൂപം തന്നെ കാണാനാകും. ഒരേ ഭഗവാനെത്തന്നെ ഇവിടെ രണ്ടുവ്യത്യസ്തങ്ങളായ രൂപത്തിൽ ദർശിച്ചു.

**കുംഭാസിക്കാഴ്ച്ചകൾ**

ക്ഷേത്രാങ്കണം അത്ര തിരക്കേറിയതായിരുന്നില്ല എങ്കിലും സന്ദർശകർ വന്നുകൊണ്ടേയിരിയ്ക്കുന്നുണ്ടായിരുന്നു. രണ്ടു ഭാവങ്ങളിലും രൂപങ്ങളിലും, അതായത് നിൽക്കുന്നതും ഇരിയ്ക്കുന്നതും, മഹാഗണപതിദർശനം കാംക്ഷിച്ചെത്തുന്നവരാണധികവും. സമയമില്ലാത്തതിനാൽ ഇത്തവണ ഞങ്ങൾക്കാ മോഹം സാക്ഷാത്ക്കരിയ്ക്കാനാവില്ലെന്ന് ഖേദത്തോടെയോർത്തു. കുറച്ചു മുന്നോട്ടു വന്ന് വിശാലമായ ക്ഷേത്രമൈതാനിയുടെ നടുക്കു നിന്ന് തിരിഞ്ഞു നോക്കിയപ്പോൾ ക്ഷേത്രം മനോഹരമായൊരു ചിത്രം പോലെ നീണ്ടു പരന്നു കിടക്കുന്ന കാഴ്ച്ച ഏറെ ഹൃദ്യമായിത്തോന്നി. പടർന്നു പന്തലിച്ചു നിൽക്കുന്ന ആലിന്റെ ഇലകൾ പഴുത്ത് സ്വർണ്ണ നിറമാണ്ടിരിയ്ക്കുന്ന പശ്ചാത്തലത്തിൽ ആൽച്ചുവട്ടിലെ ചെറിയ പ്രതിഷ്ഠയും പുറകിലെ മനോഹരമായ ഗോപുരവും, ഗോപുരത്തിന്മേൽ കൊത്തിവച്ചിരിയ്ക്കുന്ന സ്വർണ്ണ നിറത്തിൽ തിളങ്ങുന്ന അനേകം ഗണപതിവിഗ്രഹങ്ങളും കണ്ടപ്പോൾ ഒന്നുകൂടി ഭക്തിപൂർവ്വം തൊഴാതിരിയ്ക്കാനായില്ല. മഹാഭാരതകാലഘട്ടത്തിലെന്നോണം അലങ്കാര വൈവിദ്ധ്യം നിറഞ്ഞ അമ്പലത്തിലെ തൂണുകളും വാതിലുകലും കൊത്തുപണികൾ നിറഞ്ഞ തട്ടും മുൻപേ ശ്രദ്ധിച്ചിരുന്നുവെങ്കിലും പുറത്തു കടന്നപ്പോഴേ രണ്ടു നിലയിലായുള്ള ഗോപുരത്തിന്റെ മനോഹാരിത ശ്രദ്ധയിൽപ്പെട്ടുള്ളൂ. ഇരുണ്ട നീലനി



റമാർന്നു കാണപ്പെട്ട ഗോപുരത്തിന്റെ നാലുവശത്തേയ്ക്കും തിരിഞ്ഞിരിയ്ക്കുന്ന അതിമനോഹരമായ സ്വർണ്ണ നിറമാർന്ന ഗണപതിവിഗ്രഹങ്ങൾ കണ്ണിനു വിരുന്നേകി. ഇരുവശത്തും കാവൽനിൽക്കുന്ന സിംഹരൂപികളായ കാവൽക്കാർ. ഗോപുരത്തിന്റെ രണ്ടാം നിലയിലും മനോഹരമായ ഗണപതിവിഗ്രഹം സ്വർണ്ണനിറമാർന്നു തന്നെ കാണപ്പെട്ടു. ഭഗവാന്റെ രണ്ടുഭാഗത്തുമായി ഇരുന്ന് സംഗീതഭേരിയുയർത്തുന്ന രണ്ടു ദ്വാരപാലകരേയും കാണാൻ കഴിഞ്ഞു

മുന്നിൽ നിരകളായി കണ്ട കടകളിലേയ്ക്കൊന്നു കണ്ണോടിച്ചപ്പോൾ കണ്ട നിറച്ചാർത്തിൽ ഉള്ളിൽ കുളുർമ്മ നിറഞ്ഞു. നിറയെ പൂജാദ്രവ്യങ്ങൾ വിൽപ്പനയ്ക്കായി ഒരുക്കി വച്ചിരിയ്ക്കുന്നു.അവയിൽ മഞ്ഞയും വെള്ളയും നിറത്തിലായി ജമന്തിപ്പൂക്കളും ചുവപ്പും വെള്ളുപ്പും വയലറ്റും നിറകൾ ധാരാളമായി എല്ലാ കടകളിലും കാണാം ഇളം കതിർക്കുലകൾ നീളത്തിൽ അടർത്തിയെടുത്ത് അലങ്കാരത്തിന്നായുപയോഗിയ്ക്കുന്നു. അവ തന്നെ മനോഹരമായ മാലകളായും മാറുന്നു. കവുങ്ങിന്റെ പട്ടയിൽ നിന്നും ഇലകൾ നീളത്തിൽ വെട്ടിയെടുത്ത് റിബണുകൾ പോലെ മനോഹരമായി മടക്കിയൊതുക്കി കോർത്ത കരിംപച്ച നിറത്തിലുള്ള അതിമനോഹരങ്ങളായ വലിയ മാലകൾ കടകളിലെല്ലാം തൂങ്ങിക്കിടക്കുന്നുണ്ട്. പഴവും കൊട്ടകൾ നിറയെ നാളികേരവുമെല്ലാം എല്ലാ കടയിലും കാണാം. ഭഗവാനു സമർപ്പിയ്ക്കാൻ ഭക്തർക്കായി ഒരുക്കിയിരിയ്ക്കുന്ന മുളകൊണ്ടുണ്ടാക്കിയ പൂക്കൂടയും അതിലെ സാമഗ്രികളും കൌതുകം ജനിപ്പിച്ചു. വിനായക ചതുർത്ഥിദിനം ഇവിടെ പ്രമുഖമാണു. അന്ന് ഭഗവാനെതേരിൽ പ്രദക്ഷിണം ചെയ്യും.



നാഗാചല ശ്രീ അയ്യപ്പ സ്വാമി ക്ഷേത്രം

ങ്ങളിലെ ഡാലിയയും കണ്ടു. മുല്ലമൊട്ടിനു സമം ഒരുക്കിയ കവുങ്ങിൻപൂക്കുലമാല അതിമനോഹരം തന്നെ. സന്ദർശകർ കൊണ്ടു പോകുന്ന പൂജാത്തട്ടിലേയ്ക്കു നോക്കിയപ്പോൾ മനസ്സിലാക്കാനായി, വിനായകഭഗവാന്റെ പ്രിയപുഷ്പം കവുങ്ങിൻ പൂക്കുലയിലെ പൂക്കൾ തന്നെയാണെന്ന്. കൂമ്പാളകൾക്കിടയിൽ നിന്നും പുറത്തുവരാത്ത പൂങ്കുല

**നാഗാചല ശ്രീ അയ്യപ്പ സ്വാമി ക്ഷേത്രവും, ഹരിഹരക്ഷേത്രവും**

നല്ല തണൽ പരത്തി നിൽക്കുന്ന അനേകം മരങ്ങൾക്കു കീഴിലായി വിശാലമായ അമ്പലമൈതാനിയിൽ സന്ദരശകരുടെ കാറുകൾ പാർക്കു ചെയ്യുവാൻ ഇഷ്ടം പോലെയിടമുണ്ട്. പൂരപ്പറമ്പു പോ

ലെ ഭക്തരുടെ ശ്രദ്ധയാകർഷിച്ചുകൊണ്ട് കുറെയേറെ വഴിവാണിഭക്കാരും ഐസ്ക്രീ വിൽപ്പനക്കാരും ഇടം പിടിച്ചിരിയ്ക്കുന്നു.മരത്തണലിലൂടെ വഴിവാണിഭങ്ങളും നോക്കി മുന്നോട്ടു നടക്കുമ്പോൾ ദൂരെയായി പല ക്ഷേത്രകവാടങ്ങളും ദൃഷ്ടിയിൽപ്പെട്ടു. ആദ്യം കണ്ടത് താഴോട്ടു ഇറങ്ങുന്നതിനായി ഒട്ടേറെ പടവുകളുള്ള ഒരു മുഖമണ്ഡപമാണ്.പടവുകളിറങ്ങിച്ചെന്നാൽ ഹരിഹരഭഗവാനെ കാണാം. ഒരു കുളത്തിനു നടുവിലായി പണി കഴിപ്പിച്ച അതിമനോഹരമായൊരു ക്ഷേത്രമാണത്. ഗജഗിരിയുടെ മുകളിലായി ഗണപതി ഭഗവാനും കുന്നിൻ താഴ്വരയിലായി ഹരിഹരഭഗവാനും വസിയ്ക്കുന്നുവെന്നാണ് സങ്കൽപ്പം. താഴേയ്ക്കിറങ്ങാതെ ഞങ്ങൾ മുന്നോട്ടു തന്നെ നടന്നപ്പോൾ നാഗാചല ശ്രീ അയ്യപ്പ സ്വാമി ക്ഷേത്രം എന്നെഴുതി ഒരു ബോർഡ് ശ്രദ്ധയിൽപ്പെട്ടു. പുതിയതായി നിർമ്മിയ്ക്കപ്പെട്ടതാണെന്നു തോന്നി. പടികൾ കയറി മുകളിലെത്തി അയ്യപ്പദർശനം നടത്തി. ക്ഷേത്രത്തിന്റെ പിന്നിലെ നടയിലൂടെ കയറാൻ ശബരിമലയിലെന്നോണം 18 പടികൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അവിടെ നിന്നുള്ള കവാടം പൂട്ടിയിട്ടിരിയ്ക്കുന്നു. ദർശനാനന്തരം പുറത്തു വന്നപ്പോൾ മറ്റു ചില ചെറിയ ശ്രീകോവിലുകളും കണ്ട്. ഒരു ചെറിയ സ്റ്റേഷനറിക്കടയ്ക്കപ്പുറമായി മുൻപു കണ്ട മുഖമണ്ഡപത്തിലെത്തി. താഴോട്ടു നോക്കിയപ്പോൾ താഴോട്ടിറങ്ങിപ്പോകാനുള്ള വീതിയേറിയതെങ്കിലും എണ്ണമില്ലാത്ത കോൺക്രീറ്റു കൊണ്ടുണ്ടാക്കിയ പടികൾ മാടി വിളിയ്ക്കാൻ തുടങ്ങി. ധൈര്യം സംഭരിച്ച് പടികൾ എണ്ണിക്കൊണ്ട് ഇറക്കം തുടങ്ങിയെങ്കിലും . എവിടെയോ വെച്ച് പടികളുടെ എണ്ണമെടുക്കൽ നിന്നുപോയത് അറിഞ്ഞതേയില്ല. ശ്രദ്ധ മുഴുവനും താഴോട്ടിറങ്ങുന്നതിലായിരുന്നല്ലോ. അൽപ്പം ഉയരത്തിൽ തന്നെ നിൽക്കുന്ന താഴത്തെ തട്ടിൽ നിന്നു നോക്കിയപ്പോൾ ഒരു കുളത്തിനു നടുവിലായി സ്ഥിതിചെയ്യുന്ന മനോഹരമായ ക്ഷേത്രവും പരിസരവും സ്വപ്നസദൃശമായ ഒരു മനോഹര ദൃശ്യമായി മനസ്സിൽ ഇടം പിടിച്ചു. കുംഭാസുര നിഗ്രഹത്തിന്നായി ഹരിയോടും ഹരനോടും പ്രത്യക്ഷപ്പെടാൻ അപേക്ഷിച്ച് മുനിമാർ ഒരുക്കിയ ഇടം.രണ്ടുപേരും ഒന്നിച്ചു പ്രത്യക്ഷപ്പെടാൻ വൈകിയപ്പോൾ അതിനായി ഒരുക്കിവച്ച സ്ഥലത്തെ പാത്രങ്ങൾ മുനിമാർ തുറന്നു നോക്കുകയും ഹരിയും ഹരനും അക്കാരണത്താൽ പ്രത്യക്ഷപ്പെടാതെ വരുകയും ചെയ്തെന്നാണ് ഐതിഹ്യം. പകരമായി ഭീമസേനൻ അവിടെയെത്തി കുംഭാസുരനിഗ്രഹം നടത്തുമെന്ന വരവും മുനികൾക്കു കിട്ടി.

ബാക്കി പടികളും ഇറങ്ങി താഴെയെത്തി, ചെരിപ്പുകൾ ഊരി വച്ച് ക്ഷേത്രദർശനത്തിന്നായി ഞങ്ങൾ മുന്നോട്ടു നടക്കുമ്പോൾ ക്ഷേത്രവും നിറഞ്ഞു കിടക്കുന്ന ക്ഷേത്രക്കുളവും അതിലെ ജലത്തിൽ മുങ്ങിയൂളിയിട്ടുകൊണ്ടിരിയ്ക്കുന്ന മത്സ്യക്കൂട്ടങ്ങളും മാത്രമേ കണ്ണിൽപ്പെട്ടുള്ളൂ.

**മഹാലിംഗേശ്വരക്ഷേത്രവും ഹരിഹരക്ഷേത്രവും, സൂര്യനാരായണക്ഷേത്രവും – കുംഭാസി**

മനോഹരമായ ഏതൊരു കാഴ്ച്ചയും, അവ പ്രകൃതിദത്തമായാലും മനുഷ്യനിർമ്മിതമായാലും ഒരു മിന്നൽ പോലെ മനസ്സിന്നകത്തെവിടെയോ തൊടുമ്പോഴുണരുന്ന സന്തോഷം, അതാണീ അമ്പലം കണ്ടപ്പോഴുണ്ടായത്. നൂറോളം പടികൾ ഇറങ്ങുന്ന സമയത്ത് വളരെ ബുദ്ധിമുട്ടി പടികൾ കയറി മുകളിലെത്തി താഴോട്ടു തന്നെ ഇറങ്ങുന്ന വയസ്സായ സ്ത്രീയെ ശ്രദ്ധിയ്ക്കാതിരിയ്ക്കാനായില്ല. പാവം, കഷ്ടപ്പെടുന്നുണ്ട്. ഇടയ്ക്ക് അൽപ്പം നിന്ന് കിതപ്പു മാറ്റുന്നുണ്ട്. പിന്നീട് മനസ്സിലാക്കാനായി, അവിടെ താമസിയ്ക്കുന്നവർ എല്ലാം തന്നെ ദിവസത്തിൽ ഒരിയ്ക്കലെങ്കിലും ചെയ്യുന്ന അനുഷ്ഠാനമാണിതെന്ന്.

താഴെ മനോഹരമായ ക്ഷേത്രം മാടിവിളിയ്ക്കുന്നു. ചെറിയ ഒരു കുളത്തിനു മുകളിൽ സ്ഥിതി ചെയ്യുന്ന ശ്രീകോവിലിലേയ്ക്കു കടക്കാനായി കുളത്തിനു നടുവിലായി തയ്യാറാക്കിയ വഴിയിലൂടെ കടന്നു ചെന്നാൽ കുംഭാസുര നിഗ്രഹത്തിന്നായി സഹായിച്ച ദേവദേവന്മാരുടെ ദർശനം സാദ്ധ്യമാകും. അകത്തെ ശിവലിംഗവും ഗൌതമമഹർഷിയുടെ അപേക്ഷയാൽ ഗംഗാനദി പ്രത്യക്ഷപ്പെട്ടെന്നു കരുതപ്പെടുന്ന ചെറിയ ജലധാരയും കാണാം.

ഇവിടെ മറ്റു ചില ചെറിയ ക്ഷേത്രങ്ങളും ഉണ്ടെങ്കിലും ഇത്രയും മനോഹാരിതയും പ്രാധാന്യവും മറ്റൊന്നിനും ഉണ്ടെന്നു തോന്നിയില്ല. മഹാലിംഗേശ്വരനെയും ഹരിഹരഭഗവാനെയും സന്ദർശിച്ച ശേഷം ചന്ന കേശവന്റെയും സൂര്യ നാരായണന്റെയും അമ്പലങ്ങൾ ഞങ്ങൾ സന്ദർശിച്ചു. മധുവനം എന്നാണീ സ്ഥലം അറിയപ്പെടുന്നത്.

തെളിഞ്ഞവെള്ളം നിറഞ്ഞു നിൽക്കുന്ന കുളത്തിനു മുകളിലെ അതിമനോഹരമായ അമ്പലത്തിനെ മനസ്സിലും ക്യാമറയിലും പകർത്തി സാവധാനത്തിൽ ഞങ്ങൾ മുകളിലേയ്ക്കുള്ള പടികൾ കയറാൻ തുടങ്ങി. കാത്തു നിൽക്കുന്ന ബസ്സിൽക്കയറി അടുത്ത ലക്ഷ്യമായ മൂകാമ്പികയിലേയ്ക്ക് തിരിയ്ക്കുമ്പോൾ പതിവുപോലെ ദേവിയെക്കാണാമെന്നുള്ള സന്തോഷത്താൽ മനസ്സ് തുള്ളിച്ചാടാൻ തുടങ്ങി.

രാവിലെ ഹോട്ടൽ സ്വാതിയിൽ നിന്നും കഴിച്ച മസാലദോശ എപ്പോഴേ ദഹിച്ചിരിയ്ക്കുന്നല്ലോ. ഇത്രയും പടവുകൾ കയറിയിറങ്ങിയതല്ലേ? ബസ്സിലിരുന്നു വിരസമായി പുറത്തെ കാഴ്ച്ചകളും നോക്കിയിരുന്നപ്പോൾ ഉറക്കം വന്നുതുടങ്ങി. ഉച്ചയോടെ ഞങ്ങൾ കൊല്ലൂരിലെത്തി. ഹോട്ടലിൻ ചെക്

ഇൻ ചെയ്ത് ഫ്രെഷായി താഴെയെത്തി. അമ്പലത്തിലെ പ്രസാദമൂട്ടിനായി ശ്രമിച്ചെങ്കിലും അസാമാന്യമായ തിരക്കു കാരണം വേണ്ടെന്നു വച്ചു. ക്രിസ്തുമസ്സ് വെക്കേഷനായതിനാൽ കർണ്ണാടകയിലെ സ്കൂൾ കുട്ടികളെ നിർബന്ധമായും ആരാധനാലയങ്ങളിലെല്ലാം കൊണ്ടുപോകണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം കാരണം പോകുന്നയിടങ്ങളിലെല്ലാം തന്നെ ആയിരക്കണക്കിനു സ്കൂൾ വിദ്യാർത്ഥികൾ സൃഷ്ടിച്ച തിരക്ക് ഈ യാത്രയിലുടനീളം അനുഭവിയ്ക്കേണ്ടി വന്നു. തൊട്ടടുത്തു കണ്ട ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ കുടജാദ്രിയിലേയ്ക്കു പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു.

**കുടജാദ്രിയിലേക്ക്.....**

മുൻപ് ഒന്നു രണ്ടുതവണ പോയിട്ടുണ്ടെങ്കിലും ഒരിയ്ക്കൽക്കൂടി കുടജാദ്രിയിൽ പോകണമെന്ന മോഹം മനസ്സിലുണ്ടായിരുന്നു. എട്ടുപേർ അടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിയ്ക്കപ്പെട്ടു. തയ്യാറായി വന്ന ജീപ്പുകളിൽക്കയറി ഞങ്ങൾ കുടജാദ്രിയിലേയ്ക്കു തിരിച്ചു. പണ്ടു പോകുന്നതിനേക്കാൾ വഴി അൽപ്പം ഭേദമാണെന്നു തോന്നിയെങ്കിലും കുടജാദ്രിയാത്ര ഇന്നും അതി കഠിനം തന്നെയെന്നു തോന്നി. കുലുങ്ങിയും വിറച്ചുമുള്ള ജീപ്പു യാത്ര ഒരിയ്ക്കൽ ചെയ്തവർക്ക് മറക്കാനാവില്ല.

നിശ്ശബ്ദയായി ജീപ്പിൽ ഇരുന്ന് കാഴ്ച്ചകൾ കാണാൻ തീരുമാനിച്ചെങ്കിലും പിന്നിടുന്ന അതിദുർഘടമായ വഴിത്താരകളും ഹെയർ പിൻ വളവുകളും തന്ന നടുക്കങ്ങളും കുലുക്കങ്ങളും ചാഞ്ചാട്ടങ്ങളും പലരുടെയും സംഭാഷണത്തിലെ പങ്കാളിയാക്കി. ഇതിനു മുൻപുണ്ടായ യാത്രകളും കൂടെയുണ്ടായിരുന്നവരും ഓർമ്മയിൽ ഓടിയെത്തി. ദൂരെ മുകളിൽ കുടജാദ്രി മാടി വിളിയ്ക്കുന്നു. മൂകാംബികയുടെ മൂലസ്ഥാനം അവിടെയാണല്ലോ, മനസ്സിലോർത്തു. നീലക്കടമ്പു എന്നചിത്രത്തിൽ ചിത്ര പാടിയ പാട്ട് മനസ്സിൽ ഉയർന്നു വന്നു.

കുടജാദ്രിയിൽ കുടി കൊള്ളും മഹേശ്വരി
ഗുണദായിനി, സർവ്വ ശുഭകാരിണി!
കാതരഹൃദയ സരോവര നിറുകയിൽ
ഉദയാംഗുലിയാകു.. മംഗള മന്ദസ്മിതം തൂകു....

ഇപ്പോഴത്തെ മുകാംബികാ ക്ഷേത്രം താഴ്വരയിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും മൂലസ്ഥാനം മുകളിൽത്തന്നെയാണല്ലോ. പാട്ടിൽപ്പറയുന്നതുപോലെ ദേവീ... എന്റെ ഹൃദയത്തെ ഒരു സൌപർണ്ണികയാക്കൂ, ആ വിദ്യാവിലാസിനിയുടെ കടാക്ഷമങ്ങനെ ഒഴുകിയൊഴുകിയെത്താനായി. ചിത്രകൂടത്തിലെ ഉത്ഭവസ്ഥാനം ഇനിയും കാണാനായിട്ടില്ലെങ്കിലും മനസ്സിൽ വ്യക്തമായിത്തന്നെ വിവരണങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും വ്യക്തമായി തെളിഞ്ഞു നിൽക്കുന്ന ഒന്നാണല്ലോ.

**സൗപർണ്ണിക**

കുടജാദ്രിയുടെ മുകളറ്റത്താണല്ലോ ശങ്കരാചാര്യരുടെ സർവജ്ഞപീഠം സ്ഥിതി ചെയ്യുന്നത്. നേരമില്ലാത്തതിനാൽ മുകളിൽ വരെ കയറിയില്ല. അൽപ്പം കയറി പ്രകൃതിയും ശുദ്ധവായുവും ആസ്വദിച്ചു തിരിച്ചുവന്നു. പ്രകൃതിസൌന്ദര്യം മുറ്റി നിൽക്കുന്ന കുന്നുകളെ പൊതിഞ്ഞെത്തി ഞങ്ങളേയും തൊട്ടുപോയ കോടമഞ്ഞ് കുളിരേകി.കുന്നുകൾക്കിടയിലൂടെ എത്തിനോക്കി മറയാനൊരുങ്ങുന്ന സായാഹ്ന സൂര്യന്റെ സ്വർണ്ണനിറം മനോഹരമാക്കിയ ആകാശം. കുറെ ദൃശ്യങ്ങൾ ക്യാമറയിൽ പ


കുടജാദ്രി




കർത്താതിരിയ്ക്കാനായില്ല. കൂടെയുള്ളവരെല്ലാം എത്തിയപ്പോൾ ജീപ്പിൽ വന്നുകയറി. മൂലസ്ഥാനത്തിന്നടുത്തുള്ള കൊച്ചുസ്റ്റാളിൽ നിന്നും തൊലികളഞ്ഞു ഭംഗിയായി വട്ടത്തിൽ പൂളിവച്ച കൈതച്ചക്ക വാങ്ങിത്തിന്ന ശേഷം ഞങ്ങൾ താഴോട്ടുള്ള യാത്ര തുടങ്ങി. ഇറക്കവും കയറ്റം പോലെത്തന്നെ അതി ദുർഘടം. നേരം വൈകിയതിനാൽ മുകളിലോട്ടു വരുന്ന വാഹനങ്ങൾക്ക് വഴി മാറിക്കൊടുക്കേണ്ടിവന്നില്ലെന്നു മാത്രം.

അമ്മേ! മൂകാംബികേ!

റൂമിൽ വന്നശേഷം കുളിച്ച് ദർശനത്തിന്നായി അമ്പലത്തിലെത്തി. ഇന്നു രാത്രി ഇവിടെയാണല്ലോ തങ്ങുന്നത്. യഥേഷ്ടം പൂജയും വഴിപാടുകളും നടത്താം,. വേണ്ടവർക്കെല്ലാം ക്ഷേത്രത്തിൽ നിന്നും അത്താഴപ്രസാദം കഴിയ്ക്കാം. രാവിലെ അതി നേർത്തെ പുറപ്പെട്ട് സൌപർണ്ണികയെ ദർശിച്ചശേഷം മുരുടേശ്വറിലേയ്ക്ക്. വൈകീട്ട് ഉഡുപ്പിയിലെ ശ്രീകൃഷ്ണനെ ദർശിച്ചശേഷം മാംഗളൂർക്ക്. അതിരാവിലെ അവിടെ നിന്നും ട്രെയിൻ വഴി മടക്കം. ഇതാണ് പ്ലാനെന്ന് ഗൈഡ് അറിയിച്ചു.

സുഖമായി മതിവരുവോളം ദേവിയെ ദർശിയ്ക്കാനും പ്രാർത്ഥിയ്ക്കാനും സർവ്വ രോഗശമനാർത്ഥം ക്ഷേത്രത്തിൽ നിന്നും കിട്ടിയ കഷായപ്രസാദം സേവിയ്ക്കാനും കഴിഞ്ഞതിൽ സന്തോഷം തോന്നി. ദർശനാനന്തരം കുറച്ചു നേരം കൂടി അമ്പലപരിസരത്തിലെല്ലാം തങ്ങി. ലഡ്ഡുപ്രസാദവും കുങ്കുമവും ശീട്ടാക്കി, വാങ്ങി. പ്രസാദഊട്ടിനു സ്കൂൾ കുട്ടികളുടെ തിരക്കു തന്നെ. ഹോട്ടലിൽ കയറി ലഘുവായി ഭക്ഷണം കഴിച്ചശേഷം റൂമിലെത്തി.

സൗപർണ്ണികയിൽ പലവട്ടം ഇറങ്ങിയിട്ടുണ്ടെങ്കിലും നിറഞ്ഞു കവിഞ്ഞൊഴുകുന്ന സൌപർണ്ണിക ഇന്നും എനിക്കു കാണാനായിട്ടില്ല. ഇപ്പോഴും വെള്ളം ഇല്ലാത്ത സമയം തന്നെയാണ്. നേരം പ്രഭാതമാകുന്നതേയുള്ളൂ. മുരുടേശ്വറിലേയ്ക്കുള്ള യാത്രയ്ക്കായി ബസ്സിൽ കയറി. സൌപർണ്ണികാനദിയുടെ സമീപത്തായി എത്തിയപ്പോൾ പടവുകളിറങ്ങി ഉണർന്നുകൊണ്ടിരിയ്ക്കുന്ന സൌപർണ്ണികയെ വിരലുകളാൽ ഒന്നു മൃദുവായി തൊട്ടുനോക്കി. അതിശോചനീയമായ സൗപർണ്ണികയെ പകൽ വെളിച്ചത്തിൽ കാണേണ്ടി വന്നില്ലല്ലോ എന്നേ തോന്നിയുള്ളൂ. വെള്ളമില്ല, മാലിന്യം ഏറെ ഉണ്ടു താനും. വറ്റി വരണ്ട ഈ നദിയോ അനുദിനം പുകഴ്ത്തപ്പെട്ടുകൊണ്ടിരിയ്ക്കുന്ന പുണ്യനദി സൌപർണ്ണിക? . അൽപ്പം മനോവേദനയോടെയാണു സൌപർണ്ണികയിൽ നിന്നും പടവുകൾ കയറി മുകളിലെത്തി ബസ്സിൽക്കയറിയത്.

പരിപാവനമായ ഈ നദി കുടജാദ്രിയ്ക്കു മുകളിൽ നിന്നുമുത്ഭവിച്ച് വഴിയിലുടനീളമുള്ള ഔഷധവീര്യമുള്ള ഇലകളെയും വേരുകളെയും തഴുകി ഔഷധവീര്യമേറിയ ജലത്താൽ നിറഞ്ഞ് കളകളമൊഴുക്കിയാണത്രെ താഴെ എത്തിക്കൊണ്ടിരുന്നത്. മഹാവിഷ്ണുവിന്റെ വാഹനമായ ഗരു

ഡൻ, സുപർണ്ണൻ, തപം ചെയ്തത് ഈ നദിക്കരയിലാണത്രേ. എന്തായാലും ഇതിന്റെ ഇന്നത്തെ രൂപം തീർത്തും സങ്കടകരം തന്നെ. വിശുദ്ധിയുടെ സർവ്വതോന്മുഖമായ അടയാളമായി സൗപർണ്ണിക എന്ന നാമം നമ്മളെല്ലാവരും എന്തിനും ഏതിനും ഉപയോഗിയ്ക്കുന്ന സമയത്ത് ആ സ്ഥലം തന്നെ ഇവ്വിധം നാനാവിധമായി കിടക്കുന്ന കാഴ്ച്ച നമുക്കാലോചിയ്ക്കാൻ തന്നെ വയ്യ. മഴക്കാലത്ത് ധാരാളം വെള്ളമുള്ളപ്പോൾ ഒരിയ്ക്കൽക്കൂടി വരാം. സൗപർണ്ണികയിലിറങ്ങിയൊന്നു കുളിയ്ക്കണം, മനസ്സിൽ വിചാരിച്ചു. മൂകാംബികയിൽ വന്നാൽ സൌപർണ്ണികയിൽ നീരാടിയാവണം ദർശനമെന്നു തന്നെയായിരുന്നല്ലോ പഴയ ചിട്ടയും.

**മുരുഡേശ്വരം– പേരിനു പിന്നിലെ കഥ**

യാത്ര– അതു നിങ്ങളുടെ മൊഴികളെ സ്തബ്ധമാക്കുന്നു, പിന്നീടോ, ഒരു കഥപറച്ചിലുകാരനാക്കി മാറ്റുകയും ചെയ്യുന്നു

(Traveling - it leaves you speechless, then turns you into a storyteller." - Ibn Battuta)

മൂകാംബികായാത്രകൾ എന്നുമൊരു സ്വപ്നം പോലെയാണെനിയ്ക്ക്. യാത്ര തീരുമാനിച്ച് തുടങ്ങുന്ന സമയമെത്തുംവരെ അവാച്യമായൊരു മധുരം മാത്രം. യാത്ര തുടങ്ങിയാൽപ്പിന്നെ ഒരു ശാന്തതയാണ്. നടയ്ക്കലെത്തിയാൽപ്പിന്നെ ആ സൌഭാഗ്യമോർത്ത് സന്തോഷം, പക്ഷേ അറിയാതെ ക




ണ്ണിൽനിന്നുമൊഴുകുന്ന പ്രവാഹത്തിൽ മനവും തനുവും ഒരുപോലെ കുളിർക്കുന്നു. പിന്നെ ഭക്തരിലൊരു മൺതരിയായി മാറി സായൂജ്യം തേടൽ. പുറത്തു കടന്നാലോ, ഇനി എന്നു ദർശനം കിട്ടുമെന്ന കാത്തിരിപ്പിനൊരു തുടക്കവും. വരുമ്പോഴെ

**വിശുദ്ധിയുടെ സർവ്വതോന്മുഖമായ അടയാളമായി സൗപർണ്ണിക എന്ന നാമം നമ്മളെല്ലാവരും എന്തിനും ഏതിനും ഉപയോഗിയ്ക്കുന്ന സമയത്ത് ആ സ്ഥലം തന്നെ ഇവ്വിധം നാനാവിധമായി കിടക്കുന്ന കാഴ്ച്ച നമുക്കാലോചിയ്ക്കാൻ തന്നെ വയ്യ. മഴക്കാലത്ത് ധാരാളം വെള്ളമുള്ളപ്പോൾ ഒരിയ്ക്കൽക്കൂടി വരാം. സൗപർണ്ണികയിലിറങ്ങിയൊന്നു കുളിയ്ക്കണം, മനസ്സിൽ വിചാരിച്ചു. മൂകാംബികയിൽ വന്നാൽ സൌപർണ്ണികയിൽ നീരാടിയാവണം ദർശനമെന്നു തന്നെയായിരുന്നല്ലോ പഴയ ചിട്ടയും.**

ല്ലാം ദേവിയെ കൺകുളിരെ കാണാനാകാറുണ്ടെന്ന സത്യവും മനസ്സിനു സന്തോഷം പ്രദാനം ചെയ്യുന്നു.

സൗപർണ്ണികയും ഉള്ളിൽ പേരുകൊണ്ടുതന്നെ കുളിരേകാറുണ്ടെങ്കിലും ഇപ്പോഴത് പേരിനു മാത്രമായി മാറിയെന്നതിൽ സങ്കടം തോന്നുന്നു. അടുത്ത യാത്ര മുരുഡേശ്വറിലേയ്ക്കാണെന്ന് ഗൈഡ് പറഞ്ഞു.കൂടെ മുരുഡേശ്വറിനെക്കുറിച്ചും ഞങ്ങൾക്കായി പല അറിവുകളും പങ്കുവച്ചു.

ഏറ്റവും ഉയരം കൂടിയ മഹാദേവപ്രതിഷ്ഠകളിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന മുരുഡേശ്വറിലെ മൂർത്തിയുടെ ഉയരം 123 അടി (37 മീറ്റർ) ആണ്. ഇത് നിർമ്മിയ്ക്കാൻ രണ്ടുവർഷത്തിലേറെ സമയമെടുത്തു. ഏറ്റവും വലിയ മഹാദേവപ്രതിഷ്ഠ

നേപ്പാളിലെ കൈലാസനാഥക്ഷേത്രത്തിലേതാണ്. 143 അടി (44 മീറ്റർ) ഉയരമുണ്ടതിന്. മുരുടേശ്വർ സ്ഥിതി ചെയ്യുന്നത് ഉത്തര കന്നഡയിലെ ഭട്ക്കൽ താലൂക്കിൽ അറബിക്കടലിനു തൊട്ടായാണ്. മുരുടേശ്വരൻ എന്നാൽ സാക്ഷാൽ ശിവൻ തന്നെ. ഈ പേരു വന്നതിന്റെ പുറകിൽ ഒരു കഥയും കേൾക്കാനിടയായി.. മുൻപു കേട്ടിട്ടില്ലാത്ത ഈ കഥ രാവണൻ മണ്ഡോദരിയെ സ്വന്തമാക്കിയത് എങ്ങിനെയാണെന്ന് നമുക്കു പറഞ്ഞു തരുന്നു.

ആത്മലിംഗാരാധാന നിമിത്തം അമരരും അജയ്യരുമായ ദേവന്മാർക്കു തുല്യത നേടാനായി രാവ



ണൻ മഹാദേവനെ പ്രസാദിപ്പിച്ച് ആത്മലിംഗം വരമായി ചോദിയ്ക്കാൻ ഒരുമ്പെടുമ്പോൾ നാരദമഹർഷി വിഷ്ണുവിനെ വിവരം ധരിപ്പിയ്ക്കുകയും പതിവുപോലെ ദേവകളുടെ കൂട്ടമായ പ്രയത്നത്താൽ തെറ്റായ വരം രാവണൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ആത്മലിംഗത്തിനുപകരം ഭഗവാന്റെ ആത്മ സർവ്വസ്വമായ പാർവ്വതിയെ രാവണൻ വരമായി ചോദിയ്ക്കുകയും ലഭിയ്ക്കുകയും ചെയ്യുന്നു. പാർവ്വതിയുമൊത്ത് ലങ്കയിലേയ്ക്കു പോകുന്ന വഴിയിൽ നാരദൻ ദേവിയുടെ കാളീരൂപം കാട്ടിക്കൊടുത്ത് ഇതല്ല യഥാർത്ഥത്തിലെ പാർവ്വതി പാതാളത്തിലാണെന്ന് ധരിപ്പിയ്ക്കുകയും ചെയ്യുന്നു. പാർവ്വതിയെ സ്വതന്ത്രയാക്കി പാതാളത്തിലെത്തുന്ന രാവണൻ മണ്ഡോദരിയെക്കാണുകയും അവളെ വിവാഹം ചെയ്ത് ലങ്കയിലെത്തുകയും ചെയ്യുന്നു.ആത്മലിംഗത്തെക്കുറിച്ച് അമ്മ ചോദിച്ചപ്പോൾ മാത്രമാണ് താൻ പറ്റിയ്ക്കപ്പെട്ട വിവരം രാവണൻ മനസ്സിലാക്കുന്നത്. വീണ്ടും കൂടുതൽ ഭക്തിയോടും വാശിയോടും കൂടി ഭഗവാനെ ഉപാസിയ്ക്കുകയും ഭഗവാനിൽ നിന്നും ശരിയായ ആത്മലിംഗം വരമായി ലഭിയ്ക്കുകയും ചെയ്യുന്നു. പക്ഷെ അതു നൽകുന്ന സമയത്ത് ഭഗവാൻ ഒരു നിബന്ധന വയ്ക്കുന്നുണ്ട്. എന്തെന്നാൽ ലങ്കയിലേയ്ക്കുള്ള വഴിയിലുടനീളം എവിടെയും ആ ലിംഗം താഴെ വയ്ക്കരുതെന്നും അങ്ങനെ ചെയ്താൽ ലിംഗം പിന്നെ അവിടെ ഉറച്ചു പോകുമെന്നും അവിടെ നിന്നും ഇളക്കി മാറ്റാനാകില്ലെന്നും ഭഗവാൻ രാവണനെ ഓർമ്മിപ്പിയ്ക്കുന്നു. അമരത്വം ലഭിയ്ക്കാനിടവന്നാൽ രാവണൻ ചെയ്തേയ്ക്കാവുന്ന ഭീകരതയെക്കുറിച്ച് ഊഹിയ്ക്കാവുന്നതിനാൽ ഭഗവാൻ തന്നെ കണ്ടെത്തിയ ഒരു തന്ത്രം മാത്രമായിരുന്നു അത്. ഭഗവാൻ വിഷ്ണു സഹായത്തിന്നായി ഇത്തവണ ഗണപതിയെ സമീപിയ്ക്കുകയും സന്ധ്യാസമയപ്രതീതി ഉണ്ടാക്കുകയും ചെയ്തപ്പോൾ രാവണൻ സന്ധ്യാവന്ദനത്തിന്നായി ലിംഗം താഴെ വയ്ക്കാൻ കഴിയാതെ കുഴങ്ങുന്നു. ആ സമയം ഒരു ബാലന്റെ വേഷത്തിൽ അവിടെയെത്തിയ ഗണപതിയുടെ കയ്യിൽ ലിംഗം കൊടുത്ത് താൻ സന്ധ്യാവന്ദനം കഴിഞ്ഞെത്തുന്നതുവരെയും താഴെ വയ്ക്കരുതെന്ന് രാവണൻ പറയുന്നു. സന്ധ്യ കഴിഞ്ഞ് താൻ മൂന്നു പ്രാവശ്യം വിളിച്ചു കഴിഞ്ഞിട്ടും വന്നില്ലെങ്കിൽ ലിംഗം താഴെ വയ്ക്കുമെന്ന് ബാലൻ രാവണനോടു പറയുന്നു. സന്ധ്യാവന്ദനം കഴിഞ്ഞെത്തിയ രാവണൻ താഴെ വയ്ക്കപ്പെട്ട ലിംഗം കാണുന്നു. സന്ധ്യ ഇനിയും ആയിട്ടില്ലെന്നും താൻ ചതിയ്ക്കപ്പെട്ടെന്നും മനസ്സിലാക്കുന്നു. കോപാകുലനായി രാവണൻ നിലത്തുവയ്ക്കപ്പെട്ട ലിംഗം പറിച്ചെടുക്കാൻ ശ്രമിയ്ക്കുന്നുവെങ്കിലും കഴിയാത്തതിനാൽ നശിപ്പിയ്ക്കാനൊരുമ്പെടുന്നു. ശക്തിയോടെ പിഴുതെടുക്കുന്ന ശരീരഭാഗങ്ങളിൽ തലഭാഗം സൂറത്കൽ എന്ന സ്ഥലത്തു വീഴുന്നു. ഇവിടെയാണു പിന്നീട് സൂറത്കല്ലിലെ സദാശിവക്ഷേത്രം ഉണ്ടാക്കപ്പെട്ടത്. ലിംഗം കൊണ്ടുപോയ പാത്രം വലിച്ചെറിഞ്ഞപ്പോൾ വീണ സ്ഥലം സജ്ജൻപൂർ ആണെന്നും പാത്രത്തിന്റെ വലിച്ചെറിയപ്പെട്ട മൂടി വീണ സ്ഥലം ഗുണേശ്വർ ആണെനും കരുതപ്പെടുന്നു. ആത്മ ലിംഗം പൊതിയപ്പെട്ട തുണി വലിച്ചെറിയവേ വന്നു വീണ സ്ഥലം മൃതേശ്വർ എന്നും പിന്നീട് മുരുടേശ്വർ എന്നും വിളിയ്ക്കപ്പെട്ടു. ഇത് സ്ഥിതിചെയ്യുന്നത് കണ്ടുകഗിരിയുടെ മുകളിലാണ്. ഈ പുരാണകഥ അവിടെ പുതിയതായി നിർമ്മിയ്ക്കപ്പെട്ട മുരുടേശ്വരന്റെ അതികായവിഗ്രഹത്തിനു കീഴെയുള്ള ഗുഹയിൽ അതിമനോഹരമായി കൊത്തിവയ്ക്കപ്പെട്ടിരിയ്ക്കുന്നു.

അതെ... എന്നെ അത്ഭുതാതിരേകങ്ങളാൽ സ്തബ്ധയാക്കിയ മുരുടേശ്വർ യാത്രയിൽ കേൾക്കാനിടയായ ഈ കഥ എന്നെയൊരു കഥപറച്ചിക്കാരിയാക്കി മാറ്റിയോ? ഇവ നിങ്ങളുമായി പങ്കു വയ്ക്കാനിരിക്കുന്നതെങ്ങനെ?

ചർച്ചാവിഷയം



പാപ്പികൊണ്ട റിസർവോയർ

# കാടിതു കണ്ടായോ....

'എന്തിന് താലി? അതുകൊണ്ടെന്തു കാര്യം ? ഞാനതു വീട്ടിൽ വെച്ചു .കാട്ടിൽ കയറി പണിയെടുക്കണം , സാധനങ്ങൾ മേടിക്കണം , ചോറും പപ്പുച്ചാറും ( പരിപ്പു കറി) കഴിച്ചുറങ്ങണം . കുട്ടികളെ നോക്കുന്നുണ്ട്, ഭർത്താവിനും വീട്ടിലെ പ്രായമായവർക്കും ചോറ് വിളമ്പുന്നുണ്ട്, താലിയിട്ടിട്ട് എന്ത് കാര്യം?'

തലയിൽ വിസ്തരി ഇലക്കെട്ടുമായി നിന്ന് അവൾ സംഗീതാത്മക തെലുഗുവിൽ ചോദിച്ചു .കഴുത്തിലെ വിചിത്രാകൃതിയിലുള്ള മാല തൊട്ട് ചോദിച്ചതായിരുന്നു ഞാൻ .അവളുടെ ഒരു കണ്ണിനെന്തോ പരിക്കുപറ്റി കേടുവന്നതു പോലെ .അടുത്ത കൂട്ടുകാരിയോടെന്ന പോലെ എന്റെ കയ്യിലമർത്തിയും തോളിൽ കളിയായി തല്ലിയും ചേർത്തു പിടിച്ചും ഏറെ കാര്യങ്ങൾ ഒറ്റശ്വാസത്തിൽ പറയാൻ ശ്രമിക്കുകയായിരുന്നു അവൾ.

കാട്ടുവള്ളികൾ ചുറ്റിവരിഞ്ഞ കാടിനകത്ത് നട്ടുച്ചയുടെ മൗനം കനത്തു കിടന്നിരുന്നു, മുളങ്കൂട്ടങ്ങൾ മാത്രം ഇടക്കിടെ പച്ചമണമു



നന്ദിനി മേനോൻ
പ്രവാസി മലയാളി ത്രൈമാസിക ചീഫ് എഡിറ്റർ . മലയാളം മിഷൻ ആന്ധ്രപ്രദേശ് കോഡിനേറ്റർ

ള്ള ദീർഘ നിശ്വാസങ്ങൾ ഉതിർത്തിരുന്നു .

ഇന്നലെ രാത്രിയിൽ കാട്ടുപോത്തുകളുടെ ക നത്ത വിയർപ്പു മണക്കുന്ന ചലനങ്ങൾ ശ്വാസം വിടാതെ നോക്കി പെരുവഴിയരികിൽ നിൽക്കുമ്പോൾ ,ഇടതു ഭാഗത്തെ മല ഉച്ചിയിലേക്ക് ഇഴഞ്ഞു കയറുന്ന തീ നാഗങ്ങളെ ഞങ്ങൾ കണ്ടിരുന്നു . പുറംകരിഞ്ഞ് പുകയൂതി കിടക്കുന്ന മലമ്പാതയിലൂടെ ഇന്ന് ഇവിടേക്കു വരുമ്പോൾ പ്രത്യേകിച്ചൊരു ലക്ഷ്യവുമില്ലായിരുന്നു.

ചുവന്നൊട്ടുന്ന മൺപാതയിലേക്ക് പൊള്ളിയമർന്ന കയ്യും കാലും നീട്ടി  കരുവാളിച്ച മുഖവുമായി നീണ്ടൊരു നിലവിളി പോലെ  കാട്ടുചെടികൾ പലയിടത്തും വഴി തടഞ്ഞു കിടന്നിരുന്നു. രാത്രി പെയ്ത കാട്ടുമഴയിൽ മരങ്ങളുടെ തലയോട്ടികൾ നനഞ്ഞു പുകഞ്ഞു കിടക്കുകയായിരുന്നു.

മുളങ്കൂടു കമഴ്ത്തിയ പോലുള്ള വീട്ടിൻ മുറ്റത്തു നിന്നിരുന്നയാൾ , ഈ വഴി എങ്ങോട്ടു പോകും. എന്ന ചോദ്യത്തിലേക്ക് വരണ്ട ചിരി ചിരിച്ചു. തലവകഞ്ഞതു പോലെ കൊടുങ്കാടുകൾക്കുള്ളിൽ അങ്ങിങ്ങ് കണ്ടിരുന്ന പല വഴികളിൽ ഒന്നായിരുന്നു അത് .

അതങ്ങിനെ അങ്ങോട്ടു പോകും. അയാൾ തീരെ ഉറപ്പില്ലാതെ പറഞ്ഞു, പക്ഷേ പേടിക്കാനൊന്നുമില്ല. അയാൾക്കതിൽ നല്ല ഉറപ്പാണെന്നു തോന്നുന്നു.

കരിഞ്ഞ പാടുകൾക്കിടയിലൂടെ, കാടിന്റെ അരണ്ട കണ്ണുകളും നക്കിയുണക്കുന്ന കാറ്റിന്റെ നാവും ഓർത്തു തേങ്ങുന്ന മുളകളും പിന്നിട്ട് ,നല്ലൊരു പാതയിലേക്ക് കയറി ഒരിടത്തിരുന്നതായിരുന്നു ഞങ്ങൾ. വീണു കിടന്നൊരു വലിയ മരത്തിന്റെ

> **’എന്തിന് താലി ? അതുകൊണ്ടെന്തു കാര്യം? ഞാനതു വീട്ടിൽ വെച്ചു. കാട്ടിൽ കയറി പണിയെടുക്കണം, സാധനങ്ങൾ മേടിക്കണം , ചോറും പപ്പുച്ചാറും ( പരിപ്പുകറി) കഴിച്ചുറങ്ങണം. കുട്ടികളെ നോക്കുന്നുണ്ട്, ഭർത്താവിനും  വീട്ടിലെ പ്രായമായവർക്കും ചോറു   വിളമ്പുന്നുണ്ട് ,താലിയിട്ടിട്ട് എന്തു കാര്യം ?’**



മാരി ഗംഗമ്മക്കൊപ്പം ലേഖിക



മാരി ഗംഗമ്മയുടെ ഗ്രാമം



ശങ്കദൂരക്കൊപ്പം

തടി മുഴുവൻ ചിതൽപ്പുറ്റു നിറഞ്ഞിരുന്നു, പഴയൊരു ഓർമയുടെ കെട്ടു വിടാതെ കുറെ തടിയൻ വള്ളികൾ അതിനെ അപ്പോഴും ചുറ്റി വരിഞ്ഞിരുന്നു.

അടുത്തെവിടേയോ ഒഴുക്കിന്റെ നനുത്ത കാലടിയൊച്ചയും ആരോ ഞെരിക്കുന്നതു പോലെ കാട്ടുമരങ്ങളുടെ പായ്യാരം പറയലും കേട്ട് താഴ്ന്നൊരു മരക്കൊമ്പിലിരിക്കുകയായിരുന്നു ഞങ്ങൾ. കടുത്തൂവക്കാടുകൾ വകഞ്ഞു മാറ്റുന്ന ചലനങ്ങൾ അപ്പോഴാണ് ശ്രദ്ധിച്ചത്. കയ്യിലൊരു വില്ലും തോളിലെ മുളങ്കൂടിൽ കുറെ അമ്പുകളും ചരടുകെട്ടിയൊരു നരച്ച പ്ലാസ്റ്റിക് പാത്രവുമായി അങ്ങിനെയാണയാൾ മുന്നിൽ വന്നുപെട്ടത്. മുഖാമുഖം കണ്ട് ഒരു നിമിഷം അയാൾ തറഞ്ഞു നിന്നു, പുക ചൂടിയ കണ്ണുകളിൽ ഒരു തരം വിഭ്രാന്തിയും അങ്കലാപ്പും പടർന്ന് വഴിമുട്ടിയതുപോലെ. പെട്ടെന്ന് ഒഴിഞ്ഞു പോകാനോങ്ങിയതു പോലെ.

'മുയൽവേട്ടക്കാണോ?'

ഞങ്ങളുടെ അന്വേഷണത്തിലേക്ക് അയാൾ അടുത്തതേയില്ല. ദണ്ഡകാരണ്യത്തിലെ ചിത്രകൂട വനത്തിൽ ഉച്ചിയിൽ കുടുമ കെട്ടി കോണകമുടുത്ത് മുയൽവേട്ടക്കായി കുലച്ച വില്ലുകളുമായി കാടു വളയുന്ന ഏകലവ്യൻമാരെ കണ്ടിട്ടുണ്ട് .

'മീൻ പിടിക്കാനാണ്'

ഏറെ നേരത്തെ പരിഭ്രമത്തിനു ശേഷം അയാൾ ഇടർച്ചയോടെ പിറുപിറുത്തു.

'ഇത് കുടിവെള്ളമാണോ?'

ഞാനയാളുടെ പ്ളാസ്റ്റിക് പാത്രത്തിൽ തൊട്ടു.

'അല്ല ,കള്ളാണ്'

സമ്പൂർണമായ കീഴടങ്ങലിൽ അയാൾ ഒടിഞ്ഞു നിന്നു .

ഞാനയാളുടെ മുളങ്കൂട്ടിലെ അമ്പിന്റെ കൂർത്ത



ഗോദാവരി കാട്

പല്ലിൽ തൊട്ടു. അതിന് ചെമ്പൻ പക്ഷിത്തൂവൽ കൊണ്ട് ചിറക് പിടിപ്പിച്ചിരുന്നു .എന്റെ ഓരോ ചലനങ്ങളും അയാൾ ശ്രദ്ധാപൂർവം നിരീക്ഷിക്കുന്നതായി തോന്നി . ഇടക്കിടെ കാടിനകത്തു പരതുന്ന കണ്ണുകളിൽ നിറയുന്ന ചാര നിറം . വില്ലിൽ അമ്പു തൊടുത്തു നിർത്താനുള്ള എന്റെ ശ്രമങ്ങൾക്കിടക്ക് അയാളുടെ കള്ളു പാത്രം താഴെ വീണു ,വല്ലാത്തൊരു അസ്വസ്ഥതയോടെ അയാൾ ചുറ്റും പരതി നോക്കി നിന്നു .

വില്ല് വലിക്കുന്നത് നല്ല ശ്രമമാണ് , ഞാനത യാൾക്ക് തിരിച്ചു കൊടുത്തു . ഉരുളക്കിഴങ്ങു ചിപ്സിന്റെ ഒരു പാക്കറ്റ് കൊടുത്തത് കയ്യിൽ പിടിച്ച് ഒരു കുട്ടിയെപ്പോലെ അയാൾ മിഴിച്ചു നിന്നു . ശങ്കദുര സ്വയം വാറ്റിയ കള്ളുമായി മീൻ പിടിക്കാനുള്ള യാത്രയിലാണ് .

'ഇത്രയും കനത്ത അമ്പുകളെയ്ത് പിടിക്കാൻ മാത്രം വലിയ മീനുകൾ എവിടെയുണ്ട് ?'

'അവിടെയുണ്ട്'

ഇരുണ്ട കാട്ടിലേക്കു ചൂണ്ടി അയാൾ മന്ത്രം പോലെ പറഞ്ഞു . ചുവന്ന കുരുമുളകു തിരി പോലുള്ള പൂക്കൾ ചൂടി നിന്നിരുന്ന മരത്തിനടിയിലൂടെ രണ്ടു സ്ത്രീകൾ നടന്നു വന്നു . അതിലൊരാൾ മുള്ളുവള്ളികളും ചിതൽപ്പുറ്റും ചാടിക്കടന്ന് കാറ്റുപോലെ പാഞ്ഞു പോയി , അവൾക്കൊപ്പം ശങ്കദുരയും ഓടിപ്പോയി .

ഏറ്റവും പുറകിൽ വന്നവൾ പതുക്കെയടുത്തു വന്നു, അളന്നു തൂക്കി നോക്കി നിന്നു, വലിയ ഇലക്കെട്ടിനടിയിലൂടെ ചിരിച്ചു, എന്റെ നീട്ടിയ കയ്യിൽ



പിടിച്ചു . പിന്നെ ഇലക്കെട്ടു താഴേക്കു ചൊരിഞ്ഞു. എന്റെ കവിളത്ത് കളിയായി തൊട്ടു . മുഖാമുഖം നോക്കി നിന്ന ഞങ്ങൾ ഉത്സവത്തിന് കണ്ട സഖികളെപ്പോലെ തമ്മിൽ തമ്മിൽ ചിരിച്ചു.

'പോലീസാന്നു കരുതിയാണവർ ഓടീത് , അതെന്റെ ഭർത്താവും അമ്മായിയമ്മയുമാണ്'

ചിരിയടക്കാൻ കഴിയാതെ അവളെന്റെ തോളിലേക്കു മുഖം പൂഴ്ത്തി ചേർന്നു നിന്നു .

'എന്നെ കണ്ടാൽ പോലീസെന്നു തോന്നുമോ?'

'അതിപ്പൊ ആരെക്കണ്ടാലും തോന്നും അക്കാ പോലീസു മാത്രമല്ലല്ലോ, മറ്റുള്ളവരും'

കിഴക്കൻ ഗോദാവരി തീരത്തെ പാപികൊണ്ട മരട് മല്ലി വനങ്ങളിൽ പാർക്കുന്നവർക്ക് ആരെക്കണ്ടാലും സംശയമാണ് . പോലീസ് എന്നവർ പറയുന്നത് അതിവിദഗ്ധസേനയെയാണ് . 'മറ്റുള്ളവർ' എന്നതിൽ, ചുവന്ന ഇടനാഴികളും, അതിലൂടെ മുന്നോട്ടും പിന്നോട്ടും ഒരേ സമയത്ത് മാർച്ചു ചെയ്യുന്നവരും , വിള്ളലുകളിൽ കുത്തി നിർത്തിയ കറുത്ത തലകളും ,ചുവന്ന ഇരുട്ടിലേക്ക് തള്ളിയിട്ട കറുത്തു ശോഷിച്ച നിഴലുകളും , തിരിവുകളിൽ കവണയും കല്ലുമായി നിൽക്കുന്നവരും , പാതി വെന്ത മണ്ണു കുഴച്ച് ഉടഞ്ഞ പാത്രങ്ങൾ ഉണ്ടാക്കുന്നവരും, മുഖത്തും കയ്യിലും ഒട്ടിപ്പിടിക്കുന്ന കാണാ വലകളും, അടിവയറ്റിൽ ആഞ്ഞു പതിക്കുന്ന അധികാര ദണ്ഡും...

ദേവാരപ്പള്ളിയിലെ കാടു മറഞ്ഞിരുന്നു കലമ്പുന്ന വെള്ളച്ചാട്ടത്തിനരികിലെ പാറക്കുണ്ടുകളിൽ നെഞ്ചത്ത് വെടി കൊണ്ടും മുതുകത്ത് വെട്ടുകൊണ്ടും വീണു കിടക്കുന്നവർ . ഈച്ചയൊട്ടുന്ന പലഹാരങ്ങളും മുടിപ്പൂക്കളും അലൂമിനിയ പാത്രങ്ങളും ചക്കരയും ചൂലും കള്ളും വിൽക്കുന്ന മരട് മല്ലി ചന്തക്കു നടുവിൽ കബന്ധങ്ങളായി തൂങ്ങി നിൽക്കേണ്ടി വന്നവർ .

നെഞ്ചു തകർത്തവനും തല വെട്ടിയവനും ഒരേ സമയം രക്ഷിതനും ശിക്ഷിതനുമാവുന്ന അവസ്ഥ . രക്ഷിക്കാനും ഉദ്ബുദ്ധരാക്കാനും ശ്രമിച്ചു കൊണ്ടിരിക്കുന്ന ഇരു ചേരികൾക്കിടയിൽ പെട്ടുപോയി നിൽക്കാനിടം ഇല്ലാതായവർ . ഇരുകൂട്ടരും ചേർന്ന് തള്ളിത്തള്ളി കാടിന്റെ വക്കത്തു കൊണ്ടു ചെന്നു കെട്ടിയിട്ടവർ . വിജനമായ കാട്ടുപാതയോരത്ത് പാൻമസാല വില്ക്കാനിരിക്കുന്നവനായും ചന്തയിൽ കറുത്ത ആടിനു വില പേശുന്നവനായും കാട്ടിൽ തേൻകൂടു തിരയുന്നവനായും കണ്ണു കൂർപ്പിച്ചിരിക്കുന്നവരിൽ നിന്ന് , രക്ഷപ്പെട്ട് മുള്ളുവള്ളികൾ ചാടിക്കടന്ന് കടുത്തൂവക്കാടുകൾക്കിടയിലൂടെ അരി തേടി പായുന്നവർ .

രമ്പചോദാവരത്തെ അതിപ്രാചീന ശിവക്ഷേത്രം ഞങ്ങളിന്നു രാവിലെ പോകുമ്പോൾ അടഞ്ഞു കിടക്കുകയായിരുന്നു . അടുത്തൊന്നും മനുഷ്യവാസ ലക്ഷണങ്ങളില്ല . ക്ഷേത്രമുറ്റത്ത് അ





**ഈസ്റ്റ് ഗോദാവരി കാടുകളിൽ സാമ്പ്രദായിക കാർഷിക വൃത്തിക്കും അടിമ വ്യാപാര നിർമാർജനത്തിനും വെള്ളപ്പട്ടാള ഉച്ചാടനത്തിനുമായി പൊരുതിയ , ചിന്തപ്പള്ളിയിലെ കാട്ടുമരത്തിൽ വെള്ളക്കാർ കെട്ടിത്തൂക്കിക്കൊന്ന , മരട്മല്ലിയിലെ ലംബാസിങ്കിയിലെ പാപികൊണ്ടയിലെ ഈറൻ മലകൾ പോലും വണങ്ങുന്ന , മാന്യം വീരഡുവിന്റെ (കാട്ടു നായകൻ) പ്രതിമ കാലഭൈരവനെക്കാളും ഉയർന്നു നിൽക്കുന്ന ഒരിടത്താണ്, പുതിയ ആയുധങ്ങളും പഴയ പ്രത്യയശാസ്ത്രങ്ങളും വരഞ്ഞു കീറിയ ഉടലുകളുമായി ശങ്കദൂര ഓടി മറയുന്നത്.**

മ്പും വില്ലുമായി നിൽക്കുന്ന അല്ലൂരി സീതാരാമ രാജുവിന്റെ നീണ്ടു നിവർന്ന പ്രതിമ .

ഈസ്റ്റ് ഗോദാവരി കാടുകളിൽ സാമ്പ്രദായിക കാർഷിക വൃത്തിക്കും അടിമ വ്യാപാര നിർമാർജനത്തിനും വെള്ളപ്പട്ടാള ഉച്ചാടനത്തിനുമായി പൊരുതിയ , ചിന്തപ്പള്ളിയിലെ കാട്ടുമരത്തിൽ വെള്ളക്കാർ കെട്ടിത്തൂക്കിക്കൊന്ന , മരട്മല്ലിയിലെ ലംബാസിങ്കിയിലെ പാപികൊണ്ടയിലെ ഈറൻ മലകൾ പോലും വണങ്ങുന്ന , മാന്യം വീരഡുവിന്റെ (കാട്ടു നായകൻ) പ്രതിമ കാലഭൈരവനെക്കാളും ഉയർന്നു നിൽക്കുന്ന ഒരിടത്താണ് , പുതിയ ആയുധങ്ങളും പഴയ പ്രത്യയശാസ്ത്രങ്ങളും വരഞ്ഞു കീറിയ ഉടലുകളുമായി ശങ്കദൂര ഓടി മറയുന്നത്.

ഒരിക്കൽ കിഴക്കൻ ഘട്ടത്തിന്റെ ഇടതൂർന്ന നിബിഡ വനങ്ങളിൽ കഴിഞ്ഞിരുന്നവരുടെ ഗ്രാമങ്ങൾ പാതിയും ഒഴിഞ്ഞു കിടക്കുകയാണ് . ഈസ്റ്റ് ഗോദാവരിക്കാടുകളിൽ മാത്രമല്ല , ആന്ധ്രയിലെ ഏജൻസി മേഖലകളിലെല്ലാം തന്നെ ഭൂമിയുടെ ഉടയോൻ ആദിവാസി മാത്രമാണ് . അരക്കു താഴ്‌വരയിലും മറ്റും കൂണു പോലെ മുളച്ചു പൊന്തുന്ന സുഖവാസയിടങ്ങളെല്ലാം ഏതെക്കേയോ ശങ്കദുരമാരുടെ പേരിലാണ് .

വിനോദസഞ്ചാര വഴിത്താരകൾ ഇനിയും അധികം വെട്ടിത്തെളിഞ്ഞിട്ടില്ലാത്ത കിഴക്കൻ ഗോദാവരിയിലെ രമ്പചോദാവരം എന്ന മലയിടുക്കിലെ ഞങ്ങൾ താമസിച്ച ബേർഡ്സ് നെസ്റ്റ് എന്ന ഇടം തദ്ദേശവാസികളുടെ കൂട്ടുത്തരവാദിത്ത സംരംഭമാണ് (local community maintained oscial entrepreneurship) . ചെറിയൊരു

നീർച്ചോലക്കരികിൽ മൂന്നുവശവും മലകൾ മറഞ്ഞ് ആഢംബരങ്ങൾ ഒഴിഞ്ഞ് ഉറക്കം തൂങ്ങി നിൽക്കുന്ന ഒരിടം . തെളിച്ചം കുറഞ്ഞ ഭക്ഷണമുറിയുടെ മുക്കിലിരുന്ന് അവിടെ കിട്ടുന്ന ഒരേയൊരു ടി വി ചാനലിൽ ഇന്ത്യ പാക് ക്രിക്കറ്റുകളി കണ്ടു കൊണ്ടിരിക്കുന്ന യുവാക്കൾക്ക് ഉറക്കം വിങ്ങുന്ന മുഖമാണ്. വലിയൊരു പ്ലാവിനു കീഴെ എരിയുന്ന കനലടുപ്പിനരികിൽ ഇരിക്കുന്ന ഒരു സ്ത്രീയും പുരുഷനും ഞങ്ങളവിടെ തങ്ങിയ മൂന്നു ദിവസവും പ്രതിമകൾ പോലെ അനങ്ങാതിരിക്കുകയാണെന്നു



രംപചോദാവരത്തെ നിശ്ശബ്ദ രാവ്

തോന്നി. വീക്കെൻഡ് ആഘോഷിക്കാനെത്തിയ ആണുങ്ങളുടെ ഒരു സംഘം മാത്രം ചോലയോരത്തെ പാറപ്പുറത്ത് നിലാവു കൊണ്ടിരിക്കുന്നുണ്ടായിരുന്നു.

അങ്ങാടികളിലെ കനലടുപ്പുകളിൽ തിരുകിയ മുളങ്കുറ്റികളിൽ നിറച്ചു വേവിച്ചെടുക്കുന്ന ബാംബൂ ചിക്കനും പഴുത്ത കാട്ടു ചക്കച്ചുളകൾ പറിച്ച് ഇലക്കൂടുകളിലാക്കിയതും വിറ്റു പതുക്കെ നീങ്ങുന്ന ജീവിതങ്ങൾ.

'അപ്പൊ മാരി ഗംഗമ്മാ നിങ്ങൾക്കെന്താണ് പോലീസിനെയും 'മറ്റുള്ളവരെയും' പേടിയില്ലാത്തത്?'

'ഞാനെന്തിന് പേടിക്കണം? അവർ പണിയെടുക്കുന്നു ഭക്ഷണം കഴിക്കുന്നു .ഞാൻ പണിയെടുക്കുന്നു പപ്പുച്ചാറു കൂട്ടി ചോറുണ്ണുന്നു. എനിക്കും അവർക്കും തമ്മിലെന്ത്?'

അന്തിമയങ്ങുന്ന നേരത്ത് വിളമ്പുന്ന ചോറിലും പരിപ്പു കറിയിലും ഒതുങ്ങുന്ന മാരി ഗംഗമ്മയുടെ ജീവിത സമസ്യകൾ അവൾക്കെന്നെ വളരെ ഇഷ്ടമായെന്നു പറഞ്ഞു, ഞാൻ ചിരിച്ചു കൊണ്ടു സംസാരിച്ചതിൽ സന്തോഷമുണ്ടത്രെ, അല്ലാതെ നമുക്കു തമ്മിലെന്ത്?

വിസ്തരി ഇല കടയിൽ കൊടുത്താൽ പതിനഞ്ചു രൂപ കിട്ടും .ശങ്കദുര കുടിക്കും ,അമ്മായിയമ്മ വഴക്കുണ്ടാക്കും, എന്നാലും സന്തോഷമാണ് .

'നിങ്ങൾക്ക് എന്നോട് സംസാരിക്കാനും വിശേഷങ്ങൾ ചോദിക്കാനും തോന്നി ,അതല്ലേ സ്നേഹം, അല്ലാതെ നമ്മൾ തമ്മിലെന്ത്?'

ഇജ്ജല്ലൂരിലെ കുഞ്ഞു പാലത്തിൻ മുകളിൽ കുറച്ചു പേർ കൂടി നിൽക്കുന്നു . താഴെ പുഴക്കരയിൽ മെലിഞ്ഞൊരു ചെറുപ്പക്കാരൻ നീണ്ട മുളകൊണ്ട് പാറയിടുക്കിൽ പരതുന്നു . കുളിക്കാനിറങ്ങിയ അവന്റെ രണ്ടു കൂട്ടുകാരെ കാണാനില്ല .

'ഇവിടെയിറങ്ങിയാൽ പൊങ്ങില്ല, കയമാണ്' അടുത്തു നിന്ന സ്ത്രീ പറഞ്ഞു. മെലിഞ്ഞൊതുങ്ങി ഒഴുകുന്ന ആ പുഴയിലെ അടിത്തട്ടുകാണുംവിധം തെളിഞ്ഞ വെള്ളത്തിനടിയിൽ രണ്ടു യുവാക്കൾ കുടുങ്ങി കിടക്കുന്നുവെന്ന് വിശ്വസിക്കാനാവില്ല . ഇത്രയും വലിയ കെണി ഒളിഞ്ഞിരിക്കുന്നതെവിടെയെന്ന് നോക്കിനിൽക്കേ , പോക്കറ്റിൽ വാക്കി ടോക്കി തിരുകി ബൈക്കിൽ വന്ന പോലീസുകാരൻ ഉച്ചത്തിൽ ആരേയോ വഴക്കു പറയാൻ തുടങ്ങി .

പാലത്തിനരുകിലെ ഒറ്റക്കുടിലിനു മുന്നിലെ ചായ്പിലിരുന്ന് പച്ചമാങ്ങ വിറ്റിരുന്ന വട്ടമുഖമുള്ള പെൺകുട്ടി വീടിനുള്ളിലേക്കു വലിഞ്ഞു . പാലത്തിനു മുകളിലുള്ളവരും പതുക്കെ പതുക്കെ ഒഴിഞ്ഞു . മുളങ്കമ്പു താങ്ങി വിഷണ്ണനായ പയ്യനും രോഷാകുലനായ പോലീസുകാരനും കള്ളത്തരം മറച്ചു നിൽക്കുന്ന പാറയിടുക്കും പിന്നെ ഞങ്ങളും.

രമ്പചോദാവരത്തെ രാവ് നിശ്ശബ്ദമാണ്. നിഴലനക്കങ്ങളും ഇല്ല . നീർച്ചോല പോലും മൗനം. പാപികൊണ്ട റിസർവോയറിൽ മുങ്ങി തോർത്തി നിൽക്കുന്ന പനകൾക്കിടയിലൂടെ വിളർത്ത ചന്ദ്രൻ. അരയോളം വെള്ളത്തിൽ നിൽക്കുന്ന മരിച്ചി മരങ്ങൾ. മല ഉച്ചിയിലേക്ക് ഇന്നും തീ നാഗങ്ങൾ ഇഴഞ്ഞു കയറുന്നുണ്ട് .

പെൺപക്ഷം

അജിത കെ.



# ഹേമാ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തിനീ ഒളിച്ചുകളി?




സിനിമാമേഖല ഉണ്ടായ കാലം മുതൽതന്നെ ആ മേഖലയിൽ കടന്നുവരുന്ന സ്ത്രീകൾ, നടിമാരോ അനുബന്ധ ആർടിസ്റ്റുകളോ ആകട്ടെ പ്രൊഡ്യൂസർമാരുടേയും ഡയറക്ടർമാരുടേയും സൂപ്പർതാരങ്ങളുടേയും ഏതുവിധത്തിലുമുള്ള ഇംഗിതത്തിനു വഴങ്ങി നിന്നാലേ അവിടെ പിടിച്ചുനില്ക്കാൻ പറ്റുകയുള്ളൂ എന്നത് അങ്ങാടിപ്പരസ്യമായ ഒരു രഹസ്യമാണ്. ഈ ഒരു ദുർഗന്ധം വമിക്കുന്ന അടിമയുടമ ബന്ധത്തെ ചോദ്യം ചെയ്യാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല.

അസാമാന്യ അഭിനയ മികവുള്ള നടിമാർപോലും ഈ അവസ്ഥയിൽനിന്ന് മുക്തമായിരുന്നില്ല. ഈ ഒരു അന്തരീക്ഷത്തിന്നിടയിലാണ് അഞ്ച് വർഷങ്ങൾക്ക് മുമ്പ് പ്രശസ്ത നടി ഭാവനയ്ക്കു നേരെ ക്വട്ടേഷൻ സംഘത്തിനെ വിട്ട് അതിനീചമായ ലൈംഗിക ആക്രമണം നടത്തി ദിലീപ് എന്ന സൂപ്പർതാരം ചരിത്രം സൃഷ്ടിച്ചത്. സിനിമാലോകത്തെ മാത്രമല്ല, പൊതുസമൂഹത്തെയാകെ പിടിച്ചുകുലുക്കിയ ഈ സംഭവത്തോടെ ആ മേഖലയിലെ താരതമ്മ്യേന ചെറുപ്പക്കാരായ അഭിനേതാക്കളായ സ്ത്രീകൾ സടകുടഞ്ഞെഴുന്നേറ്റു.

തൊഴിലിടങ്ങളിൽ സ്ത്രീകൾ പ്രത്യേകമായി സംഘടിക്കേണ്ടതിന്റെ ആവശ്യം തിരിച്ചറിഞ്ഞ് ‘വിമെൻ ഇൻ സിനിമാ കളക്റ്റീവ്’ എന്ന പേരിൽ സംഘടിച്ചു. അവരുടെ ആവശ്യപ്രകാരം സർക്കാർ ഈ മേഖലയിലെ സ്ത്രീചൂഷണത്തെക്കുറിച്ചും പീഡനങ്ങളെക്കുറിച്ചും അന്വേഷിക്കാൻ ജസ്റ്റിസ് ഹേമാ കമ്മീഷനെ ഏല്പിച്ചു. രണ്ടുവർഷങ്ങൾക്കുമുമ്പ് അന്വേഷണങ്ങൾ പൂർണമായി സർക്കാറിന് ജസ്റ്റിസ് ഹേമ റിപ്പോർട്ട് നല്കുകയും ചെയ്തു.

ഈ റിപ്പോർട്ടാണ് ഇപ്പോഴത്തെ പ്രശ്നം. ഹേമാ കമ്മീഷൻ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ, പ്രത്യേകിച്ച് അതിന്റെ ശുപാർശകൾ പുറത്തുവിടണമെന്ന് കുറച്ചുമാസങ്ങളായി WCC സർക്കാറിനോട് ആവശ്യപ്പെടുന്നു. അപ്പോൾ അതാ ഒരു സാങ്കേതിക വിശദീകരണം-ഹേമാ കമ്മീഷനല്ല, കമ്മിറ്റിയാണ്, അതുകൊണ്ടുതന്നെ ഒരു ജുഡീഷ്യൽ എൻക്വയറി കമ്മീഷൻ റിപ്പോർട്ടിന്റേതുപോലെ പുറത്തുവിടാൻ സർക്കാറിന് ഉത്തരവാദിത്വമില്ലത്രെ.

അതിനുപകരം ഒരു സമഗ്രമായ നിയമ നിർമ്മാണപ്രക്രിയയിലാണ് സർക്കാർ എന്നാണ് മറുപടി. കുറേയേറെ നടിമാരും മറ്റ് സ്ത്രീ ആർടിസ്റ്റുകളും തങ്ങളുടെ ചോരയിലും കണ്ണീരിലും കുതിർന്ന അനുഭവങ്ങൾ ഹേമാ കമ്മീഷനോട് പറഞ്ഞിട്ടുണ്ട്. അടുത്ത കാലത്തുണ്ടായ ‘മീ റ്റൂ’ പ്രസ്ഥാനത്തിന്റെ അന്താരാഷ്ട്രക്കൊടുങ്കാറ്റിന്റെ അലയൊലികൾ ആ കമ്മീഷൻ റിപ്പോർട്ടിൽ സ്ഥാനം പിടിച്ചു. അവരുടെ പേരുകൾ വെളിപ്പെടുത്തരുതെന്ന് ജസ്റ്റിസ് ഹേമയും WCC യും ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് മറ്റൊരു വാദം. അപ്പോഴും റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്താൻ ഈ വാദങ്ങളൊന്നും തടസ്സമാവില്ലല്ലൊ.

സിനിമാനിർമ്മാണം ഒരു വ്യവസായമാണെന്നും അതിൽ തൊഴിൽ ചെയ്യുന്നവർക്ക് സുരക്ഷിതത്വവും ആത്മാഭിമാനവും ഉറപ്പുവരുത്തേണ്ടത് തൊഴിലുടമയുടെ പ്രാഥമിക ഉത്തരവാദിത്വമാണെന്നും ഈ തൊഴിലിടത്ത് ലിംഗനീതി നടപ്പിലാകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാറിന്റെ ചുമതലയാണെന്നും WCC മാത്രമല്ല, ഈ നാട്ടിൽ ലിംഗനീതി ആഗ്രഹിക്കുന്ന എല്ലാ ജനാധിപത്യ പ്രസ്ഥാനങ്ങളും സമർത്ഥിക്കുന്നു. 'Posho Act' എന്ന പേരിലുള്ള നിയമം തന്നെ നീതിപൂർവം നടപ്പിലാക്കപ്പെട്ടാൽ മഹാത്ഭുതങ്ങൾ പലതും നടക്കും. പക്ഷെ സർക്കാർ ഹേമാ കമ്മീഷൻ റിപ്പോർട്ടിന്മേൽ നടത്തുന്ന ഒളിച്ചുകളിയും 'Posho Act' എന്ന ശക്തമായ ഒരു ദേശീയ നിയമം തന്നെയുള്ളപ്പോൾ ആ നിയമം സിനിമാമേഖലയിലും കണിശമായി നടപ്പിലാക്കുമെന്ന് പറയാതെ പുതിയ നിയമ നിർമ്മാണത്തെക്കുറിച്ച് ഉത്തരംമുട്ടുമ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നതും പല ആശങ്കകൾക്കും കാരണമാകുന്നു. ഉടൻ ഈ ഒളിച്ചുകളി നിർത്തി സിനിമാമേഖലയിൽ വർഷങ്ങളായി അടിഞ്ഞുകിടക്കുന്ന മാലിന്യക്കൂമ്പാരം തൂത്തുവാരി വൃത്തിയാക്കാൻ സ്ത്രീപക്ഷ കേരളമെന്ന് സ്വയം അവകാശപ്പെടുന്ന സർക്കാർ അടിയന്തരമായി മുൻകൈയെടുത്തേ തീരൂ. ഈ നാടകം ഇനിയും തുടർന്നുകൂടാ.



ചർച്ചാവിഷയം

രമ്യ എസ്. ആനന്ദ്
യാത്രിക
എഴുത്തുകാരി

# യുദ്ധങ്ങളുടെയും രാജാക്കന്മാരുടെയും നാടായ ജയ്പ്പൂരിലേക്ക്



ഡിസംബറിലെ തണുപ്പിലായിരുന്നു ജയ്പൂരിലേക്കു പറന്നിറങ്ങിയത്. പാതിമരുഭൂമിയിലെ അസ്തമയ സൂര്യന്റെ ഇന്ദ്രജാലം കണ്ടു വിസ്മയിച്ച് അതിമനോഹരമായ ഒരു ലാൻഡിംഗ് . ഓറഞ്ചും ചുവപ്പും കലർന്ന സൂര്യരശ്മികൾ പ്രകാശസ്തംഭം പോലെ നഗരത്തിന്റെ പുറത്തേക്കു വീണു കിടക്കുന്നതായിരുന്നു ആദ്യഷോട്ട്. എയർപോർട്ടിലെ തിരക്കിനുശേഷം ഹോട്ടലിലേക്കുള്ള യാത്രയിൽ നഗരം വർണ്ണത്തിൽ കുളിച്ചു നിന്നു .ഹോട്ടലിൽ എത്തിയ ശേഷം ഞങ്ങൾ തെർമൽ വെയറുകൾ അണിഞ്ഞ് നഗരം ചുറ്റാനിറങ്ങി.

ആ രാത്രിയുടെ മായികസൗന്ദര്യം വിവരിക്കാൻ വാക്കുകൾ ഇല്ല. ഇരുട്ട് നഗരത്തിന്റെ അഭംഗികളെ എല്ലാം മറച്ചുവെച്ചു. വെളിച്ചം സൗന്ദര്യത്തെ ജ്വലിപ്പിച്ച രാത്രി.

നിറമുള്ള കരകൗശല വസ്തുക്കളും കണ്ണാടിത്തുണ്ടുകൾ പതിപ്പിച്ച ഉടുപ്പുകളും മരത്തിന്റെ വർണ്ണമണികൾ നിരന്നു കിടക്കുന്ന തെരുവുകളും പിങ്ക് സിറ്റിയുടെ മനോഹാരിതയെ ഇരട്ടിപ്പിച്ചു . ഡിസംബറിന്റെ തണുപ്പിൽ മിർസ ഇസ്മയിൽ റോഡിലൂടെ സൈക്കിൾ യാത്ര ചെയ്യുമ്പോൾ പല്ലുകൾ കൂട്ടിയിടിച്ചു. ഉറക്കെ പാട്ടുപാടിയും ചൂട് ചോളം തിന്നും ഞങ്ങൾ തണുപ്പിനെ ആഘോഷിച്ചു തിമിർത്തു. എല്ലാ മേജർ റോഡുകളും അവസാനിക്കുന്ന ഈ എം. ഐ. റോഡ് ജയ്പൂരിന്റെ ഹൃദയം ആണ്.

ഇരുവശങ്ങളിലും ഷോപ്പിംഗ്മാളുകൾ.. കബാബുകളും പറാത്തകളും വേവുന്ന ഗന്ധം. ഈ രാത്രി അവസാനിക്കാതിരുന്നെങ്കിൽ എന്ന് തോന്നിയാണ് ഉറങ്ങാൻ കിടന്നത്. അതിരാവിലെ ജയ്പൂരിന്റെ തണുപ്പിലേക്ക് ഇറങ്ങി.

ഇന്നലെ രാത്രിയിൽ നിറങ്ങളിൽ കുളിച്ചു സ്വപ്നം പോലെ തോന്നിച്ച ജയ്പൂർ രാവിലത്തെ പെർഫോമൻസിൽ കുറച്ചു മടുപ്പിച്ചു. ചരിത്രത്തിന്റെ നാൾവഴിയിലെവിടെയോ നിശ്ചലമാക്കപ്പെട്ടു പോയൊരു നഗരം. നോർത്ത് ഇന്ത്യൻ നഗരങ്ങളുടെ സ്ഥിരം അച്ചടക്കമില്ലാത്ത ട്രാഫിക്കും നിരന്തരം ഹോൺ മുഴക്കുന്ന വിവരം കെട്ടവരും നിശബ്ദതയുടെ സൗന്ദര്യം എന്തെന്ന് ശരിക്കും മനസ്സിലാക്കിത്തന്നു.

1876 ലെ വെയിൽസ് രാജകുമാരൻ ആൽബർട്ട് എഡ്വേർഡിന്റേയും വിക്ടോറിയ രാജ്ഞിയുടേയും സന്ദർശനത്തിന് മഹാരാജാവ് സവായ് റാം സിങ് നഗരത്തെ പിങ്കണിയിച്ചു. ആതിഥ്യ മര്യാദയുടെ നിറമത്രേ പിങ്ക്. ഇന്നു ഒരു നരച്ച നിറം പോലെ അതു നമുക്ക് തോന്നിപ്പോകുന്നു.

ആദ്യം പോയത് ചിത്രങ്ങളിലൂടെ എന്നും ഭ്രമിപ്പിച്ചിരുന്ന ജയ്പൂരിന്റെ ലാൻഡ്മാർക്കായ ഹവാമഹലിലേക്കായിരുന്നു. 1799 ൽ മഹാരാജ സവാ

യ് പ്രതാപ് സിംഗ് നിർമിച്ച സുന്ദര സൗധം . തന്റെ അന്തപ്പുരസ്ത്രീകൾക്ക് തെരുവിന്റെ ആഘോഷങ്ങൾ അടഞ്ഞ ചുവരകൾക്കുള്ളിൽ നിന്ന് കാണാനായി നിർമ്മിച്ച കാറ്റിന്റെ മന്ദിരം . കൃഷ്ണ ഭക്തനായിരുന്ന സവായ പ്രതാപ് സിംഗ് കൃഷ്ണകിരീടത്തിന്റെ ആകൃതിയിൽ രൂപകൽപന ചെയ്ത ഹവാമഹൽ രജപുത്ര കലാവിരുതിന്റെ ഉത്തമ ദർശനമാണ്. തെരുവിന് അഭിമുഖമായി 953 കുഞ്ഞു ജാലകങ്ങൾ. മൂടുപടമണിഞ്ഞ രജപുത്ര സുന്ദരിമാർ പുറംലോകം കണ്ടിരുന്ന കിളിവാതിലുകൾ. ചുവപ്പും പിങ്കും മണൽകല്ലിൽ പണിതീർത്ത കാറ്റിന്റെ കൊട്ടാരം.പുറത്തു നിറയെ ജയ്പൂർ കരകൗശല വസ്തുക്കളുടെ വർണ്ണലോകം.



ഒരു ചെറിയ വാതിലിലൂടെ ഹവാമഹലിനുള്ളിലേക്കു പ്രവേശിക്കാം. ഉള്ളിലെ ഒരു ചെറുമൈതാനത്തിൽ നാഗരികാംഗനകൾ തനത് രാജസ്ഥാനി വേഷമിട്ട് അലഞ്ഞു നടക്കുന്നത് കണ്ട് കഥയെന്തെന്ന് അറിയാൻ ഞാൻ ഉള്ളിലേക്ക് ചെന്നു. കുറച്ച് നേരം ശ്രദ്ധിച്ചപ്പോഴാണ് പിടികിട്ടിയത് അരികിൽ തന്നെയുള്ള ഒരു ചെറുമുറിയിൽ ഒരു രാജസ്ഥാനി സ്ത്രീ കഠിനാധ്വാനം ചെയ്തു ഒരോരുത്തരെയായി മേക്കപ്പ് ഇട്ട് ഒരുക്കിയിറക്കുന്നു. അവരുടെ മകൻ ഒരു നല്ല ക്യാമറയിൽ ഗാഗ്രാചോളി ധരിച്ചവരുടെ ചിത്രങ്ങളെടുക്കുന്നു. ബന്ധുക്കൾ ആരും ഒരു പിക്ച്ചറും പകർത്താതെയിരിക്കാൻ അവൻ ഒച്ചയിടുന്നുമുണ്ട്. ഒരു പിക്ച്ചറിന് നൂറ് രൂപയാണ് ചാർജ്.

ഭർത്താവിന്റേയും മകളുടേയും കടുത്ത പ്രോത്സാഹനം കൂടി ആയപ്പോൾ എന്നെ ഞാൻ ജയ്പൂർ ബ്യൂട്ടീഷ്യൻ ഉമാ ശർമ്മക്ക് സമർപ്പിച്ചു. ഉയരക്കുറവുള്ള അവർ പൊക്കം അഡ്ജസ്റ്റ് ചെയ്യാൻ ഒരു കുഞ്ഞൻ സ്റ്റൂളിൽ കയറി നിന്നു നിറയെ ഞൊറികളുള്ള പാവാടയും കണ്ണാടിത്തുണ്ടുകൾ പിടിപ്പിച്ച ചോളിയും സ്വീക്വൻസും മുത്തുകളും കോറലുകളും തുന്നിയ ചുനരിയും വെള്ളി അലുക്കുകൾ നിറഞ്ഞ ചോക്കറും നത്താണി എന്നറിയപ്പെടുന്ന മൂക്കുത്തിയും കമ്മലുകളും അണിയിച്ച് എന്റെ ചെവിയിൽ ബ്യൂട്ടിഫുൾ എന്ന് മൊഴിഞ്ഞു .. അത് കേട്ടു ഞാൻ കോരിത്തരിച്ചു.

ഹവാമഹലിൽ നിന്നും നടന്നു പോകാവുന്ന ദൂരം മാത്രമുള്ള സിറ്റി പാലസ് ആണ് അടുത്ത ലക്ഷ്യം. ജന്തർ മന്തറും ഒരു വിളിപ്പാടകലെത്തന്നെ ഉണ്ട്.

1729 ൽ സവായ് മാൻ സിംഗ് രണ്ടാമനാണ് സിറ്റി പാലസ് നിർമ്മിച്ചത്. ചന്ദ്രമഹൽ, മുബാറക് മഹൽ എന്നീ രണ്ടു നിർമ്മിതികൾ ചേർന്നതാണ് സിറ്റി പാലസ്. രജപുത്ര , മുഗൾ യൂറോപ്യൻ വാസ്തുവിദ്യകളാണിതിലുട നീളം.സിറ്റി പാലസിന്റെ ഒരു വശത്തു ഇന്നും രാജകുടുംബങ്ങൾ താമസിക്കുന്നുണ്ട്.

സിറ്റി പാലസിലെ മാൻസിംഗ് മ്യൂസിയം ഒരിക്കലും മിസ് ചെയ്യാൻ പാടില്ലാത്ത കാഴ്ചയാണ്. 300 വർഷങ്ങൾ മുൻപുള്ള രജപുത്ര രാജാക്കന്മാരുടെ ആഡംബരം നിറഞ്ഞ ജീവിത രീതികളും വസ്ത്രങ്ങളും ആയുധങ്ങളും രജപുത്ര - ഇസ്ലാമിക്- യൂറോപ്യൻ ശില്പവേലകളും മനോഹരമായി ഷോ കേസ് ചെയ്തിരിക്കുന്നയിടം.

പശ്മിന സിൽക്കിന്റെ സ്കാർഫുകൾ, എംബ്രോയിഡറി നിറഞ്ഞ പട്ടു വസ്ത്രങ്ങൾ. അക്കാലത്തെ രജപുത്ര രാജാക്കന്മാർ എത്ര കണ്ടു തങ്ങളുടെ വേഷവിധാനങ്ങളിൽ ശ്രദ്ധ പുലർത്തിയിരുന്നു എന്നു നമ്മളോർത്തു പോകും.

മഹാരാജാ സാവോയ് മധോസിങ് ഒന്നാമന്റെ

വസ്ത്ര വൈവിധ്യങ്ങൾ കണ്ടു മകൾക്ക് അതിശയമായി. ഏതാണ്ട് ഇരുന്നൂറ്റമ്പത് കിലോ ഗ്രാം തൂക്കമെങ്കിലുമുള്ള ഒരു മോട്ടു രാജ. അദ്ദേഹത്തിന്റെ



കുർത്തയും പാന്റുമൊക്കെ ഒരു കുഞ്ഞൻ ആനക്ക് സുഖമായി ധരിക്കാം. ഈ രാജാവ് യുദ്ധത്തിന് പോയിട്ടുണ്ടാകുമോ എന്നൊക്കെ  മകൾ സംശയം ചോദിക്കാൻ തുടങ്ങി.

നല്ല ജയ്പൂർ അടി കിട്ടാതെ നമുക്ക് വീട്ടിൽ പോകണ്ടെ  എന്ന് ചോദിച്ച് ഞാൻ സംശയാലുവിനെ അടക്കി. ലോകൈക സുന്ദരികളിൽ ഒരാളെന്ന് പുകൾ പെറ്റ ജയ്പൂർ രാജാമാതാ ഗായത്രിദേവിയുടെ അതിസുന്ദരങ്ങളായ ചിത്രങ്ങളും ഈ പാലസ് മ്യൂസിയത്തിനു മിഴിവേറ്റുന്നു.

മഹാരാജാ മധോസിങ് വിദേശത്തു കിരീടധാരണ ചടങ്ങ്  കൂടാൻ പോയപ്പോൾ ഗംഗാ ജലം കരുതിയിരുന്ന ഭീമന്റെ വെള്ളിക്കുടങ്ങൾ ഇതിന്റെ മണ്ഡപത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

കപ്പൽ ചേതം ഭയന്ന് ഒന്നിനെ കടലിൽ കളയേണ്ടി വന്നു എന്നും ചരിത്രം.

സിറ്റി പാലസിൽ നിന്നും പുറത്തിറങ്ങി  ചെല്ലുമ്പോൾ അതിമനോഹരമായ ഒരു പപ്പെറ്റ്  ഷോ നടക്കുകയാണവിടെ.  വർണ വസ്ത്രങ്ങളണിഞ്ഞ തടിപ്പാവകളും ദോലാക്കുകളും സാരംഗികളും എല്ലാം ചേർന്ന് ഒരു ദൃശ്യ ശ്രവ്യ വിരുന്ന്. കഡ്പുത്തലി പാവകളിയുടെ അതി  സുന്ദരമായ ഒരു ആവിഷ്ക്കാരം . ഇതെല്ലാം വിദേശികൾ വളരെ ആഹ്ലാദത്തോടെയാണ്   കാണുന്നത്.

എന്തോ, വിദേശികൾക്ക് ഈ സ്ഥലം എത്രയിഷ്ടമാണെന്നോ.' ലാൻഡ് ഓഫ് മഹാരാജാസ് 'എന്നാണ് അവർ ഇതിനെ  വിശേഷിപ്പിക്കുന്നത് തന്നെ.  രജപുത്ര , ജാട്ട്, മുഗൾ രാജവംശങ്ങളോരോന്നും സമ്മാനിച്ച സമാനതകളില്ലാത്ത അദ്വിതീയമായ  ശില്പകലകളിലേക്കു അവർ വിസ്മയഭരിതരായി നോക്കി നിൽക്കുന്നു .

അതു കൊണ്ടു തന്നെ രാജകൊട്ടാരങ്ങളിലേയും ഹവേലികളിലേയും  താമസശൈലി ഒരുക്കി ഉദയ്പൂരിലെ ഒബ്റോയ് ഉദയ് വിലാസും ജോധ്പൂരിലെ ഉമൈദ് ഭവൻ പാലസും ജയ്പൂരിലെ രാം



ബാഗ് പാലസുമൊക്കെ വിദേശ സഞ്ചാരികളെ കാത്തിരിക്കുന്നു. അഥിതിദേവോ ഭവ: എന്ന് കരുതുന്ന രാജസ്ഥാനി തദ്ദേശീയരും ടൂറിസത്തിന്റെ മാറ്റ് കൂട്ടുന്നു .

ഒരു പക്ഷെ, വെളുപ്പും ചാരനിറവും കറുപ്പും ഫാഷനിൽ മികച്ചു നിൽക്കുന്ന ഒരു നാട്ടിൽ നിന്നും സംസ്‌കാരത്തിൽ നിന്നും മഴവില്ലുപോലെ നിറങ്ങൾ നിറഞ്ഞു നിൽക്കുന്നയിടത്തേക്ക് വന്നതിന്റെയാകും. നിറങ്ങൾ കോരിയൊഴിച്ച രാജസ്ഥാനി തലപ്പാവുകളും ബാന്ദ്നി ചിത്രപ്പണികളുള്ള ചുനരികളും ധരിച്ച വിദേശികൾ ധാരാളമുണ്ട് ജയ്പൂരിൽ. കണ്ണാടിത്തിളക്കമുള്ള ലഹരിയാ, ഗോട്ടപ്പതി വസ്ത്രവൈവിധ്യങ്ങളിലേക്ക് മിഴികൾ നിറയെ വിസ്മയവുമായി നോക്കി നിൽക്കുന്ന വിദേശവനിതകളാണ് ചുറ്റും.

നെയ്യും ക്രീമും തൈരും മുന്നിൽ നിൽക്കുന്ന വിഭവങ്ങളാണ് രാജസ്ഥാനിലേത്. വെള്ളത്തിന്റേയും പച്ചക്കറികളുടേയും ദൗർലഭ്യത്തെ അവർ പാലും പാലുൽപ്പന്നങ്ങളും കൊണ്ടു നേരിടുന്നു.

യുദ്ധത്തിന് പോകുന്ന രാജപുത്രപാരമ്പര്യം കൊണ്ടു തന്നെ ഏറെ നാൾ കേടു കൂടാതെയുള്ള വിഭവങ്ങളാണ് കൂടുതലും. ബിക്കാനീർ ഇതിനു പ്രശസ്തമാണ്.



തനതു രജപുത്ര ആഹാരത്തിനായി ചെന്നു കയറിയത് ഒരു സിംഹത്തിന്റെ മടയിലായിരുന്നു. ദാൽ ബാട്ടി ചൂർമ്മയും പ്യാസ് കി കച്ചോരിയും ഖീറും എല്ലാം ചേർന്ന രണ്ടു രാജസ്ഥാനി താലികൾ എത്തി.രണ്ടു പലഹാരങ്ങളും ഒരു കറിയും ചേർന്നതാണ് രാജപുത്താനയുടെ ഐക്കണിക് ഡിഷ് ആയ ദാൽ ബാട്ടി ചൂർമ. ഗോതമ്പു കുഴച്ചു ഫ്രൈ ചെയ്തുണ്ടാക്കുന്ന ബാട്ടി വെള്ളക്കടലയും ഉഴുന്നും ചേർന്നുണ്ടാക്കിയ ദാലിൽ കുഴച്ചു കഴിക്കണം. ഒപ്പം ഗോതമ്പും നെയ്യും ചേർന്ന ചൂർമ്മയും കൂടി അകത്താക്കണം.

ആഹാ. അതൊക്കെ പിന്നെ അങ്ങനെയേ ചെയ്യൂ. രാജസ്ഥാനികൾ തോറ്റു പോകും ഞങ്ങളുടെ ആഹാരകാര്യത്തിലെ ഡെഡിക്കേഷൻ കണ്ടാൽ.

ഇന്നത്തെ രാത്രി ബാപ്പു ബസാറിലേക്കാണ്.

ജയ്പൂർ ഒരു ഷോപ്പിംഗ് പറുദീസയാണ്. ബാപ്പു ബസാർ, നെഹ്റു ബസാർ, എം. ഐ റോഡ്



തീരുന്നില്ല സ്ട്രീറ്റ് ഷോപ്പിംഗ് ലിസ്റ്റ്.

രത്നങ്ങളും ജയ്പൂർ ബ്ലൂപോട്ടറിയും ചിത്രപണികൾ ചെയ്ത ബാഗുകളും ഷൂസുകളുമാണ് ചുറ്റിനും. ഒട്ടകത്തിന്റെ തോൽ കൊണ്ടു നിർമ്മിക്കുന്ന മൊജാരി പാദരക്ഷകൾക്കും ബാപ്പു ബസാർ പേര് കേട്ടതാണ്. രാജസ്ഥാനി ആഭരണങ്ങളും ലോക ശ്രദ്ധ പിടിച്ചു പറ്റിയതാണ്. ജോധാ അക്ബറിൽ ജയ്പൂർ ആഭരണങ്ങളാൽ വിഭൂഷിതയായി തന്റെ ചാരനിറമുള്ള മിഴികൾ ഉയർത്തി നമ്മെ നോക്കുന്ന ലോകസുന്ദരി ഐശ്വര്യ റായിയെ ഓർമ്മയില്ലേ? ആപ്ലിക് വർക്കുകളും ബ്ലോക്ക് പ്രിന്റും ഇവിടുത്തെ വസ്ത്രങ്ങളെ അങ്ങേയറ്റം ആകർഷകമാക്കുന്നു.

അടുത്ത ദിവസം ജൽമഹലിലേക്കായിരുന്നു. ജയ്പൂർ മാർക്കറ്റുകളും ഹവേലികളുമൊക്ക കണ്ടു വൈകുന്നേരം അടുക്കാറാകുമ്പോഴാണ് തടാകത്തിന്റെ നടുവിലെ ആ വിസ്മയ കാഴ്ചയിലേക്ക് ചെല്ലുന്നത്.

ജൽമഹൽ ഒരുഗ്രൻ കാഴ്ചയാണ് , സവായ് ജയ് സിംഗ് രണ്ടാമന്റെ നിർമിതി. ദർഭാവതി നദിക്ക് കുറുകെ കെട്ടിയ അണക്കെട്ടിന്റെ ഫലമായി രൂപം കൊണ്ട മൻസാഗർ തടാകത്തിന്റെ നടുക്ക് അഞ്ചു നിലകളിൽ ഉയർന്നു നിൽക്കുന്ന ജൽമഹൽ. വൈകുന്നേരത്തെ സൂര്യന്റെ ചരിഞ്ഞ രശ്മികൾ പ്രതിഫലിക്കുന്ന ജലോപരിതലം ,രജപുത്ര സുന്ദരികളുടെ ഉടുപ്പിട്ട ചേച്ചിമാരുടേയും വാളൂരി പിടിച്ചു രാജാവായി നിൽക്കുന്ന ചേട്ടന്മാരുടേയും ഫോട്ടോഷൂട്ട് ആണ് ചുറ്റും.

ജയ്പൂരിന്റെ നഗരപ്രാന്തത്തിലാണ് ഇതിന്റെ നിൽപ്പ്, രജപുത്ര മുഗൾ ശൈലികൾ മനോഹരമായി സമ്മേളിച്ചിരിക്കുന്ന കൊട്ടാരം. മൻസാഗറിൽ ജലം നിറയുമ്പോൾ ഇതിന്റെ നാല് നിലകളും വെള്ളത്തിനടിയിലാകും .ചുറ്റും ആരവല്ലി മലനിരകൾ.

വർണ്ണാഭമായ ജയ്പൂരിന്റെ ഒരു ക്രോസ് സെക്ഷൻ പോലെ തോന്നും ചുറ്റും കണ്ടാൽ. മുതുകിൽ വർണ്ണപരവതാനി ഏന്തി സെൽഫിക്ക് പോസ് ചെയ്യുന്ന ഒട്ടകങ്ങൾ.

തന്നെക്കാൾ പല മടങ്ങു തൂക്കമുള്ളവരെയും ഒരു പരാതിയുമില്ലാതെ ചുമക്കുന്ന ഇത് എത്രയോ സാധു മൃഗം എന്നു ഞാൻ എപ്പോഴുമോർക്കും. യാത്ര അമർ ഫോർട്ടിലേക്കായിരുന്നു.

ജയ്പൂർ ജനിക്കുന്നതിനു മുൻപുള്ള കോട്ടയാണിത് കച് വാ രാജാവായിരുന്ന സവായ് മാൻ സിങ് രണ്ടാമൻ പണി കഴിപ്പിച്ചത് . പല വർണങ്ങളിലുള്ള മേലാപ്പിട്ട് സഞ്ചാരികളെയും പുറത്തേറ്റി അടിവച്ചു പോകുന്ന ആനകൾ. ആനകളെ ജയ്പൂർ രാജവംശം തങ്ങളുടെ ശക്തിയുടെ അടയാളമായി കരുതിയിരുന്നത്രെ.

വളഞ്ഞു പുളഞ്ഞു പോകുന്ന വമ്പൻ മതിലുകൾക്കുള്ളിൽ ചുവന്ന മണൽക്കല്ലിലെ ഒരു മജ

സ്റ്റിക് കൊട്ടാരം.ട്രെയിനിനു സമയമായതിനാൽ ഒരു ഓട്ടപ്രദക്ഷിണത്തിൽ അമർ ഫോർട്ട് ഒതുക്കേണ്ടി വന്നു. അടുത്ത് തന്നെയുള്ള ജയ്ഗർ ഫോർട്ടും ഒഴിവാക്കേണ്ടി വന്നു.

കാഴ്ചകൾ കണ്ടു മതിവരാതെ ഡൽഹിയിലേക്കുള്ള ട്രെയിൻ കയറാൻ ഞങ്ങൾ റെയിൽവേ സ്റ്റേഷനിലേക്ക് തിരിച്ചു. ജയ്പൂരിൽ നിന്നും കുമയൂൺ കുന്നുകളിലേക്കുള്ള ഈ യാത്രയുടെ മറ്റൊരു വിസ്മയമായത് ജയ്പൂർ റെയിൽവേ സ്റ്റേഷനിലെ ഐ.ആർ.സി.ടി.സിയുടെ എക്സിക്യൂട്ടീവ് ലൗഞ്ച് ആണ്.

രണ്ടുമണിക്കൂർ ആളൊന്നിന് 165 / രൂപ. ഫ്രീ വൈ ഫൈയും കോഫിയും ന്യൂസ് പേപ്പറും അങ്ങേയറ്റം വൃത്തിയുള്ള വാഷ് റൂമുകളും ബുഫേ സെർവീസും ലഗേജ് റാക്കും മാഗസിൻ റാക്കും

ലഞ്ചിൽ നല്ല ചൂട് ഹോട് ആൻഡ് സോർ വെജ് സൂപ്പും മട്ടർ പനീറും ദാൽ ധട്കയും ബസ്മതി ചോറും പപ്പടവും ആലു ജീരയും ചപ്പാത്തിയും റൈത്തയും സലാഡും നല്ല ഒരു പായസവും കിട്ടും.

ജയ്പൂർ റെയിൽവേ സ്റ്റേഷനും നല്ല വൃത്തി. ഓരോ 10 മിനുട്ടിലും പ്ലാറ്റ് ഫോമിൽ ഡ്രൈവിംഗ് സ്വീപ്പിങ് മെഷീൻ ഓടിയെത്തുന്നുണ്ട് .

ഇവിടെ കൂട്ടിനു ഓസ്‌ട്രേലിയക്കാരായ ജോസഫിനും ഹാരിയും ഉണ്ടായിരുന്നു. ജോധ്പൂരിലേക്കുള്ള ട്രെയിൻ നാൽപ്പത് മിനിറ്റ് ലേറ്റ് ആയതു കൊണ്ട് ലോഞ്ചിലേക്കു കയറിയതാണെന്നു ദമ്പതികൾ സങ്കടം പങ്കു വെച്ചു. ലോഞ്ച് 'ക്ഷ' പിടിച്ചുന്നു പറയാനും പറഞ്ഞു.

ബാങ്കോക്ക്, സിങ്കപ്പൂർ, കംബോഡിയ ഒക്കെ കണ്ടു കറങ്ങിവന്നിരിക്കുന്ന ഇരിപ്പാണ് രണ്ടു പേരും. കേരളത്തിലേക്ക് സ്വാഗതം ചെയ്തപ്പോൾ അതൊക്കെ പണ്ടേ കവർ ചെയ്തുവെന്ന മറുപടി. രണ്ടു മാസമായി യാത്ര തുടങ്ങീട്ടത്രേ. വളരെ കുറച്ചു ലഗ്ഗേജ് മാത്രം. പോന്നപ്പോൾ കെട്ടിപ്പിടിച്ചു യാത്ര പറഞ്ഞു വീണ്ടും കാണാമെന്നു പറഞ്ഞു..



യാത്രയിൽ ജയ്പൂരിൽ നിന്ന് ഡൽഹിക്കുള്ള പൂജ എക്സ്പ്രസ്സിലിരുന്ന് ഞാൻ ജയ്പൂരിനെപ്പറ്റി ഓർത്തുകൊണ്ടിരുന്നു. പെട്ടെന്നുള്ള യാത്ര ആയതിനാൽ സെക്കൻഡ് സ്ലീപ്പർ ആണ് കിട്ടിയതെങ്കിലും ട്രെയിനിനു പതിവില്ലാത്ത വൃ



ടിവിയും എല്ലാമുള്ള സംവിധാനം.

എല്ലാ ക്രെഡിറ്റ് കാർഡും ഡെബിറ്റ് കാർഡും സ്വീകരിക്കും .ഒന്ന് ഫ്രഷ് ആകാൻ വേണ്ടി മാത്രം ഹോട്ടൽ റൂമുകളെ ആശ്രയിക്കേണ്ടി വരുന്ന സഞ്ചാരികൾക്കു ഒരു നല്ല ഓപ്ഷൻ.

പുറത്തെ കൊടും തണുപ്പ് അകത്തളങ്ങളെ സ്പർശിക്കുന്നതേയില്ല. റിക്ലൈനിങ് ചെയറുകളിൽ സ്വച്ഛമായി വിശ്രമിക്കുന്ന യാത്രികർ .എയർപോർട്ടിലെ പ്രയോറിറ്റി പാസ്സ് ലൗഞ്ചുകളോട് കിടപിടിക്കുന്ന ഇന്റീരിയർ.

262 /രൂപയുടെ വെജ് ബുഫേ

ത്തി ഉള്ളതിനാൽ ആകെയൊരു സന്തോഷം തോന്നി.

ചുറ്റും രാജസ്ഥാനിലെ ഊഷരഭൂമികൾ. ഇടയ്ക്കിടെ തെളിയുന്ന കടുക് പൂക്കുന്ന പാടങ്ങൾ. മുന്നിലിരിക്കുന്ന രജപുത്രസുന്ദരിയുടെ മൂക്കുത്തി തിളക്കം.

കൈയിൽ കലമ്പുന്ന കുപ്പിവളകൾ .. കണ്ണാടിയുടുപ്പിൽ നിന്നു ചിതറുന്ന വെളിച്ചത്തിന്റെ തരികൾ. ആരവല്ലി പർവ്വതനിരകൾക്കപ്പുറം മറയുന്ന സൂര്യൻ. തണുപ്പ് ഇഴഞ്ഞു വരുന്ന ജാലകങ്ങൾ.

ഞാൻ ഞാനാകുന്ന യാത്രകൾ.

ഹരിയാനയുടെ പച്ച നിറമുള്ള നിലങ്ങളിലൂടെ യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ എത്ര പെട്ടന്നാണ് ആ യാത്രയുടെ വിധി തന്നെ മാറിയതെന്നോ . ഹരിയാനയിലെ റവാരി സ്റ്റേഷനിലേക്ക് പൂ



ജ എക്സ്പ്രസിനെ വരവേറ്റത് അതിഭീകരമായ ആരവമായിരുന്നു.

പ്ലാറ്റ്ഫോമിന് ഇരുവശവും തടിച്ചു കൂടിയ ജനക്കൂട്ടം കണ്ട് എന്തോ വർഗീയ ലഹളയാണെന്നാണ് ആദ്യം ഭയന്നത്. പക്ഷെ, അതിനും അപ്പുറമുള്ള കാര്യങ്ങളാണ് അവിടെ നടന്നത്. ഏതാണ്ട് എഴുപത് പേർക്ക് മാത്രം സീറ്റിംഗ് കപ്പാസിറ്റിയുള്ള ആ കമ്പാർട്ടുമെന്റിലേക്ക് ഏതാണ്ട് അഞ്ഞൂറിലേറെ പേർ ഇടിച്ചു കയറാൻ തുടങ്ങി. എതിരെ വന്നു നിന്ന മറ്റൊരു ട്രെയിനിന്റെ പാർസൽ കംപാർട്മെന്റിന്റെ പൂട്ടിയിട്ട വാതിൽ അവർ പൂട്ട് തകർത്തു തുറന്നു കയറുന്നതു ഞങ്ങൾ ഭീതിയോടെ കണ്ടിരുന്നു. പൊതുമുതൽ നശിപ്പിക്കലിന്റെ ദൃക്സാക്ഷികളായി ഞങ്ങൾ.

ഹരിയാനയിലെ കർണാലിൽ ഏതോ പോലീസ് റിക്രൂട്ട്മെന്റിൽ പങ്കെടുക്കാനായി പോകുന്ന ഇരുപതിനും മുപ്പതിനും ഇടയിൽ പ്രായമുള്ള, ലോകവിവരം അതീവ കമ്മിയായ ഒരു ജനത. പോലീസ് ഫിസിക്കൽ ടെസ്റ്റിനെ മറികടക്കാനായി ജിമ്മിൽ നിന്നും ചാടി വന്ന കുറെ മല്ലന്മാർ. ഇവരാണോ സർക്കാരിനെ സേവിക്കാൻ പോകുന്നത് എന്നോർത്ത് ആശങ്ക തോന്നി.

അപ്പർ ബർത്തിലേക്ക് ചാടിക്കയറി താഴെ ഇരിക്കുന്നവരുടെ മുഖത്തു ഷൂവും പാദരക്ഷകളും ഉരച്ചും തികച്ചും ഗ്രാമ്യമായ ഹരിയാൻവി ഭാഷ സംസാരിച്ചും അവർ രംഗം കീഴടക്കി. ശരിക്കും ഒരു ഭീതിദമായ അന്തരീക്ഷം. ആറു മണിക്കൂർ കൂടി യാത്ര ചെയ്താലേ ഡൽഹി സ്റ്റേഷൻ എത്തൂ. അവിടെ നിന്നും വാടകക്കെടുക്കുന്ന കാറിൽ കുമയൂൺ കുന്നുകൾ തേടിപ്പോകാനാണ് ഞങ്ങളുടെ അടുത്ത യാത്രാ പ്ലാൻ. ആ ആറു മണിക്കൂർ യുഗങ്ങൾ പോലെ തോന്നിച്ചു.


ഞങ്ങൾ ഇറങ്ങിയിട്ട് വേണം മദ്യപിക്കാൻ എന്നവർ പരസ്പരം പറഞ്ഞു ചിരിച്ചു .ഇടക്കിടെ സൗത്ത് ഇന്ത്യൻസ് പൊതുവെ കറുത്താണ് ഇരിക്കുന്നതെന്നൊക്കെയുള്ള പ്രകോപനപരമായ കമന്റുകൾ കേട്ടു

രക്തം തിളച്ചു ഞാനിരുന്നു. ഉത്തരേന്ത്യയിൽ പഠിച്ച് വളർന്ന ഭർത്താവിന് ഗ്രാമങ്ങളിലെ ഹിന്ദി അറിയാവുന്നതിനാൽ അവരോടു നയപരമായി സംസാരിച്ചു കൊണ്ടേയിരുന്നു. ചിന്തിക്കാതെ പ്രവർത്തിക്കുന്ന ഒരു ജനത. നയം മാത്രമേ നടക്കൂ. സൽമാൻ ഖാൻ അഭിനയിച്ച 'സുൽത്താൻ' എന്ന മൂവി ഈ നാടിനെപ്പറ്റി ആണെന്ന് മകളും ഭർത്താവും ചെവിയിൽ അടക്കം പറഞ്ഞു.

അന്യഗ്രഹജീവികളുടെ നടുക്ക് പെട്ടത് പോലെയുള്ള ആ ഇരിപ്പ് അനന്തമായി നീളുമോയെന്നു സംശയിച്ചു ഞങ്ങളിരുന്നു.

എന്തായാലും ഡൽഹി എത്തിയതോടെ അവരിൽ ചിലരെങ്കിലും നമ്മളുടെ കൂട്ടുകാരായി. ലഗേജുകൾ ഇറക്കാനും ഞങ്ങളെ കൊടും തിരക്കിൽ നിന്നും സ്റ്റേഷനിൽ ഇറക്കാനും അവർ സഹായിച്ചു. ദീർഘനിശ്വാസത്തോടെ കൊടും തണുപ്പിലും വിയർത്തു ഞാൻ ഓൾഡ് ഡൽഹി സ്റ്റേഷനിലെ ചാരു ബെഞ്ചിലിരുന്നു പോയി.





ചർച്ചാവിഷയം

# നെല്ലിയാമ്പതിയിലെ വേഴാമ്പൽവസന്തം തേടി വേറിട്ടൊരു യാത്ര



**ദീപ ഗംഗേഷ്**
പൊതുവിദ്യാഭ്യാസ
വകുപ്പിൽ ഉദ്യോഗസ്ഥ

നെല്ലിയാമ്പതിയിലെ അത്തിമരങ്ങളിൽ വിരിഞ്ഞ വേഴാമ്പൽ വസന്തം തേടിയൊരു യാത്ര ആയിരുന്നു അത്. ദ ഗ്രേറ്റ് ഇന്ത്യൻ ഹോൺബിൽ എന്ന മിസ്റ്റർ കേരളയായ മലമുഴക്കി വേഴാമ്പലിനെ കാണുവാൻ. ജീവിതം ഒരു മഹാത്ഭുതമാണ്. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്ന് അത് എപ്പോഴും നിങ്ങൾക്കായി കാത്ത് വെക്കുന്നു. ചിദംബര സ്മരണകളിലെ ആമുഖത്തിൽ പറഞ്ഞ പോലെ പ്രകൃതി അന്ന് ഞങ്ങൾക്കായി മറ്റൊരു അത്ഭുതവും കാത്തു വെച്ചിരുന്നു. പശ്ചിമഘട്ടത്തിന്റെ പൊന്നോമനയായ സൈലന്റ് വാലി കാടുകളിൽ സംരക്ഷിച്ചു വരുന്ന, ഇന്ത്യൻ റെഡ് ഡാറ്റാ ബുക്കിൽ പേര് രേഖപ്പെടുത്തിയ സാക്ഷാൽ  സിംഹവാലൻ കുരങ്ങ്. ഒരാളല്ല, ഒരു കൂട്ടം.

സുഹൃത്തും  വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫറുമായ രതീഷ് രാജന്റെ വേഴാമ്പൽ ചിത്രങ്ങൾ കണ്ട് കൊതിച്ചിരിക്കുമ്പോൾ ആണ് വേഴാമ്പലിനെ കാണിച്ചു തരാം എന്ന രതീഷിന്റെ വാഗ്ദാനം . രതീഷിന്റെ സുഹൃത്തുക്കൾ കൂടിയായ നാല് വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫർമാർക്കൊപ്പം കയ്യിലുള്ള ചെറിയ ക്യാമറയുമായി ഞങ്ങളും യാത്ര തുടങ്ങി. കൂടെ ആത്മസുഹൃത്ത് മിത്രയും മകൻ നാരായണനും

നെല്ലിയാമ്പതിയുടെ കാലാവസ്ഥയും പ്രകൃതി ഭംഗിയും ആസ്വദിക്കാൻ ആവോളം യാത്ര ചെയ്തിട്ടുണ്ടെങ്കിലും ഇതൊരു വേറിട്ട അനുഭവമായിരുന്നു. വെളുപ്പിന് മൂന്ന് മണിക്ക് ആരംഭിച്ച യാത്ര. കുതിരാൻ ചുരത്തിൽ ബ്ലോക്ക് കാരണം ഷൊർണ്ണൂർ വഴി പാലക്കാടിന്റെ പ്രകൃതി ഭംഗിയും സൂര്യോദയവുമെല്ലാം ആസ്വദിച്ച് പോത്തുണ്ടി ചെക്പോസ്റ്റിൽ എത്തിയപ്പോൾ  പ്രതീക്ഷിച്ചതിലും രണ്ട് മണിക്കൂർ വൈകിയിരുന്നു. ഇത്രയും സുന്ദരമായ ഒരു കാഴ്ച കാണുവാൻ ഭാഗ്യം സിദ്ധിച്ചതും അതുകൊണ്ട് മാത്രമായിരുന്നു


ചെക് പോസ്റ്റിൽ രജിസ്റ്റർ ചെയ്ത് കാടിന്റെ വന്യതയിലേക്ക് ഞങ്ങളുടെ വാഹനങ്ങൾ ഉരുണ്ടു നീങ്ങി. പോത്തുണ്ടിയിൽ നിന്ന് 22 കി.മി ദൂരത്തിൽ നെല്ലിയാമ്പതി പ്രവേശന കവാടമായ കൈകാട്ടി വരെയാണ് ചുരപാതയുള്ളത്. കാനന സൗന്ദര്യം ആകുവോളം നുകർന്നുള്ള യാത്ര. മുന്നിലുള്ള കൂട്ടുകാരുടെ, വാഹനങ്ങളിൽ നിന്ന് പുട്ടുകുറ്റികൾ എന്ന് ഞങ്ങൾ തമാശക്ക് പറയുന്ന വലിയ ക്യാമറകൾ പുറത്തേക്ക് നീളുമ്പോഴാണ് ഞങ്ങൾ പലപ്പോഴും കാട്ടിൽ മറഞ്ഞിരിക്കുന്ന കാടിന്റെ സ



ന്തതികളെ കണ്ടത്. വൃക്ഷങ്ങളിൽ ഇലകൾക്കിടയിലിരിക്കുന്ന പക്ഷികളെയും മലയണ്ണാനെയുമെല്ലാം കണ്ടു പിടിക്കുന്ന അവരുടെ കണ്ണുകളുടെ കഴിവ് സമ്മതിക്കാതെ വയ്യ. വലിയ ക്യാമറകൾക്കൊപ്പം ഞങ്ങളുടെ കുഞ്ഞു ക്യാമറയും കാറിൽ നിന്ന് നീണ്ടു തുടങ്ങി. അവർ ഇല്ലായിരുന്നുവെങ്കിൽ ഈ കാഴ്ചകളൊന്നും ഞങ്ങൾ കാണില്ലായിരുന്നു എന്നതാണ് സത്യം.

ഓരോ യാത്രകളും എന്നും ഓരോ അനുഭവങ്ങളാണ്. പാടഗിരി വ്യൂ പോയന്റിനടുത്തായി മുന്നിലെ കാറുകൾ സ്ലോ ആകുന്നതുകണ്ട് ഞങ്ങളും കാർ ഒതുക്കി നിർത്തി. നോക്കുമ്പോൾ ചെറിയൊരു മരത്തിൽ ഒരു സിംഹവാലൻ കുരങ്ങ്. മരച്ചില്ലയിൽ ഇരുന്ന് ഞങ്ങളെ സൂക്ഷിച്ചു നോക്കുകയാണ്. സാധാരണ മനുഷ്യരുമായി ഇടപഴകാൻ വൈമുഖ്യം കാണിക്കുന്നവരാണ് ഇക്കൂട്ടർ എന്ന് കേട്ടിട്ടുണ്ട്. കാറിലിരുന്ന് അവന്റെ ഫോട്ടോ എടുക്കാൻ ശ്രമിക്കുമ്പോഴാണ് വേറിട്ടൊരു കാഴ്ചകണ്ട് ഞങ്ങൾ അമ്പരന്നത്. കാറിനോട് ചേർന്ന് ഒരു സിംഹവാലൻ കുരങ്ങൻ മനുഷ്യരെ പോലെ റോഡിൽ രണ്ട് കാലിൽ നിവർന്ന് നിൽക്കുന്നു. മുൻ ജന്മത്തിൽ ഏതോ ഫെയ്മസ് മോഡൽ ആയിരുന്നെന്ന് തോന്നുന്നു കക്ഷി. റാമ്പിൽ നടക്കുന്ന മോഡലിനെപ്പോലെ രണ്ടു കാലിൽ നടന്ന് ചാഞ്ഞും ചരിഞ്ഞും ഫോട്ടോഗ്രാഫർമാരുടെ മുന്നിൽ അവൻ പോസ് ചെയ്തു. പെട്ടെന്നാണ് ഒരു ഇരമ്പൽ, ഉൾക്കാടുകളിൽ നിന്ന് ഒരു കൂട്ടം സിംഹവാലൻ കുരങ്ങൻമാർ ആ മരത്തിലേക്ക്. അമ്മയും കുഞ്ഞുങ്ങളും അച്ഛൻമാരുമായി ആ മരം പൂത്തുലഞ്ഞ കുരങ്ങുമരമായി മാറിയത് വളരെ പെട്ടന്നാണ്. മരത്തിനു മറവിൽ പതുങ്ങി നിന്ന് ഒളിച്ചുനോക്കുന്ന കുഞ്ഞിക്കണ്ണുകൾ... കൈകളിൽ തൂങ്ങിയാടുന്നവർ... കാഴ്ചകൾ ക്യാമറ കണ്ണുകൾക്ക് ചാകരയായി.. നാരായണന്റെ കുഞ്ഞി ക്കണ്ണുകളിൽ അതേ അത്ഭുതഭാവമാണ്.. റോഡിൽ ബൈക്കുകളുടെയും കാറുകളുടെയും തിരക്കായി. എല്ലാവരും ഫോട്ടോ എടുക്കുന്ന തിരക്ക്.. എങ്കിലും ആളുകൾ അധികം ഒച്ചയും ബഹളവും ഇല്ലാതെ മൃഗങ്ങളെ ശല്യപ്പെടുത്താതിരുന്നപ്പോൾ സന്തോഷം തോന്നി. ഞാൻ നോക്കുമ്പോൾ രതീഷ് നടുറോഡിൽ കമിഴ്ന്ന് കിടന്ന് നിരങ്ങി നീങ്ങിയാണ് ഫോട്ടോ എടുക്കുന്നത് .. ഒരു നല്ലചിത്രത്തിനു പിന്നിലെ കഷ്ടപ്പാട് എന്തെന്ന് ശരിക്കും മനസ്സിലായത് അപ്പോഴാണ്. ഫോട്ടോഗ്രാഫർ സുഹൃത്തുക്കളിൽ നിന്ന് കിട്ടിയിരുന്ന ടിപ്സ് അനുസരിച്ച് ക്യാമറ മോഡലിന്റെ മുഖത്ത് ഫോക്കസ് ചെയ്യാൻ മോൾക്ക് നിർദ്ദേശം നൽകി.. പ്രതീക്ഷ തെറ്റിയില്ല. വലിയ വായ തുറന്ന്കാണിച്ചത് ക്യാമറയിലെ കിടിലൻ ചിത്രമായി മാറി. ഒരഞ്ചു മിനിറ്റോളം കാഴ്ചയുടെ വിരുന്നൊരുക്കിക്കൊണ്ട് അവർ റോഡ് മുറിച്ചുകടന്ന് ഉൾക്കാടിനുള്ളിൽ മറഞ്ഞു.

സന്തോഷം കൊണ്ട് കണ്ണുനിറഞ്ഞ നിമിഷങ്ങൾ. ഇവരെ കാണാൻ സൈലന്റ് വാലി കാടുകളിൽ അട്ടകടികൊണ്ട് നടന്നത് ഓർമ്മ വന്നു. അന്നവർ കനിഞ്ഞില്ല. അതിരപ്പിള്ളി മലക്കപ്പാറ





റൂട്ടിൽ ഒരിക്കൽ ഒരാൾ മുഖദർശനം തന്നിരുന്നു. മൃഗശാലയിൽ മാത്രമാണ് പിന്നീട് ഇവനെ അടുത്ത് കണ്ടിട്ടുള്ളത്.

വർഷത്തിൽ എല്ലാ കാലത്തും കായ്കനികൾ ലഭിക്കുന്ന പശ്ചിമഘട്ടത്തിലെ നിത്യഹരിത വനങ്ങളിലാണ് ഇവയെ പ്രധാനമായും കാണുന്നത്. സാധാരണ ഇവ പത്ത് മുതൽ ഇരുപത് വരെ അംഗങ്ങളുള്ള കൂട്ടങ്ങളായാണ് കഴിയുന്നത്. പഴങ്ങളും ഇലകളും ചെറിയ പ്രാണികളും കുഞ്ഞുജീവികളുമാണ് പ്രധാന ഭക്ഷണം. കറുത്ത നിറത്തിൽ വെള്ളി നിറവും വെള്ള നിറവും ഇടകലർന്ന സടയുടെ ഭംഗി ഒന്ന് വേറേ തന്നെയാണ്. ശരീരത്തിന് നാൽപ്പത്തഞ്ച് മുതൽ അറുപത് സെ.മീ വരെ നീളവും പത്തു കിലോയിൽ താഴെ തൂക്കവുമാണ് ഇവയ്ക്കുള്ളത്. കടുത്ത വംശനാശ ഭീഷണി നേരിടുന്ന ഇവ ഇന്ത്യൻ റെഡ് ഡാറ്റ ബുക്കിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

നെല്ലിയാമ്പതിയുടെ പ്രവേശന കവാടമായ കൈകാട്ടിയിലൂടെ കാരപ്പാറ തൂക്കുപാലത്തിലേക്കുള്ള വഴിയിലേക്ക് വണ്ടി തിരിഞ്ഞു. ഈ റൂട്ട് വളരെ കുറവ് മാത്രമേ യാത്ര ചെയ്തിട്ടുള്ളൂ. ഈ വഴികളിലാണത്രെ വേഴാമ്പലിനെ ധാരാളം കാണുവാൻ കഴിയുന്നത്. മറുവശത്തേക്കുള്ള വഴിയിലാണ് റിസോർട്ടുകൾ കൂടുതലായും കാണുന്നത് .. ആയതിനാൽ തന്നെ ആ വഴികളിലൂടെയായിരുന്നു കൂടുതലും യാത്രകൾ ചെയ്തിട്ടുള്ളത്. പുലിയാമ്പാറയിലെ സർക്കാർ ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം കാണാനും നെല്ലിയാമ്പതിയിലെ പ്രധാന കാഴ്ചയായ സീതാർകുണ്ട് കാണാനും ആ വഴിയേ ആണ് പോകേണ്ടത്. സീതാർകുണ്ട് വ്യൂ പോയന്റ് അതിമനോഹരമായ കാഴ്ചകളാണ് സഞ്ചാരികൾക്ക് സമ്മാനിക്കുക.

വേറിട്ട യാത്രയിലെ വഴികളും വേറിട്ടു തന്നെ കാണപ്പെട്ടു. തേയില തോട്ടങ്ങളിലൂടെയുള്ള യാ

**ചില സമയത്ത് കാട്ടിൽ നിന്നും മുഴങ്ങുന്ന സ്വരങ്ങൾ തിരമാലകളെ പോലെ അലയടിച്ചുയർന്ന് വീണ്ടും നേർത്ത് നേർത്ത് കുറയുന്നു. മലമുഴക്കി വേഴാമ്പൽ എന്ന് ഇവയെ വിളിക്കുന്നതിന്റെ കാരണം ഇതാവാം. പശ്ചിമഘട്ടത്തിലെ ഇലപൊഴിയാ കാടുകളിലെ വലിയ മരങ്ങളിലാണ് വേഴാമ്പൽ കൂട് കൂട്ടുന്നത്. ഭംഗിയും കുടുംബജീവിതത്തിലെ സ്നേഹ ബന്ധവും ജീവിതചര്യയുടെ പ്രത്യേകതകളുമാണ് ഇവയ്ക്ക് സംസ്ഥാന പക്ഷിയുടെ പദവി നേടികൊടുത്തത്.**

ത്ര. വീതി തീരെകുറഞ്ഞ വഴികൾ.. ഏതിരെ ഒരു വാഹനം വന്നാൽ ശരിക്കു ബുദ്ധിമുട്ടേണ്ടി വരും. അപൂർവ്വ പക്ഷികളായ ക്രസ്റ്റഡ് ഹോക്ക് ഈഗിളിന്റെയും സർപ്പന്റെൻ ഈഗിളിന്റെയും ചിത്രങ്ങൾ തേയില തോട്ടത്തിലെ മരങ്ങളിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ചു.

നൂറടി കവലയും കഴിഞ്ഞ് വിജനമായ കാപ്പി തോട്ടങ്ങളിലൂടെയായി യാത്ര. വാഹനങ്ങൾ തീരെ കുറഞ്ഞ വഴികൾ. വിജനമായ കാപ്പിത്തോട്ടവും കാടുകളും നിറഞ്ഞ സ്ഥലത്ത് കാർ ഒതുക്കി നിർത്തി വേഴാമ്പലിനെ നോക്കി നടത്തം തുടങ്ങി. ആദ്യമായി കണ്ടവർ ഞങ്ങളിലുണ്ടെങ്കിലും അപ്പോഴേക്കും എല്ലാവരും അടുത്ത സുഹൃത്തുക്കളായി മാറിയിരുന്നു. എറണാകുളംകാരായ രാംഹരി ,വിപിൻ മാർ രണ്ടാൾ ആൻവിൻ, മിത്രയും മോനും പിന്നെ ഞങ്ങളും ആയിരുന്നു ഞങ്ങളുടെ ടീം. വല്ലപ്പോഴും വരുന്ന ഓരോ വാഹനങ്ങളൊഴിച്ചാൽ വഴി മിക്കവാറും വിജനം തന്നെ ആയിരുന്നു. ശബ്ദം ഉണ്ടാക്കാതെ നടക്കണമെന്ന് രാമിന്റെ നിർദ്ദേശം. സ്വതസിദ്ധമായ രസികൻ സംഭാഷണത്താൽ രാം എല്ലാവരെയും പെട്ടന്ന് കയ്യിലെടുത്തു കഴിഞ്ഞിരുന്നു. വേഴാമ്പൽ പറക്കുമ്പോൾ വിമാനം പറക്കുന്ന പോലെ ഒരു ശബ്ദമുണ്ടാവും. ഇതും വൃക്ഷങ്ങളിലിരുന്ന് ഇവയുണ്ടാക്കുന്ന വലിയ ശബ്ദങ്ങളും ശ്രദ്ധിച്ചാണ് ഇവയുടെ സാന്നിദ്ധ്യം മനസ്സിലാക്കുകയത്രെ.

കുറച്ച് നടന്നപ്പോൾ തന്നെ വിമാനം പോകുന്ന പോലൊരു ശബ്ദം. തൊട്ടു മുന്നിലൂടെ ചിറകുവിടർത്തി രാജകീയ പ്രൗഢിയിൽ പറക്കുന്ന അവനെ തൊട്ടടുത്ത് കണ്ടപ്പോൾ രോമാഞ്ചം. യാത്രയുടെ ആദ്യപടി സഫലം. ഇനി ഫോട്ടോ എടുക്കണം. വലിയൊരു മരത്തിന്റെ മുകളിലേക്ക് ക്യാമറകൾ തിരിയുന്നത് കണ്ടപ്പോൾ അങ്ങോട്ട് നോക്കി. ഞാനൊന്നും കാണുന്നില്ല. എല്ലാവരും വേഴാമ്പലിനെ കണ്ടു. 'ചേച്ചിയുടെ നോട്ടീസ് പവർ വളരെ മോശമാണ് ട്ടൊ' രതീഷിന്റെ കമന്റ്. ക്യാമറയിൽ അവനെടുത്ത ഒരു ഫോട്ടോ കാണിച്ചു തന്നപ്പോഴാണ് വേഴാമ്പലിന്റെ കൃത്യമായ സ്ഥാനം പിടികിട്ടിയത്. ദൂരെയാണ്. സൂക്ഷിച്ചു നോക്കുമ്പോഴേക്കും അത് ഇലകൾക്കിടയിൽ മറഞ്ഞു.

വീണ്ടും മുന്നിലേക്ക് നടന്നു തുടങ്ങി. പെട്ടന്നാണ് ആശിച്ച ആ കാഴ്ച കണ്ടത് വേഴാമ്പൽ പൂത്തുലഞ്ഞ പോലൊരു മരം. നിറയെ വേഴാമ്പലുകൾ. ഇണക്കിളികളുടെ സ്നേഹപ്രകടനങ്ങൾ. ചുവന്ന കണ്ണുള്ളവയാണ് ആൺവേഴാമ്പൽ വെളുത്ത കണ്ണുള്ളവ പെൺപക്ഷികളും, പ്രിയതമയുടെ കൊ



ക്കിലേക്ക് സ്നേഹത്തോടെ കൊടുക്കുന്ന പഴങ്ങൾ. ഒരാൾ മരത്തിന്റെ ഏറ്റവും മുകളിൽ ഇരുന്ന് മുകളിലൂടെ പറക്കുന്ന തുമ്പികളെ പിടിച്ച് കഴിക്കുന്നു. രസകരമായ ഒരു കാഴ്ചയായിരുന്നു അത്.മതിയാവോളം വേഴാമ്പൽ ചിത്രങ്ങൾ പകർത്തി.

ചില സമയത്ത് കാട്ടിൽ നിന്നും മുഴങ്ങുന്ന സ്വരങ്ങൾ തിരമാലകളെ പോലെ അലയടിച്ചുയർന്ന് വീണ്ടും നേർത്ത് നേർത്ത് കുറയുന്നു. .മലമുഴക്കി വേഴാമ്പൽ എന്ന് ഇവയെ വിളിക്കുന്നതിന്റെ കാരണം ഇതാവാം. പശ്ചിമഘട്ടത്തിലെ ഇലപൊഴിയാ കാടുകളിലെ വലിയ മരങ്ങളിലാണ് വേഴാ



മ്പൽ കൂട് കൂട്ടുന്നത്. ഭംഗിയും കുടുംബജീവിതത്തിലെ സ്നേഹ ബന്ധവും ജീവിതചര്യയുടെ പ്രത്യേകതകളുമാണ് ഇവയ്ക്ക് സംസ്ഥാന പക്ഷിയുടെ പദവി നേടികൊടുത്തത്. ഏകപത്നീ വ്രതക്കാരനായ ആൺവേഴാമ്പലാണ്, മുട്ടയിട്ട് മരത്തിന്റെ പോതിൽ വാതിൽ ദ്വാരം അതിന്റെ കാഷ്ഠവും മരത്തൊലിയും ചെളിയും കൊണ്ടടച്ചുമൂടി അതിൽ അടയിരിക്കുന്ന പെൺവേഴാമ്പലിനും വിരിഞ്ഞു വരുന്ന കുട്ടികൾക്കുമുള്ള ഭക്ഷണം ശേഖരിച്ച് നൽകുന്നത്. വാതിലിലെ ചെറിയൊരു ദ്വാരത്തിലൂടെയാണ് ഈ കൈമാറ്റം. ഏകദേശം രണ്ട് മാസത്തോളം നീളുന്ന ഈ കാലത്ത് അതായത് കുഞ്ഞുങ്ങളും അമ്മയും വാതിൽ പൊളിച്ചു പുറത്ത് വരുന്നതുവരെ രാത്രിയും പകലും മഞ്ഞായാലും മഴയായാലും ആൺപക്ഷി പുറത്ത് ശ്രദ്ധയോടെ കാവലിരിക്കുന്നു. ബന്ധനസ്ഥയായ ഭാര്യയേയും മക്കളേയും സ്നേഹിക്കുന്ന യഥാർത്ഥ കുടുംബനാഥനെ നമുക്ക് ഇവരിൽ കാണാൻ കഴിയും. കുഞ്ഞുങ്ങളെയും കൊണ്ട് കൂട് പൊളിച്ചു പുറത്തു വരുന്ന പെൺപക്ഷിയുടേയും ആൺപക്ഷിയുടേയും സ്നേഹപ്രകടനങ്ങൾ കാണേണ്ട കാഴ്ചയാണെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.



ഒരു പക്ഷെ ഇത്തരം സ്നേഹപ്രകടനത്തിനാവും ഞങ്ങളും സാക്ഷ്യം വഹിച്ചത്. അത്തിമരത്തിന്റേയും മുളക്നാറിയുടേയുമൊക്കെ പഴുത്ത പഴങ്ങളാണ് ഇവയുടെ ഇഷ്ട ഭക്ഷണം. അണ്ണാൻ ഓന്ത് പോലുള്ള ചെറിയ ജീവികളെയും ഇവ ഭക്ഷണമാക്കും. ഞങ്ങളുടെ സാന്നിദ്ധ്യം അറിയിക്കാതെ ഇലപോലും അനങ്ങാതെ ഞങ്ങൾ നടന്നു. അങ്കുറച്ചകലെ മരത്തിൽ കറുത്തൊരു വൈറ്റ് ബെല്ലീഡ് വുഡ്പെക്കർ എന്ന അപൂർവ്വ മരംകൊത്തി. ചുവന്ന തലപ്പാവും വച്ച് ചാടിച്ചാടി മുകളിലേക്ക് കയറുന്നു. സുന്ദരൻമാരായ മലയണ്ണാൻമാർ മരങ്ങളിൽ ചാടിക്കളിക്കുന്നുണ്ട്. കാഴ്ചകൾ കണ്ട് സംതൃപ്തിയോടെ തിരിച്ചു നടന്നു.കൊണ്ടുപോയിരുന്ന ഭക്ഷണം എല്ലാവരും പങ്കിട്ടു കഴിച്ചു. ഇടക്ക് ജീപ്പിൽ നിന്ന് ചാടിയിറങ്ങി വന്ന വനംവകുപ്പ് ഉദ്യോഗസ്ഥർ കാടിനുള്ളിലേക്ക് കടക്കരുത് വേഴാമ്പലുകളെ ശല്യപ്പെടുത്ത് എന്നെല്ലാം ഉപദേശം നൽകി. വളരെ മാന്യമായ പെരുമാറ്റം. സന്തോഷം തോന്നി. വേഴാമ്പൽ പറക്കുന്നത് കാണാൻ ഇവയെ കല്ലെടുത്ത് എറിയുന്ന ആളുകൾ വരെ ഉണ്ടെത്രെ. കഷ്ടം.

എല്ലാവരുടെയും കാലുകളിൽ നിന്ന് ചോര ഒഴുകുന്നുണ്ട്. അട്ടകടിച്ചതാണ്. ഓരോ അട്ടയെ കണ്ട് വിറക്കുമ്പോഴും മിത്ര തന്ന ധൈര്യം. ചേച്ചീ ഇതിനെ കൈ കൊണ്ട് പിടിച്ച് ഞങ്ങൾ ട്രീറ്റ്മെൻറിന് ഉപയോഗിക്കാറുണ്ട്. മിത്രയുടെ കാൽപാദം കണ്ടാൽ ഭരതനാട്യത്തിന് ചുവന്ന ഛായം പൂശിയ പോലുണ്ട്. അട്ടപ്പേടി അതോടെ മാറിക്കിട്ടി. സാനിറ്റൈസർ സ്പ്രേ ചെയ്താൽ അട്ടവിട്ടു പോകും എന്നൊരു പുതിയ കണ്ടുപിടുത്തവും ഞങ്ങൾ നടത്തി. തിരിച്ചിറങ്ങി ചെറിയൊരു ഹോട്ടലിൽ നിന്നൊരു ചുടു ചായ. ചൂടുള്ള പഴംപൊരിയും. അയപ്പൻ തിട്ട് വ്യൂ പോയൻറിൽ ഒരു ഗ്രൂപ്പ് സെൽഫിയും ഫോട്ടോഷൂട്ടും. എ.വി.ടി. ഔട്ട് ലെറ്റിൽ നിന്ന് ചായപ്പൊടി വാങ്ങി.. നെല്ലിയാമ്പതി ഓറഞ്ച് മധുരവും നുകർന്ന് ഞങ്ങൾ പിരിഞ്ഞു. ഇനിയും കാണാം എന്ന മധുര വാഗ്ദാനവുമായി.

വാസ്തവം



ഡോ.ജാൻസി ജോസ്




# ഔദാര്യമല്ല, അവകാശമാണ്

സിനിമാലോകം രഹസ്യങ്ങളുടെ കലവറയാണെന്നും അത് ആ ലോകത്തുള്ളവർ മാത്രം അറിഞ്ഞാൽ മതിയെന്നുംഎല്ലാവരും ഒരുപോലെ സമ്മതിച്ചിരുന്നകാര്യായിരുന്നു.സിനിമയിൽ അഭിനയിക്കണമെങ്കിൽ എല്ലാം നഷ്ടപ്പെടുത്തേണ്ടിവരും എന്നൊക്കെ പണ്ടുള്ളോർ പറഞ്ഞു കേട്ടിരുന്നു. ഇന്നും അതു തന്നെ പറയുമ്പോഴാണ് ലവന്മാരുടെ തലയിലൊന്നും നേരം വെളുത്തില്ലാന്ന് മനസ്സിലാവുന്നത് . എല്ലാത്തരം പീഡനങ്ങളും പുറത്തുപറയാതിരിക്കാനാവില്ല എന്നു വരുമ്പമ്പോൾ മാത്റമാണ് അനുഭവിക്കുന്നവർ അത് തുറന്ന് പറയുന്നത്. സിനിമാലോകം അതിനുള്ളിലെ പെണ്ണുങ്ങളെ ഇഷ്ടം പോലെ കൈകാര്യം ചെയ്യാനുള്ള അവകാശം തീറെഴുതി വാങ്ങിയ കളികളല്ലേ കളിക്കുന്നത്?.കുറ്റംചെയ്യുന്നവരും അത് മൗനം കൊണ്ട് സപ്പൊർട്ടു ചെയ്യുന്നവരും കുറ്റവാളികളാണ് എന്നറിയാല്ലോ.കൃത്യമായും തെളിവുണ്ടായിട്ടും ക മാ ന്നു ഒരക്ഷരം മീണ്ടാത്ത വൃത്തികെട്ട മനസ്സുകളും ധാരാളം.എന്തായാലും എന്തുകണ്ടാലും വാതുറക്കരുത് എന്ന അലിഖിത നിയമത്തിനാണിപ്പോൾ പൂട്ടു വീണിരിക്കന്നത്.സധൈര്യം പുറത്തു പറഞ്ഞവും അവരെ സപ്പോർട്ട് ചെയ്തവരും നമുക്ക് അഭിമാനമായി മാറിയിരിക്കുകയാണ്. സിനിമാലോകം എന്തൊരു അപമാനമായിരുന്നു നമുക്ക് ഉണ്ടാക്കി വെച്ചിരുന്നത് ? ഇക്കാലമത്രയും അഭിനയമോഹികളായ പെണ്ണുങ്ങൾ അനുഭവിച്ചു പോന്ന എല്ലാ അവസ്ഥകളും;അതായത് പീഡനങ്ങളും അടിമത്തവും മറ്റു തിരസ്കാരങ്ങളും തുറന്നു പറയാൻ തയ്യാറായി മുന്നോട്ടു വരേണ്ടതുണ്ട്. സിനിമയിലെ ആണഹങ്കാരത്തിന്റെ മുനയൊടിക്കാൻ സമയമായി.ഈ ലോകം നമ്മുടെ അവകാശമാണ്. ആരുടേം ഔദാര്യമല്ല.

ചർച്ചാവിഷയം






# ഏറ്റവും ഉയരമുള്ള കൊടുമുടിയിലേക്ക് ഒരു സാഹസികയാത്ര



**കവിത സലേഷ്**
അബുദാബിയിൽ
എഞ്ചിനീയറിംങ്
കൺസൾട്ടൻസിയിൽ ജോലി

*നാലുതവണ ഹിമാലയം കയറിയിട്ടുള്ള കവിത അബുദാബിയിൽ കുടുംബത്തോടൊപ്പം ആണ് താമസം. നാട്ടിൽ തൃശൂർ ജില്ലയിലെ പേരാമ്പ്ര ആണ് സ്വദേശം. ഗായത്രി , ഹിരണ്യ എന്ന രണ്ടു പെൺമക്കളുടെ അമ്മ കൂടിയാണ് അബുദാബിയിൽ ഒരു എഞ്ചിനീയറിംഗ് കൺസൾട്ടൻസിയിൽ ജോലി ചെയ്യുന്ന കവിത . നെടുപുഴ പോളിടെക്നിക്കിൽ നിന്നും ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പഠിക്കുമ്പോൾ എൻ.സി.സി, എൻ.എസ്.എസ്, നേച്ചർ ക്ലബ്ബ് ഇതിലെല്ലാം സജീവമായിരുന്നു.സാഹസിക യാത്ര ഇഷ്ടപ്പെടുന്ന ആളായതു കൊണ്ട് തന്നെ ദുബായിൽ 13000 അടി മുകളിൽ നിന്നുള്ള സ്കൈഡൈവും, പാരാഗ്ലൈഡിംഗും ഉള്ളിലെ സാഹസികതയെ തൃപ്തിപ്പെടുത്തുന്നതായിരുന്നു.ഇലക്ട്രിക്കൽ എഞ്ചിനീയർ ആയ ഭർത്താവ് സലീഷ് പൂർണ പിന്തുണ നൽകുന്നു. എല്ലാ വർഷവും കുടുംബത്തോടൊപ്പം ഒരു യാത്രയും , പിന്നെ ട്രെക്കിങ്ങും ഓൾ ലേഡീസ് ട്രിപ്പും അല്ലെങ്കിൽ സോളോ ട്രിപ്പും അടങ്ങുന്നതാണ് കവിതയുടെ യാത്രകൾ.*

കിളിമഞ്ചാരോ ആഫ്രിക്കയിലെ ഏറ്റവും ഉയരം കൂടിയ പർവതം : നമ്മൾ എല്ലാവരും യാത്ര പോകുന്നത് ഒന്നുകിൽ നമ്മുടെ സുഹൃത്തുക്കളുടെ യാത്രാവിവരണം കണ്ടിട്ടോ, കേട്ടിട്ടോ അല്ലെങ്കിൽ സഞ്ചാരം പോലുള്ള പരിപാടികൾ കണ്ടിട്ട്, അതുമല്ലെങ്കിൽ പുസ്തകങ്ങൾ വായിച്ചിട്ട്, ചിലപ്പോൾ ഏതെങ്കിലുമൊരു ഒരു ഫോട്ടോ കണ്ടിട്ട്. എന്നാൽ യാതൊരു പരിചയവും ഇല്ലാത്ത ഒരു എയർ ഹോസ്റ്റസിന്റെ വാക്കുകേട്ട് ഞാൻ ഇറങ്ങി പുറപ്പെട്ട യാത്രയാണ് കിളിമഞ്ചാരോ ട്രെക്ക്.

ബ്രഹ്മതാൽ ട്രെക്കിനായി എത്തിഹാദ് എയർ

വേയ്സിന്റെ അബുദാബിയിൽ നിന്നും ഡൽഹിയിലേക്കുള്ള യാത്രക്കിടയിൽ എയർ ഹോസ്റ്റസ്സിന്റെ ചോദ്യം നിങ്ങളുടെ ബാഗ് വളരെ ഇഷ്ടമായി. നിങ്ങൾ ട്രെക്കിങ്ങിനായുള്ള യാത്രയിലാണോ? പിന്നീട് നടന്ന കൊച്ചു വർത്തമാനത്തിനിടക്ക് എവിടെ എല്ലാം പോയിട്ടുണ്ട് എന്ന ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞത് കിളിമഞ്ചാരോ എന്നാണ്. അതുവരെ ഫിറ്റ്നസ് അങ്ങേയറ്റം വർക്ക് ചെയ്യുന്നവർക്ക് മാത്രമേ അതെല്ലാം സാധിക്കൂ എന്ന് കരുതിയിരുന്ന ഞാൻ അതു കേട്ട് ഞെട്ടി അന്തം വിട്ടുള്ള എന്റെ ഇരിപ്പ് കണ്ടിട്ടാവും അവർ പറഞ്ഞു നിനക്കും ചെയ്യാവുന്നതാണ്. ഹിമാലയൻ ട്രെക്കുകൾ ചെയ്യുന്നതല്ലേ എന്ന്. അന്നുമുതൽ ആഫ്രിക്കയുടെ മേൽക്കൂര ഞാൻ സ്വപ്നം കണ്ടു തുടങ്ങി.




ദുബായിലെ ഒരു ട്രെക്കിംഗ് ഗ്രൂപ്പ് വഴി ബുക്ക് ചെയ്തു. ട്രെക്കിങ് ലീഡർ, ഒരു ഐ.ടി എൻജിനീയർ, പിന്നെ ഞാൻ. അനേകം സഫാരി പാർക്കുകളുടെ കേന്ദ്രം കൂടിയാണ് കിഴക്കൻ ആഫ്രിക്കയിലെ ടാൻസാനിയ. നൂറ്റിരുപതോളം ഗോത്രവർഗ്ഗക്കാർ ഉണ്ട്. അടിമത്തം ചരിത്രത്തിലെ ഏറ്റവും വലിയ ക്രൂരത കാട്ടിയ സാൻസിബാർ ഉണ്ട്. അങ്ങനെ സഞ്ചാരികൾക്കുള്ള ഒരു വിശാല ലോകമാണ് ടാൻസാനിയ. അതുകൊണ്ടുതന്നെ ആദിമ വർഗ്ഗത്തിൽപ്പെട്ട ബുഷ് മെൻ എന്ന് വിളിക്കുന്ന ഹഡ്സബെ എന്ന ഗോത്ര വർഗ്ഗത്തേയും, സിംഹം പോലും ഭയപ്പെടുന്ന മസായി ഗോത്ര വർഗ്ഗത്തേയും എന്തായാലും പോയി കാണണമെന്ന് വിചാരിച്ചു. സിംഹം മുതൽ എല്ലാ വന്യ ജീവികളും സൈര്യ വിഹാരം നടത്തുന്ന ഒന്ന് രണ്ടു സഫാരി ഡ്രൈവുകളും ബുക്ക് ചെയ്തു.

ദുബായിൽ നിന്നും എത്യോപ്യയിലെ ആഡിസ് അബാബയിലേക്ക്. അവിടെനിന്നും ടാൻസാനിയയിലേക്ക് പറക്കുന്ന എത്യോപ്യൻ വിമാനത്തിലെ പൈലറ്റിന്റെ അനൗൺസ്മെന്റ് എത്തി. 'നിങ്ങളിൽ ചിലരെങ്കിലും ടാൻസാനിയയിലേക്ക് വന്നത് ആഫ്രിക്കയിലെ ഏറ്റവും വലിയ കൊടുമുടി കയറുക എന്ന ആഗ്രഹത്താലാകും. അങ്ങനെയെങ്കിൽ നിങ്ങൾ വിമാനത്തിന്റെ ഇടതുവശത്തേക്ക് നോക്കുക. ആ കാണുന്നതാണ് കിളിമഞ്ചാരോ.' പെട്ടെന്ന് കൗതുകത്താൽ ചെറിയ ജനൽപാളിയിലൂടെ പുറത്തേക്ക് നോക്കി. വിമാനത്തിന്റെ ഉയരത്തിന് സമാന്തരമായി മേഘങ്ങൾക്ക് മുകളിൽ തലയെടുപ്പോടെ കിളിമഞ്ചാരോ പർവ്വതം നിൽക്കുന്നു. കേക്കിനു മുകളിൽ ഐസ് ഫ്രോസ്റ്റിങ് ചെയ്ത പോലെ. കുറച്ചു മാറി മേരു പർവ്വതവും കാണാം. അതേസമയം തന്നെ ഉൽക്കണ്ഠയും വന്നു. ദൈവമേ ഇതിനുമുകളിൽ ആണല്ലോ കയറി എത്തേണ്ടത് എന്ന്.

Kessy brothers ആയിരുന്നു ടാൻസാനിയയിലെ ട്രക്കിങ്ങ് കമ്പനി. നമ്മുടെ കയ്യിൽ നിന്ന് എന്തെങ്കിലും ട്രെക്കിങ്ങ് ഗിയർ കൊണ്ടുവരാൻ മറന്നാൽ അവർ ഫ്രീ ആയി നമുക്ക് ഉപയോഗിക്കാൻ തരും. മറ്റെല്ലാ കമ്പനികൾക്കും റെന്റ് ചാർജ് കൊടുക്കേണ്ടിവരും. ട്രക്കിങ് കമ്പനിയിൽനിന്ന് ഗൈഡും, കുക്കും, പോർട്ടർമാരും ഉൾപ്പെടെ ഒമ്പത് പേർ മോഷിയിൽ നിന്ന് പുറപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോൾ വഴിയിൽ ആരുഷ് നാഷണൽ പാർ


48/സംഘടിത/മെയ് 2022/ വോള്യം 18/ലക്കം 24



ക്കിൽ നിന്നും ജിറാഫും, വിൽഡ്ബീസ്റ്റുകളും (wildebeest) അങ്ങകലെ നടക്കുന്നത് കണ്ടു. മൃഗങ്ങൾക്ക് എന്ത് അതിർത്തി?

ഏറ്റവും വലിയ അഗ്നിപർവ്വതങ്ങളിലൊന്നാണ് ടാൻസാനിയയിലെ കിളിമഞ്ചാരോ. പലദിശകളിൽ നിന്ന് പലവിധ ട്രെക്കിങ്ങ് അനുഭവങ്ങളുമായി ഇതിന്റെ മുകളിലേക്ക് നടക്കാവുന്ന ഏഴ് റൂട്ടുകളുണ്ട്. അതിൽത്തന്നെ ദൈർഘ്യമേറിയതും മിനിമം ഏഴു ദിവസം വേണ്ടതുമായ ലെമോഷെ ട്രെക്കിങ് റൂട്ടാണ് തിരഞ്ഞെടുത്തത്.

ആദ്യത്തെ രണ്ടുദിനം, പിന്നെ തിരിച്ചിറങ്ങുന്ന അവസാന ദിനവും മഴക്കാടുകളിലൂടെ സഞ്ചരിക്കാം എന്നതാണ് ഈ റൂട്ട് തിരഞ്ഞെടുക്കാൻ കാരണം.

പോർട്ടർമാർ ആണല്ലോ യഥാർത്ഥ ഹീറോകൾ. ഗേറ്റിൽ പോർട്ടർമാരുടെ ലഗേജിന്റെ വെയിറ്റ് പരിശോധിക്കുന്നത് കണ്ടു. ഒരാൾക്ക് മാക്സിമം 30 കിലോ വരെയേ പറ്റൂ. കൊണ്ടുപോകുന്ന ഭക്ഷണത്തിന്റെ അളവ് വരെ നോക്കും. വേസ്റ്റ് എല്ലാം തിരിച്ചു കൊണ്ടുവരണം. അവർക്കിത് നിത്യാഭ്യാസവും വയറ്റിപ്പിഴപ്പും ആണ്.

വളരെ മനോഹരവും എളുപ്പവുമായ യാത്രയായിരുന്നു ആദ്യദിനം. നമ്മൾ മഴക്കാടുകളിലൂടെ ചില കുരങ്ങുകളെയും കണ്ട്, പക്ഷികളുടെ പാട്ടും കേട്ട് ആയാസരഹിതമായ നടത്തം. ഒരുപാടു സസ്യലതാദികൾ, പൂക്കൾ എല്ലാം ട്രെക്കിൽ കണ്ടു. അതിൽ പ്രധാനം potrea എന്ന സൗത്ത് ആഫ്രിക്കയുടെ ദേശീയ പുഷ്പം ആണ്.

വലിയ മരങ്ങളുടെ നടുവിൽ ആയിരുന്നു ആദ്യ ക്യാമ്പ്. കയ്യും കാലും എല്ലാം കഴുകാൻ വെള്ളം കൊണ്ടുവന്ന് തരും. നല്ല ഭക്ഷണമായിരുന്നു ചിക്കൻ വറുത്തതും, പൊട്ടറ്റോ ഫ്രൈ, സൂപ്പ്, ഫ്രൂട്ട്സ് എല്ലാം ഉണ്ടായിരുന്നു. ഒരു കാര്യം മനസ്സിലായത് പിന്നീടാണ്. മറ്റുള്ളവർക്കെല്ലാം പ്രത്യേകം ടോയ്‌ലറ്റ് ഉണ്ടായിരുന്നു. ഞങ്ങളുടെ ഗ്രൂപ്പിൽ ഇല്ലായിരുന്നു. ഒരു വനിതാ യാത്രിക കൂടെ ഉണ്ടായിട്ടും ഒരു അഡിഷണൽ ടോയ്‌ലറ്റിനു വേണ്ട നൂറു ഡോളർ ദുബായ് കമ്പനി ലാഭിച്ചതാണത്രേ. നേരത്തെ അറിഞ്ഞിരുന്നേൽ ഞാൻ കൊടുത്തേനെ പൈസ.  എല്ലാ ക്യാമ്പുകളിലും കോമൺ ടോയ്‌ലറ്റ് ഉണ്ടായിരുന്നെങ്കിലും, കണ്ടീഷൻ വളരെ മോശമായിരുന്നു. എല്ലാവരും എഴുന്നേൽക്കുന്നതിന് മുൻപ് വെളുപ്പിന് തണുപ്പിൽ വെളിയിൽ പോയി കാര്യം സാധിക്കുകയേ എനിക്ക് നിവൃത്തി ഉണ്ടായിരുന്നുള്ളൂ.

ടാൻസാനിയയിലെ സ്വാഹിലി ഭാഷയിൽ ' പോലെ പോലെ '(സ്ലോ സ്ലോ) എന്നതാണ് കിളിമഞ്ചാരോ ട്രെക്കിന്റെ സ്ലോഗൻ. വളരെ പതുക്കെ നടന്നെത്തേണ്ട ദൂരമാണ് കിളിമഞ്ചാരോ. ഉയരം കൂടും തോറും ഓക്സിജൻ അളവ് കുറയുന്നതാണ്

വെല്ലുവിളി. ധാരാളം വെള്ളം കുടിക്കണം ഇതിനെ മറികടക്കാൻ. എ.എം.സ് നെ ചെറുക്കാനുള്ള ഡയമോക്സ് മരുന്ന് ഞാൻ കഴിച്ചിരുന്നില്ല.

പിറ്റേന്ന് ഷിറ ഒന്നും രണ്ടും ഒന്നിച്ചാണ് ചെയ്തത്. ആ 17 കിലോമീറ്റർ വളരെ ബുദ്ധിമുട്ടായിരുന്നു. ചെറിയ കുറ്റിക്കാടുകളും പുൽമേടുകളും, മൂൻലാന്റും ഈ ഒറ്റ ദിവസം കാണാൻ പറ്റി. ഗ്രൂപ്പ് ലീഡർക്ക് അന്ന് വൈകുന്നേരം വയ്യാതെയായി. കുറച്ചു പേടിച്ചെങ്കിലും പിറ്റേന്ന് രാവിലെ ആൾ ആരോഗ്യം വീണ്ടെടുത്തു.

ബറാൻകോ മതിൽ വഴിയുള്ള യാത്ര ആദ്യം രസകരമായിരുന്നു. കുത്തനെയുള്ള വലിയ പർവ്വതമതിൽ ഒരു കുരങ്ങനെ പോലെ, ചിലയിടങ്ങളിൽ രണ്ട് കൈ ഉപയോഗിച്ച് കയറിയിരുന്നു. ഒരിടത്ത് പാറയിടുക്കിലൂടെ നൂണ്ടു കടക്കണമായിരുന്നു മറുവശത്ത് കൊക്കയാണ്. പോർട്ടർമാർ വലിയ ഭാരവും കൊണ്ട് വരുന്നത് കാണുമ്പോൾ പേടി തോന്നിയിരുന്നു. ഇതിനിടക്ക് ഒരാൾ വീഴുകയും ചെയ്തു. ഭാഗ്യത്തിന് ഒന്നും പറ്റിയില്ല.

ലാവാ ടവർ എന്ന, അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു വീണ വലിയ കറുത്ത ഉയരംകൂടിയ പാറക്കൂട്ടങ്ങൾ വഴി പതിയെ നടന്നു വന്നപ്പോൾ ഗൈഡ് ജോസഫിന് സംശയം. വയ്യാതെ ആയതുകൊണ്ടാണോ എന്ന്. എന്റെ ലഗേജ് വാങ്ങി പിടിക്കണമെന്ന് നിർബന്ധവും പിടിച്ചു. കുറച്ചുകൂടി സ്പീഡിൽ നടക്കാൻ ഞാൻ തീരുമാനിച്ചു. കുറച്ചു



കഴിഞ്ഞപ്പോൾ പുറകിൽ നിന്നും ഗൈഡ് ബറാക്കയുടെ വിളി. പെട്ടെന്ന് പേടിച്ചുപോയി. കാരണം കൂടെയുള്ള ഐ.ടി എൻജിനീയർ diamox ടാബ്ലെറ്റ് എടുത്തിരുന്നു. മാത്രമല്ല ശ്വാസമെടുക്കാനുള്ള ബുദ്ധിമുട്ടും ഉണ്ടായിരുന്നു. പിന്നീടാണ് മനസ്സിലായത് അവരുടെ വെള്ളം തീർന്നു പോയിരുന്നു. ക്യാമ്പിന് അടുത്തേക്ക് നടക്കുന്ന വഴിയിൽ കിളിമഞ്ചാരോയിൽ മാത്രം കാണപ്പെടുന്ന ഗ്രൗണ്ട് ഷെൽ എന്ന എന്ന സസ്യം കണ്ടു. കൈതച്ചക്കയുടേയും ഈന്തപ്പനയുടേയും ഒരു കോമ്പിനേഷൻ പോലെ തോന്നുന്നു.

ജീവിതത്തിൽ കണ്ട ഏറ്റവും മനോഹരമായ സൂര്യാസ്തമയം. അത് karanga ക്യാമ്പിലേത്. സൂര്യനും കോടയുംതമ്മിലുള്ള ഉള്ള ഒരു ഒളിച്ചുകളി ആയിരുന്നു.

എന്നാൽ അന്ന് രാത്രി ഒരു കാളരാത്രി ആയിരുന്നു. കൂടെയുള്ള ആൾക്ക് വീണ്ടും വയ്യാതെയായി. രാത്രി രണ്ടു മണിയോടുകൂടി അദ്ദേഹത്തെ താഴേക്ക് ഇറക്കാൻ തീരുമാനിച്ചു. ഗൈഡ് ബറാക്കയും വേറെ രണ്ട് ആൾക്കാരും കൂടെ പോയി. പിന്നീട് അറിഞ്ഞു കുറച്ചു ദൂരം അദ്ദേഹത്തെ ചുമന്നു കൊണ്ടാണ് പോയതെന്ന്. ഉറക്കമില്ലാത്ത രാത്രി. അതുകൊണ്ടുതന്നെ വളരെ വൈകിയാണ് ഉണർന്നത്. അപ്പോഴേക്കും എല്ലാവരും ഉണർന്നു തുടങ്ങിയിരുന്നു. ടോയ്‌ലറ്റ് കാര്യം അവതാളത്തിലായി.

രാവിലെ ജോസഫ് പറഞ്ഞു, വയ്യാത്ത ആളെ ഹോസ്പിറ്റലിലേക്ക് മാറ്റി എന്ന്. എന്റെ എല്ലാ ആത്മവിശ്വാസവും തകർന്ന നിമിഷം. ഇന്നലെവരെ കൂടെ നടന്ന ആൾ ഇന്ന് ഹോസ്പിറ്റലിൽ. പെട്ടെന്ന് കരച്ചിൽ വന്നു. കുറച്ചുനേരം അവിടെ ഇരുന്ന് കരഞ്ഞു. വഴിയിൽ പോർച്ചുഗലിൽ നിന്നുള്ള ബെല്ലയും സൗത്ത് ആഫ്രിക്കയിൽ നിന്നുള്ള ജെന്നിയും കൂട്ട് കിട്ടി. വലിയ ഒരു ഒരു ഇൻസ്പിരേഷൻ ആണ് ജെന്നി. ഒരു കീമോതെറാപ്പി കഴിഞ്ഞു വരുന്ന വഴിയാണ്. മൊട്ടയടിച്ച തലയും, കയ്യിൽ നിറയെ മരുന്നുകളും പുഞ്ചിരി വിടാതെയുള്ള നടത്തവും. വീണ്ടും എന്നിൽ ഊർജ്ജം നിറച്ചു.

ഹിമാലയൻ ട്രെക്ക് ഗൈഡുകളോട്, ഇനി എത്ര ദൂരം ഉണ്ട് എന്ന് ചോദിച്ചാൽ അവർ ചിലപ്പോൾ പറയും അരമണിക്കൂർ, അല്ലെങ്കിൽ പറയും ഇപ്പോൾ എത്തുമെന്ന്. സത്യമല്ലെന്ന് നമുക്ക് പിന്നീട് മനസ്സിലാകും. എങ്കിലും അതു കേൾക്കുന്നത് ഒരു ആശ്വാസമാണ്. കിളിമഞ്ചാരോയിലെ ഗൈഡുകൾ സത്യം തുറന്നു പറയും. കൂടുതലും പാശ്ചാത്യ രാജ്യത്ത് ഉള്ളവരായിരുന്നു ട്രെക്കിങ്ങിന്. ഇന്ത്യക്കാർ ഞങ്ങളുടെ ഗ്രൂപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാശ്ചാത്യർ ഫിറ്റ്നസിന്റെ കാര്യത്തിൽ വളരെ മുൻപിലാണ്. പോരാത്തതിന് എല്ലാവരും Diamox എടുക്കുന്നുണ്ടായിരുന്നു.

15300 അടി ഉയരത്തിലുള്ള ബറഫു ക്യാമ്പിൽ വൈകുന്നേരം അഞ്ചുമണിക്ക് അത്താഴം കഴിച്ച് ഉറങ്ങാൻ പറഞ്ഞു.  വിശപ്പും ഇല്ല. ഉറക്കവുമില്ല. പതിനൊന്നരയ്ക്ക് 19,345 അടിയിലേക്കുള്ള കയറ്റം തുടങ്ങി. നാല് പാന്റ് ഉള്ളതുകൊണ്ട് രണ്ട് കാലും മടക്കാൻ പ്രയാസം ആയിരുന്നു. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ആ തണുപ്പിൽ ഒരു പാന്റ് ഊരി മാറ്റാൻ ഇരുന്നു. കുറെ നടന്നപ്പോൾ തണുത്ത കാറ്റിൽ കണ്ണുകളടഞ്ഞു തുടങ്ങിയിരുന്നു. ജോസഫിനോട് കെഞ്ചി നോക്കി, ഒരു രണ്ടു മിനിറ്റ് ഞാൻ ഇവിടെ കിടന്നു ഉറങ്ങട്ടെന്ന്. എന്നാൽ അദ്ദേഹം സമ്മതിച്ചില്ല. വളരെ പതുക്കെയാണ് ഞാൻ കയറി തുടങ്ങിയത്. ചിലർ ട്രെക്കിങ് നിറുത്തി തിരിച്ചു നടക്കുന്നുണ്ടായിരുന്നു. രണ്ടാമത്തെ വലിയ പോയിന്റ് ആയ സ്റ്റെല്ല പോയിന്റിലേക്കുള്ള കയറ്റം വളരെ പ്രയാസം ഉള്ളതായി തോന്നി. എത്ര നടന്നിട്ടും എത്താത്ത പോലെ. മാവെൻസി പർവ്വതത്തിനു മുകളിൽ  സൂര്യന്റെ ചുവപ്പു രാശികൾ കണ്ടു. മനോഹരമായ സൂര്യോദയം.

കുറച്ചു കഴിഞ്ഞപ്പോൾ ട്രെക്കിങ്ങ് ലീഡറും മതിയാക്കി തിരിച്ചു വരുന്നുണ്ടായിരുന്നു. അദ്ദേഹം അയേൺ മാൻ ഫൈനലിൽ എത്തിയിട്ടുള്ള ട്രെക്കിങ്ങ് ഇൻസ്ട്രക്റ്റർ കൂടി ആണെന്ന് ഓർക്കണം. പല ശരീരങ്ങളും പർവ്വത ഉയരങ്ങളിൽ വ്യത്യസ്ത അവസ്ഥകളിൽ ആയിരിക്കും.

സ്റ്റെല്ല പോയിന്റ് അപ്പോഴും എത്തിയിട്ടില്ല. ഒരു ഘട്ടത്തിൽ നിർത്തിയാലോ എന്ന് ആലോചിച്ചപ്പോൾ ആണ്, വഴിയരികിൽ ഇരുന്ന ഒരു റഷ്യൻ ദമ്പതികൾ എന്നോട് പറഞ്ഞത് സോളോ ആയി ട്രെക്ക് ചെയ്യുന്നതാണ് ഏറ്റവും കഠിനം. അത് കൂടാതെ നീ ഇപ്പോൾ ഈ നടക്കുന്നത് ഏറ്റവും ബുദ്ധിമുട്ടുള്ള സ്ഥലം. ഇത് കഴിഞ്ഞാൽ എല്ലാം എളുപ്പം ആണെന്നും. അങ്ങിനെ വീണ്ടും നടത്തം തുടർന്നു. സ്റ്റെല്ല പോയിന്റ് എത്തി. എന്നാൽ വലിയ സന്തോഷം തോന്നിയില്ല. കാരണം ഗൈഡ് പറഞ്ഞു ലേറ്റ് ആയതു കൊണ്ട് ഉഹ്റു പീക്ക്, കയറാൻ കഴിയില്ല എന്ന്. നിരാശ നിറഞ്ഞ എന്റെ മുഖം കണ്ടിട്ടാവണം ജോസഫ് പറഞ്ഞു ഒന്ന് നടന്നു നോക്ക് എന്ന്. ഞാൻ ഓടുകയായിരുന്നു. പിന്നെ എല്ലാം സ്വപ്നം പോലെ. ഇടതു വശത്തു ഉയരത്തിൽ ഉള്ള ഹിമാനി. കൂർത്തു മുള്ളു പോലുള്ള മഞ്ഞുപാളികൾ താഴെ. വലതു ഭാഗത്തു അഗ്നിപർവത മുഖം. സൈൻ ബോർഡിനടുത്തു എത്തുമ്പോൾ അവിടെ ഉള്ള ആൾക്കാരോട് പോകല്ലേ എന്ന് ജോസഫ് വിളിച്ചു പറയുന്നുണ്ടായിരുന്നു. അത് ഞങ്ങൾടെ ഫോട്ടോ എടുത്തുകൊടുക്കാൻ ആയിരുന്നത്രേ. എന്റെ കണ്ണുകൾ നിറഞ്ഞു സന്തോഷം കൊണ്ട്.

അപ്പോഴേക്കും കോടയും, ചാറ്റൽ മഴയും തുടങ്ങിയിരുന്നു. തിരിച്ചിറങ്ങുമ്പോൾ വഴിയിൽ മൂന്നിടത്താണ് വീണത്. അത് കൊണ്ട് തന്നെ പ്രയാസപ്പെട്ടാണ് നടന്നു വന്നത്. ക്യാമ്പിനടുത്തു ഹെൽപ്പേഴ്സ് കൈ പിടിച്ചു. എല്ലാരും 'ഇന്ത്യൻ ലേഡിയു ആർ വെരി സ്ട്രോങ്ങ്' എന്ന് പറയുന്നുണ്ടായിരുന്നു. അന്ന് തന്നെ "ഹൈ" ക്യാമ്പിലേക്ക് നടന്നു.

പിറ്റേന്ന് മനോഹരമായ മറ്റൊരു യാത്ര. നല്ല തണലിൽ, മലനിരകളെ നോക്കി ഇറങ്ങാൻ നല്ല രസം ആയിരുന്നു. വഴിയിൽ എലെഫന്റ് ട്രങ്ക് എന്ന് പേരുള്ള പൂവും കണ്ടു.



അവിടെ നിന്ന് മോഷിയിലേക്കു യാത്ര. ആദ്യം പോയത് ഹോസ്പിറ്റലിൽ കിടക്കുന്ന ഫ്രണ്ടിനെ കാണാൻ. അദ്ദേഹത്തിന്റെ ആരോഗ്യം മെച്ചപ്പെട്ടു തുടങ്ങിയിരുന്നു. എന്നെ കണ്ടപ്പോൾ അഭിനന്ദിക്കുകയും എടുത്ത ഫോട്ടോ കണ്ടപ്പോൾ രോമാഞ്ചം വരുന്നു എന്നും ആണ് പറഞ്ഞത്. വിട പറയാൻ നേരം ടിപ്പിനു പുറമെ എന്റെ സോളാർ ചാർജറും, ഗ്ലൗസും, തെർമൽ ഫ്ലാസ്കും ട്രെക്കിങ്ങ് കമ്പനിയിലുള്ളവർക്കു കൊടുത്താണ് വന്നത്.

നെറ്റ്‌വർക്ക് കിട്ടി ഞാൻ സേഫ് ആണെന്ന് അറിയുന്നത് വരെ വീട്ടിലുമുള്ള പ്രിയതമന് ടെൻഷൻ ആയിരുന്നത്രേ. കാരണം ആ ദിവസങ്ങളിൽ ആണ് പത്തൊൻപതു വയസ്സുള്ള മലയാളി കുട്ടിയുടെ ജീവൻ EBC ചെയ്യുന്നതിനിടക്ക് പൊലിഞ്ഞു പോയത്. ഞാൻ Diamox എടുക്കാതെ ആണ് ട്രെക്ക് ചെയ്തത്. ധാരളം വെള്ളം കുടിച്ചു. പതിയെ ആണ് കയറിത്തുടങ്ങിയത്.

മുഖത്തെ സൺടാൻ ഇത് വരെ പോയിട്ടില്ല. ഓർമ്മകൾ ഒരിക്കലും മായാതെ ഇരിക്കട്ടെ. മലനിരകൾ വീണ്ടും വിളിച്ചു തുടങ്ങി. ഈ ട്രെക്ക് തന്ന ധൈര്യത്തിൽ അടുത്ത ട്രെക്കിനുള്ള തയ്യാറെടുപ്പിൽ ആണ്.




51/സംഘടിത/മെയ് 2022/ വോള്യം 18/ലക്കം 24





# കച്ചിലെ ഗ്രാമക്കാഴ്ചകൾ

**ഡോ. മിത്ര**
ആയുർവേദ ഡോക്ടർ
കോട്ടയം


‘കച്ച് കണ്ടില്ലെങ്കിൽ ഒന്നും കണ്ടിട്ടില്ല’! എന്ന അമിതാബ് ബച്ചന്റെ ഹിന്ദിയിലുള്ള പരസ്യവാചകം കേട്ടാണ് അഹമ്മദാബാദിൽ വിമാനമിറങ്ങിയത്.

ഇന്ത്യയിലെത്തന്നെ ഏറ്റവും വലിയ ജില്ലയും, ഗുജറാത്തിന്റെ പടിഞ്ഞാറേ അറ്റത്തുള്ള ജില്ലയും മാത്രമല്ല ലോകത്തെ ഏറ്റവും വലിയ ഉപ്പ് മരുഭൂമികൂടിയായ റൺ ഓഫ് കച്ചിനെ കുറിച്ചാണ് അമിതാബ് ജി പറയുന്നത്.

നവംബർ മുതൽ നാല് മാസത്തേക്ക് ‘കച്ച് ഫെസ്റ്റിവൽ’ എന്ന പേരിൽ കലാ മാമാങ്കം സംഘടിപ്പിക്കാറുണ്ട് ഇവിടെ. ഉത്സവ പൊലിമ ആസ്വദിക്കുന്നതിലേറെ താൽപര്യത്തോടെയാണ് കച്ചിലെ കലാഗ്രാമങ്ങൾ അടുത്തറിയാൻ തുടങ്ങിയത്. ഗ്രാമങ്ങളിലെ സ്ത്രീകളെല്ലാം തന്നെ കരകൗശല വിദഗ്ദ്ധരായിരുന്നു. പ്രത്യേകിച്ചും ചിത്രതുന്നൽ. സ്ക്വയർ ചെയിൻ, ഡബിൾ ബട്ടൺഹോൾ, പാറ്റേൺ ഡാർനിംഗ്, റണ്ണിംഗ് സ്റ്റിച്ച്, സാറ്റിൻ, സ്ട്രെ



യ്റ്റ് സ്റ്റിച്ചുകൾ തുടങ്ങിയ പലതരം തുന്നലുകളിൽ പ്രായഭേദമന്യെ അവർ  പ്രാവീണ്യം നേടിയിട്ടുണ്ട്.

മൺപാത്രങ്ങൾ നിർമിക്കുന്ന സാറാ ബെൻ താമസിക്കുന്ന ഖാവ്ട ഗ്രാമത്തിലേക്ക് പ്രവേശിച്ചാണ് കച്ച് ഗ്രാമക്കാഴ്ചകൾക്ക് തുടക്കമിട്ടത്.  സിന്ധു നദീ തട സംസ്കാര കാലഘട്ടത്തിൽ നിലനിന്നിരുന്ന മൺപാത്ര നിർമ്മാണത്തിലെ കലാവൈഭവമാണ് ഇവർ പിൻതുടരുന്നത് .

കുടുംബത്തിലെ പുരുഷൻമാർ പാത്രങ്ങൾ നിർമ്മിക്കുകയും, സ്ത്രീകൾ അതിൻമേൽ പല വർണ്ണങ്ങളിൽ  ഡിസൈൻ കൊടുക്കുകയും ചെയ്യും. പ്രകൃതിദത്തമായ കല്ലുകൾ ഉരച്ചാണ് അവർ  വ്യത്യസ്ത നിറങ്ങൾ തയ്യാറാക്കിയിരുന്നത്. ഞങ്ങൾ ചെന്നപ്പോൾ  സാറാ ബെൻ തറ ചാണകം മെഴുകുന്ന തിരക്കിലായിരുന്നു. ശരിക്കും ഗ്രാമീണമായ കാഴ്ച. അവിടെ കണ്ട, വളരെ സൂക്ഷ്മമായ ഡിസൈനുകളോട് കൂടിയ  കളിമൺ  പ്ലേറ്റും,  ഗ്ലാസും, ആശ്ചര്യം ജനിപ്പിക്കുന്നതായിരുന്നു. പാത്ര നിർമ്മാണത്തെ കുറിച്ച് വാചാലനാവുകയും നിർമ്മാണ രീതി കാണിച്ചു തരുകയും ചെയ്ത സാറാ ബെൻ അഭിമാനപൂർവം പറഞ്ഞു

‘കളിമൺ പാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട്  നാൽപ്പതു കൊല്ലം മുമ്പ് ഇന്ദിരാഗാന്ധിയുടെ വസതിയിൽ മൂന്നു മാസത്തോളം ഞാൻ താമസിച്ചിട്ടുണ്ട്’ എന്ന്.

തുടർന്നുള്ള യാത്ര ഹോഡ്ക ഗ്രാമത്തിലെ വാർഷിക ‘കാലി മേള’ കാണാനായിരുന്നു.  വലിയ മൈതാനത്തിൽ താല്കാലിക ഷെഡുകൾ കെട്ടിയുണ്ടാക്കിയാണ് കാലികളെ കെട്ടിയിരുന്നത്.  രണ്ടു ദിവസങ്ങളായി , ഏറ്റവും സൗന്ദര്യമുള്ള കാലികൾ , മികച്ച കൊമ്പുള്ളതും, കൂടുതൽ പാൽ ചുരത്തുന്നതുമായ കാലികൾ തുടങ്ങി കൗതുകകരമായ മത്സരങ്ങൾ അവിടെ നടന്നിരുന്നു. വിവിധ നിറങ്ങളിലുള്ള മുത്തുകൾ കൊണ്ടുണ്ടാക്കിയ ആഭരണങ്ങളാൽ അലങ്കരിച്ചിരുന്ന കന്നുകാലികളെ കാണാൻ നല്ല ചന്തമായിരുന്നു. വലിയ കൊമ്പുള്ളവയുടേയും, മൈലാഞ്ചി തേച്ച് ചുവപ്പിച്ച രോമങ്ങളുള്ള ന്യൂജൻ എരുമയുടെയൊപ്പവും  പടം പിടിക്കാൻ ആളുകൾ തിങ്ങിക്കൂടിയിരുന്നു.

ഈ ദിവസങ്ങളിൽ മറ്റു കായിക മത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിക്കും. ഞങ്ങൾ കൗതുകത്തോടെയും അൽപം ഭയത്തോടെയുമാണ് കുതിരയോട്ട മത്സരം കണ്ടത്. ജനാവലിയുടെ ആരവം ശ്രദ്ധിച്ചപ്പോഴാണ് ഒരു  കാര്യം ശ്രദ്ധയിൽ പെട്ടത് . അവിടെ ആൾക്കൂട്ടത്തിനിടയിൽ പ്രാദേശിക സ്ത്രീകളാരും തന്നെ  കാഴ്ചക്കാരായി ഉ



ണ്ടായിരുന്നില്ല. ഗ്രാമങ്ങളിലെ സ്ത്രീകൾക്ക് ഇത്തരം മേളകൾ കാണാൻ അനുവാദമില്ലായിരുന്നു . കച്ചവട കൗതുക കാഴ്ചകൾ കണ്ടു നടക്കുന്നതിനിടയിലാണ് ചെമ്പു മണികൾ വിൽക്കുന്ന അലികാക്കയെ പരിചയപ്പെട്ടത്. നിർമ്മാണ രീതികളും


54/സംഘടിത/മെയ് 2022/ വോള്യം 18/ലക്കം 24

മറ്റും ചോദിച്ചറിഞ്ഞപ്പോൾ വിശദമായി മനസിലാക്കാൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചു.

തുടർന്നുള്ള യാത്രക്കിടെയാണ് ധാരാളം ചിത്രത്തുന്നൽ ചെയ്ത, ചെറിയ കണ്ണാടികൾ കൊണ്ട് അലങ്കരിച്ച മനോഹരമായ പാവാടയും ബ്ലൗസുമിട്ട കുസൃതി കാണിക്കുന്ന പത്ത് വയസുകാരി ശ്രദ്ധയിൽ പെട്ടത്. മേൽ കയ്യിൽ വെള്ള വളകളും , താഴെ നിറമുള്ള കുപ്പിവളകളും , ചെവിയിൽ അഞ്ചോളം കമ്മലും , മൂക്കുത്തിയുമായി അവളെ കാണാൻ നല്ല ഭംഗിയായിരുന്നു. അച്ഛനോടൊപ്പമുള്ള അവളോട് കുറച്ചു നേരം സംസാരിച്ചപ്പോൾ തന്നെ കൂട്ടായി .

ദീദി വീട്ടിൽ വന്നാൽ ഞാനുണ്ടാക്കിയ മുത്തിന്റെ ആഭരണങ്ങൾ കാണിക്കാമെന്ന് കുട്ടി പറഞ്ഞപ്പോൾ ഏറെ സന്തോഷം തോന്നി. പിറ്റേന്ന് രാവി




ലെ അവളുടെ വീട്ടിൽ പോയി. എട്ടോളം വീടുകൾ അടങ്ങിയ ഒരു കോളനി പോലെയുള്ള വാസസ്ഥലം. വൃത്താകൃതിയിലുള്ള ഈ ഒറ്റമുറി വീടുകളെ ഭുങ്ഗ എന്നാണറിയപ്പെടുന്നതെന്നും ഭൂമികുലുക്കത്തെ അതിജീവിക്കാൻ ഇത്തരം നിർമ്മിതിക്ക് സാധിക്കുമെന്നും പ്രിയയുടെ അച്ഛൻ പറഞ്ഞു. ഭുങ്ഗകളുടെ മേൽക്കൂര പുല്ലുകൊണ്ടും



ചിലത് ഓടുകൊണ്ടും മേഞ്ഞതായിരുന്നു. കൂടാതെ വെള്ള നിറത്തിലുള്ള ചുമരുകളിൽ വ്യത്യസ്ത ഡിസൈനുകളിൽ ചിത്രപ്പണികൾചെയ്തിരുന്നു.

വീട്ടിലാണെങ്കിലും നല്ല വർണാഭമായ വസ്ത്രങ്ങളായിരുന്നു സ്ത്രീകൾ ധരിച്ചിരുന്നത്. പെൺകുട്ടികൾ മുത്തുകൊണ്ടുള്ള പല വസ്തുക്കൾ ഉണ്ടാക്കി വെച്ചിരുന്നത് എല്ലാ വീടുകളിലും കാണാമായിരുന്നു. അവർ അഞ്ചാം ക്ലാസ്സിൽ പഠിത്തം നിർത്തി വീട്ടിലിരുന്ന് കരകൗശല നിർമ്മാണത്തിൽ ഏർപ്പെടും. തുണിയിലെ ചിത്രത്തുന്നൽ സ്ത്രീകളും മുതിർന്ന കുട്ടികളുമായിരുന്നു ചെയ്തിരുന്നത്.

പിന്നീട് തലേ ദിവസം പരിചയപ്പെട്ട അലികാക്കയെ അന്വേഷിച്ച് സൂറ ഗ്രാമത്തിൽ പോയി. കിലോമീറ്ററോളം വരണ്ട പ്രദേശത്തു കൂടിയായിരുന്നു യാത്ര. റോഡ് സൈഡിലൂടെ കന്നുകാലികളെ മേച്ചു നടക്കുന്ന മൽധാരികളെ കാണാം.

അലികാക്ക ഞങ്ങളെ സ്വാഗതം ചെയ്ത് നേരെ മണിയുണ്ടാക്കുന്ന പുരയിലേക്ക് കൂട്ടികൊണ്ടുപോയി. നിർമ്മാണം വിശദമായി പറഞ്ഞു തന്നു. ഇരുമ്പിന്റെ ഷീറ്റ് വളച്ചായിരുന്നു മണിയുടെ അടിസ്ഥാന രൂപം ഉണ്ടാക്കിയിരുന്നത്. അത് കുഴമ്പു പരുവത്തിൽ കലക്കി വെച്ച കളിമണ്ണിൽ മുക്കി, വെങ്കലം, ചെമ്പ്, സിങ്ക്, ബോറാക്സ് തുടങ്ങിയ പൊടിയുടെ മിശ്രിതത്തിൽ മുക്കും. പൊടിപറ്റിയ മണിയുടെ പുറത്തു കളിമണ്ണ് കുഴച്ചു തേച്ച ശേഷം കനലിൽ ചുട്ടെടുക്കും. അത് ചുമപ്പു നിറമാകുമ്പോൾ പുറത്തെടുത്ത് ചൂടാറിയ ശേഷം , ക





ളിമണ്ണ് പൊളിച്ചു മാറ്റും . ഈ മണി പോളിഷ് ചെയ്താൽ വിൽപ്പനക്ക് തയ്യാറായി. ഏജന്റുമാർ വഴി വിദേശത്തേക്കാണ് കൂടുതലും മണികൾ കയറ്റി അയക്കുന്നത്.

തുടർന്നുള്ള യാത്ര റോഗൺ പെയ്ന്റ് നിർമ്മിക്കുന്ന നിറോണ ഗ്രാമത്തിലേക്കായിരുന്നു.

റിസ്‌വാൻ എന്ന ചെറുപ്പക്കാരന്റെ വീട്ടിലായിരുന്നു പെയ്ന്റ് നിർമ്മാണം കാണാൻ പോയത്. റിസ്‌വാൻ ഞങ്ങൾക്ക് ഓരോ ഘട്ടവും കാണിച്ചു തന്നു. ആവണക്കെണ്ണ, ചെറുതീയിൽ ജെൽ പരുവമാവുന്നതു വരെ ചൂടാക്കും. ഈ ജെല്ലിനെയാണ് റോഗൻ എന്ന് പറയുന്നത്. പിന്നീട് ഇതിൽ പ്രകൃതിദത്തമായ നിറങ്ങൾ ചേർത്ത് പല നിറത്തിലുള്ള ജെല്ലാക്കി മാറ്റും. ഇത് ഒരു നേർത്ത കമ്പി കൊണ്ടെടുത്ത്, തുണിയുടെ മുകളിൽ ഡിസൈൻ ഉണ്ടാക്കുന്നു. കമ്പി ഒരിക്കലും തുണിയിൽ തൊടില്ല.

“വരക്കുന്നതിനു മുമ്പ് സ്കെച്ച് ചെയ്യാതെ നേരിട്ടാണ് പെയ്ന്റ് ചെയ്യുന്നത്. ഏറ്റവും ആവശ്യക്കാർ ഉള്ളത് ‘ട്രീ ഓഫ് ലൈഫ്’ എന്ന പെയിന്റിംഗ് വാങ്ങാനാണ്” റിസ്‌വാൻ പറഞ്ഞു.

തിരികെ ഭുജിലേക്കു പോകുന്ന വഴി ഫക്കിറാണി ജാട്ടുകൾ താമസിക്കുന്ന ഗ്രാമത്തിൽ പോയി. മണ്ണിൽ , ഈറ്റയും പുല്ലും കയറു വെച്ച് കൂട്ടിച്ചേർത്ത വീടുകൾ മനസ്സിൽ ഒരു നൊമ്പരമായി. ഒട്ടകത്തെ മേയ്ക്കുന്നതാണ് പ്രധാനമായും ഇവരുടെ തൊഴിൽ. കഴുത്തിലെ വെള്ളി തളയും , കൈയ്യിലെ വെള്ളി വളകളും ഇവരുടെ മാത്രം പ്രത്യേകതകളാണ്. കറുപ്പ്, ചുമപ്പ് നിറങ്ങളിലുള്ള ഒരു തരം കൈലിയും, ബ്ലൗസുമാണ് വേഷം. ഉപ്പുരസമുള്ള ഒ




ട്ടകപ്പാൽ അവിടന്നായിരുന്നു ആദ്യമായി കുടിച്ചത്. പിറ്റേ ദിവസം റബാറികളെ കാണാൻ ഹാറൂടി ഗ്രാമത്തിൽ പോയി. റബാറികൾ ഈ ഭാഗത്തെ ധനികരായ മൽധാരികളാണ്. കന്നുകാലി വളർത്തുന്നവരെയാണ് മൽധാരി എന്ന് വിളിക്കുന്നത്. ഓരോ കുടുംബത്തിനും കുറഞ്ഞത് അമ്പത് പശുക്കളോ എരുമകളോ കാണും. ധനികരാണെങ്കിലും ഇവർ താമസിച്ചിരുന്നത് ഒറ്റമുറി വീടുകളിലാണ്. പുരുഷന്മാർ കന്നുകാലികളെ പരിപാലിക്കുകയും സ്ത്രീകൾ തുണി ക്രാഫ്റ്റുകൾ ചെയ്യുകയും ചെയ്യും. തുണികൊണ്ട് മുഖം മറച്ചാണ് സ്ത്രീകൾ പുരുഷന്മാരുടെ മുന്നിൽ ചെല്ലുന്നത് .അവർ കഴുത്തിലും, കയ്യിലും കാലിലും പച്ച കുത്തുകയും, നാഗ്ല എന്ന കമ്മൽ ഇടുകയും ചെയ്തിരുന്നു.

അവസാനം സന്ദർശിച്ചത് ഇന്ത്യയിലെ ഏറ്റവും സമ്പന്ന ഗ്രാമമായ മാധപ്പാർ ആയിരുന്നു . ഓരോ വീട്ടിൽ നിന്നും ഒരാളെങ്കിലും വിദേശത്ത് ജോലിയിലുണ്ടെന്നതാണ് ഗ്രാമത്തെ സമ്പന്നമാക്കാൻ കാരണമാക്കിയത് . അവിടെയുള്ള വീരഗണ സ്മാരകമാണ് എന്നെ അങ്ങോട്ട് ആഘർഷിപ്പിച്ചത്.

1971ലെ യുദ്ധത്തിൽ പാകിസ്ഥാൻ, ഭുജിലെ ആർമി റൺവേ ബോംബിട്ട് തകർക്കുകയും ഗ്രാമത്തിലെ അദ്ധ്വാനശീലരായ തൊഴിലാളികൾ മൂന്നു ദിവസം കൊണ്ട് റൺവേ പുനർനിർമ്മിച്ച് ഖ്യാതി നേടുകയും ചെയ്തിരുന്നു. ഇത്തരം കരുത്തരായ ഗ്രാമീണരുടെ ശില്പങ്ങളാണ് വീരഗണ സ്മാരകത്തിൽ വെച്ചിരുന്നത്. സമ്പത്തിന്റെ കാര്യത്തോടൊപ്പം തന്നെ കായബലത്തിന്റെ കാര്യത്തിലും തിളങ്ങി നിൽക്കുന്ന മധപ്പാർ ഗ്രാമ കാഴ്ച്ചയോടെ ഞാൻ കച്ച് യാത്ര അവസാനിപ്പിച്ചു .


കച്ച് ഗ്രാമത്തിലെ വിശേഷങ്ങൾ പറഞ്ഞതിലും വളരെ കൂടുതലാണ് . ബച്ചൻ ജിയുടെ പരസ്യവാചകം അന്വർത്ഥമാക്കുന്ന ഒരു പ്രദേശം തന്നെയാണ് കച്ച്. എങ്ങും ഗ്രാമീണത നിറഞ്ഞ കാഴ്ചകൾ.

ഈ ഗ്രാമീണത നിലനിർത്തിക്കൊണ്ടു തന്നെ പുതു തലമുറയെങ്കിലും വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസിലാക്കി കൂടുതൽ മികവുള്ള ജീവിതം പ്രധാനം ചെയ്യുകയും , സ്ത്രീകൾ കരകൗശല വിദ്യയിൽ തുടരുമ്പോൾ തന്നെ, പുറം ലോകവുമായി ബന്ധപ്പെടാനും അതിലൂടെ ആസ്വാദ്യകരമായ ജീവിതം പ്രധാനം ചെയ്യാനും കഴിഞ്ഞിരുന്നെങ്കിൽ എന്നു കൂടി ഞാൻ ആഗ്രഹിച്ചു .



ചർച്ചാവിഷയം





**സന്ധ്യ ആർ.**
സഞ്ചാരി,
പ്രാദേശിക ഭാഷയിൽ
സാമൂഹിക
യാത്രാവിവരണങ്ങൾ
എഴുതുന്നു

# അസ്തിത്വം ബാക്കിവെച്ച ചീന്തലാറിലെ ബംഗ്ലാവ്

**കാ**ഞ്ഞാറ് തൊട്ടുള്ള വഴികൾ ചുണ്ടിൽ ചിരിയെ ആവാഹിക്കുന്ന വിധമാണല്ലോ. അവ്വിധം ചെല്ലുമ്പോളുള്ള വെള്ളൊഴുക്കുകൾ മനസ്സിലെ പിരിമുറുക്കത്തെയും കൂട്ടിയാണ് ഒഴുകുന്നതെന്നു വ്യക്തം. അവിടെ നിന്നും ചെരിഞ്ഞിരുന്ന് തെല്ലുവിശ്രമം. പ്രാഥമികകാര്യങ്ങൾക്കും പ്രകൃതി അനുഭവമാണെന്നും മനസ്സിലാക്കി? ശകടത്തിനു വയറുനിറയെ തീറ്റി കൊടുത്തിരുന്നു, പക്ഷെ ഞങ്ങളുടെ ഉള്ളിൽ നിന്ന് കുപ്പിയിലെ ഭൂതം കണക്കെ പുഹ അൽപാൽപ്പം വന്നുമ്പോയും കൊണ്ടിരുന്നു.

ഇത്തവണ പ്രത്യേകിച്ച് വട്ടം കൂട്ടലുകളുണ്ടായില്ല. എന്നത്തേയും പോലെ ദ നിപ്പിലൊരു പോക്ക്  വിളിച്ചില്ലെന്നു പരാതിക്കപ്പുറം വിളംബരത്തേക്കാളും സമാധാനമായി ഒരിടം എന്നുതന്നെ ഉച്ചിയിൽ.

ഉപ്പുതുറക്ക് പോകണമെന്നുള്ള ആഗ്രഹം കൊണ്ടെത്തിച്ച ഒരു പ്രഭാതം. കാഞ്ഞാറ് എത്തുമ്പോഴേക്കും സൂര്യൻ നിഷ്പ്രഭനായ പോലെ. അതോ ഗൗരവം കുറച്ചു ആശാൻ ചിരിച്ച മട്ട്, കാറ്റിനോട് സൊറ പറഞ്ഞു നീങ്ങുന്ന ഞങ്ങളും. ലക്ഷ്മിപാറ ലക്ഷ്യമാക്കി വെച്ചു കീച്ചുന്ന ബ്രോയെ മാതൃകയാക്കി ഞങ്ങളും നടന്നു. ശിഷ്യന്മാർ അങ്ങനാണ് ഭായി.

മുകളിലെ കാറ്റും ഇളം വെയിലും പുളകമണിയിച്ചു. ആദ്യമായി യാത്ര ചെയ്ത കുട്ട്യേ പോലെ ഞാൻ മനസ്സിൽ തുള്ളിച്ചാടി. അങ്ങകലെ പൂഞ്ഞാ



റിലെ തിലകക്കുറി ഇല്ലിക്കൽ കാണാം. അതിസാഹസികമായ ഒരു പാതയാണെന്ന് പ്രത്യേകപരാമർശം വേണ്ടതില്ലല്ലോ.

കാപ്പിക്കടയുടെ മണം വയറിൽ തുടികൊട്ടി ഒരു തിറയാട്ടം തന്നെ നടത്തിക്കാണണം. പാതിരാത്രിയിലെ പട്ടിണിക്കുതിരയെ കെട്ടിയിടാനായി. അടുത്ത ഊഴം മുറിയിലെ വിശ്രമം. തീരം അഗ്രി റിസോർട് ഒരുക്കിയ മുളംകുടിൽവാസം വളരെ മെച്ചം. തൊട്ടു മുന്നിലെ നൂല് പോലെ ഒഴുകുന്ന നീർചാലുകൾ. മലനിരകൾ.

അങ്ങകലെ പൈൻകാടുകൾ, വാഗമൺ ചായത്തോട്ടങ്ങൾ എല്ലാം വ്യക്തമായി കാണാം. ഇടത്തെയറ്റം ആകാശത്താണെന്നു തോന്നിക്കുമാറ് ഒരു പള്ളിമുറ്റം. നല്ലൊരു മഴയുടെ കോളുണ്ട്. ചാറ്റൽ നമുക്ക് പുല്ലാണേ? ചൂട് കട്ടൻ വീണ്ടും ഉഷാറാക്കി. ഉപ്പുതുറക്ക് പോകാം.



അഞ്ചു പത്തു നിമിഷങ്ങളിൽ അവടം ചെല്ലാനായി. സെന്റ് ആൻഡ്രൂസ് ചർച്ച് പച്ചപ്പിന്റെ ഇടയിൽ തലയുയർത്തി നിൽക്കുന്ന നല്ല ചന്തമുള്ള ഒരു കൊച്ചു പള്ളി. അരികിൽ കൂട്ടിനായി, കാവലാളായി ഇലകൾ പൊഴിഞ്ഞ ഒരു വെള്ളിലാവ്. മൃതിയടഞ്ഞ ആത്മാക്കളോട് സല്ലപിച്ചാകണം വെള്ളിലാവും മൃതിയിലലിഞ്ഞു.

നൂൽസ്പർശം പോലുള്ള ചാറ്റൽ കുടം തുള്ളി കണക്കെയായി പോയത് നൊടിയിടയിൽ. മൂന്നാല് വലം വെച്ച് മരത്തിനടുത്തേക്ക് നടന്നടുക്കുമ്പോഴാണ് അറിയുന്നത്. ഭിത്തി നിറയെ ചൊറിയാൻപുഴു. രൂപക്കൂട് കാണാനായില്ല. എല്ലാ സഭകളുടെയും ചേർന്നുള്ള ആരാധനാലയമായതിനാലാകണം. നല്ലൊരു അന്തരീക്ഷം. ശാന്തമായി ഉറങ്ങുന്ന വിദേശാത്മാക്കൾ മലയാളം പഠിച്ചു കാണണം എന്നൊക്കെ നിനച്ചു പോയി. കൗതുകം തോന്നുന്ന ചില കുസൃതികളോട് സ്വയം ഉത്തരം കണ്ടെത്തുന്ന ചില ചോദ്യങ്ങൾ. അല്ലാതെന്താ?

മഴ കനത്തു കൊണ്ടിരുന്നു, വക വെക്കാതെ



പുറപ്പെട്ടത് അബദ്ധമായെന്നൊരു തോന്നൽ. ജല സ്രോതസ്സ് കുത്തിയൊഴുകി വരാൻ സമയമൊന്നു മെടുത്തില്ല. ആകെ നനഞ്ഞു കുളിച്ച് അടുത്ത് കണ്ട ഷെഡിൽ കേറി നിന്നപ്പോഴാണ് ഒരു ഉരുളൻ കല്ല് ഉരുണ്ടു വരുന്നത് കണ്ടത്. നിമിഷങ്ങൾക്കകം പ്രളയമോ എന്ന് തോന്നിക്കുമാറ് നല്ല ഇടിയും മഴയും.

മലയിലൂടെ ചെങ്കൽനിറത്തിലുള്ള കുത്തൊഴുക്ക് !ആദ്യമായി പേടിച്ചരണ്ടു പോയ ഞാൻ കുറച്ചു കൂടി മുന്നോട്ടു പോയപ്പോഴാണ് മലയിടിഞ്ഞു ഒരു ഭാഗത്തിലൂടെ വെള്ളമിരച്ചു മറിയുന്നത്. നടക്കുമ്പോൾ വീഴ്ത്താനായി മല്ലിടുന്ന വെള്ളച്ചാലുകൾ. സത്യത്തിൽ പേടിച്ചു, ഒരുവിധം മുറിയിലെത്തി കട്ടൻകാപ്പി കൂടി അകത്തെത്തിയപ്പോഴാണ് ജീവൻ തിരികെ വന്നത്. അപ്പോഴേക്കും മഴ തോർന്നു ഒന്നുമറിയാത്ത പോലെ മലകളും പുഴകളും ശാന്തത പ്രാപിച്ചിരുന്നു.

ചൂടുള്ള പൊറോട്ടയും കറിയും ഏറെ രുചികരമായി തോന്നി. ക്ഷണനേരത്തിൽ ക്ഷീണിച്ച ദേഹം നിദ്രയിലേക്ക് കൂപ്പുകുത്തി. പ്രഭാതം വ്യക്തമായ കാഴ്ചകളിലേക്ക്. മുറിയിലെ ജാലകത്തിലൂടെ കോട അകത്തേക്ക് കിനിഞ്ഞിറങ്ങിയ പോലെ! അരുൺസാബു നല്ലൊരു സ്റ്റാഫ് ആയിരുന്നു, മിടുക്കൻ, ഉത്സാഹമുള്ള കുട്ടി. തദ്ദേശവാർത്തകളിൽ നിന്ന് ഒരു സായ്പ് ബംഗ്ലാവ് അവിടെവിടെയോ ഉള്ളതായി അറിയാനായി. അവിടെക്ക് ചെല്ലാനായി മനസ്സ് തുടിച്ചു കൊണ്ടിരുന്നു. യാദൃച്ഛികമായി വീണു കിട്ടിയ ഒരവസരം.

കുറെയധികം നീണ്ടു കിടക്കുന്ന തേയിലത്തോട്ടങ്ങൾക്കൊടുവിൽ ഒരു വളവ്. സായ്പിന്റെ ബംഗ്ലാവ് ചോയ്ച്ച്ചോയ്ച്ച് ഒരു വിധം എത്തിപ്പെട്ടു. ആകാശം തൊട്ടുതൊട്ടില്ലെന്ന മട്ടിൽ വമ്പൻ മരങ്ങളും അതിൽ പടർന്നു പന്തലിച്ച ഇത്തിൾപ്പടർപ്പുകളും. സിനിമയിൽ കണ്ട പോലെ. ഒരു മനുഷ്യക്കുഞ്ഞിന്റെ സാന്നിധ്യമില്ല, എങ്കിലും നടന്നു കയറിയപാടെ ചില ചിറകടി ശബ്ദങ്ങൾ സമീപമരങ്ങളിൽ നിന്ന് കേട്ടതും ചെറിയ ഒരു ധൈര്യക്കുറവ് നിഴലിച്ചു. നന്നേ പകലിലും ഇരുൾ വീണ പ്രതീതിയാണ് ചെറുതായ പേടിയുള്ള കാരണവും. മൊസൈക്ക് പടികൾ അർദ്ധവൃത്താകൃതിയിലാണ്. അവിടമെല്ലാം കുപ്പിചില്ലുകൾ തെറിച്ചു നാശമാക്കപ്പെട്ടിരിക്കുന്നു. ശ്രദ്ധയോടെ സാവധാനം നടന്നു ചുറ്റിലും. നല്ല സുർക്ക ചേർത്ത ചുമരുകൾ, ഒറ്റത്തടി തേക്കിൽ പണികഴിച്ച ഏഴെട്ട് തൂണുകൾ നിശബ്ദസാക്ഷികളായി നിൽപ്പുണ്ട്. കഴുക്കോലുകളിലെ ആകൃതിയും മേളിൽ നിരത്തിയ ഷീറ്റുകളും വളഞ്ഞിരിക്കുന്നു. കതകുകളിലെ, ജനലുകളിലെ കണ്ണാടി ചില്ലുകൾ നഷ്ടമായിട്ടുണ്ട്. മൊത്തത്തിൽ നശിപ്പിച്ച ഒരു രംഗം. എത്തിനോക്കി ചുറ്റിനും നടന്നപ്പോഴാണ് ബംഗ്ലാവിന്റെ വിശാലത ഞെട്ടിച്ചത്. വളഞ്ഞു നീണ്ടൊരു കെട്ടിടം. സ്വീകരണമുറിയിൽ നിലത്തിൽ മരത്തിന്റെ പലകകൾ വിരിച്ചിരിക്കുന്നു. കേറുന്നയിടത്തിൽ താഴെ വലിയ ഒരു തുരംഗംപോലൊരു ദ്വാരം ശ്രദ്ധയിൽ പെട്ടിരുന്നു, അതിലൂടെ കനൽ കേറ്റി മുറിയാകെ ചൂട് പകരും വിധം സംവിധാനം കണ്ടപ്പോൾ ബോധ്യപ്പെട്ടു സായ്പിന്റെ ബുദ്ധിയും ശാസ്ത്രപുരോഗതിയും. കണക്കുകളിൽ കൊരുത്ത കഴുക്കോലുകൾ ഇളകുകയില്ല എന്ന മട്ടിൽ സങ്കോചത്തോടെ നിൽക്കുന്നു. മുറികളിലെ കൂറ്റൻ ക്രിസ്റ്റൽ ഷാനങ്ലിയർ അടർന്നു കൊഴിഞ്ഞ പോലെ. ഉഗ്രയിനങ്ങൾ വാസമുറപ്പിച്ച് കാണണം എന്നൊരു ശങ്കയിനാൽ ധൈര്യമായി കേറാനും വയ്യ. പൊളിഞ്ഞ ജനലുകളിലൂടെ കേറാനുള്ള ശ്രമം നന്നല്ല താനും. ശകലം മുന്നിലൂടെ നടന്നപ്പോഴാണ് കാർ പോർച് കണ്ടത്. പച്ചകതകുകളുള്ള, നമ്മൾ ഇംഗ്ലീഷ് സിനിമയിൽ കണ്ടിട്ടുള്ള അതെ പോലെ. ത്രില്ല് ആയിപ്പോയ്. മെല്ലെ തുറന്ന് നോക്കി. കാതലായ കാപ്പി വേരുകളിൽ തീർത്ത വിസ്മയങ്ങൾ ദ്രവിച്ചു തുടങ്ങിയിരിക്കുന്നു. തകരപാട്ടയുടെ ഭീകര ശബ്ദം കേ



ട്ടിട്ടാവണം ആ അശരീരി പോലെ ഞാൻ കേട്ടത് 'ആരാ?'.

കേട്ട പാതി കേൾക്കാത്ത പാതി ഓടാനൊരുങ്ങിയ ഞാൻ. കൈയിൽ ഒരു കൊടുവാളുമായി ഒരാൾ. ആശ്വാസമായി. അവിടെ അടുത്തുള്ള പണിക്കാരനാണ് ആ ചേട്ടൻ. അമ്പതോടടുത്ത് പ്രായം. ബാംഗ്ളാവിന്റെ കഥകൾ അപ്പച്ഛൻ പറഞ്ഞറിവുണ്ട്, അത് പങ്കുവെക്കാനാവശ്യപ്പെട്ടപ്പോൾ വിസ്മയത്തോടെ പറഞ്ഞു തുടങ്ങി.

കുട്ടിക്കാനം പള്ളി മുതൽ പത്തെണ്ണായിരം ഏക്രയിൽ വിസ്താരമായ ഭൂമിയിലെ അധികാരമാണ്ടിരുന്ന സായ്പ് പ്രിയപ്പെട്ട മേൽനോട്ടക്കാരന് ഏല്പിച്ചു രാജ്യം വിടുകയാണുണ്ടായത്. പിന്നീടുള്ള ആണ്ടുകൾ തോട്ടം തൊഴിലാളികൾക്ക് കൂലികൊടുക്കാനുമാകാതെ കടന്നു പൊയ്ക്കൊണ്ടിരുന്നു. കൈയേറ്റവകാശം മൂലം ആറായിരമേക്കറോളം കുറഞ്ഞെങ്കിലും മൂന്നാലു തലമുറക്കാർ അവിടെ താമസിച്ചിരുന്നു, ശേഷം ജോലിയാവശ്യമായി പലേടത്തേക്കും മാറി. തീർത്തും വിജനമായി തീർന്നപ്പോഴാകട്ടെ, മോഷ്ടാക്കളുടെയും സാമൂഹികവിരുദ്ധരുടെയും താവളമായി മാറുകയായിരുന്നു.

ഒരിക്കൽ ഒരു മോഷണശ്രമത്തിനിടെ നെഞ്ചലച്ച് ഒരാൾ വീണു മരിച്ച സംഭാവമുണ്ടായതായി അറിഞ്ഞു. കണക്കിലെ കളികളും ശാസ്ത്രവും കൂട്ടിയിട്ടതിനാൽ ഒരു മരക്കൊമ്പ് പോലും ഇളക്കാനാകില്ല എന്നു മാത്രമല്ല മൊത്തമായി നിലംപതിക്കയും ചെയ്യും. അത്ഭുതമായി തോന്നുന്നവിധം പണിത ബംഗ്ലാവിന്റെ ക്ഷയം സങ്കടകരം തന്നെ. റിസോർട് ആയോ മറ്റോ ഉപയോഗിച്ചാൽ നടത്തിച്ചു പോകാമായിരുന്നു, പക്ഷെങ്കി പട്ടയമെടുപ്പോ നിർമാണപ്രവർത്തനമോ ഒന്നുമില്ലാത്ത ഒരിടം. തോണിതടി ഇടുക്കി മുതൽ കിലോമീറ്റർ കണക്കിന് പരന്നു കിടക്കു

ന്ന പീർമേഡ് ചായ കമ്പനിയുടെ ഇരു ഷെഡു കൾ, അരകപ്പൽ മുക്കാൽ കപ്പൽ കണക്കിനുള്ള തേയില ഉത്പാദനം, സ്റ്റോക്ക് എന്നിവ. നിലച്ചു നിർജീവാവസ്ഥ.. ഇപ്പോൾ തേയില ത്തോട്ടത്തിൽ കൊളുന്ത് നുള്ളാനായി മാത്രം അവകാശമുള്ള പ ണിക്കാർ.

ഴിഞ്ഞു ചന്തമറ്റ് കരിനിറത്തിൽ സാക്ഷിയായി ആൻഡ്രോസ് പള്ളിക്കരികെ..

അങ്ങകലെ കാറ്റാടി കവലക്കു ചേക്കറിയ പ ള്ളി പ്രൗഢമായി മാനം മുട്ടെ നിൽക്കുന്നു. ചുറ്റും നടന്നു പലവുരു. ഇതുപോലൊരു ബംഗ്ലാവ് നിർ മ്മിക്കുക അസാധ്യം. നാശത്തിന്റെ ഏഴാം അദ്ധ്യാ




ചീന്തലാർ പള്ളിയിലെ അടക്കം ചെയ്ത കു തിരകൾ. മദാമ്മമാർ. സായ്‌വുമാർ. ജനനം മരണം എഴുതി വെച്ചതു മുതൽ എല്ലാം നീക്കം ചെയ്തു ഒരൊറ്റ പിറ്റിൽ ഒതുങ്ങി കൂടി. കുതിരക്കല്ലറകളിൽ കൊത്തി വെച്ച സ്നേഹചിന്ഹങ്ങൾ മണ്ണടിഞ്ഞി രിക്കുന്നു. പഴങ്കഥയിലെ നായകനിപ്പോൾ ഇല പൊ

യം അവസാന വരിയും വിരിയുന്ന നാളെക്കായി കാത്തിരിക്കുന്ന ആ കെട്ടിടത്തിൻ ഓടുകളിൽ പോ ലും പടർപ്പിന്റെ വേരുകൾ ഓടി നടന്നിരിക്കുന്നു. ഒരു നീറ്റലാണ് കേറിയിറങ്ങുന്നത് എന്നൊരു സ ത്യത്തെ കൺമൂടി കെട്ടി അയ്യപ്പൻകോവിൽ തൂ ക്കുപാലം ലക്ഷ്യമാക്കി യാത്ര തിരിച്ചു.





ചർച്ചാവിഷയം



ഡോ.ദിവ്യ
അനസ്തെറ്റിസ്റ്റ്
ജനറൽ ഹോസ്പിറ്റൽ
പത്തനംതിട്ട

# മാസ്മരിക ഈജിപ്ത്

കേട്ടുകേൾവികൊണ്ട് കൊതിപ്പിച്ച, മാസ്മരികതകൾ നിറഞ്ഞ ഈജിപ്ത്. ക്ലിയോപാട്രയുടെ നാടെന്ന് എസ്കെ പൊറ്റക്കാട് വിശേഷിപ്പിച്ച ഈജിപ്ത്.

പ്രാചീനകാലത്തെ ഏഴ് ലോകാത്ഭുതങ്ങളിൽ ഇന്നും നിലനിൽക്കുന്ന ഒരേയൊരു ലോകാത്ഭുതമായ ഗിസ പിരമിഡ് കാണാൻ ലഭിക്കുന്ന അവസരം നഷ്ടപ്പെടുത്തരുതല്ലോ. ഒട്ടുമിക്കവരും മനസിൽ കരുതുന്നതുപോലെ പിരമിഡുകളും മമ്മികളും കൊണ്ട് മാത്രം പ്രസിദ്ധമായ ദേശമല്ല ഈജിപ്ത്. ക്രിസ്തുവിനും 2500 വർഷങ്ങൾക്ക് മുൻപുള്ള ചരിത്ര സ്മാരകങ്ങളുടെ കലവറയാണ് ഈജിപ്ത്. ഭൂഗോളത്തിലെ ഏറ്റവും നീളമേറിയത് എന്ന് കണക്കാക്കപ്പെടുന്ന നൈൽ നദികൊണ്ട് (6,650 കി.മി.) ജീവൻ തുടിക്കുന്ന ദേശം. പുരാതന ഈജിപ്തുമായി ബന്ധപ്പെട്ട എല്ലാ ചരിത്രവും ആധുനിക നാഗരികതയും നൈലുമായി ബന്ധപ്പെട്ടതാണ്. ഓരോ മരുഭൂമിക്കും ഓരോ കഥകൾ പറയാനുണ്ടാവും. ഓർമ്മകളും നിഗൂഢതകളും അത്ഭുതങ്ങളും നിറഞ്ഞതാണ് ഈജിപ്ത്.

### യാത്ര

2022 മാർച്ച് അവസാനത്തോടെ ആയിരുന്നു ഈജിപ്ത് യാത്ര. അലക്സാൻഡ്രിയ ഒഴിവാക്കി കെയ്റോ, അസ്വാൻ, ലക്സർ എന്നിവിടങ്ങളിലേക്കായിരുന്നു ഒരാഴ്ച നീണ്ടുനിന്ന യാത്ര. കൊച്ചിയിൽ നിന്നും ബഹ്റൈൻ വഴി പത്ത് മണിക്കൂറിലേറെ യാത്ര ചെയ്താണ് കെയ്റോയിലെത്തിയത്. ഈജിപ്തിന്റെ തലസ്ഥാനമായ കെയ്റോ, അറബ് രാജ്യങ്ങളിലെ ഏറ്റവും വലിയ നഗരമാണ്. കനത്ത ജനസാന്ദ്രതയുള്ള കെയ്റോ, ലോകത്തിലേറ്റവും ഗതാഗതത്തിരക്കുള്ള നഗരങ്ങളിൽ ഒന്ന് കൂടിയാണ്. ആറ് മുതൽ ഒൻപത് വരിവരെയാണ് ഒരുവശത്തേക്ക് മാത്രമുള്ള ഗതാഗതം. എന്നിട്ടും രാത്രി പത്ത് മണിക്കും കടുത്ത ഗതാഗതത്തിരക്ക് അനുഭവപ്പെടുന്ന നഗരം. ഇസ്ലാമിക രാജ്യമാണ് എങ്കിലും അർദ്ധരാത്രിയിലും വഴിയോരക്കടകളിൽ നിന്ന് ഭക്ഷണം കഴിക്കാനുള്ള തിരക്കുണ്ട് കെയ്റോയിൽ. നഗരത്തിലെ തെരുവുകളിൽ രാത്രിയിലും സ്ത്രീകളും കുട്ടികളും യഥേഷ്ട സഞ്ചാരം നടത്തുന്നുണ്ട്.

കെയ്റോയിൽ എത്തിയ രാത്രി തന്നെ ട്രെയിൻ മാർഗ്ഗം പതിനൊന്ന് മണിക്കൂർ (875 കി. മി.) നീണ്ട യാത്രചെയ്ത് അടുത്ത ദിവസം രാവിലെ അസ്വാനിലെത്തി. റോഡ് മാർഗ്ഗം ബസിൽ യാത്രചെയ്യാമെങ്കിലും ദീർഘദൂര യാത്രയായതിനാൽ സ്ലീപ്പർ ട്രെയിനാണ് കൂടുതൽ സുഖകരം.

### അസ്വാൻ

അസ്വാനിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളാണ് ഹൈ ഡാം (High Dam), പൂർത്തിയാകാത്ത സ്തൂപം (Unfinished Obelisk), ഫിലെ ക്ഷേത്രം (Philae Temple) എന്നിവ.


64/സംഘടിത/മെയ് 2022/ വോള്യം 18/ലക്കം 24

## ഹൈ ഡാം (High Dam)

ലോകത്തിലേറ്റവും വലിപ്പമുള്ള ചിറകെട്ടിയ ഡാമുകളിൽ ഒന്നാണ് 1970ൽ പൂർത്തീകരിച്ച ഹൈ ഡാം. ഹൈ ഡാമിന്റെ നിർമ്മാണാനന്തരം നൈൽ നദിയിൽ നസർ തടാകം രൂപപ്പെട്ടു. 500 കിലോമീറ്ററോളം വിസ്തൃതിയുള്ള നസർ തടാകം ലോകത്തിലെ ഏറ്റവും വലിയ കൃത്രിമ ജലാശയമാണ്. അസ്വാൻ ഡാം കമ്മീഷൻ ചെയ്യപ്പെട്ടതോടെ പ്ര



തിവർഷമുണ്ടാകുന്ന പ്രളയത്തെ നിയന്ത്രിക്കാനും ജലവൈദ്യുതി ഉത്പാദിപ്പിക്കാനും ജലസംഭരണത്തിനും കഴിഞ്ഞു. എന്നാൽ ഫലഭൂയിഷ്ഠമായ എക്കൽ മണ്ണ് നിക്ഷേപിക്കപ്പെടുന്നത് ഇല്ലാതായി. ഇത് കർഷകർക്ക് തിരിച്ചടിയായി. ഡാം നിർമ്മാണത്തോടെ വെള്ളത്തിനടിയിലാവുന്ന നൂബിയാൻ ഗ്രാമവാസികളെ മറ്റിടങ്ങളിലേക്ക് മാറ്റി പാർപ്പിച്ചു. ചരിത്ര സ്മാരകങ്ങളെയും ഇതുപോലെ മാറ്റി സ്ഥാപിച്ചു.

## പൂർത്തിയാകാത്ത സ്തൂപം (Unfinished Obelisk)

അസ്വാൻ ഖനിയിലുള്ള പൂർത്തീകരിക്കാത്ത സ്മാരക സ്തംഭമാണ് അൺഫിനിഷ്ഡ് ഒബലിസ്ക് എന്നറിയപ്പെടുന്നത്. പാറയിൽ മധ്യഭാഗത്തായി വിള്ളൽ രൂപപ്പെട്ടതിനെ തുടർന്ന് നിർമ്മാണം പൂർത്തിയാക്കാതെ ഉപേക്ഷിച്ചു. പൂർത്തിയാക്കിയിരുന്നു എങ്കിൽ 137 അടി ഉയരവും 1,168 ടൺ ഭാരവുമുണ്ടാകുമായിരുന്നു സ്തംഭത്തിന്.

## ഫിലെ ടെമ്പിൾ (Philae Temple)

തനതായ ഈജിപ്ഷ്യൻ നിർമ്മാണ രീതിയിൽ പണിതീർത്ത അവസാന ക്ഷേത്രം. ഫിലെ ദ്വീപിൽ സ്ഥിതി ചെയ്തിരുന്ന ക്ഷേത്ര സമുച്ചയം 1970ന്




മുൻപ് തന്നെ ശിലാഖണ്ഡങ്ങളായി അഗിൽക്യ (Agilkia Island) ദ്വീപിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. അസ്വാനിൽ ഹൈ ഡാം നിർമ്മിക്കുന്ന സമയത്തെ പ്രളയത്തിൽ നിന്നും സംരക്ഷിക്കാനാണ് യുനെസ്കോ നൂബിയൻ പ്രൊജക്റ്റിന്റെ ഭാഗമായി ഇത് മാറ്റി സ്ഥാപിച്ചത്. ക്ഷേത്ര സമുച്ചയത്തിൽ ഏറ്റവും പഴക്കംചെന്ന ഇടം ഐസിസ് ദേവതക്കായാണ് സമർപ്പിക്കപ്പെട്ടത്. ഫലസമൃദ്ധി, ജീവൻ, സൗഖ്യം, പുനർജന്മം എന്നിവയുടെ ദേവതയാണ് ഐസിസ്.

ചെറിയ ബോട്ടിൽ നൈലിലൂടെ യാത്ര ചെയ്ത് വേണം ഫിലെ ദ്വീപിലെത്താൻ. അഞ്ച് ക്ഷേത്രങ്ങൾ പിന്നീട് പള്ളികളായി മാറ്റപ്പെട്ടു. പാഗൻ



കേന്ദ്രം അടച്ചുപൂട്ടിയ ശേഷവും ക്രിസ്തീയ കേന്ദ്രമെന്ന പ്രാധാന്യം ഫിലെ നിലനിർത്തി. അസ്വാനിലെ കാഴ്ചകൾ കണ്ടശേഷം വൈകുന്നേരത്തോ



ടെ കപ്പൽ യാത്രക്കായി നൈൽ നദിക്കരയിലേക്ക് പോയി. തുടർന്നുള്ള മൂന്ന് രാത്രികളും രണ്ട് പകലുകളും നൈൽ ക്രൂയിസ് ആയ കാഹിലയിൽ (Kahila) സഞ്ചരിച്ചാണ് കാഴ്ചകൾ കണ്ടത്.

## നൈൽ ക്രൂയിസ് യാത്ര (അസ്വാൻ– കോം ഓംബോ – എഡ്ഫു – എസ്ന – ലക്സർ)

അസ്വാൻ മുതൽ ലക്സർ വരെയും തിരിച്ചും റോഡ് മാർഗ്ഗം സഞ്ചരിച്ച് കാഴ്ചകൾ കാണാമെങ്കിലും നൈൽ നദിയിലൂടെ ക്രൂയിസ് മാർഗ്ഗമുള്ള യാത്ര വേറിട്ട അനുഭവമാണ്. വിവാഹം പോലുള്ള സ്വകാര്യ ആഘോഷങ്ങൾക്കായുള്ള ചെറിയ ക്രൂയിസുകൾ മുതൽ നൂറ്റൻപതോളം കാബിനുകൾ ഉള്ള വലിയ ക്രൂയിസുകളുമുണ്ട്. വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്നവയാണ് അധികവും. ബാൽക്കണിയും ബാത് ടബ്ബും അടങ്ങിയ വിശാലമായ വലിയ മുറികളും സൺ ഡെക്, പൂൾ, ബാർ, ബൊട്ടിക്, സുഭിക്ഷമായ ഭക്ഷണം, ബെല്ലിഡാൻസ്, സൂഫി നാടോടിനൃത്തം തുടങ്ങിയവ ഉൾപ്പെട്ട രാത്രിയാത്ര. രാത്രിയിൽ ഒരിടത്തുതന്നെ നങ്കൂരമിട്ട് കിടക്കില്ല, സുരക്ഷിതവുമാണ്. 450ഓളം ക്രൂയിസുകൾ സർവീസ് നടത്തുന്ന നൈലിൽ വെള്ളം മലിനമല്ല എന്നത് അത്ഭുതപ്പെടുത്തി. ആഴ്ചയിൽ രണ്ട് തവണ കപ്പലുകളിൽ നിന്നും മാലിന്യശേഖരണത്തിനായി നിയോഗിക്കപ്പെട്ടവർ എത്തും. നൈൽ നദി മലിനമാക്കിയാൽ വലിയ തുകയാണ് പിഴയായി ഈടാക്കുക.

അടുത്ത ദിവസം ഉച്ചക്ക് ശേഷമാണ് കോം ഓംബോയിലേക്ക് യാത്രതിരിക്കാൻ ഉണ്ടായിരുന്നത്. പകൽ സമയം പ്രയോജനപ്പെടുത്താമെന്ന് കരുതി. എന്തിനൊക്കെ അവസരങ്ങളുണ്ടെന്ന് നോക്കി. ഒരാൾക്ക് ഇരുപത് യുഎസ് ഡോളർ നിരക്കിൽ ചെറിയ ബോട്ടിൽ കയറി നൈൽ നദീതീരത്തേക്കും സഹാറ മരുഭൂമിയിലേക്കും യാത്ര തിരിച്ചു. നദിയിലിറങ്ങി കുളിക്കാനുള്ള അവസരം ലഭിക്കും. ചുട്ടുപൊള്ളുന്ന മണലാരണ്യം തൊട്ടടുത്ത് ഉണ്ടെങ്കിലും നദിയിൽ നട്ടുച്ചക്കും തണുപ്പായിരുന്നു. അറന്നൂറ് ഈജിപ്ഷ്യൻ പൗണ്ടിന് ഒട്ടകസവാരി നടത്താം. എന്നാൽ സമയവും കാശും നഷ്ടപ്പെടുത്താതെ ബോട്ട് മാർഗ്ഗം സമീപ ഗ്രാമമായ നൂബിയൻ ഗ്രാമത്തിലേക്ക് യാത്ര തിരിച്ചു. വിനോദസഞ്ചാരികൾക്കായി തയ്യാറാക്കിയ ഒരു ഭവനത്തിലേക്കാണ് ആദ്യം എത്തിയത്. പരമ്പരാഗത ഈജിപ്ഷ്യൻ



സംഗീതവും നൃത്തവും ഭക്ഷണവും ആസ്വദിച്ച് മുന്നോട്ട് നീങ്ങി. ഒപ്പം അൽപം ഹുക്കയും പരീക്ഷിച്ചു. ചെറിയ മുതലയെ കൈയ്യിലെടുക്കാനും അവസരം ലഭിച്ചു. സ്വതവെ ആക്രമണ ശീലമുള്ളവരാണ് നൈൽ നദിയിലെ മുതലകൾ. മുതലകൾ ഈജിപ്തുകാർക്ക് ദൈവം കൂടിയാണ്. സോബക്കിനെ (Sobek) മുതലകളുടെ ദേവനെന്നാണ് വിളിക്കുന്നത്. പുരാതന ഈജിപ്തുകാർ മുതലകളെ ആരാധിച്ചിരുന്നു. മുതലവേട്ട അഭിമാനമായാണ് കരുതപ്പെടുന്നത്. വിനോദ സഞ്ചാരികളെ ആകർഷിക്കാനും അതുവഴി വരുമാനം നേടാനുമാണ് കുഞ്ഞൻ മുതലകളെ നാട്ടുകാർ ഉപയോഗിക്കുന്നത്. നൂബിയൻ വില്ലേജിൽ നിന്നും ഉച്ചകഴിഞ്ഞ് യാത്ര തിരിക്കുമ്പോൾ അടുത്ത ലക്ഷ്യം കോം ഓംബോയാണ്. ഇതിന് മൂന്ന് മണിക്കൂറോളം കപ്പലിൽ സഞ്ചരിക്കണം.

## കോം ഓംബോ (Kom Ombo)


നൈൽ നദിയുടെ തീരത്ത് പുരാതന ഈജിപ്ത് കാലത്ത് പവിത്രമെന്ന് കരുതുന്ന മുതലകൾ യഥേഷ്ടം വിഹരിച്ചിരുന്ന സ്ഥലത്താണ് കോം ഓംബോ സ്ഥിതിചെയ്യുന്നത്. സൂര്യാസ്തമയത്തോട് അടുത്താണ് കോം ഓംബോ ക്ഷേത്രത്തിലെത്തിയത്. അസ്തമയ സൂര്യ കിരണങ്ങളും ക്ഷേത്രത്തെ പ്രകാശഭരിതമാക്കിയ മഞ്ഞ ബൾബുകളും ക്ഷേത്ര ശിലാലിഖിതങ്ങളിലെ ചിത്രങ്ങളെ കൂടുതൽ മനോഹരമാക്കി. സമ ലക്ഷണങ്ങളോടെ പണിതീർത്ത രണ്ട് കവാടങ്ങളോട് കൂടിയുള്ള ഇരട്ട കെട്ടിടമാണ് കോം ഓംബോ ക്ഷേത്രം. ക്ഷേത്രത്തിന്റെ ഒരുഭാഗം ഫലസമൃദ്ധിയുടേയും ലോക സൃഷ്ടിയുടേയും ദേവനെന്ന് കരുതപ്പെടുന്ന സോ



ബകിനായി നിർമ്മിച്ചതാണ്. മുതലകളുടെ ദൈവം കൂടിയാണ് സോബക്. ക്ഷേത്രത്തിന്റെ മറുപകുതി പരുന്ത്, പ്രാപ്പിടിയൻ തുടങ്ങിയവയുടെ ദൈവമായ ഹോറസിനായി സമർപ്പിച്ചിരിക്കുന്നു.

ക്ലിയോപാട്ര അടങ്ങിയ ടോളമിക് രാജവംശ (Ptolemic Dynasty) കാലത്ത് പണിതീർത്ത ക്ഷേത്രം. ചുവരുകളിൽ വിവിധ സർജിക്കൽ ഉപകരണങ്ങളുടേയും മനുഷ്യന്റെ ജനനം, ബർത്ത് ചെയർ, പരിപാലനം, കിരീടധാരണം, ആരോഗ്യ സംരക്ഷണം തുടങ്ങിയവ കൊത്തിയിട്ടുണ്ട്. തൂണുകളുടെ മുകൾഭാഗം പാപ്പിറസ് പൂവിന്റെ ആകൃതിയിലാണ്. പരിസരത്ത് ഒരു വലിയ കിണറുമുണ്ട്. നൈൽ നദിയിലെ ജലനിരപ്പിന് അനുസരിച്ച് കിണറിലും മാറ്റം വരും.

## മുതല മ്യൂസിയം (Museum of Crocodile)



കോം ഓംബോ ക്ഷേത്രത്തിനടുത്തായാണ് മുതല മ്യൂസിയം. ഇരുപതിൽപ്പരം മുതല മമ്മികളും മുട്ടകളും ഇവിടെ സംരക്ഷിച്ച് പോരുന്നുണ്ട്.

## എഡ്ഫുവിലെ ഹോറസ് ടെമ്പിൾ (Horus Temple of Edfu)


കോം ഓംബോയിൽ നിന്ന് 64 കിലോമീറ്റർ ദൂരമുണ്ട് എഡ്ഫുവിലേക്ക്. രാത്രിയിൽ കപ്പൽയാത്ര ചെയ്ത് എഡ്ഫുവിൽ എത്തിച്ചേർന്നു. ഹോറസ് ടെമ്പിൾ ആണ് എഡ്ഫുവിന്റെ പ്രത്യേകത. ആളൊന്നിന് 50 ഈജിപ്ഷ്യൻ പൗണ്ട് നൽകിയാൽ കുതിരസവാരി നടത്താം. അതിനാൽ തന്നെ ബസ് ഒഴിവാക്കി കുതിര സവാരി നടത്തിയാണ് ഹോറസ് ടെമ്പിളിൽ പോയി വന്നത്. വർഷങ്ങൾ കൊണ്ടുള്ള നൈൽ നദിയിലെ എക്കൽ മണ്ണും മരുഭൂമിയിലെ മണലും അടിഞ്ഞ് ക്ഷേത്രം നാൽപത് അടിയോളം മണ്ണിനടിയിലായിരുന്നു. അതുകൊണ്ടുതന്നെ പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ക്ഷേത്രം കണ്ടെത്തുമ്പോൾ കാര്യമായ കേടുപാടുകൾ ഉണ്ടായിരുന്നില്ല. ഹോറസ് ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഈജിപ്തിലെ ഏറ്റവും വലിയ ക്ഷേത്രവും ഇതാണ്.

## എഡ്ഫു – എസ്ന – ലക്സർ

എഡ്ഫുവിൽ നിന്നും ലക്സറിലേക്ക് പോകും വഴിയാണ് എസ്ന. അവിടെയെത്തുമ്പോൾ കപ്പൽ നൈൽ എസ്ന ലോക്ക് കടക്കുന്നത് കാണാം. ഈ



ജിപ്ത് കാണാൻ നൈൽ നദിയിലൂടെ ബോട്ടിൽ പോകുമ്പോൾ മാത്രം ആസ്വദിക്കാൻ കഴിയുന്ന ഒരു വിസ്മയം. പനാമ കനാലിന് കുറുകെ പത്തോളം ലോക്കുകളുണ്ട്. അത് കടക്കാൻ ചിലപ്പോൾ ഒരുദിവസമൊക്കെ വേണ്ടിവരുമെന്നും കേട്ടിട്ടുണ്ട്. എന്നാൽ നൈൽ നദിക്ക് കുറുകെ ഒരു ലോക്ക് ഉണ്ടെന്നത് ഈ യാത്രക്കിടയിലാണ് അറിയുന്നത്.



നദിയിലെ ജലം ഏഴര മീറ്ററോളം പമ്പ് ചെയ്ത് വറ്റിച്ചു. അരമണിക്കൂറിനിടെ കപ്പൽ ലോക്ക് കടന്ന് വൈകുന്നേരത്തോടെ ലക്സറിലെത്തി.




രാത്രിയിൽ കപ്പലിൽ ഡിന്നറിന് ശേഷം ബെല്ലി ഡാൻസും സൂഫി നാടോടിനൃത്തവും അരങ്ങേറി. പതിനൊന്ന് മണിയോടെ ഉറങ്ങാൻ കിടന്നെങ്കിലും ഹോട്ട് എയർ ബലൂണിൽ പറക്കാനായി പുലർച്ചെ മൂന്ന് മണിക്ക് എണീറ്റു. ലക്സറിലെ കാണാക്കാഴ്ചകൾ പരതിയപ്പോൾ ഗ്രൂപ്പിലെ സഹയാത്രികൻ ആണ് ഹോട്ട് എയർ ബലൂൺ യാത്രയെക്കുറിച്ച് കണ്ടെത്തിയത്. ഹോട്ട് എയർ ബലൂണിൽ കയറിയ മുൻപരിചയം ആർക്കും ഉണ്ടായിരുന്നില്ല. അതിനാൽ ഹോട്ട് എയർ ബലൂൺ ആസ്വദിക്കാൻ എല്ലാവരും താൽപര്യം പ്രകടിപ്പിച്ചു. ആളൊന്നിന് അൻപത് യു എസ് ഡോളർ വീതം അധിക തുക ചെലവായി. തീർത്തും മൂല്യമുള്ളതും വ്യത്യസ്ത ആസ്വാദനവുമാണ് ബലൂൺ സഞ്ചാരത്തിലെ ആകാശക്കാഴ്ചകൾ നൽകിയത്. സ്വകാര്യ സേവനദാതാക്കളാണ് ആകാശക്കാഴ്ചക്കുള്ള ബലൂൺ ഒരുക്കിയത്. സൂര്യോദയ റൈഡ് ആസ്വദിക്കണമെങ്കിൽ (Hot Air Balloon Sunrise Ride) രാവിലെ അഞ്ചിന് മുൻപ് സ്ഥലത്തെത്തണം. അതിനായി താമസ സ്ഥലത്തുനിന്നും ബസിൽ കയറി കപ്പൽത്തുറയിലെത്തി, ചെറുബോട്ടിൽ യാത്ര ചെയ്ത് ഒരിടത്തെത്തി. അവിടെനിന്നും മിനി വാനിൽ സഞ്ചരിച്ചാണ് ബലൂൺ യാത്രയ്ക്കായി അഞ്ചുമണി കഴിഞ്ഞപ്പോൾ എത്തിച്ചേർന്നത്.

ട്രെയിനർ കൂടിയായ പൈലറ്റ് ആയിരുന്നു ഹോട്ട് എയർ ബലൂൺ പറത്തിയത്. മുക്കാൽ മണിക്കൂർ നീണ്ട ആകാശക്കാഴ്ച വേറിട്ട അനുഭവമാണ് സമ്മാനിച്ചത്. ഒരു ബലൂണിൽ ഇരുപത്തഞ്ച് പേർക്ക് ഒരുസമയം സഞ്ചരിക്കാം. അപകടസാധ്യതയുള്ളതിനാൽ സമ്മതപത്രം ഒപ്പിട്ട് നൽകണം. ഒന്നരമീറ്റർ ഉയരം ചാടിക്കറാൻ കഴിയുന്നവർ മാത്രമേ യാത്രക്ക് മുതിരാവൂ എന്ന് നിർദ്ദേശമുണ്ട്. ബലൂണിന്റെ കാബിനിലേക്ക് കയറാനും ഇറങ്ങാനുമുള്ള ഉയരമാണിത്. യാത്ര പൂർത്തിയാക്കിയ ശേഷം പൈലറ്റ് ഒപ്പിട്ട സാക്ഷ്യപത്രം യാത്രികർക്ക് നൽകും. തിരികെ ബോട്ടിലെത്തി പ്രഭാത ഭക്ഷണശേഷം ഹോട്ടലിൽ നിന്ന് ചെക് ഔട്ട് ചെയ്ത്, കിഴക്ക് - പടിഞ്ഞാറൻ ലക്സർ തീരങ്ങൾ കാണാനായി പുറപ്പെട്ടു.

## ലക്സർ (Luxor)

ജനനം, മരണം, പുനർജന്മം എന്നിവയിൽ വിശ്വസിച്ചിരുന്ന ഈജിപ്തുകാർ, നദിയുടെ കിഴക്കുഭാഗം ജനനത്തെയും പടിഞ്ഞാറ് ഭാഗം മരണത്തെയും പ്രതിനിധീകരിക്കുന്നുവെന്ന് കരുതുന്നവരാണ്. അതിനാൽത്തന്നെ ഫറവോകളുടേയും രാജ്ഞിമാരുടേയും കുലീനന്മാരുടേയും ശ്രേഷ്ഠന്മാരുടേയും ശവകുടീരങ്ങൾ നൈലിന്റെ പടിഞ്ഞാറ് ഭാഗത്തായാണ് നിർമ്മിച്ചിട്ടുള്ളത്. പടിഞ്ഞാറ് തീരത്താണ് വാലി ഓഫ് ക്വീൻസ്, ഹാറ്റ്ഷെപുട് ക്ഷേത്രം, മെമ്നൻ പ്രതിമകൾ (Colossi of Memnon) എന്നിവ.






**പടിഞ്ഞാറൻ തീരക്കാഴ്ചകൾ (West bank of Nile)**

## 1. രാജാക്കന്മാരുടെ താഴ്‌വര (Valley of Kings)

നൈലിന്റെ പടിഞ്ഞാറൻ തീരത്തെ രാജാക്കന്മാരുടെ താഴ്‌വരയെ മരണാനന്തര കവാടമെന്ന് (Gateway to After death) വിശേഷിപ്പിക്കാം. പ്രസിദ്ധരായ രാജാക്കന്മാരുടേയും കുലീനന്മാരുടേയും കല്ലറകൾ സ്ഥിതിചെയ്യുന്ന ഇടം. അറുപത്തിമൂന്നു ശവകുടീരങ്ങളും കല്ലറകളും ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പതിനെട്ട് എണ്ണം മാത്രമാണ് ഇപ്പോൾ തുറന്നിരിക്കുന്നത്. ആളുകളുടെ തിരക്ക് കുറക്കാനും കേടുപാടുകൾ സംഭവിക്കുന്നത് കുറക്കാനുമാണ് ഈ നിയന്ത്രണം.

ഇരുന്നൂറ്റിനാല്പത് ഈജിപ്ഷ്യൻ പൗണ്ട് ആണ് പ്രവേശന നിരക്ക്. ഇതനുസരിച്ച് മൂന്ന് ശവക്കല്ലറകൾ മാത്രമേ കാണാനുള്ള അനുവാദമുള്ളൂ. ഓരോ പ്രവേശന കവാടത്തിലെയും സുരക്ഷാ ഉദ്യോഗസ്ഥർ ടിക്കറ്റ് പഞ്ച് ചെയ്തശേഷം മാത്രമേ സന്ദർശകർക്ക് അകത്തുകടക്കാൻ അനുവാദമുള്ളൂ. മൂന്ന് പഞ്ചിങ്ങോടെ രാജാക്കന്മാരുടെ താഴ്‌വരയിലെ കാഴ്ചകൾ അവസാനിക്കും. കൂടുതൽ കല്ലറകൾ കാണാനുള്ള ആരോഗ്യവും അവശേഷിക്കില്ലെന്നതാണ് വാസ്തവം. ഈ കുടീരങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത് കടുത്ത ചൂടും കാറ്റും പൊടിമണ്ണുമുള്ള മരുഭൂമിയിലാണ്. പര്യവേഷകർ കണ്ടെത്തുമ്പോൾ ഒട്ടുമിക്ക ശവകുടീരങ്ങളും കൊള്ളയടിക്കപ്പെട്ട നിലയിലായിരുന്നു. 1923ൽ ഹൊവാർഡ് കാർട്ടർ, ടുട്ടൻ ഖാമുന്റെ ശവകുടീരം കണ്ടെത്തിയത് യഥേഷ്ടം മൂല്യങ്ങളോടെ ആയിരുന്നു. അവയെല്ലാം കെയ്റോയിലെ ഈജിപ്ഷ്യൻ മ്യൂസിയത്തിൽ സംരക്ഷണത്തിലാണ്.

## 2. ഹറ്റ്ഷെപുട് ടെമ്പിൾ (Hatsheput Temple)

പുരാതന ഈജ്പ്തിലെ രണ്ട് പെൺ ഫറവോമാരിൽ ഒരാളായിരുന്നു ഹറ്റ്ഷെപുട്. ചക്രവർത്തിനിയായിരുന്നിട്ടും അവഗണന നേരിട്ട ഹറ്റ്ഷെപുട് അതിനെ ചെറുക്കാനായി പുരുഷവേഷം കെട്ടുകയും വെപ്പുതാടി അണിയുകയും ചെയ്തു. ഇവരുടെ കാലത്ത് മികവുറ്റ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും വ്യാപാരമേഖലയെ വിപുലമാക്കുകയും ചെയ്തു. മരണശേഷം ഹറ്റ്ഷെപുടിന്റെ പ്രതിമകളും ചരിത്രരേഖകളം അവ്യക്തമായ കാര



ണങ്ങളാൽ നശിപ്പിക്കപ്പെട്ടു. എന്നാൽ രാജാക്കന്മാരുടെ താഴ്‌വരയിൽ ഹറ്റ്ഷെപുടിനും ഇടം ലഭിച്ചിരുന്നു.

## 3. മെംമ്നൻ പ്രതിമകൾ (Colossi of Memnon)

നൈൽ നദിയിൽ പ്രതിവർഷമുണ്ടായ പ്രളയവും ഭൂമികുലുക്കവും മൂലം കാലക്രമേണ നശിച്ചുപോയ അമൻടോപ് മൂന്നാമന്റെ ശവകുടീരത്തിന് മുന്നിൽ അവശേഷിക്കുന്ന രണ്ട് ഭീമാകാരമായ പ്രതിമകളാണ് മെംമ്നൻ പ്രതിമകൾ. പതിനെട്ട് മീറ്റർ വീതം ഉയരമുള്ള ഈ പ്രതിമകൾക്ക് കാൽമുട്ടിൽ കൈകൾ വെച്ച് ഇരിക്കുന്ന രൂപമാണ്. ചുണ്ണാമ്പുകല്ലിലാണ് ഇതര പ്രതിമകൾ തീർത്തതെങ്കിൽ മെംമ്നൻ പ്രതിമകൾ വെള്ളാരം കല്ലിലാണ് നിർമ്മിച്ചത്. തെക്കുഭാഗത്തുള്ള പ്രതിമ ഒറ്റക്കല്ലിൽ



തീർത്തതെങ്കിൽ വടക്കു ഭാഗത്തെ പ്രതിമ അരയ്ക്ക് മുകളിൽ അഞ്ച് നിലകളായി അടുക്കിവച്ചതാണ്.


നൈലിന്റെ കിഴക്കൻ തീരത്തെ കാഴ്ചകൾ (East Bank of Nile)

## 1. കാർണക് ക്ഷേത്രം (Karnak Temple)

മതപരമായ ഉദ്ദേശങ്ങൾ മുൻ നിർത്തി നിർമ്മിച്ച ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്രമാണ് കാർണക് ക്ഷേത്രം. കിഴക്കൻ തീരത്ത്, 200 ഇരുന്നൂറ്ഏക്കറോളം വിസ്തൃതിയുള്ള ഇവിടെ പ്രധാനമായും അമുൻ, മട്ട്, ഖോൻസി എന്നീ ദൈവങ്ങൾക്കായി സമർപ്പിച്ചിരുന്നവയാണ്. ഇവയിൽ അമുൻ മാത്രമാണിപ്പോൾ സന്ദർശകർക്കായി തുറന്ന് നൽകിയിട്ടുള്ളത്. അമുൻ മാത്രം നൂറ്റിമുപ്പത് ഏക്കറോളം വിസ്തൃതിയുണ്ടാവും. ഇജിപ്തിൽ ഗിസ പിരമിഡുകൾക്ക് ശേഷം ഏറ്റവും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലമാണ് കർണക് ക്ഷേത്രം.

## 2. ലക്സർ ക്ഷേത്രം (Luxor Temple)

പുരാതന ഈജിപ്തിലെ ഏറ്റവും പഴക്കം ചെ







ന്ന ക്ഷേത്രം. മറ്റ് ക്ഷേത്രങ്ങൾ ഏതെങ്കിലും ദൈവത്തിന് സമർപ്പിച്ചിരിക്കുന്നുവെങ്കിൽ ലക്സർ ക്ഷേത്രം ദൈവത്തിനുള്ളതല്ല. ഫറവോകളുടെ കിരീടധാരണ സ്ഥലമായി ആണ് ലക്സർ ക്ഷേത്രം കണക്കാക്കപ്പെടുന്നത്. ക്ഷേത്ര പരിസരത്ത് ഒരുഭാഗം മുസ്ലിം പള്ളിയാണ്. പുരാതന കാലം മുതൽ ഇപ്പോഴും ഉപയോഗിച്ചുവരുന്ന പള്ളികൂടിയാണിത്. ലോകത്ത് ഏറ്റവും പഴക്കമുള്ളതും തുടർച്ചയായി ഉപയോഗത്തിലുള്ളതുമാണ് ലക്സർ ക്ഷേത്രത്തിന്റെ ഒരുഭാഗം.

## ലക്സർ – കെയ്റോ ആഭ്യന്തര വിമാന സർവീസ്

ലക്സറിലെ കാഴ്ചകൾ പൂർത്തിയാക്കി രാത്രി




യോടെ കെയ്റോയിലേക്ക് പുറപ്പെട്ടു. വിശാലമാണ് ഈജിപ്തിലെ ആഭ്യന്തര വിമാനത്താവളമായ ലക്സർ എയർപോർട്ട്. ബസിൽ വിമാനത്തിനടുത്തേക്ക് എത്താൻ തന്നെ കുറച്ചധികം സമയമെടുത്ത് യാത്ര ചെയ്യണം.

## കെയ് റോ നഗരം

യാത്രയുടെ ആദ്യദിനം തന്നെ കെയ്റോയിൽ എത്തിയിരുന്നുവെങ്കിലും അന്ന് രാത്രിതന്നെ അസ്വാനിലേക്ക് ട്രെയിൻ കയറി. അതിനാൽ കെയ്റോയിലെ കാഴ്ചകൾ ഒന്നും ആദ്യദിനം കണ്ടിരുന്നില്ല. വളരെ തിരക്കേറിയ മഹാ നഗരത്തോട് ചേർന്നാണ് പുരാതന ഈജിപ്തിലെ അവശിഷ്ടങ്ങളും പിരമിഡുകളും നിലകൊള്ളുന്നത്. പഴയ് കെയ്റോയും പുതിയ കെയ്റോയും (Old Cairo and New Cairo) എന്ന് രണ്ടായിത്തന്നെ വിശേഷിപ്പിക്കുന്നു. പഴയ കെയ്റോയിൽ ഉള്ള കോപ്ടിക് പള്ളിയാണ് അബു സെർഗ എന്നറിയപ്പെടുന്ന കവേൺ ചർച്ച് (Cavern Church).

ഇസ്രയേലിൽ യഹൂദന്മാരുടെ രാജാവായ ഹെറോദാവ് ഉണ്ണിയേശുവിനെ ശത്രുവായി കണ്ട് ജീവൻ അപഹരിക്കാൻ തുനിഞ്ഞപ്പോൾ ജോസഫും മേരിയും ഉണ്ണിയേശുവുമായി ഈജിപ്തിലേക്ക് രക്ഷപെട്ടു എന്ന് ബൈബിളിൽ പരാമർശിക്കുന്നു. അവർ അധികനാൾ ഒരിടത്ത് താമസിച്ചിരുന്നില്ല. ഏറ്റവും കൂടുതൽ നാൾ താമസിച്ചത് എന്ന് കരുതപ്പെടുന്ന ഗുഹയുടെ മുകളിലായി പണിതീർത്ത



പള്ളിയാണ് സെവേൺ ചർച്ച്. പടികളിറങ്ങി താഴെയെത്തുമ്പോൾ തിരുകുടുംബം താമസിച്ചിരുന്നത് എന്ന് കരുതപ്പെടുന്ന ഗുഹയും ചില്ലിട്ട് സംരക്ഷിച്ച ഒരു കിണറും കാണാം. പ്രളയത്തിൽ നൈൽ നദിയിൽ ജലനിരപ്പ് ഉയരുമ്പോൾ പത്തു മീറ്റർ ആഴമുള്ള ഈ നിലവറയിലും (Crypt) ജലം നിറയുമായിരുന്നു.

## ഹാംഗിംഗ് ചർച്ച് (Hanging Church)

പഴയ കെയ്റോയിൽ അബു സെർഗ പള്ളിക്ക്



ഒപ്പം പ്രാധാന്യമുള്ള മറ്റൊരു ആരാധനാലയമാണ് ഹാംഗിംഗ് ചർച്ച്. കന്യാമറിയത്തിനായി സമർപ്പിച്ച ഏറ്റവും പഴക്കം ചെന്ന കോപ്റ്റിക് പള്ളി. ബാബിലോൺ കോട്ടയുടെ ഒരു ഭാഗത്തിന് മുകളിലായി നിർമ്മിച്ചതിനാലാണ് ഹാംഗിംഗ് ചർച്ച് എന്ന വിശേഷണം. പള്ളിയുടെ ഉൾവശത്തുനിന്ന് ചില്ലിട്ട് വേർതിരിച്ച ഭാഗത്തുകൂടി നോക്കിയാൽ താഴ്‌വരയുടെ ഒരുഭാഗം കാണാം.

## കെയ്റോയിലെ ഈജിപ്ഷ്യൻ മ്യൂസിയം



നാൽപതിലധികം മുറികൾ. ഒരു ലക്ഷത്തിലധികം പുരാവസ്തുക്കൾ. മമ്മികളും അതിന്റെ പ്രക്രിയക്ക് ഉപയോഗിച്ചിരുന്ന മേശയും കനോപിക് ജാറുകളും. രാജാക്കന്മാരുടെ താഴ്‌വരയിൽ നിന്ന്







കണ്ടെത്തിയ ടുട്ടൻ ഖാമുൻ രാജാവിന്റെ സ്വർണ്ണ കുടീരവും അനേകം നിധിശേഖരവും പ്രത്യേകമായി ഈജിപ്ഷ്യൻ മ്യൂസിയത്തിലെ മുറികളിൽ സംരക്ഷിച്ച് പോരുന്നു. മ്യൂസിയത്തിലെ പുരാവസ്തുക്കളിൽ ടുട്ടൻ ഖാമുന്റെ മമ്മിയുടെ ചിത്രങ്ങളോ ദൃശ്യങ്ങളോ മൊബൈൽ കാമറയിൽ പോലും പകർത്താൻ അനുവാദമില്ല. ടുട്ടൻ ഖാമന്റെ ശവകുടീരത്തിനൊപ്പം നൂറ്റിപ്പതിനഞ്ചു കിലോഗ്രാം സ്വർണ്ണം സൂക്ഷിച്ചിട്ടുണ്ട്. ഗ്രാൻഡ് ഈജിപ്ഷ്യൻ മ്യൂസിയം ഗിസ പിരമിഡ് കോംപ്ലക്സിൽ നിർമ്മാണത്തിലാണ്. സന്ദർശകർക്ക് തുറന്നു നൽകുമ്പോഴേക്കും ലോകത്തിലെ രണ്ടാമത്തെ വലിയ മ്യൂസിയമാകും ഇത്.

## ഗിസയിലെ പിരമിഡ് സമുച്ചയം (Great Pyramid of Giza)

ഈജിപ്തിൽ സഞ്ചാരികളെ ഏറ്റവുമധികം ആകർഷിക്കുന്നതാണ് ഗ്രേറ്റ് പിരമിഡ് ഉൾപ്പെടുന്ന ഗിസയിലെ പിരമിഡുകളും സ്ഫിൻക്സും. ഗിസയിലെത്താൻ തലസ്ഥാന നഗരമായ കെയ്റോയിൽ നിന്നും പതിനഞ്ച് കിലോമീറ്ററിൽ താഴെ ദൂരം മാത്രമേയുള്ളൂ. ഈജിപ്തിൽ നൂറ്റിപ്പതിനെട്ട് പിരമിഡുകളുണ്ട്. ഇതിൽ ഗ്രേറ്റ് പിരമിഡ്, ഖുഫു രാജാ


പിരമിഡ്

വിനായി നിർമ്മിച്ചതാണ്. ഇന്നും നിലനിൽക്കുന്ന പുരാതന ലോകാത്ഭുതങ്ങളിൽ ഒന്നാണ് ഖുഫുവിന്റെ പിരമിഡ്. ചുണ്ണാമ്പുകല്ലിൽ നിർമ്മിച്ചതാണ് പിരമിഡ്. ഇതിന്റെ മുകൾ ഭാഗം ഉറപ്പിക്കുന്ന കാപ് സ്റ്റോൺ തൽസ്ഥാനത്തുനിന്ന് നഷ്ടപ്പെട്ടു. കാപ്സ്റ്റോണിന്റെ ഏറ്റവും മുകളിലെ കഷ്ണമായ സാ - ബെൻ (Sa-Benben, Fire Stone) അലക്സാണ്ടറിന്റെ ശവകുടീരത്തിലെ അവശിഷ്ടങ്ങൾക്കൊപ്പമുണ്ട്.

നൂറ്റിനാല്പത്തെട്ട്മീറ്റർ ഉയരവും ഇരുന്നൂറ്റിമുപ്പത് മീറ്റർ നീളവും ഉണ്ടായിരുന്ന പിരമിഡിന് ഇന്ന് നൂറ്റിമുപ്പത്തെട്ട് സെന്റിമീറ്റർ ഉയരമേ അവശേഷിക്കുന്നുള്ളൂ. ക്രിസ്തുവിന് 2500 വർഷങ്ങൾക്ക് മുൻപ് 25 വർഷങ്ങൾ കൊണ്ട് ആണ് ഖുഫുവിന്റെ പിരമിഡ് നിർമ്മിച്ചത്. നേരത്തെ മിനുസമുള്ളതായിരുന്ന പിരമിഡിന്റെ പുറംഭാഗം കാലക്രമേണ പരുപരുത്തതും ക്രമരഹിതവുമായി. ശക്തമായി വീശുന്ന മണൽക്കാറ്റാണ് കേടുപാടുകളുണ്ടാകാനുള്ള പ്രധാന കാരണം. കല്ലുകളിൽ പലതും പ്രദേശവാസികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാറ്റിയെന്നും പറയപ്പെടുന്നു. ഗ്രേറ്റ് പിരമിഡിൽ മൂന്ന് കല്ലറകളുണ്ട്. ഇതിൽ രാജാവിന്റെ കല്ലറയിലേക്ക് മാത്രമേ ഇപ്പോൾ പ്രവേശനത്തിന് അനുവാദമുള്ളൂ. അതിനും അധിക നിരക്കിൽ വേറെ ടിക്കറ്റ് എടുക്കണം. ഗ്രേറ്റ് പിരമിഡിന്റെ സമീപത്തായി ആണ് രണ്ടാമത്തെ വലിയ പിരമിഡും സ്ഥിതിചെയ്യുന്നത്. ഖുഫു രാജാവിന്റെ മകൻ ഖഫ്രെ (Khafre) രാജാവിനായി നിർമ്മിച്ചതാണ് രണ്ടാമത്തെ സ്മാരകം.

## ഗിസയിലെ ഗ്രേറ്റ് സ്ഫിൻക്സ് (Great Sphinx)

ഗ്രീക്ക് പുരാണത്തിലെ ഏറ്റവും തന്ത്രശാലിയും ആർക്കും പിടികൊടുക്കുകയും ചെയ്യാത്ത സ്ത്രീ നരസിംഹമായാണ് സ്ഫിൻക്സിനെ വിശേഷിപ്പിച്ചിട്ടുള്ളത്. യാത്രികരോട് കടങ്കഥാ പ്രശ്നം ചോദിക്കുകയും ശരിയുത്തരം പറയാത്തവരെ കൊല്ലുകയും ചെയ്തിരുന്ന രാക്ഷസി. സ്ത്രീയുടെ മുഖവും സിംഹത്തിന്റെ ഉടലും പക്ഷിയുടെ ചിറകുകളും ഉൾപ്പെടുന്ന നരസിംഹ സമാനമായ രൂപം. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ആൺ നരസിംഹമാണ് ഗിസയിലെ സ്ഫിൻക്സിന്റെ രൂപം. പക്ഷിയുടെ ചിറകുകളില്ല. ഒറ്റക്കല്ലിൽ തീർത്ത രൂപത്തിന് എഴുപത്തിമൂന്ന് മീറ്റർ നീളവും ഇരുപ


ഗ്രേറ്റ് സ്ഫിൻക്സ്

ത് മീറ്റർ ഉയരവുമുണ്ട്. സഫിൻക്സിന്റെ മൂക്കിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആരാധനയുണ്ടായിരുന്ന കാലത്ത് സംഭവിച്ച കേടുപാടാണിതെന്നാണ് പറയപ്പെടുന്നത്.

## പാപ്പിറസും ഈജിപ്ഷ്യൻ കോട്ടണും
### (Papyrus and Egyption Cotton)

പ്രാചീനകാലത്ത് എഴുതാനുപയോഗിച്ചിരുന്ന കട്ടിയുള്ള കടലാസുകളാണ് പാപ്പിറസ്. പാപ്പിറസ് ചെടിയുടെ തണ്ടിൽ നിന്നാണ് കടലാസ് നിർമ്മിക്കുന്നത്. ആദ്യമായി പാപ്പിറസ് നിർമ്മിച്ചതും ഈജിപ്തുകാരാണ് എന്ന് കരുതപ്പെടുന്നു. ചതുപ്പ് നി



ലങ്ങളിൽ കാണുന്ന പാപ്പിറസ് ചെടികൾ നൈൽ നദിയുടെ തീരങ്ങളിൽ യഥേഷ്ടം വളർന്നിരുന്നു. ഇന്ന് ഈജിപ്ഷ്യൻ ഭരണകൂടത്തിന്റെ സംരക്ഷണയിലാണ് ചെടികൾ വളരുന്നത്. പേപ്പർ നിർമ്മാണവും അതിൽ ചിത്രപ്പണികൾ ചെയ്ത് വിൽപ്പനക്ക് വെക്കുന്ന ഇടങ്ങളും സന്ദർശിച്ചു.

## കട്ടിയുള്ള ചുണ്ണാമ്പുകല്ല്
### (Alabaster Stone)

ഈജിപ്തുകാർ പുരാതന കാലംമുതൽക്കേ ഖനനം ചെയ്തെടുത്ത് വിവിധ ശില്പനിർമ്മാണങ്ങൾ



ക്ക് ഉപയോഗിക്കുന്നതാണ് കട്ടിയുള്ള ചുണ്ണാമ്പുകല്ല് (Alabaster Stone). തദ്ദേശ വാസികൾ കൊത്തുപണികൾ ചെയ്യുന്ന ഇടങ്ങൾ, വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങിയവ സന്ദർശിക്കാനും അവസരമുണ്ടായി. തദ്ദേശീയ വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതുവഴി പ്രദേശവാസികൾക്ക് പ്രധാന വരുമാന മാർഗ്ഗം കൂടിയാണിത്.

യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയതാണ് ഈജിപ്തിലെ കാഴ്ചകൾ. അതിലൊന്ന് പുരാതന ലോകാത്ഭുതങ്ങളിൽ ഉൾപ്പെടുന്നതുമാണ്. പൗരാണിക കാലത്തെ അവശിഷ്ടങ്ങൾ കണ്ടെടുക്കാനുള്ള ഖനനം ഇപ്പോഴും തുടരുന്നു. നാശോന്മുഖമായവയെ സംരക്ഷിക്കാനാണ് സർക്കാരിന്റെ ശ്രമം. സഞ്ചാരികളെ ആകർഷിക്കാൻ തക്ക ദൃശ്യസമ്പന്നമായ രാജ്യം.




പാപ്പിറസ് ചെടി

ഫോർ സ്റ്റാർ ഹോട്ടലുകളിൽ പോലും വൈഫൈ സൗകര്യമില്ല. ടോയ്‌ലറ്റുകളിൽ ഹാൻഡ് ഷവർ ഇല്ല. ടോയ്‌ലറ്റുകളിലെ ജലലഭ്യത ഫൗണ്ടൻ മാതൃകയിലാണ്. ചൂടും ദീർഘദൂര യാത്രയും പ്രതീക്ഷിക്കണം. എന്നാൽ ഈജിപ്ഷ്യൻ കാഴ്ചകൾ തേടിയുള്ള യാത്ര തികച്ചും മൂല്യമുള്ളതാണ്. വരും വർഷങ്ങളിൽ ഈജിപ്തിന്റെ മുഖച്ഛായ തന്നെ മാറാൻ സാധ്യതയുണ്ട്. കെയ്റോയിലെ ബഹുനിലകെട്ടിടങ്ങൾ പലതും താമസ സൗകര്യത്തിനായോ ഓഫീസ് സൗകര്യത്തിന് വേണ്ടിയോ ഉപയോഗപ്പെടുത്തുന്നില്ല. എല്ലാ കെട്ടിടങ്ങളും പുനർനിർമ്മാണത്തിനോ റോഡ് വീതി കൂട്ടാനായി പൊളിച്ചുമാറ്റാനോ വേണ്ടി ഒഴിച്ചിട്ടിരിക്കുന്നു. കെട്ടിടങ്ങളെല്ലാം അടഞ്ഞ നിറങ്ങളിലുള്ളവയാണ്. മരുഭൂമിയിൽ നിന്നുള്ള പൊടിക്കാറ്റടിക്കുന്നതിനാൽ മറ്റൊരു നിറത്തിനും ചേർച്ചകാണുകയുമില്ല.


കുന്നോളം സ്വപ്നമുള്ള യാത്രാസ്നേഹികളെ ഒരിക്കലും നിരാശപ്പെടുത്തില്ല ഈജിപ്ത്.



ചർച്ചാവിഷയം



# കുടജാദ്രിയിൽ കുടികൊള്ളാൻ



**ചിത്തിര കുസുമൻ**
2021ലെ കവിതക്കുള്ള സാഹിത്യ
അക്കാദമി കനകശ്രീ അവാർഡ് ജേതാവ്

അങ്ങനെയിരിക്കുമ്പോഴാണ് കുടജാദ്രിക്ക് പോകണം എന്നൊരുൾവിളി വന്നത്. ആദ്യമായിട്ടൊന്നുമല്ല, ഇതിനു മുൻപ് മൂന്നുവട്ടം ടിക്കറ്റ് എടുത്തു ക്യാൻസൽ ചെയ്യേണ്ടി വന്നിട്ടുണ്ട് ഈ വിളി കേട്ടിട്ട്. ഒരിക്കൽ, എട്ടോ പത്തോ കൊല്ലം മുൻപ് പോയിട്ടുണ്ട്. വിളിക്കുന്നത് കാടാണ്, ഇറങ്ങിച്ചെല്ലാതെങ്ങനെ? നിഷയെ വിളിച്ചു ചോദിച്ചു, പോയേക്കാം എന്ന് അവളും പറഞ്ഞു . അടുത്ത ദിവസം ടിക്കറ്റു ബുക്ക് ചെയ്തു കുന്ദാപുര വരെ ഓഖക്ക് (ആരാണാവോ). അതിന്റെ പിറ്റേ ദിവസം 30 -09 -2016 നു രാത്രി 8 നുള്ള ട്രെയിൻ കേറാൻ വൈകിട്ട് ആറേ മുക്കാലിന് തുണി തിരുമ്മി ത്തീർത്ത് നിഷയെയും കൂട്ടി ഏഴേ മുക്കാലിന് സൗത്തിലെത്തി . രണ്ടു ചപ്പാത്തി പാഴ്സൽ വാങ്ങിയ നേരത്തേക്ക് റഷി വന്നു. ഏതോ കാലത്തെ ഒരു ഓർമ്മബാക്കിക്ക് അവനൊരു ഡയറിമിൽക്ക് തന്നു. ഞങ്ങൾ ട്രെയിനിൽ കയറി. അവൻ പോയി. ട്രെയിൻ ഓരോ യാത്രയിലും വ്യത്യസ്തമായ ഒരിടമാണ്. രാത്രി തീവണ്ടിത്താളത്തിൽ ആടുന്ന ഒരു തൊട്ടിലായി. ഞാനിതാ പോകുന്നു.

ഉണർന്നത് 6.45 നാണ്. എവിടെയെത്തി ? സുരത്കൽ. അടുത്തത് ഉഡുപ്പിയാണ്. അവിടെ ഇറ

ങ്ങിയാലോ ചിത്തിരേച്ചീ എന്ന് നിഷ. പറ്റിയ കമ്പനി. ഇറങ്ങിയേക്കാം കൊച്ചേ . പല്ല് തേച്ചു മുഖം കഴുകി. ട്രെയിനിൽ പതിവില്ലാത്തതാണ്, എന്നാലും നല്ല യാത്രയെന്ന് മനസ് പറയുന്നു.

ഉഡുപ്പി – ഇറങ്ങുമ്പൊ ആറരയാണോ അതോ ഏഴോ? ആ. നമ്മൾ അമ്പലത്തിൽ പോവല്ലേന്ന് കുട്ടി. പിന്നല്ലാതെ. എന്നാ വാ.

പതിമൂന്നാം നൂറ്റാണ്ടിൽ വൈഷ്ണവഗുരുവും



ഷഡ്ദർശനങ്ങളിൽ ദ്വൈതസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവുമായ മധ്വാചാര്യനാണ് ഉഡുപ്പിയിൽ കൃഷ്ണമഠം സ്ഥാപിച്ചത്. പിന്നെ ഏതോ കാലത്ത് ദലിതനായ കനകദാസൻ എന്നൊരു കവി, അകത്തേക്ക് പ്രവേശനം നിഷേധിക്കപ്പെട്ട് അകമറിഞ്ഞു വിളിച്ചപ്പോൾ കിഴക്കോട്ട് നിന്ന കൃഷ്ണൻ നേരെ പടിഞ്ഞാറേക്ക് തിരിഞ്ഞു, അന്നേരം ചുമരിൽ വിള്ളലുണ്ടായി, കനകദാസൻ അങ്ങേരെ നേരിട്ട് കണ്ടു എന്നൊക്കെയാണ് കഥ. എന്തായാലും കനകദാസൻ കൃഷ്ണനെ കണ്ട ചുമരിലെ ഒരു ജനാലയിലൂടെ ഞങ്ങളും കണ്ടു ഒരു വെളിച്ചം. ട്രാവൽ ബാഗ്, രാത്രി മുഴുവൻ ഇട്ടു കിടന്ന ജീൻസും ഷർട്ടും, കുളിച്ചിട്ടില്ല. എങ്കിലെന്താ, ചരിത്രമേറെ പറയാനുള്ള ക്ഷേത്രത്തിന് പുറംചമയങ്ങൾ നിസ്സാരമാണ് എന്ന് മനസിലായി ബാഗ് ഇവിടെ വെച്ചിട്ട് കയറി പൊക്കോളൂ എന്ന് കാവൽക്കാരൻ പറഞ്ഞപ്പോൾ.

**മുരുഡേശ്വരം** – ഉഡുപ്പിമഠത്തിൽ നിന്നിറങ്ങി ചായയും ദോശയും കഴിച്ചു സമയം നോക്കുമ്പോ വെറും എട്ടര. കൊല്ലൂർക്ക് പോയാൽ അവിടെത്തന്നെ ആയിപ്പോകുമല്ലോ, വേറെ എന്താണ് വഴിക്ക് എന്ന് ഗൂഗിളിനോട് ചോദിച്ചു. പോ മുരുഡേശ്വരത്തേക്കെന്ന് ഗൂഗിൾ പറഞ്ഞു. എന്നാ ബാപൂവാലാ എന്ന് നിഷ. ഞങ്ങളങ്ങനെ ബസിൽ കയറി, എങ്ങോട്ട്? മുരുഡേശ്വരത്തേക്ക്.

ഉത്തരകന്നഡത്തിലെ ഭട്കൽ താലൂക്കിലാണ് മേൽപറഞ്ഞ ഇരുപത് നില കെട്ടിടം. എത്തിയത് നട്ടുച്ചക്കായതു കൊണ്ട് ഉച്ചി പൊള്ളിക്കുന്ന ചൂടും മൂന്നു ഭാഗത്തും ആവി പൊന്തിക്കുന്ന കടലും കൂടി നമ്മൾക്ക് ആകെ കലി വന്നു. ശിവന്റെ ഏറ്റവും പൊക്കമുള്ള രണ്ടാമത്തെ പ്രതിമയാണ് ഇവിടത്തെ പ്രധാന ആകർഷണം. അത് നന്നായി കാണാൻ രാജമന്ദിരത്തിന്റെ ഇരുപതാം നിലയിലേക്ക് പത്തു രൂപ കൊടുത്തു ലിഫ്റ്റിൽ പോണം. പോയി. കണ്ടു. 237.5 അടിയാണ് കെട്ടിടപ്പൊക്കം. അതായത് പത്തുരൂപക്ക് നമ്മൾ അത്ര പൊങ്ങി! ഇറങ്ങി താഴെ വന്ന് പ്രതിമ അടുത്തു നിന്ന് കാണാൻ പോയി. ഫോട്ടോഗ്രാഫർമാരുടെ മേളമാണ്. ഒരു പടം എടുത്ത് അപ്പൊ കഴുകിത്തരും, അൻപത് രൂപ. ഫോട്ടോ ലാബ് പഴയൊ



രു സ്കൂൾ വാനാണ് . ഒരു രസം എന്താണെന്ന് വെച്ചാൽ കന്നഡക്കാരെ കാണാനില്ല . ആകെ മൊത്തം മുണ്ടുടുത്തവരും സെറ്റും മുണ്ടും ധരിച്ചവരും ആയ മലയാളികളാണ് . സമയം 11.30 . മടുപ്പായി . ഒരു ഷേക്ക് കഴിക്കണം എന്ന് അവൾ . ഞാനൊരു നാരങ്ങാവെള്ളം . ഹിന്ദിമാലൂം എന്ന് ഓട്ടോക്കാരൻ . അങ്ങനെ ബസ് സ്റ്റോപ്പിൽ തിരികെയെത്തി . ചേട്ടാ പോകുമോ കൊല്ലൂർക്ക് എന്ന് ബസുകാരോട് വിളിച്ചുചോദിച്ചു. ഇല്ല കൊച്ചേ ബൈന്ദൂര് എറങ്ങീട്ട് ബസ് മാറിക്കേറി പോണം ന്ന് കിളി പറഞ്ഞു . എന്നാപ്പോട്ടെ ബസ് ബൈന്ദൂർക്ക് , ടിം .

ബൈന്ദൂർ ബസ്സ്റ്റോപ്പിൽ അരയോ അതിൽ അധികമോ മണിക്കൂർ നിന്നിട്ടാണ് കൊല്ലൂർക്ക് ബസ് വന്നത് . അതിനിടെ അവിടെ വന്ന സകലമാനസ്കൂൾ പിള്ളേരും ഇതേതാണ് ഈ അലവലാതികൾ എന്ന് നോക്കിയത് അവരുടെയല്ല നമ്മുടെ കയ്യിലിരിപ്പ് കൊണ്ട് മാത്രമാണ് , അല്ലേ നിഷമോളേ .

അങ്ങനെ ഹനുമാൻ വന്നു , കൊല്ലൂർക്കുള്ള ബസാണ് . നന്നായി വിശക്കുന്നുണ്ട് . എന്നെ കൊണ്ടുപോ കാറ്റേ , എന്നെ കൊണ്ടുപോ കാടേ?

കൊല്ലൂർ – മൂന്നുമണിയോടെ ബസിറങ്ങി , മഴ ചാറുന്നു . മുകളിലേക്ക് നോക്കെന്ന് എന്നെ വിളിക്കുന്നുണ്ട് . കേൾക്കാം . മണ്ണുതൊട്ട് നെറുകിൽ വെച്ചു , കാട് അമ്മയാണ് . നേരെ നടക്കുംവഴിക്ക് ഇടത്തൊരു കൊച്ചുകട . താ ചേട്ടാ ചോറും രസോം മോരും പിന്നെ എന്താന്നു വെച്ചാ അതൊക്കെ . ബോട്ടിലിൽ വെള്ളം തീർന്നു . അതും ചൂടുവെള്ളം നിറച്ചു താ . ഊണ് ഗംഭീരം . നിറഞ്ഞു . നിറയെ ആളുകൾ വന്നിറങ്ങുന്നു , നവരാത്രിയിലെ ആദ്യരാത്രിയാണ് ഇന്ന് . ഒക്ടോബർ 1. റൂമൊക്കെ ഫുള്ളാണെന്ന് കടക്കാരൻ . എവിടെ കിടക്കും രാത്രി ? ആ . വാ നോക്കാം . ലഗേജ് ഇറക്കിവെക്കണം . അതാണ് കാര്യം . രണ്ട് ഹോട്ടൽ കയറി . എസി മുറിയെ ഒഴിവുള്ളു, വലിയ വില കൊടുക്കേണ്ടി വരും. ദേ നിൽക്കുന്നു കൈരളി റസിഡെൻസി . പഴക്കമില്ലാത്ത കെട്ടിടം. മുറിയുണ്ടോ ചേട്ടാ ? ഒണ്ട്, 500 റുപ്യ, സ്റ്റാൻഡേർഡ് റൂം. വാ. നല്ല മുറി . എന്നാ ചേട്ടൻ പൊക്കോ. അയ്യടീ, താഴെ വന്ന് കാശ് താ, നിന്റെ അഡ്രസും. പ്ലീങ്. ബാപൂവാലാ .

സൗപർണിക – സുപർണൻ എന്നൊരു ഗരുഡൻ ഈ നദിക്കരയിൽ തപസു ചെയ്ത് മോക്ഷം പ്രാപിച്ചെന്നും അങ്ങനെയാണ് സൗപർണിക എന്ന പേരു കിട്ടിയതെന്നും ഒരു കഥയുണ്ട് . മൂകാംബിക ക്ഷേത്രപരിസരത്ത് എത്തുമ്പോഴേക്ക് 64 ഇനം ഔഷധച്ചെടികളിൽ തട്ടി അതിന്റെയൊക്കെ ഗുണവും കൊണ്ടാണത്രേ നദിയുടെ വരവ് , അതിനാൽ രോഗനാശിനിയെന്നും സൗപർണിക അറിയപ്പെടുന്നു . താഴേക്ക് ഒഴുകി വരാഹി , കേദക , ചക്ര , കുബ്ജ നദികളുമായി ചേർന്ന് നമ്മുടെ അറബിക്കടലിലേക്ക് എത്തും ഈ നദിയും .



മുറിയിൽ ബാഗ് വെച്ചു . കുളിക്കാൻ പോകാല്ലേ എന്നു നിഷ . തോർത്തും കുപ്പായവും എടുത്ത് ഇറങ്ങി . മഴയാണ് . തലേന്നു വീട്ടിൽ നിന്ന് ഇട്ട കുപ്പായമാണ് ദേഹത്ത് . കുളിച്ചുമാറണം . അവിടെ ചെല്ലുമ്പോൾ കുപ്പായം മാറ്റാനുള്ള മുറിക്കൊന്നും വാതിലില്ല . എന്താ വഴി ? വാ രണ്ടു കാവിമുണ്ട് വാങ്ങാം , അല്ല പിന്നെ . അതിനെനിക്ക് നീന്താൻ അറിയില്ല കൊച്ചേ . (നിഷക്ക് അസ്സലായി നീന്താൻ അറിയും , പാവം ഞാൻ . ) അതിനു നടക്കാനുള്ള വെള്ളമല്ലേ ഒള്ളൂ ചേച്ചീ . വാ . അങ്ങനെ ജീൻസിനെ കരക്ക് ഉപേക്ഷിച്ചു മുണ്ടുടുത്തു മുങ്ങി. എന്താ സുഖം . തലക്ക് മേലെ മഴ, ഉടലോ മുങ്ങിത്താണ് . ഇങ്ങനെ കെട്ടിപ്പിടിക്കാതെ

ന്നെ വെള്ളമേ . ആനന്ദം . പോരാൻ നേരം രണ്ടു കല്ലെടുത്തു . ഇറങ്ങുന്ന എല്ലാ പുഴകളിൽ നിന്നും അച്ഛ കൊണ്ടുവരുമായിരുന്നു , ഇനി ഞാനും . നനഞ്ഞു മുറി വരെ . നിഷ മുണ്ടുടുത്തിട്ട് ശേലുണ്ട് . മലയാളികൾ നോക്കിപ്പോകുന്നു . ഞങ്ങൾ വെറുതെ ഹാപ്പിയാണ് . പരസ്പരം നിയന്ത്രണങ്ങളില്ലാത്ത നല്ല കൂട്ട് ഏതു പോക്കും ഹാപ്പിയാക്കും .

അമ്പലം – മുറിയിൽ വന്ന് നനഞ്ഞതു മാറ്റി . സന്ധ്യ. അമ്പലത്തിൽ പോയി. ധാരാളം ജനങ്ങൾ. മലയാളികളാണ് അധികവും. നവരാത്രി ആഘോഷം തുടങ്ങുന്നു. സരസ്വതീമണ്ഡപത്തിൽ, പുറത്തെ സ്റ്റേജിൽ, കീർത്തനങ്ങൾ, നൃത്തം, നിറയെ കുട്ടികൾ, വലിയ ക്യൂ. ദേവിയെ കണ്ടോ? നല്ല ഭംഗി അല്ലെ? കറങ്ങി നടന്നു പത്തര വരെ. കഴിക്കണ്ടേ? ഒരു കടയിൽ കഞ്ഞിയും ക്യാബേജ് തോരനും. ഇനി ഉറങ്ങാം. വെളുപ്പിന് മേലെ പോണം. രാത്രി, ഇവളിത് ആരോടാണ് ഫോണിൽ ഇത്ര വിശേഷം പറയുന്നത്? ഹോ അമ്മയാണ്, ശേഷം ചേച്ചിയും. ഈ പ്രായത്തിൽ കുട്ടികൾ ഇത്ര കൂട്ടാവുമോ വീട്ടുകാരുമായി ? ഇത്തിരി ബഹുമാനം അവൾക്കിരിക്കട്ടെ. എന്നെയാരും വിളിച്ചില്ല . സാരമില്ല . ആകെയുള്ള വിളിക്ക് ചെവി കൊടുത്താണ് ഞാൻ ഇവിടെ എത്തിയത്. ഉറങ്ങ്.



കൊഡചാദ്രി അഥവാ കുടജാദ്രി – രാവിലെ 4.30 ന് ഉണർന്നു. ആദ്യത്തെ ജീപ്പിൽ പോകണം. കുളിച്ചു വന്നപ്പോ 5.15. മുറി ചെക്ക് ഔട്ട് ചെയ്തു. ബാഗ് പുറത്തൊരു മുറിയിൽ വെച്ചു. ഓടി. ദാ ജീപ്പ് . ആകെ 14 ആളായി . ഒരു ജീപ്പിൽ എട്ടാളാണ് . 2400 രൂപ . നിങ്ങള് കേറിക്കോ പോകാം . കേറി . കൂടെ പ്രായമായവരാണ് മുഴുവൻ . ഇനി ശബ്ദമെന്തിനാണ് ? കാഴ്ചയും കേൾവിയും മാത്രം മതി. കാട് , നടന്നാണ് കയറേണ്ടത്. അവൾക്ക് നാളെ ജോലിക്ക് പോണം . പോകുന്ന വഴിക്കാണ് കാട് കാണുക, നോക്കിയിരിക്ക് . ഞാൻ പറയില്ല, ഈ മലക്ക് ഐതിഹ്യവും ചരിത്രവും ഏറെയാണ് . അതു പറയാൻ ഞാൻ ആളല്ല. ഏറെ വളഞ്ഞു ജീപ്പോടിക്കുന്ന ചേട്ടൻ, നല്ല ഡ്രൈവറാണ് . അവൾ അഗുംബെ പോയ വിശേഷം പറയുന്നു . കൂടെയുള്ള അമ്മൂമ്മ എവിടെ നിന്നാണെന്നും തനിച്ചേ ഉള്ളോ എന്നും ചോദിക്കുന്നു. എനിക്ക് ആകാശം തൊടണം. കരയണം .

മുകളിൽ, മൂലസ്ഥാനം . തീർത്ഥം . നടന്നു കയറണം, സർവജ്ഞനായ ശങ്കരന്റെ പീഠം വരെ . കോടമഞ്ഞ്. തണുപ്പ് . കാട്. സ്നേഹം. നടക്കാം. വഴി നിറയെ പ്ലാസ്റ്റിക്. കാട്ടിലെ ഇറങ്ങി ചെല്ലാവുന്ന വഴികൾ നിറയെ മദ്യക്കുപ്പികൾ. ലെയ്സ് പാക്കറ്റുകൾ . കുഞ്ഞുങ്ങളുടെ നാപ്പികൾ. ക്ഷമിക്ക

ണം , എന്റെ വർഗ്ഗമാണിത് ചെയ്യുന്നത്. തല കുനിക്കാതെ വയ്യ. മുകളിലെത്തി. ഇരുന്നു. ചിത്രമൂലക്ക് പോകാൻ വേറെ ആരുമില്ല. മഴ ചാറുന്നുണ്ട്. വഴുക്കും. ഇറങ്ങേണ്ട. വേണ്ട. പോകാം ? ശരി .

ഞാൻ വന്നില്ലേ , ഇനി എന്റെ കൂടെ വാ. വരാം, നടക്ക്. ഞാൻ തിരിഞ്ഞു നോക്കിയാൽ ? സാരമില്ല, ഞാനുണ്ട് കൂടെ.

വീണ്ടും ഉഡുപ്പി – അല്ല നിഷേ, തിരികെ എങ്ങനെ പോകും ? ടിക്കറ്റ് എടുത്തിട്ടില്ലല്ലോ. ഹാഹാഹാഹാ... ഹ്ഹഹാ... സമയം എത്രയായി ? താഴെ എത്തിയപ്പോ 11 .30. പുട്ടും കടലയും കഴിച്ചു ഹോട്ടലിൽ ചെന്ന് ഫ്രഷായി വന്നപ്പോ. ഇറങ്ങും വഴി മാത്യാ മാതയുടെ അമ്പലത്തിൽ പോയി. മൂകാംബിക അമ്പലത്തിന്റെ ആർച് വെച്ചിരിക്കുന്ന ഇടത്ത്. ട്രൈബൽ ദൈവങ്ങളാണ്. ദേവിയുടെ കാവൽക്കാർ. കാവിൽ ചെന്ന പോലെ. കുട്ടികൾ ഇല്ലാത്തവർ കെട്ടി തൂക്കിയ തൊട്ടിലുകളാണ് നിറയെ. എല്ലാം നിറച്ചു കൊടുക്ക് അമ്മേ

ഉഡുപ്പിക്ക് പോയാലോ. രാത്രി പൂർണ എക്സ്പ്രസുണ്ട് ജനറൽ എടുക്കാംലെ ? വാ നോക്കാം. ഉഡുപ്പീൽ എത്തുമ്പോ 3.30. ഇനിയോ? ഗൂഗിളേ, ഒന്ന് പറ. ആ, ദേ മാൽപെ ബീച്ച്. ബാ പൂവാലാ, ബസീക്കേറ് .


മാൽപെ ബീച്ച്

മാൽപെ – അതിസുന്ദരമായ ഒരു കടൽത്തീരം. ഉഡുപ്പിയിൽ നിന്ന് പത്ത് കിലോമീറ്റർ ദൂരം. സ്പീഡ് ബോട്ട് , ബീച്ച് വോളിബോൾ മുതലായ പല പല അഭ്യാസങ്ങളും നടക്കുന്നു . ലഗ്ഗേജ് റൂം തുറന്നിട്ടില്ല . നിഷ അവളുടെ യാത്രാ ഗ്രൂപ്പിൽ നമ്മൾ നിൽക്കുന്ന ഇടം ഷെയർ ചെയ്യുന്നു . ആരോ പറയുന്നു സെന്റ് മേരീസ് ഐലൻഡിൽ പോകാൻ . ആ ഷോൾ വിരിച്ചു ഇരിക്കാം ഇവിടെ . നല്ല രസം . ഗാന്ധി ജയന്തിയാണ് . ബീച്ചിൽ ഗാന്ധിപ്രതിമ. അവിടെ പാട്ടും മേളവുമുണ്ട് . ചെറുപ്പക്കാരാണ് . നമ്മൾ പോകുന്നോ ഐലൻഡിൽ ? നോക്കാം. ഇതെന്താണ് ഈ കൂടാരം ? ദേ ടിക്കറ്റു കട . എത്രയാണ് ചേട്ടാ ഐലണ്ടിൽ പോകാൻ ? ടിക്കറ്റു എടുത്തില്ലേ ഇതുവരെ ? ലാസ്റ്റ് ബോട്ട് അഞ്ചു മണിക്കാണ് . സമയം നാലേമുക്കാൽ . അവിടെ നിക്ക് നോക്കട്ടെ . പിറകിൽ നിന്ന് മലയാളത്തിൽ ഒച്ചകൾ . വേഗം വാടാ ...

സെന്റ് . മേരീസ് ഐലൻഡ് – 88 മില്യൺ വർഷം മുൻപ് ഇപ്പോൾ ആഫ്രിക്കക്കാരിയായ മഡഗാസ്കർ ദ്വീപ് റ്റാറ്റാ പറഞ്ഞു പോയത് ഇവിടെ നിന്നാണ് . അന്നേരമോ മറ്റോ ഉണ്ടായ അഗ്നിപർവതസ്ഫോടനഫലമായി ഉണ്ടായ ബാൾട്ടിക് പാറകളാണ് ഈ ദ്വീപിലെ ആകർഷണം . ഷഡ് കോണുകളിൽ ഈ പാറകൾ ഉള്ളത് ഇന്ത്യയിൽ ഈ ദ്വീപിൽ മാത്രമാണ് . ദ്വീപ് നിറയെ തെങ്ങാണ്.

മറ്റു പലതും പോലെ ഈ ദ്വീപും വാസ്കോഡാ ഗാമയാണ് കണ്ടുപിടിച്ചത് .

ബീച്ചിൽ നിന്ന് സുരക്ഷാമാനദണ്ഡങ്ങൾ ഇല്ലാത്ത ബോട്ടിലാണ് കടലിലൂടെ ദ്വീപ് വരെ കൊണ്ടുപോകുക . ഇരുന്നൂറ്രൂപയാണ് ഒരാൾക്ക് . മലയാളികളും സിൻഡിക്കേറ്റ് ബാങ്കിൽ ജീവനക്കാരുമായ ദർശനും ശ്രീവത്സനും കൂട്ടുകാരും അപ്പോഴേക്ക് ഞങ്ങളുമായി കൂട്ടായി . ബോട്ടിൽ പത്ത് മിനിട്ടോളം ഉണ്ട് ദ്വീപ് വരെ . അതിസുന്ദരമായ ദ്വീപ് . എത്തിയത് സന്ധ്യക്കായതു കൊണ്ട് സ്വർണ നിറമുള്ള സൂര്യരശ്മികൾ മൺനിറമുള്ള പാറമേൽ പൊന്നുരുക്കുന്നു . എന്താണ് ജീവിതം , ഇവിടെയിങ്ങനെ കടലിലേക്ക് നോക്കി നിൽക്കലല്ലാതെ . കുറെ ഫോട്ടോ എടുത്തു . ഫോട്ടോഗ്രാഫർമാർ ഇവിടെ വന്നാൽ ഉഷാറാകും , പക്ഷെ വൈകിട്ട് വരണം . എന്റെ കവിതയുടെ പേര് പോലെ ഒറ്റക്കൊരു പൂവരശ് ദ്വീപിനു കാവലുണ്ട് . പാറകളിൽ കക്കകൾ ഒട്ടിപ്പിടിച്ച് .... അര മണിക്കൂറാണ് അനുവദിച്ചിരുന്ന സമയം. ബോട്ട് പോയല്ലോ ! ഇന്നിവിടെ ഉറങ്ങാം. സുഖം, സ്വസ്ഥം . പക്ഷേ നോക്ക് , കുറെ പേരുണ്ട്, അവർ വേറെ ബോട്ട് അയക്കുന്നു. തിരികെ പോരുമ്പോ തിരിഞ്ഞു നോക്ക് . ഒരൊറ്റനക്ഷത്രം. നീ ഹാപ്പിയല്ലേ? എന്നെയോർക്കാതെ .

ബീച്ചിൽ വന്നു ദർശനോടും കൂട്ടുകാരോടും യാ

ത്ര പറഞ്ഞു.  തിരികെ ഉഡുപ്പി റെയിൽവേ സ്റ്റേഷനിലേക്ക് . ഭക്ഷണം കഴിച്ചു . ടിക്കറ്റ് എടുത്തു , പൂർണക്ക് . വെയിറ്റിങ് ഷെഡിലെ ബാത് റൂമിൽ കുളിച്ചു കുപ്പായം മാറി . എത്ര സിംപിളാണ് കാര്യങ്ങൾ . നിഷ പോയിരിക്കുന്നത് സെക്യൂരിറ്റിയുടെ സീറ്റിലാണ് , ഫോൺ ചാർജ് ചെയ്യാൻ . അകത്തു കുറെ മലയാളികൾ . അവരോടൊക്കെ മിണ്ടി മിണ്ടി ഇരിക്കുമ്പോ ആൾക്കാർ നിഷയുടെ മുന്നിൽ ചില്ലറപ്പൈസ വെച്ചു പോകുന്നു . ഇതെന്താ കഥ ! ഹാഹാ ... ബാത് റൂം ഉപയോഗിച്ചതിനുള്ള കൂലിയാണ് , സെക്യൂരിറ്റി സീറ്റിൽ ഇരുന്നത് കൊണ്ടുണ്ടായ ഗുണം . ആ ചേട്ടൻ അടക്കം ചിരിയായി . പൂർണ വന്നു , രാത്രിയായി . എവിടെ റ്റി.റ്റി. ആർ ? ദേണ്ട് . ഓടിക്കോ . ചേട്ടാ രണ്ട് പെമ്പിള്ളേരാണ് . അത്യാവശ്യ യാത്രയായത് കൊണ്ട് ടിക്കറ്റ് നേരത്തെ ബുക്ക് ചെയ്യാൻ പറ്റിയില്ല . എറണാകുളം വരെ പോണം. രണ്ട് ബർത്ത് താ പ്ലീസ് . നിക്ക്, നോക്കട്ടെ. മിഡിൽ ബർത്ത് പറ്റുവൊ ? പിന്നേ. എന്നാ വാ . ദേനാ ഇവിടെ കെടന്നോ. കാശ് താ. ചേട്ടൻ നല്ലവനാണ് ചേട്ടാ. ചേട്ടനെ ദൈവം കാക്കും. എന്നാ കെടന്നോ കൊച്ചെ. ഗുഡ്നൈറ്റ്. രാവിലെ നോർത്തിൽ എറങ്ങാ.




എവിടെയെത്തി?  ഇടപ്പള്ളി. കൊറേ നേരമായി നിർത്തി ഇട്ടേക്കണേ. എറങ്ങിയാലോ ചിത്തിരേച്ചീ? നീ എറങ്ങടി കൊച്ചേ. ഹമ്പടാ ദേ എറണാളം . വാ കാടേ, വീട്ടീപ്പോകാ.



സെന്റ് മേരീസ് ഐലൻഡ്

ചർച്ചാവിഷയം



ശിവാനി
GIS എഞ്ചിനീയർ
ഹൈദ്രബാദ്

# കൊൽക്കത്തയിലെ ദുർഗാപൂജാ ദിനങ്ങൾ

കൊൽക്കത്ത യാത്ര, അതൊരു സ്വപ്നമായിരുന്നു. കേട്ടറിവുകൾ ഒത്തിരിയുണ്ടായിരുന്നു കൊൽക്കത്തയെ കുറിച്ച് -സിറ്റി ഓഫ് ജോയ്, ഹൂഗ്ലി നദിക്കരയിൽ രൂപം കൊണ്ട നഗരം, വർണാഭമായ ആഘോഷങ്ങളും എഴുത്തും സംഗീതവും നൃത്തവുമായി കലാപ്രതിഭകളാൽ സമ്പുഷ്ടമായ കലാ നഗരി, അടിച്ചമർത്തലിന്റേയും വെട്ടിപ്പിടിക്കലിന്റേയും ഉയർത്തെഴുന്നേൽപ്പിന്റെയും ചരിത്രം ഉറങ്ങുന്ന നഗരം, 7 Sister states ലേക്കുള്ള പ്രവേശന കവാടം, Indo-Gangetic Alluvial Plain ൽ സ്ഥിതി ചെയ്യുന്ന മനോഹരമായൊരു ഭൂപ്രദേശം. അങ്ങനെ എന്നെ ആകർഷിച്ച കാര്യങ്ങൾ ഒത്തിരിയായിരുന്നു. കൊൽക്കത്ത അതിന്റെ പൂർണതയിലെത്തുന്നത് ദുർഗ പൂജ സമയ




ത്താണെന്ന് മനസ്സിലാക്കി, പിന്നെ അന്നത്തേക്കായിരുന്നു ട്രിപ്പ് പ്ലാനിംഗ്. കൂടെ ഒരാൾ കൂടെ ഉണ്ടായിരുന്നേൽ എന്ന് ഓർത്തപ്പോൾ ആദ്യം മനസിൽ വന്ന മുഖം – ഐറിൻ. പിന്നെ ഓഫീസ് അവധി ഒപ്പിച്ചു. അവളെയും കൂട്ടി യാത്രക്ക് ഒരുങ്ങാൻ തുടങ്ങി. ഡയറക്ട് ടിക്കറ്റ് ഇല്ലെന്ന് കണ്ടതും യാത്ര ഘട്ടം ഘട്ടമാക്കി ഇറങ്ങിയും കയറിയും ഒരു യാത്ര.. ഇറങ്ങുന്നിടത്തെല്ലാം ഒന്നു രണ്ടു ദിവസം കറങ്ങി. യാത്ര ആരംഭിച്ചത് ഹൈദ്രബാദിൽ നിന്നായിരുന്നു. ആദ്യം വിശാകപട്ടണം, അടുത്തത് പുരി പിന്നെ നേരെ കൽക്കത്തക്ക്.

ആദ്യ യാത്രക്കുള്ള (Vizag ലേക്ക്) തത്ക്കാൽ ഞങ്ങൾക്ക് ലഭിച്ചില്ല.പക്ഷെ യാത്ര ആരംഭിച്ചില്ലെങ്കിൽ പ്ലാൻ ആകെ പാളിപ്പോകും. രണ്ടും കൽപ്പിച്ച് ഞങ്ങൾ ജനറൽ ടിക്കറ്റ് എടുത്തു. ജീവിതത്തിലെ ദൂരയാത്രയിലെ ആദ്യ ജനറൽ ടിക്കറ്റ് ആയിരുന്നു. അങ്ങനെ ട്രെയിൻ വന്നു ,മുന്നിൽ കണ്ട ഒരു ചേട്ടനോട് ജനറൽ കംപാർട്ട്മെന്റ് എവിടെയാണെന്ന് ചോദിച്ചു എൻജിൻ ചേർന്നാണെന്ന് ആളു പറഞ്ഞു ,അപ്പോഴാണ് ഞങ്ങൾ തിരിച്ചറിയുന്നത് ഞങ്ങൾ ട്രെയിനിന്റെ ഏറ്റവും അവസാനത്തിലാണെന്ന്. ഞങ്ങൾ മുന്നോട്ട് നടന്നു , പോലീസുകാർ ഓരോരുത്തരെയായി കയറ്റാൻ തുടങ്ങുകയായിരുന്നു. ഞങ്ങൾ ആണെങ്കിൽ ഏറ്റവും പിറകിൽ. എന്തു ചെയ്യും എന്നറിയാതെ അവലാതി ആയി.അങ്ങനെ നിൽക്കെ നേർത്തെ കണ്ട ചേട്ടൻ ആ വഴിയെ പോയപ്പോൾ ഞങ്ങൾ ക്യൂ നിൽക്കുന്നത് കണ്ടു, 'എന്തു പറ്റി ടിക്കറ്റില്ലേ? വായോ ഞാൻ ഒരു വഴി കാണിച്ചു തരാം' എന്നു പറഞ്ഞ് ഞങ്ങൾക്ക് മുന്നിൽ ഒരു കംപാർട്ട്മെന്റ് കാണിച്ചു തന്നു ലേഡീസ് ജനറൽ കംപാർട്ട്മെന്റ്. തള്ളിപ്പിടിച്ച് കയറി കൂടി രണ്ട് സീറ്റ് ഉറപ്പിച്ചു. ഉടനെ തന്നെ ട്രെയിൻ എടുത്തു. ആ കംപാർട്ട്മെന്റിൽ പല തരം ആളുകളുണ്ടായിരുന്നു. ജോലി കഴിഞ്ഞു പോകുന്നവർ, വിരുന്നു പോകുന്നവർ, മുതിർന്ന ആളുകൾ, കുട്ടികൾ, സ്ത്രീകൾ, കച്ചവടക്കാർ അങ്ങനെ പലരും .അവരിൽ നിന്നെല്ലാം വസ്ത്രധാരണം കൊണ്ടും ഭാഷകൊണ്ടും വ്യത്യസ്തരായ രണ്ടു പേർ ഞങ്ങളായിരുന്നു, ചോദ്യങ്ങൾ ഉയർന്നു തുടങ്ങി. സൗഹൃദ സംഭാഷണങ്ങൾ ആരംഭിച്ചു.' ഇത്രയും നല്ല രീതിയിൽ ജീവിക്കുന്ന നിങ്ങൾ എന്താ ഈ കംപാർട്ട്മെന്റിൽ? രണ്ട് പെൺകുട്ടികൾ ഈ നേരത്ത് എന്തിന് ട്രെയിനിൽ ? Vizagൽ എ

ന്തിനാ? എങ്ങോട്ടാ? അങ്ങനെ ചോദ്യങ്ങൾ പലവിധം .. എല്ലാത്തിനും ഞങ്ങൾ ഒറ്റ ഉത്തരമേ ഉണ്ടായിരുന്നൊള്ളൂ – ജീവിതം പഠിക്കാൻ 'ലോക്കൽ ലൈഫ്' ഒരു പ്രൊജക്ടിനോട് അനുബന്ധിച്ചുള്ള യാത്ര.ഒരു നുണയായിരുന്നെങ്കിൽ കൂടി ഞങ്ങൾ അത് പഠിക്കാൻ ആരംഭിക്കുകയായിരുന്നു. നന്മയുള്ള കുറെ മനുഷ്യരെ അന്ന് പരിചയപ്പെട്ടു. ഇടക്ക് ചീത്ത വിളിയും കച്ചറകളൊക്കെ ഉണ്ടാവുന്നുണ്ട്.സ്ത്രീകളെ തൊട്ടും തലോടിയും ചിലർ, ചിലരൊക്കൊ പ്രതികരിക്കുന്നു, ചിലരൊക്കെ നിസ്സഹായകരായി കരയുന്നു, മറ്റു ചിലർ അവരെപ്പോലെ ആസ്വദിക്കുന്നു. മണിക്കൂറുകൾ കടന്നു പ്പോയി. ഓരോരുത്തരായി ഇറങ്ങി തുടങ്ങി ,പോകുന്നവരെല്ലാം യാത്രാമംഗളങ്ങൾ നേർന്നു, സേഫ് ആയി പോയി വരാൻ ആശംസിച്ചു.. എന്നിരുന്നാലും ലോകത്തിൽ എല്ലാത്തിനെയും കണ്ണടച്ചു വിശ്വസിക്കാൻ മാത്രം ഞങ്ങൾക്കായില്ല, അതിനാൽ തന്നെ ഈ യാത്ര ഉറക്കമില്ലാത്തൊരു രാത്രി ഞങ്ങൾക്ക് സമ്മാനിച്ചു.



ദിവസങ്ങൾ കടന്നു പോയി. വിശാഖപട്ടണവും പുരിയും കടന്ന് ഞങ്ങൾ 4–ാം ദിവസം കൊൽക്കത്തയിലെത്തി. Howrah Railway station ജന നിബിഡമായ ഇന്ത്യയിലെ നീളം കൂടിയതും ഏറ്റവും പഴക്കം ചെന്നതുമായ ഒരു റെയിൽവെ സ്റ്റേഷൻ 32, 34 പ്ലാറ്റ്ഫോമുകൾ ഉണ്ട് ഇവിടെ.

ഈ യാത്രയിലേക്ക് ഒരാൾ കൂടി ഇവിടെ വെച്ച് ചേർക്കപ്പെട്ടു . നന്ദു. പിന്നീട് അങ്ങോട്ട് ദുർഗാ പൂജ ദിനങ്ങൾ ഞങ്ങൾ മൂവർ സംഘം ആയിട്ടായിരുന്നു യാത്ര.

ആഘോഷങ്ങളോടനുബന്ധിച്ച് നഗരമാകെ അതിന്റെ ഒരുക്കത്തിൽ ആയിരുന്നു.. ചുറ്റിലും മാല ബൾബുകൾ. അലങ്കാര പണികൾ കൊണ്ടും റോഡും ഇരുവശങ്ങളും കച്ചവട സ്ഥാപനങ്ങൾ അലങ്കരിച്ചു വെച്ചിരിക്കുന്നു, ഇടക്കിടക്ക് ജമിറമഹ കാണാം. ദുർഗാദേവിയുടെ വിവധ ഭാവങ്ങൾ, അവിടെ അലങ്കാര പണികൾ കെങ്കേമമായി നടക്കുന്നുണ്ട്. പൂജയും പ്രാർത്ഥനയും ഭക്തിഗാനങ്ങളും അന്തരീക്ഷമാകെ നിറഞ്ഞിരുന്നു.

രാത്രിയാണ് ആഘോഷങ്ങളുടെ തുടക്കം എന്നറിഞ്ഞ ഞങ്ങൾ കൊൽക്കത്ത ചുറ്റി കാണാനായി തീരുമാനിച്ചു. രാവിലെകളിൽ വിക്ടോറിയ മെമ്മോറിയൽ ഹാൾ, സയൻസ് സിറ്റി, സെന്റ് പോൾസ് കത്തീഡ്രൽ, ബിർള പ്ലാനിറ്റോറിയം ഒക്കെ കണ്ടു നടന്നപ്പോൾ വൈകുന്നേരങ്ങൾ Pandals സന്ദർശിക്കാം എന്നു തീരുമാനിച്ചു. ഇന്ത്യയിലെ പുരാതന നഗരങ്ങളിൽ പേരുകേട്ട ഒന്നാണ് കൊൽക്കത്ത. അതിശയിപ്പിക്കുന്ന മനുഷ്യനിർമിതികളാൽ സമ്പുഷ്ടമായ നഗരം, വിക്ടോറിയ മെമ്മോറിയൽ ഹാൾ, സയൻസ് സിറ്റി, ബിർള പ്ലാനിറ്റോറിയം ഒക്കെ അതിനുത്തമ ഉദാഹരണങ്ങളാണ്. ഇത്തവണത്തെ കൊൽക്കത്ത യാത്രയിൽ പ്രധാന സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നൊരു സഞ്ചാരിക്കപ്പുറം അവരിൽ ഒരാളായി ആഘോഷങ്ങളിൽ പങ്കുചേരാനായിരുന്നു ഞാൻ ആഗ്രഹിച്ചത്. അതിനായി ഞാൻ സന്ധ്യമയങ്ങാൻ കാത്തിരുന്നു.

സൂര്യൻ അസ്തമിച്ചു തുടങ്ങിയപ്പോൾ pandal കൾ ഓരോന്നായി ഞങ്ങൾ കയറി കാണാൻ തുടങ്ങി. തീർത്തും വ്യത്യസ്തമായൊരു അനുഭൂതിയായിരുന്നു അത്. ജീവൻ തുടിക്കുന്ന പ്രതിമകൾ, പാപം ചെയ്തവരെ കൊന്നൊടുക്കുന്ന ഒരു ദുർഗ ദേവിയെ കേട്ടറിഞ്ഞ എനിക്ക് ഈ സൗന്ദര്യം തുടിക്കുന്ന പുഞ്ചിരിക്കുന്ന ദേവിയെ കണ്ടപ്പോൾ തെല്ലൊന്നു സംശയം തോന്നി.

ക്രൂരനായ മഹിഷാസുരൻ തപസുചെയ്ത് ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി. സ്ത്രീകൾ മാത്രമേ തന്നെ കൊല്ലാവൂ എന്ന് വരവും നേടി. അതിനുശേ

ഷം ദേവന്മാരുമായി നൂറുവർഷം നീണ്ടുനിന്ന മഹായുദ്ധത്തിൽ മഹിഷാസുരൻ വിജയിച്ചു. മഹിഷാസുരനെ വധിക്കാനായി ദേവന്മാർ ശിവനേയും മഹാവിഷ്ണുവിനേയും ശരണം പ്രാപിച്ചു. അവരുടെ ശരീരത്തിൽ നിന്നും പുറപ്പെട്ട ഉജ്ജ്വലമായ പ്രകാശം ഭൂമിയിൽ പതിച്ച് ദുർഗാദേവി രൂപം കൊണ്ടു. ഹിമവാൻ ഒരു സിംഹത്തെയും ദേവിക്ക് സമ്മാനിച്ചു. ആ സിംഹത്തിന്റെ പുറത്തുകയറി ദുർഗാദേവി മഹിഷാസുരനെ ആക്രമിച്ച് വധിച്ചുവെന്നാണ് ഐതിഹ്യം.നവരാത്രിയിൽ ദുർഗ്ഗയുടെ ഒൻപത് രൂപങ്ങളെയും ആരാധിക്കുന്നു. ഇതാണ് നവദുർഗ്ഗ.

ഇങ്ങനെ ഓരോ Pandal കയറി ഇറങ്ങിപ്പോഴും ഇതിനു പിന്നിലെ ഐതീഹ്യം മനസിലാക്കി നടന്നു നീങ്ങി. റോഡിനു ഇരുവശവും ലേശം ഉള്ളിലേക്ക് കയറിയാണ് ഈ pandal കൾ സ്ഥിതി ചെയ്യുന്നത് , വഴി നീളെ അലങ്കരിച്ചിരുന്നു പലതരം




ലൈറ്റുകൾ വെച്ച്. ഒരു പന്തൽ ചുറ്റിലും തുണിയും മറ്റും വെച്ചുമൂടി ഒരു ഒറ്റമുറി വീടുപ്പോലെ. കവാടം കടന്നാൽ ഒരു ഹാൾ, ഒരു ദിശയിൽ പല വലിപ്പത്തിലുള്ള ദുർഗ പ്രതിമകൾ, ഭക്തിഗാനങ്ങൾ ഉരുവിട്ട് ചിലരൊക്കെ ഇരിപ്പുണ്ടവിടങ്ങളിൽ ,പൂജാരി പൂജ ചെയ്ത് പ്രസാദംനൽകുന്നു, ചില സ്ഥലങ്ങളിൽ തിരക്കു കാരണം കാണാൻ സാധിച്ചില്ല. അങ്ങനെ ഇരിക്കെ വിശ്വപ്രസിദ്ധമായ കാളീ ഘട്ടിലെ കാളീ ക്ഷേത്രം കാണാൻ ഞങ്ങൾ തീരുമാനിച്ചു . ഊബർ ബുക്കുചെയ്തു അങ്ങോട്ട് യാത്രയായി. ഡൈവർ കുശലാനേഷണങ്ങൾക്കൊടുവിൽ ഇറങ്ങാൻ നേരം ഞങ്ങളോട് പറഞ്ഞു , ഇടത്തുവശത്തോട്ട് അധികം പോകരുത്, സുരക്ഷിതമല്ല ഈ സമയം റെഡ് സ്ട്രീറ്റ് ഏരിയ ആണ്. മനസിൽ പൊടുന്നനെ എന്തൊക്കെയോ കടന്നു പോയി. കഥകളിലും വാർത്തകളിലും സിനിമയിലും വായിച്ചും കേട്ടുമറിഞ്ഞ വേശ്യാകേന്ദ്രം. അതിനോട് ചേർന്ന് കിടക്കുന്ന ഒരു ഭാഗത്തു കൂടെയാണ് കടന്ന് പോകുന്നതെന്നറിഞ്ഞപ്പോൾ മനസ്സിൽ ഒരു ഭയം അനുഭവപ്പെട്ടു. ദുർഗ പൂജ ദിനങ്ങൾ ആയതു കൊണ്ട് ജനനിബിഡമായിരിക്കും സുരക്ഷിതമായിരിക്കും എന്നെല്ലാം കരുതി ഞങ്ങൾ അമ്പലത്തിന്റെ വഴിയെ നടന്നു. കേരളത്തിലെ ഒരു ക്ഷേത്ര പരിസരം മനസിൽ സങ്കൽപ്പിച്ച് ഒരു ദൈവീക അന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്നതായി ആഗ്രഹിച്ചെങ്കിലും കടന്നു ചെന്നത് മറ്റൊരു ലോകത്തേക്കായിരുന്നു. വെളിച്ചം നന്നേ കുറവുള്ള തെരുവ് ,അവിടവിടങ്ങളിലായി തെരുവ് വിളക്കുകൾ ഉണ്ട്, ചെറിയ ചില കടകളും തുറന്ന് പ്രവർത്തിക്കുന്നു. ക്ഷേത്ര സന്ദർശനം കഴിഞ്ഞ് വരുന്ന കുറച്ചു പേരെ കാണാം. ഞങ്ങൾ ഉള്ളിലേക്ക് നടന്നു, വശങ്ങളിൽ ഒച്ചയും അനക്കവുമെല്ലാം ഞങ്ങൾ തിരിച്ചറിയുന്നുണ്ടായിരുന്നു, അടഞ്ഞു കിടക്കുന്ന കടകൾക്ക് മുന്നിൽ ചില മനുഷ്യക്കോലങ്ങളും നിഴലുകളും ഞങ്ങൾ കണ്ടു. പെട്ടെന്ന് കുറെ വാഹനങ്ങൾ ആ വഴിയെ കടന്നു പോയി.. ഇരുവശത്തും കുറെ സ്ത്രീകൾ പല പ്രായക്കാർ മിന്നിത്തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച് മുഖം നിറയെ തനിക്ക് ഇണങ്ങാത്ത തരം മേക്കപ്പ് വാരിപ്പൊത്തി കൈയിൽ ഒരു ചെറിയ ബാഗുമായി നിൽക്കുന്നു, അവർ തമ്മിൽ തമ്മിൽ കുശലാന്വേഷണങ്ങൾ നടത്തുന്നു, ചിലരൊക്കെ പരസ്പരം കളിയാക്കുന്നു , ഇട്ടിരിക്കുന്ന വസ്ത്രങ്ങളെ കുറിച്ചും അണിഞ്ഞ ആഭരണങ്ങളെ കുറിച്ചും അവർ സംസാരിച്ചുകൊണ്ടേയിരിക്കുന്നു. അതെ ഇവരാണ് ഈ തെരുവിന്റെ അവകാശികൾ. വാ തന്ന ദൈവം തിന്നാനും തരുമെന്ന് ആരോ പറഞ്ഞപ്പോൾ ഇവരെപ്പോലുള്ളവരെ ദൈവം പറ്റിച്ചു. ജീവിക്കാൻ ശരീരം വിൽക്കേണ്ടി വന്നവർ. അവരെ ഈ തൊഴിലിലേക്ക് എത്തിച്ചത് എന്തായിരിക്കും? അവരുടെ ആദ്യ ദിവസം എങ്ങനെ കഴിഞ്ഞു പോയിരിക്കും? തുടർന്നുള്ള ദിനങ്ങൾ അവരെ ഈ തൊഴിലിൽ പിടിച്ചു നിർത്തിയ ഘടകം എന്തായിരിക്കും? ഇവരിൽ എത്ര പേർ സ്വമേധയാ ഈ തൊ

ഴിലെന്താണെന്ന് തിരിച്ചറിഞ്ഞ് വന്നു ചേർന്നവർ കാണും? എത്ര പേർ പലരുടേയും കെണിയിൽ വീണ് രക്ഷപ്പെടാൻ സാധിക്കാത്തവരായുണ്ട്? ഇവരുടെ മാനസികാവസ്ഥ എന്തായിരിക്കും ഇപ്പോൾ?അവരുടെ സന്തോഷങ്ങൾ എന്തൊക്കെ ആയിരിക്കും? ദു:ഖങ്ങളോ? അവർ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടോ? അവർക്ക് കുടുംബമുണ്ടോ?



ഇന്ന് ഭക്ഷണം കഴിച്ചു കാണുമോ? അങ്ങനെ എണ്ണിയാൽ ഒതുങ്ങാത്തത്ര ചോദ്യങ്ങൾ മനസിൽ ഉയർന്നു കൊണ്ടിരുന്നു. ഈ ഉത്സവ നഗരിയിൽ എല്ലാവരും ആഘോഷിക്കുമ്പോൾ ഇവർ ഇപ്പോഴും ഈ വഴിയരികിൽ ആ തെരുവിനു പുറത്തെ ചൂടും തണുപ്പുമറിയാതെ തനിക്കറിയാത്ത തന്നെയറിയാത്ത ആർക്കൊക്കെയോ വേണ്ടി കാത്തിരിക്കയാണ്.. കുറച്ചു കൂടെ അകത്തോട്ട് നടന്നു ഏകദേശം അമ്പലത്തോട് അടുത്തു തുടങ്ങിയിരുന്നു, ഇരു വശത്തേയും ആളുകളിൽ വല്ലാതെ ശ്രദ്ധ ചെലുത്താതെ നടക്കവെ വലതു വശത്തായി ഒരു കൂട്ടം സ്ത്രീകൾ നിൽക്കുന്നു, മുന്നിൽ കണ്ട അതേ മട്ടും ഭാവവും ഉള്ളവർ. പക്ഷെ ഒരു മിന്നായം പ്പോലെ അതിലൊരു പെൺകുട്ടിയെ ഞാൻ കണ്ടു, വ്യക്തത വരുത്താൻ ഞാൻ ഒന്നൂടെ ശ്രദ്ധിച്ചു നോക്കി, ഏകദേശം ഹൈസ്ക്കൂൾ പ്രായം സീക്കൻസ് വെച്ച ഒരു ചുരിദാർ ധരിച്ചിരിക്കുന്നു, ആ കൂട്ടത്തിലെ മറ്റു സ്ത്രീകളോട് കുശലം പറഞ്ഞും തല്ലിക്കളിച്ചും അവൾ അവരിൽ ഒരാളായി നിൽക്കുന്നു. മനസ്സാകെ സങ്കടത്തിലായി, ഞാൻ ഒന്നു പിറകോട്ട് ആലോചിച്ചു. എന്റെ ഹൈസ്ക്കൂൾകാലം. മനസ്സു നിറയെ സ്വപ്നങ്ങളുമായി സ്കൂൾജീവിതത്തിൽ നിന്നും കലാലയ ജീവിതം സ്വപ്നം കണ്ടു നടന്നകാലം, പഠിക്കണമെന്നും എന്നെ കാത്തിരിക്കുന്ന ഒരു വിശാലമായ ലോകം മുന്നിൽ ഉണ്ടെന്നും വിശ്വസിച്ച് അതിലേക്കുള്ള വഴികൾ അന്വേഷിച്ച് നടന്നകാലം. ടീനേജിന്റെ അവസാന വർഷങ്ങൾ, ശരീരത്തിന്റേയും മനസിന്റേയും വളർച്ചയുടെ കാലം, ചെറിയ ചെറിയ ഇഷ്ടങ്ങളും അനിഷ്ടങ്ങളും നിറഞ്ഞ ജീവിതം, ചോരത്തിളപ്പു തുടങ്ങിയ സമയം. ഇങ്ങനെയെല്ലാം ജീവിക്കേണ്ടിയിരുന്ന ഒരുവൾ ഇതാ ഈ തെരുവിൽ. ഞങ്ങളെ ആകെ സങ്കടത്തിലാക്കി അവൾ. തുടർന്ന് ക്ഷേത്രം ദർശിക്കാനുള്ള മനസൊന്നും തോന്നിയില്ല, ഞങ്ങൾ തിരിഞ്ഞു നടന്നു. എന്നെ കൊണ്ട് ഒന്നും ഇവർക്കായി ചെയ്തു കൊടുക്കാൻ സാധിക്കുന്നില്ലല്ലോ എന്നോർത്ത് സങ്കടപ്പെട്ടു. ആ ഇടുങ്ങിയ തെരുവിൽ പുറം ലോകം കാണാതെ കുടുങ്ങിപ്പോയ സ്ത്രീകളേയും കുട്ടികളേയും ഓർത്ത് ഞങ്ങൾ സങ്കടപ്പെട്ടു, അതിനപ്പുറം ഒന്നും ചെയ്യാനില്ലാതെ നിസ്സഹായരായി ഞങ്ങൾ മൂന്നു പേരും ആ തെരുവിൽ നിന്നും ഇറങ്ങി. അവരപ്പോഴും ഇതൊന്നുമറിയാതെ വഴിയരികിൽ കാത്തിരിപ്പ് തുടർന്നു.

സിറ്റി ഓഫ് ജോയ് എന്ന് ആരോ വിളിക്കപ്പെട്ട, എന്നാൽ എല്ലായിടത്തെയും പോലെ സന്തോഷവും ദു:ഖവും ഇടകലർന്ന ഒരു നഗരമാണ് കൊൽക്കത്ത. ഇവിടെ സഞ്ചരിക്കുന്ന കാർ മുതൽ ഓരോ തെരുവിനും പാലങ്ങൾക്കും മതാരാധാനലങ്ങൾക്കും കടകൾക്കും കെട്ടിടങ്ങൾക്കും റോഡിനും കഴിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾക്കും കുടിക്കുന്ന ചായക്കും വരെ ഒരു ചരിത്രം പറയാനുണ്ട്. ഹുഗ്ലി നദിക്ക് വശങ്ങളിലായി കിടക്കുന്ന 2 നഗരങ്ങൾ (Howrah & Kolkata) ചേർന്നതാണ് കൊൽക്കത്ത. ആദ്യക്കാലങ്ങളിൽ മുഗൾ വംശവും പിന്നീട് ബ്രിട്ടീഷുകാരും ഭരിച്ച നാട്. അതിന്റേതായ പ്രൗഢിയും ഗാംഭീരതയുമെല്ലാം ഒരു വശത്തുണ്ടെങ്കിൽ കൂടി നരകയാതന നിറഞ്ഞ മറ്റൊരു വലിയ ജനസമൂഹം ഈ മഹാനഗരത്തിനു പിന്നാപ്പുറങ്ങളിൽ ജീവിക്കുന്നുണ്ട്.

അങ്ങനെ ജനറൽ കംപാർട്ട്മെന്റിലെ ഉറക്കമില്ല രാത്രികൾ, രാത്രിയും പകലും ഇല്ലാതെ നടന്ന വഴികൾ, കണ്ടുമുട്ടിയ കുറെ നല്ലവരായ പല ദേശക്കാർ എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ തിരിച്ചു. മരിക്കുവോളം മറക്കാനാവാത്ത വേദനിപ്പിക്കുന്ന ഓർമകൾ സമ്മാനിച്ച ആദ്യ കൊൽക്കത്ത യാത്ര.


ചർച്ചാവിഷയം



**സംഗീത ദാമോദരൻ**
ഗവേഷക വിദ്യാർത്ഥി
ഇംഗ്ലീഷ് വിഭാഗം
കോഴിക്കോട് സർവ്വകലാശാല

# യാത്രയെ ജാതിവത്കരിക്കുമ്പോൾ...

പ്രായ ലിംഗ ഭേദമന്യെ മനുഷ്യരെ എക്കാലവും ഭ്രമിപ്പിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് യാത്രകൾ. അതുകൊണ്ട് തന്നെ യാത്ര ചെയ്യാൻ പറ്റാതിരിക്കുക എന്നത് മനുഷ്യർക്ക് എത്രത്തോളം മടുപ്പുളവാക്കുന്നതാണ് എന്നത് ഈ അടുത്തകാലത്തുണ്ടായ സാഹചര്യങ്ങൾ നമുക്ക് മനസ്സിലാക്കി തന്നു. ഒരു പാൻഡെമിക് സാഹചര്യത്തെ നേരിടാൻ ഭരണകൂടങ്ങൾ സ്വീകരിച്ച നടപടികൾ വ്യക്തി ജീവിതത്തിന്/ വിശിഷ്യാ സഞ്ചാര സ്വാതന്ത്ര്യത്തിന് മേലുള്ള അമിതാധികാര പ്രയോഗമൊ കടന്നുകയറ്റമോ ഒക്കെയായി വ്യാഖ്യാനിക്കപ്പെട്ടു. എന്നുവരികിലും ഈ കാലം തിരിച്ചറിവുകളുടേത് കൂടിയായിരുന്നു എന്ന് വേണം മനസ്സിലാക്കാൻ. ജാത്യാധികാരങ്ങൾ കൊടികുത്തി വാണ ഇരുണ്ട ഭൂതകാലങ്ങൾ ചിലർക്കെങ്കിലും ഈ കാലത്ത് ഓർമ്മ വന്നിരിക്കണം. ഈ ഒരു സാഹചര്യത്തിലാണ് കേരളത്തിന്റെ പ്രാദേശിക ഭൂമികയിൽ നിലനിന്നിരുന്ന ജാത്യാധികാരങ്ങളെ കൃത്യമായി അടയാളപ്പെടുത്തിയ രണ്ട് യാത്രാവിവരണങ്ങൾ എന്തുകൊണ്ടും പ്രസക്തമാവുന്നത്. എസ്. എ. ലീലാവതി എഴുതിയ 'ഭാരതത്തിന്റെ ഊർധ്വരേഖയിലൂടെ' (1983) എന്ന യാത്രാവിവരണവും ദേവകി നിലയങ്ങോട് എഴുതിയ 'യാത്ര: കാട്ടിലും നാട്ടിലും' എന്ന 1930 കൾക്കും 40 കൾക്കും ഇടയിലെ കാലം പരാമർശിക്കുന്ന യാത്രാകുറിപ്പും രണ്ട് വ്യത്യസ്ത കാലങ്ങളിൽ കേരളത്തിൽ നിലനിന്നിരുന്ന ജാത്യാധികാരങ്ങളെ സംബോധന ചെയ്യുന്നവയാണ്. ജാതിശ്രേണിയിൽ വ്യത്യസ്ത നിലകളെ പ്രധിനിധീകരിക്കുന്നവർ എന്ന നിലയ്ക് ലീലാവതിയുടെയും ദേവകി നിലയങ്ങോടിന്റെയും യാത്രയെഴുത്തുകൾ എക്കാലവും പ്രസക്തമാണ്. ഒരു തരത്തിൽ പറഞ്ഞാൽ ചരിത്രരേഖകൾ തന്നെയാവുന്നുണ്ട് ഈ രണ്ട് കൃതികൾ.




യാത്ര എന്നാൽ ആരുടേതാണ് അല്ലെങ്കിൽ എന്താണ് യാത്ര എന്നൊക്കെയുള്ള ചോദ്യങ്ങൾ പലപ്പോഴും കുഴക്കാറുണ്ട്. ചരിത്രത്തിൽ രേഖപ്പെടുത്തിയതോ അല്ലാത്തതോ ആയ ഗംഭീര യാത്രകളേയും യാത്രികരേയും അന്വേഷിക്കുമ്പോൾ ഇത്തരത്തിൽ പല ചോദ്യങ്ങളും ഉയർന്ന് വരും. ചരിത്രകാരനായ ജെയിംസ് ക്ലിഫോർഡ് തന്റെ Routes: Travel and Translation in the Late Twentieth Century (1997) എന്ന കൃതിയിൽ ഇതു സംബന്ധിച്ച് ഒരു നിരീക്ഷണം മുന്നോട്ട് വയ്ക്കുന്നുണ്ട് . വിക്ടോറിയൻ കാലത്ത് ധനാഢ്യരായ യാത്രികരോടൊപ്പം സഞ്ചരിച്ച കറുത്തവരായിട്ടുള്ള സ

ഹായികളെയും, ജോലിക്കാരെയും ഒരിക്കലും യാത്രികരായി കണ്ടിരുന്നില്ല എന്ന് ക്ലിഫോർഡ് ചൂണ്ടിക്കാണിക്കുന്നു. അല്ലെങ്കിൽ അത്തരം ആശ്രയ യാത്രകളുടെ അനുഭവങ്ങൾ ഒരിക്കലും യാത്രാനുഭവങ്ങൾ എന്ന നിലക്ക് മുഖവിലക്കെടുത്തിരുന്നില്ല എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. അങ്ങിനെനോക്കുമ്പോൾ, മുഖവിലയ്ക്കെടുക്കപ്പെട്ടവയെക്കാളും രേഖപെടുത്തപ്പെട്ടവയെക്കാളും തീക്ഷ്ണവും കൗതുകരവുമായ അനുഭവങ്ങളായിരിക്കാം ആ മനുഷ്യർക്ക് ഉണ്ടായിരുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്. മറ്റൊരു വീക്ഷണകോണിൽ കൂടി ഉരുത്തിരിയുന്ന ചരിത്രമായി അത്തരം അനുഭവങ്ങളെ കണക്കാക്കാവുന്നതാണ്. ഇപ്പോൾ ഈ മാറിയ കാലത്ത് അനുഭവങ്ങളുടെ വ്യത്യസ്തതകൾ ആഘോഷിക്കപ്പെടുമ്പോൾ അരികുകളിലേക്ക് മാറ്റി നിർത്തപ്പെട്ടവരുടെ യാത്രാനുഭവങ്ങൾ ശ്രദ്ധ നേടുകയാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, വേറൊരു ചരിത്രം അനാവരണം ചെയ്യപ്പെടുകയാണ്.

ഇവിടെ, ദളിത് സമുദായാംഗമായ ലീലാവതിയുടേയും, ബ്രാഹ്മണ സമുദായാംഗമായ ദേവകി നിലയങ്ങോടിന്റെയും യാത്രാനുഭവങ്ങൾ ഇത്തരം ചില സാധ്യതകളിലേക്കാണ് വെളിച്ചം വീശുന്നത്. വ്യത്യസ്ത സാമൂഹിക സാമുദായിക സാമ്പത്തിക പരിസരത്തു നിന്നുള്ള ഇവർ രണ്ടുപേരും ജാതിപരമായും ലിംഗപരമായും സാമ്പത്തികപരമായും നേരിടേണ്ടിവന്ന തന്താങ്ങളുടെ അരക്ഷിതാവസ്ഥയാണ് അവരവരുടെ യാത്രാകുറിപ്പുകളിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. ജാതിപരമായി ഉന്നത ശ്രേണിയിൽ നിൽക്കുന്ന നിലങ്ങോടിന്റെ കുട്ടിക്കാല യാത്രാനുഭവ ഓർമ്മകൾ ആണെങ്കിൽ ജാതിപരമായി താഴെ നിലക്കുള്ള ഒരു സ്ത്രീയുടെ യാത്രാനുഭവമാണ് ലീലാവതിയുടെ യാത്രാവിവരണം.

ഭാരതത്തിന്റെ ഊർധ്വരേഖയിലൂടെ (1983)

തൃശൂർ ജില്ലയിൽ നിന്നുള്ള എസ്. എ. ലീലാവതി എന്ന ഒരു ദളിത് സമുദായാംഗമായ ഹിന്ദി അധ്യാപികയുടെ യാത്രപോവുക എന്ന അദമ്യമായ അവരുടെ ആഗ്രഹത്തിന്റെ പൂർത്തീകരണമാണ് 1982 -ൽ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കൂടി സുഹൃത്തിന്റെ കുടുംബത്തോടൊപ്പം അവർ നടത്തിയ യാത്ര. ഈ യാത്രയുടെ വിവരണമാണ് 'ഭാരതത്തിന്റെ ഊർധ്വരേഖയിലൂടെ' (1983) എന്ന കൃതി. സമൂഹത്തിൽ മാന്യതയും, സ്വീകാര്യതയും ഉള്ള അധ്യാപക ജോലി എന്ന ഉദ്യോഗത്തിലിരുന്നിട്ടും മറ്റു ശാരീരിക മാനസീക വെല്ലുവിളികൾ ഒന്നും തന്നെ നേരിടാതിരുന്നിട്ടും ലീലാവതിക്ക് തന്റെ കീഴാള ജാതിനില യാത്ര പോകുന്നതിന് വിലങ്ങുതടിയായി അനുഭവപ്പെടുന്നു എന്ന വെളിപ്പെടുത്തലിൽ കൂടിയാണ് അവരുടെ യാത്രാഖ്യാനം തുടങ്ങിയിരിക്കുന്നത് തന്നെ. ലീലാവതിയുടെ വാക്കുകളിൽ,

ചെറുപ്പം മുതൽക്കേ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമാണ് രാജ്യങ്ങൾ ചുറ്റിക്കാണുക എന്നത്. പക്ഷെ ഒരു ഹരിജൻ അദ്ധ്യാപികയായ ഞാൻ മനക്കോട്ടകൾ കെട്ടി ഇരിക്കുകയല്ലാതെ യാതൊരു ഫലവും ഉണ്ടായില്ല. രാജ്യങ്ങൾ ചുറ്റിക്കറങ്ങി കാര്യങ്ങൾ മനസ്സിലാക്കാൻ സന്ദർഭം കിട്ടിയില്ലെങ്കിലും സുപ്രസിദ്ധരായ പല മഹാന്മാരുടെ യാത്രാവിവരണത്തെ പറ്റിയുള്ള പുസ്തകങ്ങൾ വായിച്ച് ഞാൻ സംതൃപ്തി കൊള്ളാറുണ്ട്. ... എനിക്കും പോയാലെന്ത്? സാമ്പത്തിക ശേഷി മോശമായ എനിക്ക് അതേപ്പറ്റി ചിന്തിച്ചിട്ട് കാര്യമുണ്ടോ? ഇല്ല ഒരു കാര്യവുമില്ല'. (12)



1947 ലെ സ്വാതന്ത്ര്യ ലബ്ധിക്ക് മുപ്പത്തിയാറ് വർഷങ്ങൾക്ക് ശേഷം, അതായത്, 1983 ൽ പ്രസിദ്ധപ്പെടുത്തിയ 1982 ൽ നടത്തിയ യാത്രയെ വിശദീകരിക്കുന്ന കൃതി എന്ന നിലക്ക് ഒട്ടൊരു ഞെട്ടലുളവാക്കുന്ന വസ്തുതയാണിത്. ഒരു പരമാധികാര സ്വതന്ത്ര രാജ്യത്തെ പൗരൻ എന്ന നിലക്കുള്ള അവകാശങ്ങളെ കുറിച്ചുള്ള ബോധ്യങ്ങൾക്കിടയിലും തന്റെ ജാതിനില അവരെ അലട്ടണമെങ്കിൽ ജാതിവെറി നിലനിന്നിരുന്ന കാലത്തു കീഴാള ജീവിതങ്ങൾ കടന്നുപോയ ഭീതിദമായ ഭൂതകാലങ്ങളെ തന്റെ ഓർമയുടെ പരിസരത്തു നിന്നും മാറ്റാൻ അവരെക്കൊണ്ടാവാത്തതാവണം ഇത്തരം ചിന്തകൾക്കുള്ള ഒരു കാരണം. മോശമായ സാമ്പത്തിക ശേഷിയും ഒരു കാരണമായി അവർ പറയുന്നുണ്ടെങ്കിലും 'ഹരിജൻ' എന്ന തന്റെ ജാതിനില ഒരു യാത്രാനുഭവ എഴുത്തിൽ പരാമർശിക്ക

ണമെങ്കിൽ സാമ്പത്തിക സ്ഥിതിയെക്കാൾ വലിയ തടസ്സമായാണ് ജാതിനില അവർക്കനുഭവപ്പെടുന്നത് എന്ന് വേണം മനസ്സിലാക്കാൻ. ഹരിജന ക്ഷേമ വകുപ്പ് നടത്തിയ യാത്രാവിവരണ മത്സരത്തിൽ ഈ കൃതി ഒന്നാം സ്ഥാനം നേടുകയുണ്ടായി എന്ന ശ്രദ്ധേയമായ വസ്തുത നിലനിൽക്കെ തന്നെ ഒരു യാത്രാവിവരണത്തിൽ ജാതിനിലയെ കുറിച്ചുള്ള പരാമർശങ്ങൾ / വിഹ്വലതകൾ ഉൾക്കൊള്ളിക്കേണ്ടതുണ്ടോ എന്നത് ഒട്ടൊക്കെ ചിന്തനീയ കാര്യമാണ്. ഇന്ത്യൻ ചുറ്റുപാടിൽ അവരവരുടെ സാമൂഹിക സാംസ്കാരിക സ്ഥിതിക്കനുസൃതമായി ഓരോ വ്യക്തിയുടെ ഉള്ളിലും സ്വന്തം മത/ ജാതി/ ഗോത്ര നിലയെ കുറിച്ചുള്ള ബോധ്യം ഉണ്ടെന്ന് വരികിലും, യാത്രാകുറിപ്പുകളുടേയും വിവരണങ്ങളുടേയും പുറംചട്ടകളിലോ അല്ലെങ്കിൽ അങ്ങിനെ ഒഴിവാക്കാൻ പറ്റാത്ത മറ്റു സ്ഥലങ്ങളിലൊ ഒഴികെ പൊതുവെ യാത്രാഖ്യാനങ്ങളിൽ ആഖ്യാതാവിൻറെ മത / ജാതിനില വായനക്കാരിലേക്ക് ചിന്തകൾക്കും ചർച്ചകൾക്കുമായി ആഖ്യാതാവ് തന്നെ ഇട്ടു കൊടുക്കുന്ന രീതി അധികമൊന്നും കണ്ടിട്ടില്ല. ഇവിടെ, ഹരിജൻ എന്ന സ്വന്തം ജാതിനില ലീലാവതി എന്ന ഹിന്ദി അധ്യാപികയ്ക്ക് എത്രമാത്രം പ്രശ്നകരമായി അനുഭവപ്പെടുന്നു എന്നതിന്റെ നേർചിത്രമാണ് ഇത്തരം ഒരു പരാമർശത്തിൽ കൂടി അവർ പറഞ്ഞു വയ്ക്കുന്നത്. ഈ അവസരത്തിൽ ദളിത് എഴുത്തുകാരിയായ ബാമ തന്റെ ആത്മകഥാഗന്ധിയായ കരുക്ക് (2000) എന്ന നോവലിൽ അഭിപ്രായപ്പെടുന്നത് ഇവിടെ ചേർത്ത് വായിക്കാവുന്നതാണ്. ബാമയുടെ അഭിപ്രായപ്രകാരം ഒരാൾ കീഴ് ജാതിയിലാണ് ജനിച്ചതെങ്കിൽ മരണം വരേക്കും അയാൾ അതിന്റെ തിക്തതകൾ അനുഭവിക്കേണ്ടിവരും എന്നും, എത്ര തന്നെ പഠിപ്പുണ്ടായാലും നല്ല നിലക്ക് ജീവിച്ചാലും ജാതിവെറി അയാളെ പിന്തുടർന്ന് കൊണ്ടേയിരിക്കും എന്നും ബാമ തന്റെ കൃതിയിൽ നിരീക്ഷിക്കുന്നു.

എഴുത്തിന്റെ മറ്റൊരു ഘട്ടത്തിൽ ലീലാവതി ഇങ്ങനെ എഴുതുന്നു:

"എല്ലാവർക്കും നല്ല ഉറക്കത്തിന്റെ തിടുക്കമാണ്. എനിക്ക് മാത്രം ഉറക്കം വന്നില്ല. കണ്ട കാഴ്ചകളെ പറ്റി ഞാൻ അയവിറക്കാൻ തുടങ്ങി. കാരണം എന്നെപ്പോലെ ഭാഗ്യവതികളായിട്ട് ഹരിജൻ വിഭാഗത്തിൽ പ്രത്യേകിച്ച് എന്റെ സമുദായത്തിൽ (സാമ്പവ) ഇല്ലെന്ന് തോന്നിപ്പോയി. ഇന്നും യാതൊരു വിധ പുരോഗമനവുമില്ലാതെ എത്രയെത്ര സാമ്പവ സമുദായക്കാരാണ് അധോഗതിയിൽ ജീവിതം നയിക്കുന്നത് എന്നോർക്കുമ്പോൾ മനസ്സിൽ വേദന തോന്നുന്നു'. (4748 )

സാമൂഹികമായോ സാമ്പത്തികമായോ വിദ്യാഭ്യാസപരമായോ പുരോഗതി കൈവരിക്കാത്ത ത

**"എല്ലാവർക്കും നല്ല ഉറക്കത്തിന്റെ തിടുക്കമാണ്. എനിക്ക് മാത്രം ഉറക്കം വന്നില്ല. കണ്ട കാഴ്ചകളെ പറ്റി ഞാൻ അയവിറക്കാൻ തുടങ്ങി. കാരണം എന്നെപ്പോലെ ഭാഗ്യവതികളായിട്ട് ഹരിജൻ വിഭാഗത്തിൽ പ്രത്യേകിച്ച് എന്റെ സമുദായത്തിൽ (സാമ്പവ) ഇല്ലെന്ന് തോന്നിപ്പോയി. ഇന്നും യാതൊരു വിധ പുരോഗമനവുമില്ലാതെ എത്രയെത്ര സാമ്പവ സമുദായക്കാരാണ് അധോഗതിയിൽ ജീവിതം നയിക്കുന്നത് എന്നോർക്കുമ്പോൾ മനസ്സിൽ വേദന തോന്നുന്നു'.**

ന്റെ സമുദായത്തേയും സമുദായങ്ങളേയും ഓർത്തുള്ള വിലാപം അവരുടെ യാത്രാനുഭവ എഴുത്തിൽ ഒളിഞ്ഞും തെളിഞ്ഞും ചിതറിക്കിടക്കുന്നതായി കാണാം. തങ്ങളുടെ ജീവിതപരിസരം വിട്ടൊരു ലോകം ഭൂരിപക്ഷത്തിനും അന്യമാണെന്ന് അവർ ഒട്ടൊരു വിഷമത്തോടെ കുറിക്കുന്നുണ്ട്.

ശീലിച്ചുപോന്ന കുലത്തൊഴിലുകളിൽ തുടങ്ങി പലസാഹചര്യങ്ങൾ ഈ അവസ്ഥക്ക് കാരണമാകുന്നുണ്ടെങ്കിലും ചില കാരണങ്ങൾ എടുത്ത് പറയേണ്ടതുണ്ട്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ദളിത് സ്വത്വം പേറുന്ന പാട്ടുകളും കഥകളും ദളിത് ജീവിതങ്ങളെ വളരെയധികമായി സ്വാധീനിക്കുന്നുണ്ട് എന്ന് ഡോ. എ. കെ. വാസു അദ്ദേഹത്തിന്റെ 'പാർശ്വവത്കരണം: സഞ്ചാരം, സാഹിത്യം' എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നുണ്ട്. സ്വന്തം ഇടങ്ങളെയും ജന്മിയെയും വിട്ട് പോന്നാൽ മരണം തന്നെയും സംഭവിച്ചേക്കാം എന്ന് മുന്നറിയിപ്പ് നൽകുന്ന ഇത്തരം ഫോക്കു പാട്ടുകളും കഥകളും ദളിത് ജീവിതങ്ങളെ തങ്ങളുടെ ചുറ്റുപാടുകൾക്ക് പുറത്തേക്ക് കടക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതായും അദ്ദേഹം നിരീക്ഷിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ആളുകൾ കൂടുതലായി യാത്ര ചെയ്യുന്ന ഈ മാറിയ കാലത്ത് ഇത്തരം അവസ്ഥകൾക്ക് വലിയ തോതിൽ മാറ്റം വന്നതായി മനസ്സിലാക്കാവുന്നതാണ്.

തൃശ്ശൂരിന് അപ്പുറം ലോകം കാണാൻ സാധിക്കാതിരുന്നലീലാവതി തന്റെ യാത്രാവിവരണം അവസാനിപ്പിക്കുമ്പോൾ ഈ യാത്ര കൊണ്ട് കൈവരിക്കാൻ സാധിച്ച ചെറുതല്ലാത്ത അറിവുകളുടേയും അനുഭവങ്ങളുടേയും ഊർജം മുന്നോട്ടുള്ള ജീവിതത്തിൽ മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുകയാണ്.

'യാത്ര: കാട്ടിലും നാട്ടിലും'

സാമൂഹികമായ അംഗീകാരം ഒഴികെ പറയത്തക്ക വ്യക്ത്യാധികാരങ്ങൾ ഒന്നും തന്നെയില്ലാത്ത നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ ജീവിതം എത്രത്തോളം വിലക്കുകൾ നിറഞ്ഞവയായിരുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് നിലയങ്ങോടിന്റെ 'യാത്ര: കാട്ടിലും നാട്ടിലും' എന്ന ഓർമ്മ എഴുത്ത്. 1930 കൾക്കും 40 കൾക്കും ഇടയിൽനില നിന്നിരുന്ന സാമൂഹികാന്തരീക്ഷത്തിന്റെ, വ്യവസ്ഥിതിയുടെ ഒക്കെ സൂക്ഷ്മ വിവരങ്ങൾ ഉൾച്ചേർത്തിരിക്കുന്ന ഈ വിവരണം ഒരു കാലഘട്ടത്തിന്റെ ചരിത്രരേഖ കൂടി ആവുന്നുണ്ട്. 1928 -ൽ ജനിച്ച ദേവകി നിലയങ്ങോട് പത്ത് വയസ്സ് പോലും തികയാത്ത പ്രായത്തിൽ തന്റെ അമ്മ യോടൊപ്പം അവരുടെ ഇല്ലമായ അമ്മാത്തേക്ക് നടത്തിയ ചെറുയാത്രയുടെ ഓർമ്മയാണ് ഈ വിവരണത്തിനാധാരം. അമ്മയുടെ ഇല്ലത്തേക്ക് പോകാൻ നടത്തുന്ന മുന്നൊരുക്കങ്ങളിൽ തുടങ്ങി തോണിയിലും പിന്നെ ആ കാലത്തെ കൽക്കരി ബസ്സിലും ഒക്കെയായി നടത്തുന്ന ക്ലേശകരം എങ്കിലും അതീവസന്തോഷകരമായ ഒരു യാത്രയുടെ വിശദ വിവരണമാണ് ഈ കുറിപ്പിൽ കൂടി അവർ പങ്കുവച്ചിരിക്കുന്നത്.

ഇതിൽ എടുത്ത് പറയേണ്ട വസ്തുത എന്തെന്നാൽ അമ്മാത്തേക്കുള്ള യാത്രക്ക് മറ്റു വരുമാന മാർഗ്ഗമൊന്നുമില്ലാത്ത അമ്മ പണം കണ്ടെത്തിയിരുന്ന രീതിയാണ്. നിത്യേന ചോറ് വയ്ക്കുന്നതിലേക്ക് അളന്നെടുക്കുന്ന അരിയിൽ നിന്നും ഓരോ പിടി അരി വീതം എടുത്ത് സൂക്ഷിച്ചു വച്ച്, അത് വിൽക്കാനുള്ള അളവിൽ എത്തിച്ചേരുമ്പോൾ സഹായികൾ വഴി വിറ്റ് കിട്ടുന്ന തുച്ഛമായ പണമാണ് യാത്രാവശ്യത്തിനായി ഉപയോഗിക്കുക. ഇത്തരത്തിൽ പണം കണ്ടെത്തുന്നത് ഒരുപാട് കാലതാമസം നേരിടുന്ന സംഗതി എന്നുവരികിലും ഇല്ലത്ത് നിന്നും പണം കൊടുക്കുന്ന ഏർപ്പാടില്ലാത്തത് കൊണ്ട് നമ്പൂതിരി സ്ത്രീകൾ സ്വന്തം ആവശ്യങ്ങൾക്കായി ഈ വിധം 'പിടിയരി' സൂക്ഷിച്ച് വച്ച് വിറ്റാണ് പണം കണ്ടെത്തിയിരുന്നത് എന്ന് നിലയങ്ങോട് പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. സാമ്പത്തികമായ ആശ്രിതത്വം വ്യക്തികളെ പ്രത്യേകിച്ച് സ്ത്രീകളെ നിയന്ത്രിച്ച് നിർത്തുന്നതിൽ ഒരു കാരണമാകുന്നതെങ്ങിനെ എന്നതിന്റെയും കൂടി ഉദാഹരണമായി വേണം ഈ സമ്പ്രദായത്തെ നോക്കിക്കാണാൻ. നമ്പൂതിരി സ്ത്രീ ജീവിതങ്ങൾ അനുഭവിച്ചു പോന്ന വിലക്കുകളുടെ കേവലം ഒരു ഉദാഹരണം മാത്രമാണിതെന്നും പ്രത്യേകം ഓർക്കേണ്ടതുണ്ട്.

തുണക്കാരി സ്ത്രീയോടൊപ്പം അന്തർജ്ജനമായ അമ്മയും പെൺമക്കളും നടത്തിയ യാത്രക്ക് ഇനിയുമുണ്ട് പ്രത്യേകതകൾ ഏറെ. സ്വരുക്കൂട്ടിയ അഞ്ചു രൂപ ഉപയോഗിച്ചുള്ള യാത്രയിൽ വണ്ടിക്കൂലി കൊടുക്കുന്നത് തുണക്കാരിയുടെ ചുമതലയാണ്. പുതപ്പും മറക്കുടയും അന്തർജനങ്ങളായ സ്ത്രീകൾ യാത്രയിലുടനീളം പാലിക്കേണ്ടതുണ്ട്. അമ്മയെ തൊടാതെ ശുദ്ധം നോക്കേണ്ടത് മക്കളുടെ കൂടി ചുമതലയാവുന്നുണ്ട് എന്ന് നിലയങ്ങോടിന്റെ ആഖ്യാനത്തിൽ നിന്നും മനസ്സിലാക്കാം. യാത്രാഇടവേളയിലെ കുളിയും നനയും, വിശ്രമവും, ബ്രാഹ്മണർക്കായി മാത്രമുള്ള ഊട്ടുപുരയും, ഭക്ഷണം പാകം ചെയ്യലും തോണിയും കരി ബസ്സും ഒക്കെ കടന്നുവരുന്ന അമ്മാത്തേക്കുള്ള ആ യാത്രാവിവരണം സ്വാതന്ത്ര്യ പൂർവ്വ കേരളത്തിലെ 30 കൾക്കും 40 കൾക്കും ഇടയിലെ ഏതാണ്ട് വിസ്മൃതിയിലായി കഴിഞ്ഞ കാലഘട്ടത്തിൻറെ ഓർമ്മചിത്രമാവുകയാണ്. നമ്പൂതിരി പെൺകുട്ടികൾ മുതിർന്ന് ഋതുമതിയാവുമ്പോൾ അവർക്കായി വിലക്കുകളുടെ മറ്റൊരു ലോകമാണ് ഉരുത്തിരിയുക എന്നും ആ കാലത്ത് 'യാത്രകളെല്ലാം മുറിഞ്ഞ് ചിറകില്ലാതെ ഞാൻ ഒതുങ്ങി' എന്ന് യാത്രാകുറിപ്പിന്റെ അവസാനത്തിൽ നിലയങ്ങോട് എഴുതി ചേർക്കുന്നു.

രണ്ടു വ്യത്യസ്ത സാമുദായിക സാമൂഹിക സാമ്പത്തിക പരിസരത്തു നിന്നുള്ള സ്ത്രീകൾ വ്യത്യസ്ത കാലങ്ങളിലെ തങ്ങളുടെ യാത്രകളെ നോക്കിക്കാണുമ്പോൾ അത് ചരിത്രത്തിലേക്കുള്ള നാഴിക കല്ലുകൾ ആവുകയാണ്. മുഖ്യധാരാ യാത്രാചരിത്രത്തിന് വെളിയിൽ സംഭവിച്ച അവഗണിക്കപ്പെട്ടതോ വിസ്മൃതിയിലാക്കപ്പെട്ടതോ ആയ ഇത്തരം യാത്രാനുഭവങ്ങൾ അമൂല്യങ്ങളായ അറിവുകളുടെ കലവറകളാണ്. തങ്ങളുടെ അനുഭവങ്ങൾ എഴുതി പ്രസിദ്ധീകരിച്ച് പിൻതലമുറകൾക്ക് വെളിച്ചം പകരുന്നതിൽക്കൂടി ചെറുതല്ലാത്ത സാമൂഹ്യപ്രവർത്തനം കൂടി സാധ്യമാക്കുന്നുണ്ട് ഈ രണ്ട് സ്ത്രീകൾ.

## References


Clifford, James. Routes: Travel and Translation in the Late Twentieth Century. Harvard University Press, 1997.

Vasu, A.K., '*പാർശ്വവത്കരണം : സഞ്ചാരം, സാഹിത്യം.*', Dr. M. B Manoj edited by and Shareef Hudavi P. K. *അതിജീവനം : ആദിവാസി -ദളിത് -ബഹുജന സമൂഹ പാഠങ്ങൾ,* Pitsa, 2018, pp.152-157.

Leelavathi, S. A. *ഭാരതത്തിന്റെ ഊർധ്വരേഖയിലൂടെ.*

Prabhath Printers Ayyanthole, 1983.Nilayangode Devaki. *യാത്ര : കാട്ടിലും നാട്ടിലും ഏതെൻസ് മുതൽ ഹരിദ്വാർ വരെ* 2nd ed. edited by Saji Varghese. Mathrubhumi Books, 2015, pp. 75-82.



# ആഗ്നസ് വർദയുടെ ഊരു ചുറ്റുന്ന നായിക

**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

ഈ ലക്കം സംഘടിതയുടെ കേന്ദ്ര പ്രമേയം യാത്രയാണെന്നു അറിഞ്ഞപ്പോൾ , ഞാൻ ആദ്യമായി സിനിമയിൽ കണ്ട സഞ്ചാരിയായ നായികയെ ഓർത്തു പോയി. ഓർത്തു എന്ന് പറയുന്നത് സത്യമല്ല. കാരണം ആ നായികാ കഥാപാത്രവും, ആ വേഷത്തെ ഉജ്ജ്വലമായി അഭിനയിച്ചു ഫലിപ്പിച്ച അഭിനേത്രിയും, എന്റെ മനസ്സിൽ നിന്നും കണ്ട നാൾ മുതൽ മാഞ്ഞു പോയിട്ടില്ല . 1985 ൽ ആഗ്നസ് വർദ സംവിധാനം ചെയ്ത vagabond അഥവാ ഡ്രിഫ്റ്റർസ് എന്ന ഇംഗ്ലീഷ് പേരുകളിൽ അറിയപ്പെടുന്ന ഫ്രഞ്ച് ചലച്ചിത്രമാണത്. യാത്രാ സിനിമകളെ മാത്രമല്ല, യാത്ര എന്ന സങ്കല്പത്തെ കുറിച്ചുള്ള സാമ്പ്രദായിക നിർവചനങ്ങളെ തന്നെ കീഴ്മേൽ മറിക്കുന്ന വ്യത്യസ്തമായ ചലച്ചിത്ര സങ്കേതങ്ങളും ,ആഖ്യാന ശൈലികളും , രാഷ്ട്രീയ അവബോധങ്ങളും കൊണ്ട് ഈ ചിത്രം അതീവ ശ്രദ്ധ നേടുകയും ഒരുപാടു ചർച്ചകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു.ജീവിതത്തെയും,സമൂഹത്തെയും ലിംഗപദവിയേയും കുറിച്ചുള്ള വേറിട്ടുള്ള നിലപാടുകൾക്കും ,സവിശേഷമായ ദർശനികതലങ്ങളുള്ള അന്വേഷണങ്ങൾക്കും ഉതകുന്ന ഒരു ദൃശ്യ ഭാഷയെ സംവിധായിക ഇവിടെ തിരയുകയാണ്.സ്ത്രീ



ആഗ്നസ് വർദ

കളുടെ റോഡ് സിനിമകളിൽ ഐതിഹാസികമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ‘തെൽമ ആൻഡ് ലൂയിസ്’ ഇറങ്ങാൻ ഇനിയും ആറു വർഷങ്ങൾ കൂടി ഉണ്ട്.ഇന്ന് സ്ത്രീകേന്ദ്രിത റോഡ് ചിത്രങ്ങൾ

ക്കു(Road movies) ലഭ്യമായ വലിയ ഒരു വിപണി അന്നുണ്ടായിരുന്നില്ല. മാത്രമല്ല അതൊരു പതിവ് യാത്ര ആഖ്യാനവുമായിരുന്നില്ല .സാൻഡ്രിൻ ബനേയ് അവിസ്മരണീയമാക്കിയ വേഷമാണ് നായികയായ മോണയുടേത്.

മോണ യാത്ര ചെയ്യുകയല്ല. കൃത്യമായ ഒരു തുടക്ക സ്ഥലമോ ഒരു ലക്ഷ്യ സ്ഥാനമോ അവൾക്കില്ല.അവൾ പൊങ്ങുതടി പോലെ ഒഴുകുകയാണ്.അലഞ്ഞു തിരിയുകയാണ്.അലക്ഷ്യമായ ചലനം സ്ത്രീകൾ നടത്തുമ്പോൾ അതിനെ അപഥസഞ്ചാരമായാണ് കണക്കാക്കുക.പക്ഷെ 1960 കളിൽ പടിഞ്ഞാറൻ നാടുകളിൽ ഉരുവം കൊണ്ട പ്രതിസംസ്കാരപ്രസ്ഥാനങ്ങളിൽ ഒന്നായ ഹിപ്പി സംസ്കാരത്തെയാണ് ആ സിനിമ തന്മയത്വത്തോടെ മോണയുടെ രമാുല്യ കഥാപാത്രത്തിൽ ഉൾച്ചേർത്തത് .

ശോകനിർഭരമായ പശ്ചാത്തലസംഗീതം നെയ്യുന്ന വൈകാരിക അന്തരീക്ഷത്തിൽ സിനിമ തുടങ്ങുന്നത്, ഫ്രാൻസിലെ ഒരു ഉൾപ്രദേശത്തു കാനയിൽ തണുത്തുറഞ്ഞു കിടക്കുന്ന വികൃതമായ യുവതിയുടെ മൃതശരീരത്തെ ഒരു കർഷകൻ കണ്ടെത്തുന്ന സംഭവത്തോടെയാണ്. ആ അനാഥ ശരീരം തൊടുത്തു വിടുന്ന ചോദ്യങ്ങൾക്ക് , അവളെ അവസാനം കണ്ട, അവളുമായി ഇടപെട്ട ആളുകളുമായി നടത്തുന്ന സംഭാഷണങ്ങളിലൂടെ അവളുടെ ജീവിതത്തിന്റെ ചുരുൾ വിരിയുകയാണ്. ഒട്ടും പൂർണമല്ലാത്ത ശ്ലഥ ചിത്രങ്ങളാണ് നമുക്ക് കിട്ടുന്നത്.പോലീസ് അന്വേഷണത്തിന്റെ ഭാഗമായി അവളെ അവസാനം ജീവനോടെ കണ്ട ചില വഴിപോക്കരുടെ ചിതറിയ ലൈംഗികധ്വനികളുള്ള കമന്റുകൾ.

ആരാണീ മരിച്ച യുവതി?അവൾ എവിടെ നിന്ന് വരുന്നു? എവിടേക്കു പോവുക ആയിരുന്നു? അവൾ എന്തിനു വേണ്ടിയാണ് അലഞ്ഞത്? ഏകാകിയായ സഞ്ചാരി. അവളെ പാതി അറിഞ്ഞവരും, അറിയാത്തവരുമായി ആഖ്യാതാവ് നടത്തുന്ന കൂടിക്കാഴ്ചകളിൽ അനാവരണം ചെയ്യപ്പെടുന്നത് സമൂഹത്തിന്റെ പ്രബലങ്ങളായ ശീലങ്ങളുടെയും, ഇഷ്ടങ്ങളുടെയും, പ്രതീക്ഷകളുടെയും പിടിയിൽ മെരുങ്ങാത്ത ഒരുവളാണ്. പലരോടും തന്നെ കുറിച്ച് അവൾ പലതാണ് പറയുന്നത്.പരസ്പരം പൊരുത്തപ്പെടാത്ത ചില സൂചനകൾ. പക്ഷെ ഒരു കാര്യം അവൾ ആവർത്തിക്കുന്നു.'മേലധികാരികളെ ഇഷ്ടമില്ലാത്തത് കൊണ്ട് സെക്രട്ടറി പണി ഉപേക്ഷിച്ചു 'വീട്' വിട്ടിറങ്ങി അലയാൻ തീരുമാനിച്ചവളാണവൾ. സ്വന്തമായൊരു മുറി വേണ്ടാത്തവൾ.ഒരു ടെന്റും ബാക്പാക്കുമായി ഊരു ചുറ്റുന്നവൾ .ക്രമീകരിച്ച സമൂഹത്തിന്റെ ഒരു തൊഴിലും ചെയ്യാൻ ആഗ്രഹിക്കാത്തവൾ .കുളിക്കാതെ, മലിനമായ വസ്ത്രങ്ങളുമായി, നഖങ്ങളിൽ ചെളിയോടെ അവൾ പൊതു ഇടങ്ങളിൽ നടക്കുമ്പോൾ നീരസത്തോടൊപ്പം അവളുടെ വിചിത്രമായ ജീവിത ശൈലിയോട് സദാചാരസമൂഹത്തിനു ജിജ്ഞാസയും കൗതുകവും തോന്നുന്നുണ്ട്. ചിട്ടകളില്ലാത്ത ആ ജീവിതത്തോട് സഹാനുഭൂതി ഇല്ലാത്തവർ പോലും അവൾക്കു ഭക്ഷണം വാങ്ങി കൊടുക്കുന്നു.കിടക്കാൻ ഇടമൊരുക്കുന്നു.തൊഴിൽ വാഗ്ദാനം ചെയ്യുന്നു.

പക്ഷെ അവളുടെ ജന്മ വാസനകൾ തികച്ചും വ്യത്യസ്തമാണ്. ഒഴിഞ്ഞ കെട്ടിടങ്ങളിലും ശ്മശാനങ്ങളിലും അവൾ അന്തിയുറങ്ങുന്നു. കഞ്ചാവും സിഗററ്റുമായി കറങ്ങി നടക്കുന്ന അവൾ മാന്യമായി കുടുംബങ്ങളിലെ സുരക്ഷിതരായി ജീവിക്കുന്ന പെൺകുട്ടികൾക്ക് പ്രലോഭനമാണ്. ഭീഷണിയും.ഈ ദരിദ്രയായ, മെനയില്ലാത്ത പെൺകുട്ടി കടലിൽ കുളിച്ചു സമുദ്ര നീലിമയെ തന്റെ ശരീരത്തിൽ ആവാഹിച്ചിട്ടെന്ന പോലെ തീരത്തേക്ക് കയറി വരുന്ന രംഗം യവന പുരാണങ്ങളിലെ സൗന്ദര്യ ദേവതയായ അഫ്രോഡൈറ്റിയുടെ ഓർമ്മ പുതുക്കലാണ്.യൂറോപ്യൻ മനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള പ്രാക്തന സ്ത്രീ ബിംബങ്ങൾക്കും



ദേവതാസങ്കല്പങ്ങൾക്കും വർദ നവജീവൻ പകരുന്നു. ഏകയായി,സ്വച്ഛന്ദമായി,നിർഭയയായി സഞ്ചരിക്കാൻ കൊതിക്കുന്ന സ്ത്രീകളുടെ മൂർത്തീഭാവമാണ് മോണ.

വ്യവസ്ഥാപിത സമൂഹത്തിന്റെ ഓരങ്ങളിലെ വനസ്ഥലികളിലൂടെ, കാട്ടു വീഥികളിലൂടെ, പച്ചപ്പടർപ്പുകളിലൂടെ കാമുകന്റെ കൂടെ സ്വതന്ത്രയായി അവൾ അലയുന്നു.ദൈവത്തിന്റെ സ്നേഹനിയന്ത്രണങ്ങൾ സ്പർശിക്കാൻ തുടങ്ങാത്ത ആദത്തെയും ഹവ്വയേയും പോലെ.അവരെ കാല്പനികവത്കരിക്കാൻ ശ്രമിക്കുന്നവരെ ഞെട്ടിച്ചു കൊണ്ട് അവൾ ആ ബന്ധത്തിൽ നിന്നും ഓടുന്നു.അവൾ എവിടെയും നിൽക്കുന്നില്ല.

അവരെ ഒളിഞ്ഞും തെളിഞ്ഞും ശ്രദ്ധിക്കുന്ന, മനുഷ്യ സമൂഹത്തിന്റെ ചിട്ടകൾക്കുള്ളിൽ ജീവിച്ചു തളരുന്ന പെൺകുട്ടികൾ, അവളെ അസൂയ

യോടെ കാണുന്നു . ഈ ഏറ്റുമുട്ടലുകൾ നടക്കുന്ന സ്ഥലങ്ങൾ നാടിനും കാടിനും ഇടയിലുള്ള വന്യമായ മെരുക്കപ്പെടാത്ത ഇടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്.ഈ യാത്രയിൽ അപകടങ്ങൾ പതിയിരുപ്പുണ്ട്.അവയെ പല നയങ്ങളിലൂടെ അതിജീവിച്ചു  കൊണ്ടാണ് അവൾ അലയുന്നത്. കാമുകനിലേക്കെത്തുന്ന, വീട്ടിലേക്കു പുതിയ അനുഭവങ്ങളുടെ തിരിച്ചറിയലുകളുമായി തിരിച്ചെത്തുന്ന  യാത്രയല്ലിത് .കാമുകൻ വഴിമധ്യേ കണ്ടെത്തുന്ന ഒരു സുഹൃത്ത് മാത്രം . പ്രണയത്തിന്റെ മാധുര്യം പരസ്പരം പകർന്നു അവർ പിന്നെയും വഴി പിരിയുന്നു.അവൾ പല വീടുകളിൽ, കന്യാസ്ത്രീമഠങ്ങളിൽ, മധ്യകാല പ്രഭുമന്ദിരങ്ങളിൽ  അഭയം പ്രാപിക്കുന്നു. ഒരു രാത്രി ഒന്ന് സുഖമായുറങ്ങുവാൻ . ഒരു കവിൾ  കഞ്ഞിക്കായി.

സമൂഹത്തിലെ വിവിധ  വിശിഷ്ട വ്യക്തികളുടെ ജീവിതങ്ങളിലൂടെ അവൾ കയറി ഇറങ്ങി പോകുന്നു. വെറും ഒരു നാടോടി ആയി. ഒന്നും ആഗ്രഹിക്കാത്ത, ഒന്നിന് വേണ്ടിയും പരിശ്രമിക്കാത്ത കേവലം ജന്തുവാസനകളിൽ അടങ്ങി ഒതുങ്ങി സ്വസ്ഥമായി ആരെയും ദ്രോഹിക്കാതെ അവൾ കഴിയുന്നു.പല കൃഷിയിടങ്ങളിൽ പണി എടുക്കാൻ ശ്രമിക്കുന്നു.അവൾ മനുഷ്യ ജീവിതത്തിന്റെ ശീലങ്ങളുമായി പൊരുത്തപ്പെടാൻ ശ്രമിക്കുകയാണ്.മോണ  മാന്യ സമൂഹത്തിലെ പെണ്കുട്ടികൾക്കൊരു മാതൃകയല്ലെന്നു മുതിർന്നവർ അഭിപ്രായപ്പെടുന്നു.



നഗരവാസികൾക്കും ദരിദ്രർക്കും സമ്പന്നർക്കും ഒരുപോലെ അപരിചിതയും  അന്യയുമാണവൾ .അവളുടെ അലച്ചിലുകളിലൂടെ അനാവൃതമാവുന്നത് ഒരു സങ്കീർണമായ ചരിത്രഘട്ടവും, രണ്ടാം മഹായുദ്ധത്തിനു ശേഷമുള്ള യൂറോപ്പിന്റെ ഗ്രാമാന്തരങ്ങളിൽ നടന്ന  സാമൂഹ്യ മാറ്റങ്ങളുമാണ്.അതിനൊപ്പം തന്നെ  നാടോടി സമൂഹങ്ങളോട് ഇന്നും യൂറോപ്പ് വച്ച് പുലർത്തുന്ന വിവേചന ബോധവും സൂക്ഷ്മമായി ചോദ്യം ചെയ്യപ്പെടുന്നുണ്ട്.ജിപ്സികൾ എന്ന നാടോടിസമൂഹങ്ങളെ അപരവത്ക്കരിച്ചു വേട്ടയാടുന്നത്തിനു സമാനമായ അസഹിഷ്ണുത തന്നെയാണ് മോണയും നേരിടുന്നത്.വ്യത്യസ്ത സാമൂഹ്യ തലങ്ങളിൽ  ജീവിക്കുന്ന  സ്ത്രീകൾ തമ്മിലുള്ള അധികാരബന്ധങ്ങളും അവയിലെ വൈരുധ്യങ്ങളും  കൂടി വർദയുടെ ക്യാമറ സശ്രദ്ധം പിന്തുടരുന്നുണ്ട്.

പ്രതികൂലമായ കാലാവസ്ഥയെയും സാഹചര്യങ്ങളെയും മറികടന്നുള്ള  അവളുടെ അലച്ചിലുകളിൽ അവൾ ചിലപ്പോൾ വളരെ സ്വാർത്ഥമതിയാണ് ;മറ്റു ചിലപ്പോൾ ഏറെ  ഹൃദയാലുവും. പരിപൂർണ സ്വാതന്ത്ര്യത്തിനും  നിരുത്തരവാദിത്തപരമായ ജീവിതത്തിനും  നിഷ്കരുണമായ ഏകാന്തതക്കും ഇടയിലൂടെ ട്രപ്പീസ്  കളിക്കുന്ന ഒരു പെൺകുട്ടിയുടെ ആർദ്രമായ ചലച്ചിത്ര ആവിഷ്കാരം മുപ്പത്തിയഞ്ചോളം വര്ഷങ്ങള്ക്കു ശേഷം കാണുമ്പോഴും സാങ്കേതിക മികവ് കൊണ്ടും പരിചരണത്തിലെ വൈദഗ്ധ്യം കൊണ്ടും ഗൗരവമായ പ്രേക്ഷക ശ്രദ്ധ ആവശ്യപ്പെടുന്നു.സ്ത്രീ യാത്രകളുടെ ചലിച്ചത്ര ആവിഷ്കാരങ്ങളുടെ പതിവ് രീതികളിൽ നിന്ന് അകന്നു സഞ്ചരിക്കുന്ന ആഗ്നസ് വർദ എന്ന സംവിധായികയെ  അടുത്തറിയുക എന്നത്  നമ്മുടെ ചലച്ചിത്ര ശിക്ഷണത്തെ ബലപ്പെടുത്തുന്നു.സ്ത്രീ സംവിധായകരുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട റഫറൻസ് പോയിന്റ് ആണ് ആഗ്നസ് വർദ .അവര്ണരുടെയും അധസ്ഥിതരുടെയും ഏകാന്ത സഞ്ചാരികളുടെയും കഥകളെ തന്റെ സിനിമയിലൂടെ അന്വേഷിച്ച വർദ ഒരു നവചലച്ചിത്ര ഭാവുകത്വത്തെ തന്നെ അടയാളപ്പെടുത്തി. അവിടെ മിത്തും യാഥാർഥ്യവും കെട്ടിമറിഞ്ഞു;കഥയും വാസ്തവജീവിതവും ഇഴുകിച്ചേരുന്നു.അത് കൊണ്ട് തന്നെ പരിഹാരങ്ങളല്ല,  ജീവിതത്തിലെ സന്ദിഗ്ദ്ധാവസ്ഥകളാണ് വർദയുടെ സിനിമയെ സമ്പന്നമാക്കുന്നത് .






# മക്‌ലോഡ് ഗഞ്ച്



**യാസ്മിൻ എൻ.കെ.**
യാത്ര പോകാനും യാത്രകൾ എഴുതാനും ഇഷ്ടം.

പേരു കൊണ്ട് ഒരു ദേശത്തെ ഇഷ്ടപ്പെടുക! ഒരിക്കലെങ്കിലും ആ ദേശത്ത് കാലുകുത്തണമെന്ന് സ്വപ്നം കാണുക. വിദൂരമായ ഒരു നഗരം തന്റെ വ്യത്യസ്തമായ പേരു കൊണ്ട് സഞ്ചാരികളെ മാടി വിളിക്കുന്ന അൽഭുതമായിരുന്നു മക്‌ലോഡ് ഗഞ്ച്. ഹിമാചൽ പ്രദേശിലെ കാംഗ്ര ജില്ലയിലെ പ്രധാന നഗരമായ ധരംശാലക്കടുത്താണ് മക്‌ലോഡ് ഗഞ്ച് എന്ന ചെറു പട്ടണം. മഞ്ഞ് മൂടിയ ദലൗദാർ മലനിരകൾക്കിടയിൽ ബഹളമേതുമില്ലാതെ അടങ്ങിക്കിടക്കുന്നൊരു കൊച്ചു സ്ഥലം.

മണാലിയിൽ നിന്നും കാർ മാർഗമാണ് ഞങ്ങൾ ധരംശാലയിൽ എത്തുന്നത്. മണാലിയിൽ നിന്നും ഇരുന്നൂറ്റമ്പതോളം കിലോമീറ്ററുണ്ട് ധരംശാലയിലേക്ക്. ഹിമാലയൻ മലനിരകളെ ചുറ്റിപ്പോകുന്ന വീതി കുറഞ്ഞ റോഡിലൂടെയുള്ള യാത്ര ഒരേസമയം സഞ്ചാരികൾക്ക് ആസ്വാദ്യദായകവും സാഹസികവുമാണ്. പലംപൂരിലെത്തിയപ്പോൾ വണ്ടിയൊതുക്കി റോഡ്സൈഡിലെ ധാബയിൽ നിന്നും റോട്ടിയും പനീർ മസാലയും കഴിച്ചു. സ്ത്രീകളാണ് മിക്ക കടകളും നടത്തുന്നത്. തണുപ്പ് കൊണ്ട് വിണ്ട ചുണ്ടുകളും അമർത്തിതുടക്കുമ്പോൾ ചുവപ്പ് രാശി പടരുന്ന കവിൾത്തടങ്ങളുമുള്ള ഊർജ്ജസ്വലരായ പെണ്ണുങ്ങൾ. ഭക്ഷണം കഴിക്കാഞ്ഞിട്ടാണ് നീയിങ്ങനെ നൂലു പോലിരിക്കുന്നതെന്ന് അവരെന്നെ കളിയാക്കും. എന്ത് ചെയ്യാനാണ്, ഒരു റോട്ടിയിൽ കൂടുതൽ എന്റെ വയറ്റിലേക്ക് പോകില്ല.

മൺപള്ളകളെ തുരന്നുണ്ടാക്കിയ വീതി കുറഞ്ഞ് വളഞ്ഞും പുളഞ്ഞും പോകുന്ന റോഡിലൂടെ വണ്ടി പായുമ്പോൾ ഭീതി തോന്നും. ഇളകിക്കിടക്കുന്ന മൺ കുന്നുകളാണ് ചുറ്റിനും. കാറ്റിലും മഴയിലും ഉതിർന്ന് തീരുന്ന ചെമ്മൺ കുന്നുകൾ. ഇടക്ക് വലിയ ഉരുളൻ കല്ലുകൾ റോഡിലേക്ക് വീണു കിടക്കുന്നത് കാണാം. നമുക്ക് മുന്നേ പോയ ആരോ റോഡിനു നടുവിൽ നിന്നും സൈഡിലേക്ക് മാറ്റിയിട്ടതാണെന്ന് വ്യക്തം. അകലെയൊരു കുന്ന് അപ്പാടെ ഇടിഞ്ഞ് പൊളിഞ്ഞ് വീഴുന്ന കാഴ്ച, പൊടിയുടെ പൂരം.

ബീർബലി എന്ന സ്ഥലത്തെത്തിയപ്പോൾ ആകാശത്ത് വട്ടമിട്ട് പറക്കുന്ന ഗ്ലൈഡറുകൾ. പാരാ

ഗ്ലൈഡിങ്ങിനു പ്രസിദ്ധമാണു ബീർബലി. പച്ചച്ച ഒരു കുന്നിൻ മുകളിൽ നിന്നും താഴേക്ക് ചാടുന്ന ഒരു പറ്റം യുവാക്കൾ. ഒരു പറവയെ പോലെ കാറ്റിൻ കൈകളിൽ ഊയലാടി താഴേക്കും മുകളിലേക്കും വട്ടമിട്ട് പറക്കുന്നവർ.പാരാഗ്ലൈഡിങ്ങിന്റെ ദേശീയ മഹോൽസവം നടക്കാറുണ്ട് ബീർബലിയിൽ.

നിറയെ പൂക്കളാണ് താഴ് വര മുഴുവൻ. ചുവപ്പും വെള്ളയും മഞ്ഞയും നീലയുമൊക്കെയായ് കുഞ്ഞ് കുഞ്ഞ് പൂക്കൾ വിടർന്ന് നിൽക്കുന്ന കാഴ്ച അതിമനോഹരമാണ്.കണ്ടാസ്വദിക്കുകയാണ് ആരോഗ്യത്തിനു നല്ലത്, എടുത്ത് മണക്കാതിരിക്കുന്നതാണു ഉത്തമം.

കുന്നിൻ ചെരിവുകളിൽ നിറയെ കൊന്ന പൂത്തിരിക്കുന്നു. അത് പോലെ പേരറിയാത്ത ഒരു പാട് മരങ്ങൾ, ഇരുണ്ട പച്ച, കടുമ്പച്ച , ഇളം പച്ച എന്നിങ്ങനെ പച്ചയുടെ മാമാങ്കം.

ധരംശാലയിൽ നിന്നും വളരെയെടുത്താണു മക്ലോഡ് ഗഞ്ച്, പത്ത് മിനുട്ട് ഡ്രൈവ്. ടിബറ്റുകാർ ഇതിനെ ലിറ്റിൽ ലാസ എന്നും വിളിക്കുന്നു. ബ്രിട്ടീഷ് കാരുടെ വേനൽ കാല തലസ്ഥാനമായിരുന്നു ഒരുകാലത്ത് മക്ലോഡ് ഗഞ്ച്. ബ്രിട്ടീഷ് ഗവർണർ ജനറൽ ആയിരുന്ന മക്ലോഡ് പ്രഭുവിന്റെ നാമമാണ് ഈ പട്ടണത്തിന്.

ഫോർസിത്ത് ഗഞ്ച് , മക്ലോഡ് ഗഞ്ച് എന്നീ അടുത്തടുത്ത് കിടക്കുന്ന രണ്ട് പ്രദേശങ്ങൾ ചേർന്നതാണൂ മക്ലോഡ് ഗഞ്ച്.

ബ്രിട്ടീഷ് ഗവർണ്മെന്റിൽ ഗവർണർ ജനറൽ ആയിരുന്ന ജെയിംസ് ബ്രൂസ് എന്ന ലോർഡ് എലിജിന്റെ ശവക്കല്ലറ സ്ഥിതി ചെയ്യുന്നത് ഫോർസീത് ഗഞ്ചിലെ പുരാതനപള്ളിയായ സെന്റ് ജോർജ് ഇൻ ദ വൈൽഡർനെസ്സിലാണ്. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷമായിരുന്നത്രെ സെന്റ് ജോർജ് ഇൻ ദ വൈൽഡർനെസ്സിലെ ദേവദാരു മരങ്ങൾക്കിടയിൽ അകലെ കാണുന്ന മഞ്ഞ് മലകളെ നോക്കി ഉറങ്ങണമെന്നത്. കല്ലറകൾ മിക്കതും നാശോന്മുഖമാണ്. ചിതറിക്കിടക്കുന്ന മീസാൻ കല്ലുകളെ ചവിട്ടാതെ ലോർഡ് എലിജിന്റെ കല്ലറക്ക് മുന്നിൽ നിന്ന് അദ്ദേഹത്തെ അഭിവാദ്യം ചെയ്യുമ്പോൾ ദേവദാരുമരങ്ങൾ കാറ്റിൽ ചില്ലകൾ താഴ്ത്തി.

കരിങ്കൽ പാളികൾ കൊണ്ട് പണിത പടുകൂറ്റൻ പള്ളിയാണ് സെന്റ് ജോർജ് ചർച്ച്. ചർച്ചിലെ മണിയടി പത്തിരുപത് കിലോമീറ്റർ അകലെ നിന്നു പോലും കേൾക്കാമായിരുന്നത്രെ. 1905 ൽ കാംഗ്ര പ്രവിശ്യയിലുണ്ടായ ഭൂകമ്പത്തിൽ ചർച്ച് വിണ്ടുകീറിയിരുന്നു. പിന്നീട് പുനർനിർമ്മിക്കപ്പെടുകയായിരുന്നു.




മക്ലോഡ് ഗഞ്ചിലെത്തുമ്പോൾ മഴയായിരുന്നു. കരിങ്കൽ പാളികൾ പതിച്ച നടപ്പാതയിലൂടെ മഴച്ചാറൽ കൊണ്ട് നടക്കുമ്പോൾ അകലെ സുംഗ്ലക് കാംഗ്(Tsugleg khang) ടെമ്പിളിന്റെ ഗോപുരം കാണാമായിരുന്നു. ടിബറ്റിനു പുറത്തുള്ള ഏറ്റവും വലിയ ബുദ്ധ ടെമ്പിളാണിത്. അമ്പലത്തിനു പിന്നിൽ അങ്ങകലെ മഞ്ഞ് മൂടിക്കിടക്കുന്ന ഹനുമാൻ കാടിബ്ബ എന്ന കൊടുമുടി.

ടെമ്പിൾ ഗോപുരത്തിന്റെ സ്വർണ്ണരാശിയിൽ തട്ടി പ്രതിഫലിക്കുന്ന മഞ്ഞ വെളിച്ചവും പിന്നിലെ ഹനുമാൻ ക ടിബ്ബയുടെ മഞ്ഞിന്റെ ധവളിമയും പരസ്പരപൂരകം. ഇവക്കിടയിലായി മഴ ചാഞ്ഞും ചരിഞ്ഞും പെയ്യുന്ന ശബ്ദം.

1959 ൽ ചൈനയിലെ കമ്യൂണിസ്റ്റ് ഗവർമെന്റ് ടിബറ്റിനെ ആക്രമിക്കുകയും ടിബറ്റിനെ ചൈനയിലേക്ക് കൂട്ടിചേർക്കുകയും ചെയ്തു. ഗത്യന്തരമില്ലാതെ ദലൈലാമ ബഹു.ടെൻസിൻ ഗിയാസ്റ്റോയും അനുയായികളും ഇന്ത്യയിലേക്ക് പലായനം ചെയ്തു. ഇന്ത്യാ ഗവർമെന്റ് അവർക്ക് വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്ത് കൊടുക്കുകയും ഹിമാചൽ പ്രദേശിലെ ധരംശാലയിൽ അവർക്കായി സെറ്റിൽമെന്റ് ഒരുക്കുകയും ചെയ്തു. കുടകിലെ ബൈരകുപ്പയിൽ സ്ഥിതി ചെയ്യുന്ന ഗോൾഡൻ ടെമ്പിൾ ഈ ശ്രേണിയിലെ രണ്ടാമത്തെ വലിയ സെറ്റിൽമെന്റാണ്.

നിരനിരയായി സ്ഥാപിച്ച പ്രാർത്ഥനാചക്രങ്ങ

ളാണു അമ്പലത്തിനു പുറത്ത്, അവ പിടിച്ച് തിരിച്ച് പ്രാർത്ഥിക്കുന്ന ഭക്തജനങ്ങൾ. സ്വന്തം നാടും വീടും വിട്ട് പലായനം ചെയ്യേണ്ടി വന്ന ഒരു ജനതയുടെ നിസ്സഹായതയും നിസ്സംഗതയും ഇവരുടെ മുഖത്തും കണ്ണുകളിലും വായിച്ചെടുക്കാനാകും. ഒരുവട്ടം തിരിച്ച് പ്രാർത്ഥന ഉരുവിട്ടാൽ നിരവധി തവണ പ്രാർത്ഥന ഉരുവിട്ട ഫലം ആണെന്നാണ് വിശ്വാസം.



ഒരറ്റത്ത് നിന്നും മറ്റെ അറ്റം വരെ ചക്രം തിരിച്ച് നടന്നപ്പോൾ ഞാനും പ്രാർത്ഥിച്ചിരുന്നു ദൈവത്തോട്, അല്ലേലും പ്രാർത്ഥിക്കാനാണോ കാരണങ്ങൾക്ക് പഞ്ഞം.

ടെമ്പിളിനകത്ത് മഞ്ഞനിറത്തിലുള്ള മൂന്ന് കൂറ്റൻ പ്രതിമകൾ ; കണ്ടാൽ മൂന്നും ഒരേപോലുണ്ട്. അത് മൂന്നും ഒരാളല്ലെന്നും മറിച്ച ശാക്യമുനി, അവലോകിതേശ്വരൻ ഗുരു റിമ്പോച്ചെ എന്നിവരാണെന്നും അമ്പലത്തിനകത്തെ സന്യാസി വിശദീകരിച്ചു തന്നു. അകത്ത് ധ്യാനത്തിലിരിക്കുന്നവർ, സാഷ്ടാംഗം പ്രണമിക്കുന്നവർ, റിമ്പോച്ചേയുടെ പ്രതിമക്ക് മുന്നിൽ നേർച്ച സമർപ്പിക്കുന്നവർ, ആരേയും ശല്യപ്പെടുത്താതെ പതിയെ പുറത്ത് കടന്നു. അമ്പലത്തിന്റെ വശത്ത് ടിബറ്റൻ മ്യൂസിയം ഉണ്ട്. ചൈനീസ് അധിനിവേശത്തിന്റേയും അവർ ടിബറ്റൻ ജനതയോട് ചെയ്ത ക്രൂരതകളുടേയും അവശേഷിപ്പുകളാണ് മ്യൂസിയം നിറയെ. തൊട്ടടുത്ത ലൈബ്രറിയിൽ നിന്നും ദലൈലാമയുടെ ആത്മകഥയായ ഫ്രീഡം ഇൻ എക്സൈലിന്റെ ഒരു കോപ്പി വാങ്ങി പുറത്തിറങ്ങി.മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു.



തൊട്ടടുത്താണ് ദലൈലാമയുടെ വസതി. ദലൈലാമ നാളെ എത്തുമെന്നും നിങ്ങൾ ഇന്ത്യക്കാരെ കാണാൻ ദലൈലാമക്ക് സന്തോഷമേയുള്ളുവെന്നും ഗേറ്റിനു മുൻപിൽ നിൽക്കുന്ന സന്യാസിമാർ വിശദീകരിച്ചു.അവർ കുടകിലെ ബൈരകുപ്പയിൽ നിന്നും ലാമയെ കാണാൻ വന്നതാണ്. അന്നു തന്നെ ഡാൽഹൗസിയിൽ എത്തേണ്ടുന്നതിനാൽ ആ ക്ഷണം ഞങ്ങൾ വിനയപൂർവ്വം നിരസിച്ചു.

നിരത്തിന്റെ ഇരുവശത്തും ടിബറ്റൻ ഹാന്റിക്രാഫ്റ്റുകൾ വിൽക്കുന്ന കടകളാണ്. പ്രാർത്ഥനാ ചക്രങ്ങൾ, മണികൾ, മാലകൾ ബുദ്ധവിഗ്രഹങ്ങൾ തുടങ്ങിയവ നിരത്തി വച്ചിരിക്കുന്നതും നോക്കി കടകൾക്കിടയിലൂടെ ഇടുങ്ങിയ വഴികളിലേക്കിറങ്ങി.

ഇരുവശത്തും നിറയെ കൊച്ചുകൊച്ച് മുറികളാണ്. ഉയരം കുറഞ്ഞ മേശക്ക് പിന്നിൽ ചമ്രം പടിഞ്ഞിരുന്ന് മുമ്പിൽ നിവർത്തിയിട്ട മഞ്ഞയും വെള്ളയും നിറമുള്ള പട്ടുതുണികളിൽ ശ്രദ്ധയോടെ പ്രാർത്ഥനാ വചനങ്ങൾ എഴുതുന്ന ആളുകൾ. അവർക്കിതൊരു നേർച്ചയാണ്. ഈ പട്ടുതുണികൾ തെരുവോരങ്ങളിൽ കൊടിക്കൂറകളായി തൂക്കും.സിൽക്കിന്റെ തുണിയിൽ അതീവ ചാരുതയോടെ പെയിന്റിങ്ങ് ചെയ്യുന്ന ആളുകളുമുണ്ട്. ഈ പെയിന്റിങ്ങുകൾ താൻ ഗ എന്നാണു അറിയപ്പെടുന്നത്. ഇവ ബുദ്ധമത പഠനത്തിനും അമ്പലത്തിനകത്ത് അലങ്കരിക്കാനും ഉപയോഗിക്കുന്നു.

തന്റെ മുൻപിൽ വിരിച്ച തുണിയിൽ അതീവ

ശ്രദ്ധയോടെ വിവിധ രൂപങ്ങൾ വരച്ചെടുക്കുന്ന വൃദ്ധന്റെ മുമ്പിൽ ഞങ്ങൾ ചമ്രം പടിഞ്ഞിരുന്നു. സാധാരണയായ് ഒരു താൻഗ തുടർച്ചയായ സംഭവങ്ങളുടെ ആഖ്യാനമല്ലെന്നും മറിച്ച് വ്യത്യസ്ത സംഭവങ്ങളുടെ, ആശയങ്ങളുടെ ആകെത്തുകയാണെന്നും വൃദ്ധൻ വിശദീകരിച്ചു.

1960 കളിൽ ടിബറ്റിലെ മഞ്ഞ് പുതഞ്ഞ മലനിരകളിൽ മരിച്ച് വീണ ആയിരക്കണക്കിനു ലാമമാരെ പറ്റി ആ വൃദ്ധനോട് ചോദിക്കണമെന്നുണ്ടായിരുന്നു എനിക്ക്. അഹിംസ എന്ന വിശ്വാസത്തെ ഉപേക്ഷിച്ച് തങ്ങളുടെ മാതൃഭൂമിയേയും ആത്മീയ ആചാര്യനേയും സംരക്ഷിക്കാൻ ആയുധമെടുക്കേണ്ടി വന്ന ബുദ്ധസന്യാസിമാർ. നിലനിൽപ്പും വിശ്വാസവും തമ്മിലുള്ള മനസാക്ഷി യുദ്ധത്തിൽ എങ്ങനെ അക്കാലത്ത് അവർ പിടിച്ച് നിന്നു എന്നാ വൃദ്ധനിൽ നിന്ന് കേൾക്കാനായെങ്കിൽ എന്ന് ഞാ



നാശിച്ചു. അയാളുടെ കൂടപ്പിറപ്പുകളൊ മറ്റാരെങ്കിലുമൊ അന്നാ മഞ്ഞ് മലകളിൽ എന്നേക്കുമായി മറഞ്ഞ് പോയിട്ടുണ്ടോയെന്ന ചോദ്യം എന്റെയുള്ളിൽ തന്നെ മുഴങ്ങിയൊടുങ്ങി. വരക്കുന്ന ചിത്രത്തിൽ നിന്നും മുഖമുയർത്തി വെളുത്ത പാട അതിരിട്ട ചീമ്പൻ കണ്ണുകൾ വിടർത്തി അയാൾ നിറഞ്ഞ് ചിരിച്ചു. 'താഷി ഡിലേക്ക്.'

വൈകുന്നേരം , കോട് വാലി ബസാറിലെ തിരക്കിലൂടെ തിങ്ങിനിറഞ്ഞ കടകളിൽ കയറിയിറങ്ങി ഷാളുകൾക്കും കംബളങ്ങൾക്കും വിലചോദിച്ച് ,വഴിവക്കിലൊരിടത്ത് കനലിൽ ചോളം ചുട്ടെടുക്കുന്ന ബാലനോട് കുശലം പറഞ്ഞ് , പാനിപൂരി വിൽക്കുന്ന കടക്ക് മുമ്പിലൂടെ , റോഡിലേക്കിറക്കി കെട്ടിയ കടയിൽ വെച്ച് മോമോയുണ്ടാക്കുന്നതും നോക്കി നിന്ന് വാങ്ങണോ വേണ്ടയോയെന്ന് സംശയിച്ച് , തനിക്ക് മുന്നിൽ വെച്ച പെട്ടിയിൽ നിന്നും വിവിധ എണ്ണകളും ലേഹ്യങ്ങളും പുറത്തെടുത്ത് അവയുടെ മഹത്വം വിളിച്ച് പറയുന്ന ആജാനുബാഹുവായ ലാട വൈദ്യന്റെ മുൻപിൽ , നമ്മുടെ ജഗതി ചേട്ടനെ ഓർത്ത് നിന്ന് അലസമായി ഒരു നടത്തം. നഗരചത്വരത്തിലെ നന്നെ ചെറിയ പാർക്കിൽ



നനഞ്ഞ് കിടക്കുന്ന സിമന്റ് ബെഞ്ചിലിരുന്ന് തൊട്ടപ്പുറത്തെ ടൂറിസം ഇൻഫോർമേഷൻ ഓഫീസിനു മുൻപിൽ അരങ്ങേറുന്ന ഹിമാചലിലെ നാടോടി സംഘത്തിന്റെ പാട്ടിനും നൃത്തത്തിനും കാതോർത്ത് , താഴവരകൾക്കപ്പുറത്ത് നിവർന്ന് കിടക്കുന്ന മഞ്ഞ് മലകളെ നോക്കിയിരിക്കുമ്പോൾ ഉള്ളിലൂറുന്ന അവാച്യമായ അനുഭൂതി. ജന്മനാട്ടിൽ നിന്നും കാതങ്ങൾക്കിപ്പുറം വിദൂരമായ ഈ മലമടക്കിൽ അപരിചിതരായ ആളുകൾക്കിടയിൽ അങ്ങനെയിരിക്കുമ്പോൾ ഉള്ളിലുയിർകൊള്ളുന്ന പുതിയൊരുണർവ് . പഴയ കാഴ്ചകളെയൊക്കെയും പുതിയൊരു കണ്ണിലൂടെ നോക്കിക്കാണാനുള്ള



എളിമ. അത് തന്നെയാണ് ഓരോ യാത്രയും ബാക്കി വെക്കുന്നതും.



ചർച്ചാവിഷയം

# നദി ബാക്കിയാക്കിയ ഭൂമിക്കടിയിലെ അത്ഭുതം



**ഗീതു മോഹൻദാസ്**
സൃഷ്ടി ട്രാവൽ ഗ്രൂപ്പിന്റെ സ്ഥാപക
ബാംഗ്ലൂർ

ഒന്ന് കണ്ണടച്ചതേ ഓർമയുള്ളു, പിന്നെ ഒരു വലിയ കുലുക്കത്തിൽ ഞെട്ടി എണീക്കുമ്പോൾ ഞാൻ ആകാശത്താണോ ഭൂമിയിലാണോ എന്ന സംശയം, എന്നാൽ അത് തീർത്തേക്കാം എന്ന് കരുതി ഇരുട്ടിൽ ഞാൻ മുൻസീറ്റിന്റെ പിൻഭാഗം ഒന്ന് തപ്പി, ഭാഗ്യം സീറ്റിൽ തിരിച്ചെത്തിയിട്ടുണ്ട്! ആന്ധ്രാപ്രദേശ് സ്റ്റേറ്റ് ട്രാൻസ്പോർട്ടിന്റെ അവസാന സീറ്റിൽ ഇരിക്കുന്ന ഒരു യാത്രിക ഇതിൽ കൂടുതൽ എന്താണ് പ്രതീക്ഷിക്കേണ്ടത്.. താഴെ വെച്ചിരുന്ന ബാഗിനുള്ളിൽ നിന്നും ഫോൺ എടുത്തു സമയം നോക്കി 3.30, വയറിനു എന്തോ ചെറിയ അസ്കിത പോലെ, ബസ്സിൽ കയറിയ മുതൽ ഉണ്ട്. ബാംഗ്ലൂർ നിന്നും അഞ്ചു മണിക്കൂർ യാത്ര ചെയ്ത് ബസ് ഇപ്പോൾ അനന്തപുരം എത്തിയിരിക്കുന്നു. ഇവിടുത്തെ അനന്തപുരത്തുനിന്നും ‘‘തിരു’’ എങ്ങനെയോ നഷ്ടപെട്ടതാകും, ഇല്ലെങ്കിൽ കേരളത്തിനും ആന്ധ്രാപ്രദേശിനും ഒരുപോലെ തിരുവനന്തപുരം എന്ന ഒരു നഗര/ ഗ്രാമങ്ങൾ ഉണ്ടായേനെ , ചിന്തകൾ വെറുതെ കാടുകയറി. ഇവിടം വരെയേ ഞങ്ങൾക്ക് ടി

ക്കറ്റ് ഉള്ളു, പക്ഷെ ബസ് പോകുന്നത് തടിപത്രിയിലേക്കാണെന്നു അറിയാം. പാതി തുറന്ന കണ്ണുമായി എൺപതു രൂപക്കു തടിപത്രിയിലേക്കു ടിക്കറ്റ് എടുത്തു ഞാൻ വീണ്ടും ചരിഞ്ഞു, ഒരു മണിക്കൂർ കൂടി യാത്രയുണ്ട് , കുറച്ചു കൂടി ഉറങ്ങിക്കളയാം എന്ന ആഗ്രഹം വെറും വ്യാമോഹമായി , ഒരു റോളർ കോസ്റ്റിൽ പോകുന്ന അനുഭവം ആയിരുന്നു. തുള്ളി തുള്ളി, ചാടിമറിഞ്ഞും ചരിഞ്ഞും ഞങ്ങൾ തടിപത്രി എത്തിച്ചേർന്നു.



സാധാരണ ഞങ്ങളുടെ ഇത്തരം യാത്രകളിൽ, കുളിയും പല്ലുതേപ്പും എല്ലാം ബസ്സ്റ്റാൻഡിലെ ബാത്റൂമിൽ ആണ്. പക്ഷെ രാത്രി ബസിൽ കയറിയപ്പോൾ മുതൽ ഉള്ള വയറിന്റെ അസ്കിത, ഫുഡ് പോയ്സന്റെ ചെറിയ രൂപം ആണ് എന്ന് ഞാൻ വൈകാതെ തിരിച്ചറിഞ്ഞു. രാവിലെ 4 മണി ആണെങ്കിലും ഒരു വല്ലാത്ത ചൂടും. ഒരു ബാത്രൂം, കുറച്ചു നേരം കിടക്കാൻ ഒരു റൂമും അത്യാവശ്യം ആണെന്നുറപ്പായി. അങ്ങനെ കണ്ടക്ടറോട് വല്ല റൂമും ഉണ്ടോ എന്ന് എങ്ങനെ ഒക്കെയോ ചോദിച്ചു മനസിലാക്കി, കന്നഡ കുറച്ചൊക്കെ അറിയാവുന്നത് കൊണ്ട് ഇവിടെ പിടിച്ചു നിൽക്കാം എന്നാണ് ഞാൻ കരുതിയത് , പക്ഷെ അത് വെറും തെറ്റിദ്ധാരണ മാത്രം ആയിരുന്നു, കുറച്ചുപേർക്ക് ഹിന്ദി അറിയാം, ബാക്കി ബഹുഭൂരിപക്ഷത്തിനും തെലുഗു മാത്രം. വഴിയിൽ കണ്ട ഒരു ഓട്ടോക്കാരനോട് കണ്ടക്ടർ ചേട്ടൻ എന്തൊക്കെയോ പറഞ്ഞു ഞങ്ങളെ അതിൽ കയറ്റി വിട്ടു. എന്തായാലും ഓട്ടോ ഒരു ലോഡ്ജിന്റെ മുന്നിൽ നിർത്തി, ഇരുപതു രൂപ വാങ്ങി ഓട്ടോ ചേട്ടൻ പോയി. നല്ല ഇരുട്ട്, റിസെപ്ഷനിസ്റ്റ് നല്ല ഉറക്കം, ഞാൻ ഡോറിൽ പടപടാന്ന് അടിച്ചു, ആവശ്യം എന്റെ ആണല്ലോ, ഭയ്യാ റൂം ചാഹിയെ എന്ന് പറഞ്ഞൊപ്പിച്ചു. റൂം നഹി നഹി സബ് ബുക്കിംഗ് ഹൈ, എന്ന മറുപടി കേട്ടപ്പോൾ പൂർത്തിയായി. ഓട്ടോയും പോയി, റൂമും ഇല്ല, വയറാണെകിൽ പണിതരാനും തുടങ്ങി. ഞങ്ങൾ ഒന്ന് മുഖത്തോടു മുഖം നോക്കി . ഓട്ടോകാരനെ വിടണ്ടായിരുന്നു. പുറത്തിറങ്ങിയപ്പോൾ കല്യാണ കാർ കിടക്കുന്നുണ്ട്. വഴിയേ പോയ ചേട്ടൻ മുറി ഹിന്ദിയിൽ പറഞ്ഞു ഏതോ ഒരു രാഷ്ട്രീയക്കാരന്റെ മകന്റെ വിവാഹം ആണ് ഇവിടുത്തെ എല്ലാ ഹോട്ടലുകളും ബുക്ക് ചെയ്തിട്ടിരിക്കുകയാണെന്ന്. അത് കുടി കേട്ടപ്പോൾ എന്റെ പകുതി ബോധം പോയി. എന്നിരുന്നാലും പിന്നീടു വന്ന ഓട്ടോയിൽ അദ്ദേഹം ഞങ്ങളെ കയറ്റി വിട്ടു മറ്റൊരു ലോഡ്ജിലേക്ക് . ഒരു ചെറിയ ലോഡ്ജ് ആണ്. ഇടുങ്ങിയ വഴികൾ . അതിലെ മുകളിലേക്ക് വെച്ചടിച്ചു , ഇവിടെയും കല്യാണ ബുക്കിംഗ് ആണെങ്കിൽ എല്ലാം കുളമായതു തന്നെ .

താഴെ കളിച്ചുകൊണ്ടിരുന്ന പിള്ളേരോട് ഞാൻ ചോദിച്ചു, നിങ്ങൾ എല്ലാവരും കല്യാണത്തിന് വന്നതാണോ എന്ന്, യെസ് എന്ന് കേട്ടപ്പോളെ തിരിച്ചിറങ്ങിയാലോ എന്ന് കരുതി, എന്നാലും പ്രതീക്ഷ കൈവിടാതെ ഞങ്ങൾ മുകളിൽ എത്തി. അവിടെ ഉള്ള ചേട്ടനോട് ഫ്രഷ് ആകാൻ റൂം ഉണ്ടോ എന്ന് ചോദിച്ചു, ഉണ്ടല്ലോ തരാം എന്ന് ചേട്ടന്റെ മറുപടി, പക്ഷെ ഒരു കണ്ടിഷൻ വെച്ചു, ആരെങ്കിലും ചോദിച്ചാൽ കല്യാണത്തിന് വന്നതാണ് എന്ന് പറയണം. അത് ഞങ്ങൾക്ക് നൂറിൽ നൂറു സമ്മതവും. അങ്ങനെ ഞാൻ ഓടി മുറിയിൽ കയറി, കുറച്ചു ശർദിച്ചു. വൃത്തി ഒന്നും തീരെ ഇല്ലാത്ത ഒരു കുടുസു മുറി, ക്ഷീണം കാരണം ഞാൻ ഉറങ്ങിപ്പോയതറിഞ്ഞില്ല. കണ്ണുതുറന്നപ്പോൾ 7.30. എട്ടുമണിക്ക് ഇവിടുന്നു പുറപ്പെടാനാണ് പ്ലാൻ. കുറ

ച്ചു ഒ.ആർ.എസ്സൊക്കെ കലക്കി കുടിച്ചു. മുറിയിൽ ചൂടും കൂടിതുടങ്ങി. പുറത്താണേൽ കല്യാണത്തിന് പോകുന്ന ആളുകളുടെ ബഹളം. ഇപ്പൊ പുറത്തേക്കിറങ്ങിയാൽ ഞങ്ങളെ കല്യാണത്തിന് കൊണ്ടുപോകാനുള്ള സാധ്യത കൂടുതൽ ആയതിനാൽ ശബ്ദം ഉണ്ടാകാതെ മുറിയിൽ ഇരുന്നു. പിന്നെ പുറത്തെ ഒച്ചപ്പാട് മാറിയപ്പോൾ ഞങ്ങൾ പുറത്തേക്കിറങ്ങി ആരേം നോക്കാതെ ഒരൊറ്റ നടത്തം .

ചെറിയ ഒരു ഗ്രാമം ആണ്. മൊബൈൽ ഫോണിൽ ചൂട് എത്ര ഉണ്ട് എന്ന് നോക്കി, മുപ്പത്തിരണ്ട് ഡിഗ്രി, എട്ട് മണി ആകുന്നതേയുള്ളു . ബസ് സ്റ്റാന്റിനടുത്തുള്ള ഇക്കയുടെ കടയിൽനിന്നും ആറ് ഇഡലി, ഒരു പൂരി കഴിച്ചുകൊണ്ടിരിക്കുമ്പോൾ ആണ് ശ്രദ്ധിച്ചത്, കടയുടെ ഒത്തനടുവിലൂടെ കടന്നുപോകുന്ന തൂണിൽ ചില നമ്പറുകൾ മഞ്ഞനിറത്തിൽ, പുറത്തിറങ്ങി നോക്കിയപ്പോൾ കാര്യം മനസിലായി ഇലക്ട്രിക്ക് പോസ്റ്റ് ഇനി വരുമ്പോൾ ഈ കട ഓർത്തു വെക്കാൻ ഒരു അടയാളം ആയി.

സ്കൂൾവിദ്യാഭ്യാസ കാലത്ത്, ഭൂമി ശാസ്ത്രത്തിലെ "നദികൾ ഉണ്ടാകുന്ന ഭൂരൂപങ്ങൾ'' പഠിക്കുന്ന കാലംമുതൽക്കെ ആന്ധ്രാപ്രദേശിലെ ബേലും ഗുഹകൾ എന്റെ മനസ്സിൽ ഉണ്ട്. എന്നിലെ യാത്രികയെ കൃത്യമായ വഴികളിലൂടെ സഞ്ചരിക്കാൻ സഹായിച്ചത് ഭൂമിശാസ്ത്രത്തോടും, ചരിത്രപഠനത്തോടും തോന്നിയ വല്ലാത്ത അഭിനിവേശം മാത്രമാണ്. നദികൾ, മലകൾ, കാറ്റ്, മണ്ണ്, കടൽ ഇതെല്ലാം ഭൂമിക്കുണ്ടാകുന്ന മാറ്റങ്ങൾ, അത് വഴി ഇവിടെ രൂപപ്പെട്ട മനോഹരമായ പ്രദേശങ്ങൾ ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ പുസ്തകത്താളുകളിൽ നിന്നും എന്റെ മുന്നിലൂടെ കടന്നുപോയിരുന്നു. ചരിത്ര പുസ്തകത്തിലെ മാറിമറിഞ്ഞ രാജവംശങ്ങൾ, അവർ തീർത്ത സൗധങ്ങൾ ,കല്ലുകളിൽ തീർത്ത മഹാത്ഭുതങ്ങൾ, ചരിത്രമായി മാറിയ യുദ്ധങ്ങൾ പുസ്തകത്താളുകളിൽ നിന്നും ഒരു ചലച്ചിത്രം പോലെ എന്റെ മുന്നിൽ കാഴ്ചയുടെ വലിയ ഒരുലോകത്തെ ഒരുക്കിയിരുന്നു. ഇന്ന് ഞാൻ നടത്തുന്ന ഓരോ യാത്രകളും, അന്ന് പുസ്തകത്തിൽ വായിച്ച നാടുകളും സംസ്കാരങ്ങളും ഭൂരൂപങ്ങളും തേടി ആണ്.



ഭൂമിക്കു മുകളിലൂടെ വളഞ്ഞു പുളഞ്ഞു വഴിമാറി ഒഴുകുന്ന നദി ഭൂമിക്കടിയിലൂടേയും ഒഴുകുന്നുണ്ടെങ്കിൽ തീർച്ചയായും അവിടെ അവർ സൃഷ്ടിക്കുന്നത് കണ്ണഞ്ചിപ്പിക്കുന്ന ഒരു അത്ഭുതലോകം ആകും. കോടിക്കണക്കിനു വർഷങ്ങൾക്കു മുൻപേ ഒരു നദി തീർത്ത അത്ഭുതലോകമാണ് ബെലും ഗുഹകൾ.

താടിപത്രിയിൽ നിന്നും കുറച്ചധികംനേരം കാത്തിരുന്നതിനു ശേഷം ആണ് നന്ദ്യാൽ ബസ് കിട്ടുന്നത്, എക്സ്പ്രസ്സ് ബസ് ആണ്. ബേലും ഗുഹയുടെ മുന്നിലൂടെ പോകുന്നതുകൊണ്ടു അവിടെ ഇറക്കാം എന്ന് പറഞ്ഞു. ആന്ധ്രാപ്രദേശിലെ കോർണൂൽ ജില്ലയിലാണ് ബേലും ഗുഹകൾ. താടിപത്രിയിൽ നിന്നും ഒരുമണിക്കൂറിലുള്ള യാത്ര, പോകുന്ന വഴിയിൽ നിറയെ കൃഷി സ്ഥലങ്ങൾ, പച്ചവിരിച്ചുകിടക്കുകയാണ് നെൽപ്പാടങ്ങൾ. എന്നെ അത്ഭുതപ്പെടുത്തിയ മറ്റൊരുകാര്യം, ഇപ്പോൾ പുറത്തെ ചൂട് ഒരു മുപ്പത്തിയേ

ഴിനോട് അടുത്തുകാണും, വെള്ളം വളരെ കുറവുള്ള സ്ഥലം. എന്നിട്ടും ഈ ചൂടിനെ വകവെക്കാതെ, വെള്ളത്തിന്റെ ലഭ്യതയെ വകവെക്കാതെ മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകർ, വളരെ കഠിനാദ്ധ്വാനികളായ മനുഷ്യരാണ് ഇവിടെ എന്ന് മനസിലാകും.

വീടുകളുടെ നിർമാണത്തിന് ഉപയോഗിച്ചിരിക്കുന്നതും ഒരു പ്രത്യേകതരം കല്ലുകൾ അടുക്കിയാണ് . കടപ്പ സ്റ്റോൺസ് എന്ന് വിളിക്കുന്ന, മാർബിളിനോട് സാമ്യം ഉള്ള കറുത്ത കല്ലുകൾ പോകുന്ന വഴിയെല്ലാം കൂട്ടി ഇട്ടിരിക്കുന്നു. നിരവധി ക്വാറികൾ, ചുണ്ണാമ്പുകല്ലുകൾ ധാരാളം ഉള്ള ഇന്ത്യൻ സംസ്ഥാനം ആയതിനാൽ വലിയ വലിയ സിമെന്റ് ഫാക്ടറികൾ, ഇതൊക്കെ കടന്നു ഹൈവേയുടെ സൈഡിൽ ആയിത്തന്നെ ബേലും ഗുഹകൾ എന്ന ബോർഡിന് മുന്നിൽ ബസ് നിർത്തി. ഞങ്ങളെ കൂടാതെ കുറച്ചു പെൺകുട്ടികളും ബസിൽനിന്നും ഇറങ്ങി.

എൻട്രൻസ് ഗേറ്റിൽ നിന്നും അരകിലോമീറ്റർ നടന്നുവേണം ടിക്കറ്റ് കൗണ്ടറിൽ എത്താൻ, പോകുന്നവഴി വലിയൊരു ബുദ്ധപ്രതിമയും കാണാം. ഞങ്ങൾ നടന്നുപോകുന്ന വഴിയുടെ താഴെ, നദി സൃഷ്ടിച്ച അത്ഭുതലോകം ആയിരുന്നു, ഇടക്കിടെ ഗുഹകത്തേക്കു വായു പമ്പ് ചെയുന്ന ഇൻസ്ട്രുമെന്റ് സ് കാണുമ്പോൾ ആ സംശയം ഞങ്ങളിൽ ഉണ്ടായിരുന്നു. ചുടു കൂടി കൂടി മുപ്പത്തെട്ട് ഡിഗ്രിക്കടുത്തായി കാണും. അടുത്തുള്ള ഹരിത റെസ്റ്റോറന്റിൽ നിന്നും വെള്ളം വാങ്ങി ഞങ്ങളുടെ ബോട്ടിൽ നിറച്ചു. അറുപത്തഞ്ചു രൂപക്കു ടിക്കറ്റ് എടുത്തു, പറ്റിയ ഒരു ഗൈഡിനെയും ഒപ്പിച്ചു, ഗേറ്റിനടുത്തു ബാഗും ഏല്പിച്ചു പുസ്തകത്താളുകളിൽ പഠിച്ച, കാണാൻ കൊതിച്ച, നദി നിർമ്മിച്ചെടുത്ത അത്ഭുത ലോകത്തേക്കിറങ്ങി. അവധി ദിവസം ആയിരുന്നിട്ടും ആളുകൾ നന്നേ കുറവായിരുന്നു. ധാരാളം ഗൈഡുകൾ ഉണ്ടെങ്കിലും, കൂടുതൽ പേരും ഹിന്ദിയും തെലുഗുമാണ് സംസാരിക്കുന്നത്. ഗോവർധന റെഡ്ഡി എന്ന ഞങ്ങളുടെ ഗൈഡിന്റെ കൂടെ ബാംഗ്ളൂരിൽനിന്നെത്തിയ രണ്ടുപേർ കൂടെ ചേർന്നു .

ഗുഹക്കകത്തേക്കു ഇറങ്ങിയ ഞാൻ കണ്ണുകൾ അടച്ചു .ഹോളിവുഡ് സിനിമകളിൽ സമയം പുറകോട്ടുപോകുന്ന സീനുകൾ പോലെ, പെട്ടെന്ന് ഞാൻ നിൽക്കുന്ന വഴിയിൽ ദൂരെ എവിടെന്നോ ഒരു നദി കുതിച്ചൊഴുകി വരുന്ന ശബ്ദം.. ശബ്ദത്തിന്റെ ഗാംഭീര്യം അത് കൂടി കൂടിവരുന്ന പോലെ. തിരിഞ്ഞുനോക്കാൻ സമയംകിട്ടിയില്ല, എന്നെയും



വഹിച്ചു ആ പുഴ എങ്ങോട്ടോ ഇരുട്ടിലൂടെ ഒഴുകി മറഞ്ഞു.

പെട്ടെന്ന് ഗൈഡ് എന്നെ വിളിച്ചു അകത്തേക്ക് വരാൻ പറഞ്ഞു. ഗുഹയുടെ വശങ്ങളിൽ നദി ബാക്കിവച്ച പാടുകളിലൂടെ എന്റെ വിരലുകൾ നീങ്ങി.

കുറച്ചു ചരിത്രവും ഭൂമിശാസ്ത്രവും പറഞ്ഞാൽ ദശലക്ഷക്കണക്കിനു വർഷങ്ങൾക്കുമുമ്പേ ഈ ഭൂപ്രദേശത്തൂടെ ചിത്രാവതി ഒഴുകി, വർഷങ്ങളോളം. ചുണ്ണാമ്പു കല്ലുകളും ചിത്രാവതിയിലെ ജലവും തമ്മിൽ രാസപ്രവർത്തനത്തിൽ ഏർപ്പെട്ടു കാർബോണിക് ആസിഡ് രൂപംകൊണ്ടു, അങ്ങനെ ഉണ്ടായ രാസീയ അപക്ഷയം ചുണ്ണാമ്പുകൾക്കടിയിൽ തീർത്തത് ഒരു പുതുലോകം . പിന്നീടെപ്പോഴോ അവിടെനിന്നും ചിത്രാവതി പിൻവാങ്ങി, അവൾ ഒഴുകിയ വഴികൾ ആരും അറിയപ്പെടാതെ കാലങ്ങളോളം മണ്ണിൽ മൂടപ്പെട്ടു കിടന്നു. താഴെ ചിത്രാവതി തീർത്ത വിശാലലോകത്തെ കുറിച്ചറിയാതെ മുകൾഭാഗം കൃഷിഭൂമിയായി മാറി.

ഇടിഞ്ഞു കിടക്കുന്ന ഗുഹാകവാടം നാട്ടുകാരുടെ ശ്രദ്ധയിൽ പെട്ടിരുന്നെങ്കിലും ഉള്ളറകളുടെ രഹസ്യം തേടി ഒരാളും പോകാൻ കൂട്ടാക്കിയിരുന്നില്ല. ബെലും ഗുഹകളെ ക്കുറിച്ച് ചരിതത്തിലേക്കു ആദ്യമായി എഴുതിച്ചേർക്കുന്നത് 1884 ൽ ബ്രിട്ടീഷ്കാരനായ Mr Robert Bruce Foote ആണ്. പിന്നീടങ്ങോട്ട് നൂറു വർഷങ്ങളോളം ബെലും ഗുഹകൾ മണ്ണിനുള്ളിൽ നിദ്രയിൽ ആണ്ടു. 1982 -83 കാലഘട്ടത്തിൽ ജർമൻ സംഘം Mr Herbert Daniel Gebaue ന്റെ നേതൃത്വത്തിൽ നടത്തിയ കൃത്യമായ പഠനം ഇന്ത്യക്കു സമ്മാനിച്ചത്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ഗുഹകൾ ആയിരുന്നു. അത്ഭുതങ്ങൾ നിരവധിഒളിപ്പിച്ചു വച്ചിരുന്നു ചിത്രാവതി. വലിയ ഹാളുകൾ, ആൽമരത്തിന്റെ രൂപത്തിൽ ഉണ്ടായിവന്ന ചെറിയ ഗുഹകൾ, ഒന്നിനോടൊന്നായി ചേർന്നുനിൽക്കുന്ന രണ്ടു ഗുഹകൾ. പ്രകൃതി എന്ന കലാകാരൻ വരച്ചിട്ട കൊത്തുപണികൾ ചുവരുകളിലും, മേൽക്കൂരകളിലും. പിന്നെ ആരെയും അത്ഭുതപെടുത്തി 150 അടി താഴ്ചയിൽ പാതാളഗംഗയും. അവിടെയുള്ള ഒരിക്കലും വറ്റാത്ത ഭൂഗർഭജലവും.

ആന്ധ്രാപ്രദേശ് ടൂറിസം ബോർഡും, അടകയും വളരെ മനോഹരമായിത്തന്നെ ഇതു സംരക്ഷിച്ചു പോകുന്നു. ഗുഹക്കകത്തെല്ലാം പലനിറത്തിലുള്ള ലൈറ്റുകൾ, വായുകടക്കുന്നതിനായുള്ള മാർഗങ്ങൾ. വഴിതെറ്റാതെ തിരിച്ചുവരുവാനുള്ള ബോർഡുകൾ. ഗുഹാഭാഗങ്ങളെ പ്രധാനമായും  എട്ട് ആയി തിരിച്ചിരിക്കുന്നു. ചുണ്ണാമ്പുകല്ലുകൾ ഉണ്ടാക്കിയെടുത്ത രൂപങ്ങളുടെ സാദൃശ്യം പേരിൽനിന്നും മനസിലാകും .

സിംഹദ്വാരം  സിംഹത്തിന്റെ തലയുടെ രൂപത്തിൽ രൂപം കൊണ്ടിരിക്കുന്ന വലിയ ആർച് ; Kotilingalu Chamber  വലിയ ഒരു പില്ലർ പോലെ ഒരു ഭാഗം. ചുണ്ണാമ്പുകല്ലുകൾ ഉരുകി ഒഴുകിയ ശേഷം ഘനീഭവിച്ച ഈ ഭാഗം കാഴ്ചക്കാരെ അത്ഭുതപ്പെടുത്തും.

പാതാള ഗംഗ  കണ്ടെത്തിയതിൽ ഏറ്റവും ആഴം കൂടിയ ഭാഗം ആണ് പാതാള ഗംഗ (150 ft). എവിടേക്കോ മറഞ്ഞുപോകുന്ന ഒരു ചെറിയ അരുവിപോലെ തോന്നും, ഈ ഭൂഗർഭജലം ബെലും ഗ്രാമത്തിലെ ഏതോ ഒരു കിണറിലേക്കാണ് ഒഴുകുന്നത് എന്ന് വിശ്വസിക്കുന്നു . പാതാള ഗംഗക്ക് മുകളിലായി ചിത്രാവതി തീർത്ത ഒരു ശിവലിംഗവും കാണാം.

സപ്തസ്വരലയ ഗുഹ , ധ്യാനമന്ദിരം, ആൽമരത്തിന്റെ രൂപം പ്രാപിച്ച ഗുഹ, മണ്ഡപങ്ങൾ അങ്ങനെ അത്ഭുതങ്ങൾ അനവധി അനവധി .

ബെലും ഗുഹകളെ കുറിച്ച് പഠിക്കുന്ന സമയത്തു, ഗുഹക്കുള്ളിൽ നിന്നും നിരവധി ജൈന ബുദ്ധ സന്യാസിമാർ ഉപയോഗിച്ച വസ്തുക്കൾ ലഭിച്ചിട്ടുണ്ട്, ഇതിനർത്ഥം വർഷങ്ങൾക്കുമുമ്പേ ചിത്രാവതി ബാക്കിയാക്കിയ അത്ഭുതലോകം സന്യാസിമാർ കണ്ടെത്തിയിരുന്നു.

ഭൂമിശാസ്ത്രവും ചരിത്രവും ഒരുപോലെ സമന്വയിപ്പിച്ച അത്ഭുത ലോകം ആണ് ബെലും ഗുഹകൾ. രണ്ടു മണിക്കൂറിൽ കണ്ടു തീർക്കേണ്ട ഈ അത്ഭുത ലോകം ഞങ്ങൾ കണ്ടിറങ്ങിയപ്പോൾ മൂന്നു മണിക്കൂറിനുമേലെ നീണ്ടു, പുഴയൊഴുകിയ വഴികളിലൂടെ, പ്രകൃതി ഒരുക്കിയ മന്ത്രികലോകത്തിലൂടെ നടന്നുനീങ്ങിയപ്പോൾ സമയം പോകുന്നത് അറിഞ്ഞിരുന്നില്ല.

ഇടക്ക് എവിടെന്നോ കേട്ടു മലയാളത്തിലെ സംസാരം, എറണാകുളത്തുനിന്നും ചെന്നൈ വഴി ഡൽഹിയിലേക്ക് ബൈക്കിൽ ഒരു മിനി ഇന്ത്യ റൈഡിനു ഇറങ്ങിയ വിനൂപും അരുണും. പരിചയപ്പെടലുകളും ഒരുമിച്ചു ഊണും കഴിഞ്ഞു യാത്രപറഞ്ഞു അവർ ഇറങ്ങുമ്പോളും മനസ്സ് ആ അത്ഭുത ലോകത്തിൽ തന്നെ ആയിരുന്നു.

ചിത്രാവതി.. അവൾ ഒഴുകിയ വഴിയിലൂടെ അവൾ തീർത്ത മനോഹരമായ സാമ്രാജ്യത്തിലൂടെ ഞാൻ നടന്നു നീങ്ങി. അവസാനം ഈ സാമ്രാജ്യം ഉപേക്ഷിച്ചു ബെലും ഗുഹയിൽ നിന്നും മുപ്പതു കിലോമീറ്റർ അപ്പുറം മറ്റൊരു സാമ്രാജ്യം തീർത്തു ചിത്രാവതി ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നു.



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# ആകാശത്തിന്റെ അനന്തതയിലും ആഴക്കടലിന്റെ അഗാധതയിലും വെന്നിക്കൊടി പാറിച്ച വനിത

ബഹിരാകാശയാത്ര നടത്തിയത് മൂന്നു തവണ. അതേ വനിത പസിഫിക്കിലെ അത്യഗാധമായ മരിയാനാ ട്രഞ്ചിന്റെ ഭാഗമായ ചലഞ്ചർ ഗർത്തവും കീഴടക്കി ചരിത്രം കുറിച്ചു. ബഹിരാകാശ നടത്തം നടത്തിയ ആദ്യ അമേരിക്കൻ വനിത, ചലഞ്ചർ ഗർത്തത്തിലെത്തിയ ആദ്യ വനിത (അതും അറുപത്തിയെട്ടാം വയസ്സിൽ!) എന്നീ റെക്കോഡുകൾക്കുടമയായ ആ വനിതയാണ് കാതറിൻ ഡി. സള്ളിവൻ എന്ന കാത്തി സള്ളിവൻ.

1951–ൽ ന്യൂജേഴ്സിയിൽ ഡൊണാൾഡ് പോൾ സള്ളിവന്റെയും ബാർബറ കെല്ലിയുടെയും മകളായാണ് കാതറീൻ സള്ളിവന്റെ ജനനം. പിന്നീട് ആ കുടുംബം കലിഫോർണിയയിലേക്ക് ചേക്കേറിയതോടെ ഹാവൻഹേസ്റ്റ് എലിമെന്ററി സ്കൂളിൽ ആയി കാതറീന്റെ സ്കൂൾ വിദ്യാഭ്യാസം. പിൽക്കാലത്ത് ബഹിരാകാശ യാത്ര നടത്തിയ ആദ്യ അമേരിക്കൻ വനിത എന്ന റെക്കോഡിനുടമയായ സാലി റീഡ് കാതറീന്റെ സഹപാഠിയായിരുന്നു. 1973–ൽ സാന്താക്രൂസിലെ കലിഫോർണിയ സർവ്വകലാശാലയിൽ നിന്നും ഭൗമശാസ്ത്രത്തിൽ ബിരുദം നേടിയ കാതറീൻ പിന്നീട് ഡൽഹൗസി സർവ്വകലാശാലയിൽ നിന്ന് ജിയോളജിയിൽ ഡോക്റ്ററേറ്റും കരസ്ഥമാക്കി. ഗവേഷണത്തിന്റെ ഭാഗമായി നിരവധി സമുദ്ര പര്യവേക്ഷണങ്ങളിൽ പങ്കാളിയാവാൻ അവസരവും ലഭിച്ചു.

കടലാഴങ്ങളെ സ്നേഹിച്ച കാതറീനെ കാത്തിരുന്നത് ബഹിരാകാശത്തിന്റെ അപാരതയായിരുന്നു. 1978–ൽ നാസയുടെ ബഹിരാകാശ പരിശീല



**32 – ആം വയസ്സിൽ ബഹിരാകാശ നടത്തം നടത്തിയ ആദ്യ വനിതയായി ലോക ത്തെ വിസ്മയിപ്പിച്ച കാതറിൻ 68 – ആം വയസ്സിൽ അമുദ്രത്തിന്റെ അത്യഗാധത കീഴടക്കി വീണ്ടും വിസ്മയമായി. മൂന്നു ബഹിരാകാശ ദൗത്യങ്ങളും ചലഞ്ചർ ഗർത്തത്തിലേക്കുള്ള പര്യവേക്ഷണവും വിജയകരമായി പൂർത്തിയാക്കിയതിലൂ ടെ ബഹിരാകാശവും ആഴക്കടലുമൊന്നും സ്ത്രീകൾക്ക് അപ്രാപ്യമല്ല എന്ന സ ന്ദേശം തന്നെയാണ് കാതറിൻ ലോകത്തിനു നൽകുന്നത്.**

ന പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആറു വനിതകളിൽ ഒരാളായതോടെ കാതറിൻ സള്ളി വന്റെ സ്വപ്നങ്ങൾ ആകാശത്തിനുമപ്പുറം ചിറകു വിരിച്ചു. 1984–ലെ STS41ഏ ദൗത്യത്തിൽ ചലഞ്ചർ സ്പേസ് ഷട്ടിലിൽ ബഹിരാകാശത്തേക്ക് പറന്ന കാതറിൻ മൂന്നര മണിക്കൂർ നീണ്ട ബഹിരാകാശ നടത്തത്തിലൂടെ ചരിത്രം കുറിച്ചു. 1990–ലെ STS31, 1992ലെ STS 45 തുടങ്ങിയ ദൗത്യസംഘത്തിലേ ക്ക് തെരഞ്ഞെടുക്കപ്പെട്ട കാതറീൻ സള്ളിവൻ ആ കെ മൂന്നു തവണയാണ് ബഹിരാകാശത്തേക്ക് പ റന്നത്. മൂന്നു ദൗത്യങ്ങളിലായി 532 മണിക്കൂറോ ളം ബഹിരാകാശത്തു ചെലവഴിച്ചു.

1993–ൽ കാതറിൻ നാസ വിട്ടു. ആകാശത്തി ന്റെ അപാരത കൈയെത്തിപ്പിടിച്ചപ്പോഴും ആഴക്ക ടലിന്റെ അഗാധത കാതറീനെ മാടിവിളിക്കുന്നുണ്ടാ യിരുന്നു. നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോ സ്ഫറിക് അഡ്മിനിസ്ട്രേഷൻ അഡ്മിനിസ്ട്രേറ്റർ ആയും പ്രവർത്തിച്ചു. 2020–ൽ 68–ആം വയസ്സിൽ സമുദ്രത്തിന്റെ അത്യഗാധതയിലേക്ക് ഊളിയിടു ന്ന അതിസാഹസിക ദൗത്യത്തിന് കാതറിൻ ആ ത്മവിശ്വാസത്തോടെ തയ്യാറായത് ലോകത്തെ അ മ്പരപ്പിച്ചു. അതും അറിയപ്പെടുന്നതിൽ വച്ച് ഭൂമി യിലെ ഏറ്റവും ആഴമുള്ള ചലഞ്ചർ ഗർത്തത്തിലേ ക്ക്! ഇയോസ് എക്സ്പെഡിഷൻസ് കമ്പനിയുടെ ദൗത്യത്തിൽ കാതറിനൊപ്പം വിക്റ്റർ വെസ്കോ വോ എന്ന സമുദ്രപര്യവേക്ഷകനുമുണ്ടായിരുന്നു ഇതുവരെ ആകെ എട്ടു പേർ മാത്രമാണ് ചലഞ്ചർ ഗർത്തത്തിൽ എത്തിയത്. അതിൽ ആദ്യ വനിത യാണ് കാതറിൻ. 32–ആം വയസ്സിൽ ബഹിരാകാ ശ നടത്തം നടത്തിയ ആദ്യ വനിതയായി ലോക ത്തെ വിസ്മയിപ്പിച്ച കാതറിൻ 68–ആം വയസ്സിൽ അമുദ്രത്തിന്റെ അത്യഗാധത കീഴടക്കി വീണ്ടും വി സ്മയമായി. മൂന്നു ബഹിരാകാശ ദൗത്യങ്ങളും ചലഞ്ചർ ഗർത്തത്തിലേക്കുള്ള പര്യവേക്ഷണവും വിജയകരമായി പൂർത്തിയാക്കിയതിലൂടെ ബഹി രാകാശവും ആഴക്കടലുമൊന്നും സ്ത്രീകൾക്ക് അ പ്രാപ്യമല്ല എന്ന സന്ദേശം തന്നെയാണ് കാതറിൻ ലോകത്തിനു നൽകുന്നത്.

